

എൻ.വി.കൃഷ്ണവാരിയർ
സ്ഥാപക പത്രാധിപർ

# വിജ്ഞാനകൈരളി


കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട് പ്രസിദ്ധീകരണം

ഒക്ടോബർ 2022 വാല്യം 54 ലക്കം 10 വില ₹ 25





**പരിചരണത്തിന്റെ സാമ്പത്തികശാസ്ത്രം**
ശ്രീജ വി.
09
ആധുനിക സമൂഹത്തിൽ സ്ത്രീകൾ, കുട്ടികൾ, വൃദ്ധജനങ്ങൾ തുടങ്ങി അവശത അനുഭവിക്കുന്നവർക്കുവേണ്ട പരിചരണത്തിന്റെ സാമ്പത്തിക ശാസ്ത്രം ചർച്ച ചെയ്യുന്ന ലേഖനം.

49
**ആദിവാസി ഗോത്രഭാഷ പ്രതിനിധാനം മലയാള സിനിമയിൽ**
സിബിൾ സണ്ണി,
ഡോ. ബെന്നിച്ചൻ സ്കറിയ

54
**സമകാലിക ഇന്ത്യയിലെ ജാതി വിവേചനങ്ങൾ**
റോഷ്നി പദ്മനാഭൻ,
ഡോ. രാജേഷ് കോമത്ത്

62
**പ്രളയ ദുരന്തത്തിലെ ആരോഗ്യ മാനസിക പ്രശ്നങ്ങൾ**
ഡോ. (മേജർ) നളിനി ജനാർദ്ദനൻ

68





**ശ്രീലങ്കയുടെ സാമ്പത്തിക പ്രതിസന്ധി ഒരു വിശകലനം**
റിനി റെയ്ച്ചൽ ഏബ്രഹാം
13
അമിതമായ വൈദേശിക സാമ്പത്തിക ആശ്രയത്വം ശ്രീലങ്കയെ കൊണ്ടു ചെന്നെത്തിച്ച സാമ്പത്തിക പ്രതിസന്ധിയെക്കുറിച്ച് വിശദമാക്കുന്ന ലേഖനം

05
**കഥകളിമുദ്രയും ശരീരവൃക്ഷവും**
ഡോ. എം.എ. സിദ്ദീഖ്

20
**അഗ്രാഹ്യതയുടെ രാഷ്ട്രീയം അരുന്ധതി റോയുടെ ദ മിനിസ്ട്രി ഓഫ് അറ്റ്മോസ്റ്റ് ഹാപ്പിനെസ്സിൽ**
മീര ചന്ദ്രശേഖരൻ

26
**ഭാവിയുടെ ഗാന്ധിയും ഗാന്ധിയുടെ ഭാവിയും**
ഡോ. കെ.കെ. ശിവദാസ്

40
**മംഗളാദേവിയിലെ ചിത്രാപൗർണമിയും മംഗളമാടന്തയായ കണ്ണകിയും**
ഡോ. ദീപ്തി പി. കറുപ്പ്





**ആധുനികതയുടെ രാഷ്ട്രീയം മലയാളനാടകത്തിൽ**
മോഹനൻ കെ.
32
മലയാള നാടകത്തിന്റെ വികാസം കേരള രാഷ്ട്രീയത്തിലെ നാൾവഴികളുമായി പിരിക്കാനാകാത്ത വിധം ഇഴപിരിഞ്ഞതാണ് - ഒരു വിശകലനം

**ദേശീയതയുടെ ഗാന്ധിയൻ മാനങ്ങൾ**
ഡോ. സ്റ്റാർലെറ്റ് മാത്യു

72
**എം.ടി. ആത്മയാനങ്ങളുടെ സർഗലാവണ്യം**
അയ്യപ്പദാസ് മാവേലിക്കര

78
**ഗ്രഹഭേദം സംഗീതത്തിൽ**
ഡോ: സുനിൽ വി.ടി

82
**പുസ്തകപരിചയം**



വിജ്ഞാനകൈരളിയിലെ ലേഖനങ്ങളിൽ പ്രകടിപ്പിക്കുന്ന അഭിപ്രായങ്ങളുടെയും ആശയങ്ങളുടെയും ഉത്തരവാദിത്വം ലേഖകർക്കായിരിക്കും. അവ കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ടിന്റെയോ ഗവൺമെന്റിന്റെയോ ഔദ്യോഗികാഭിപ്രായമായിക്കൊള്ളണമെന്നില്ല. - എഡിറ്റർ



ചീഫ് എഡിറ്റർ : 0471 2316306
എഡിറ്റർ : 8547071569
ഇ മെയിൽ editorvijnanakairali@gmail.com
harivkairali@gmail.com
ഡയറക്ടർ, കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, നാളന്ദ, തിരുവനന്തപുരം 695 003
സർക്കുലേഷൻ മാനേജർ : 9447762255

www.keralabhashainstitute.org

**ചീഫ് എഡിറ്റർ**
ഡോ. സത്യൻ എം.
**എഡിറ്റർ**
ജി.ബി. ഹരീന്ദ്രനാഥ്
**സബ് എഡിറ്റർ**
കെ.ആർ. സരിതകുമാരി
**പത്രാധിപസമിതി**
ഡോ. ഷിബു ശ്രീധർ
ഡോ. പ്രിയ വർഗീസ്
എൻ. ജയകൃഷ്ണൻ
ഡോ. റ്റി. ഗംഗ
റാഫി പൂക്കോം
ശ്രീകല ചിങ്ങോലി
രമ്യ കെ. ജയപാലൻ
വിദ്യ എസ്.
ദീപ്തി കെ.ആർ.
ഡോ. അപർണ്ണ എസ്. കുമാർ
ബിന്ദു എ.
അനുപമ ജെ.
**സർക്കുലേഷൻ മാനേജർ**
എൻ.ഐ. അനിൽകുമാർ
**ടൈപ് സെറ്റ് & ലേ-ഔട്ട്**
പ്രിന്റെയ്ഡ്സ് ലേസർ മീഡിയ
തിരുവനന്തപുരം -14
**കവർ ഡിസൈൻ :**
നാരായണ ഭട്ടതിരി

# ഗാന്ധിയെ പഠിക്കുമ്പോൾ

സ്വാതന്ത്ര്യത്തിന്റെ 75-ാം വാർഷികം ആഘോഷിച്ച ഈ അവസരത്തിൽ മഹാത്മാഗാന്ധിയെ രാഷ്ട്രപിതാവ്, സ്വാതന്ത്ര്യസമരത്തിന്റെ മുന്നണി പോരാളി, ചരിത്രപുരുഷൻ തുടങ്ങിയ രീതികളിലെല്ലാം നാം നിരന്തരം ഓർക്കാറുണ്ട്. ഗാന്ധിജിയുടെ സംഭാവനകളെയും വ്യക്തിത്വത്തെയും ഓർമിപ്പിക്കുന്നതിനായി ഗാന്ധിജിയുടെ പേരിലുള്ള സർവകലാശാലകൾ, വിദ്യാലയങ്ങൾ, റോഡുകൾ, വ്യത്യസ്തങ്ങളായ സ്ഥാപനങ്ങൾ, സ്മാരകങ്ങൾ, ഗാന്ധിപ്രതിമകൾ തുടങ്ങിയവയെല്ലാം ഇന്ത്യയിലെമ്പാടും നാം സ്ഥാപിച്ചിട്ടുണ്ട്. മഹാത്മാഗാന്ധിയെന്ന നാമധേയം കേൾക്കാതെ ഒരു ശരാശരി ഇന്ത്യാക്കാരന്റെ ഒരു ദിവസം പോലും കടന്നു പോകുന്നില്ല. ഭാരതത്തിന്റെ കറൻസിനോട്ടുകളിലും മഹാത്മാഗാന്ധിയുടെ മുഖമാണ് ആലേഖനം ചെയ്തിരിക്കുന്നതെന്നതും ശ്രദ്ധേയം. ഭാരതത്തിൽ മാത്രമല്ല ലോകമൊട്ടാകെ തന്നെ മഹാത്മാഗാന്ധി ഒരു യുഗപുരുഷനായി വാഴ്ത്തപ്പെടുന്നു. ഇതൊക്കെയാണെങ്കിലും നവലോക നിർമാണത്തിനായി മഹാത്മാഗാന്ധി മുന്നോട്ടുവച്ച സർവകാല പ്രസക്തമായ ആശയങ്ങൾ വേണ്ട രീതിയിൽ ഭാരതത്തിൽപോലും ചർച്ച ചെയ്യുകയും പഠിക്കുകയും ചെയ്യുന്നുണ്ടോ എന്ന കാര്യം പുനർവിചിന്തനത്തിന് വിധേയമാക്കേണ്ടതുണ്ട്. ഭാരതത്തിൽ ഇന്നു ജീവിക്കുന്ന ഭൂരിഭാഗം ഇന്ത്യാക്കാരും സ്വാതന്ത്ര്യാനന്തര ഇന്ത്യയിൽ ജനിച്ചവരാണ്. അവരെ സംബന്ധിച്ചിടത്തോളം സ്വാതന്ത്ര്യസമരവും മഹാത്മാഗാന്ധിയുടെ പങ്കുപോലും പാഠപുസ്തകങ്ങളിലെ അധ്യായങ്ങളോ കേട്ടുകഥകളോ മാത്രമാണ്.

ഇന്ത്യയ്ക്ക് സ്വാതന്ത്ര്യം നേടിത്തന്ന മുന്നണിപ്പോരാളിയെന്നതിലുപരിയായി ലോകത്തിന് ഗാന്ധിജി നല്കിയ സംഭാവനകൾ വളരെ വിപുലവും സർവതലസ്പർശിയുമാണ്. രാഷ്ട്രീയ-സാമൂഹിക പരിഷ്കർത്താവ് എന്ന രീതിയിൽ ഗാന്ധിജിയുടെ ആശയങ്ങൾ എക്കാലവും പ്രസക്തമാണ്. ആധുനികലോകത്തിൽ ഏറ്റവും കൂടുതൽ ചർച്ച ചെയ്യപ്പെടുന്ന പാരിസ്ഥിതിക സന്തുലനത്തോടുള്ള വികസനം, മനുഷ്യന്റെ ഉപഭോഗം, പരിസ്ഥിതി സംരക്ഷണം, ഹരിതോർജം എന്നിവയെക്കുറിച്ചെല്ലാം ഗാന്ധിജി വ്യക്തമായ ആശയങ്ങൾ മുന്നോട്ടുവച്ചിട്ടുണ്ട്. മതസൗഹാർദം, മതേതരത്വം, സ്ത്രീകളുടെ ഉന്നമനം തുടങ്ങിയവയിലെല്ലാം കൃത്യമായ പദ്ധതികളും ഗാന്ധിജിക്കുണ്ടായിരുന്നു. ഒരു രാജ്യത്തിനുള്ളിലും വിവിധ ദേശങ്ങൾ തമ്മിലും വിവിധ രാജ്യങ്ങൾ തമ്മിലും ഉരുത്തിരിയുന്ന പ്രശ്നങ്ങൾ സമാധാനത്തിന്റെയും സൗഹാർദത്തിന്റെയും പാതയിലൂടെയുള്ള ചർച്ചകൾ മുഖേന പരിഹരിക്കാം എന്ന ആശയം ഗാന്ധിജി മുന്നോട്ടുവച്ചു. ഒരു യുദ്ധരഹിത ലോകം എന്ന ഏറ്റവും മഹത്തായ ആശയം ഇതുവഴി സാധ്യമാക്കാം.

മഹാത്മാഗാന്ധി തന്നെ പറഞ്ഞിട്ടുണ്ട് ''എന്റെ ലക്ഷ്യം ബ്രിട്ടീഷുകാരെ ഇന്ത്യയിൽ നിന്ന് പുറത്താക്കുകയല്ല നവസമൂഹരചനയാണ്. അതിന് വിഘാതം നില്ക്കുന്ന ഘടകങ്ങളിൽ ഒന്നുമാത്രമാണ് ബ്രിട്ടീഷ് സാമ്രാജ്യത്വം''. നവസമൂഹരചനയ്ക്ക് ഉപയുക്തമാകുന്ന വിദ്യാഭ്യാസരീതികൾ, ഗ്രാമസ്വരാജ്, സാമ്പത്തിക മാനേജ്മെന്റ്, കാർഷിക പദ്ധതി, പൊതുജനാരോഗ്യം, അഹിംസ, ഹരിജനോദ്ധാരണം തുടങ്ങിയവയെക്കുറിച്ചെല്ലാം വ്യക്തവും ലളിതവും ശക്തവുമായ ആശയങ്ങൾ മഹാത്മാഗാന്ധി മുന്നോട്ടുവച്ചിട്ടുണ്ട്. മേൽപ്പറഞ്ഞവയൊക്കെതന്നെ ഭാരതത്തിന്റെ വിദ്യാഭ്യാസ പദ്ധതികളുടെയും ഗവേഷണ പദ്ധതികളുടെയും ഭാഗമാക്കേണ്ടതുണ്ട്. ഗാന്ധിയൻ തത്വചിന്തയും രീതികളും സമഗ്രമായി ഉൾപ്പെടുത്തി വിദ്യാഭ്യാസ രംഗത്തെ പുനർനിർമിക്കേണ്ടത് കാലഘട്ടത്തിന്റെ ആവശ്യമാണ്.

**- ചീഫ് എഡിറ്റർ**



# കഥകളിമുദ്രയും ശരീരവൃക്ഷവും

ഡോ. എം.എ. സിദ്ദീഖ്

കഥകളിവിദ്യ സങ്കീർണമായ കലയാണ്. അതിന്റെ മൂന്നരനൂറ്റാണ്ടത്തെ ചരിത്രം, നിരന്തരമായ പരിഷ്കാരങ്ങളുടെയും ചരിത്രമാണ്. കല്ലടിക്കോടൻ, കപ്ലിങ്ങോടൻ മുതലായ പഴയ സമ്പ്രദായങ്ങളും അവയെ പരിഷ്കരിച്ചെടുത്ത കല്ലുവഴിച്ചിട്ടയും അതിനെത്തുടർന്നുണ്ടായിട്ടുള്ള ആധുനിക പരിഷ്കാരങ്ങളുമെല്ലാം കഥകളിവിജ്ഞാനത്തെ ആഴത്തിൽ അന്വേഷിക്കുന്നതിന് നമ്മെ നിർബന്ധിക്കുന്ന ഘടകങ്ങളാണ്.

പട്ടിക്കാംതൊടി രാമുണ്ണിമേനോൻ കഥകളിയെ ഉപമിച്ചിരിക്കുന്നത് ഗൃഹനിർമാണത്തോടാണ്. "ആംഗികത്തിന്റെ ഘടകങ്ങളായ അംഗോപാംഗ പ്രത്യംഗങ്ങളുടെ കർമങ്ങൾ ഓരോന്നും വെവ്വേറെ അഭ്യസിപ്പിച്ച് അവയെ പദാഭിനയത്തിൽ (ചൊല്ലിയാട്ടത്തിൽ) സംയോജിപ്പിക്കുന്നതിനെ"[1] യാണ് അദ്ദേഹം ഗൃഹനിർമാണംപോലെ എന്നുദ്ദേശിച്ചത്.

ഗാഢമായി നിരീക്ഷിച്ചാൽ ഒന്നു മനസ്സിലാകും. ചൊല്ലിയാട്ടമെന്നത് അരങ്ങിലേക്ക് കഥയെ മെരുക്കിയെടുത്തതിന്റെ പൂർത്തീകരണത്തിനപ്പുറം ഭാവനയുടെ സുസജ്ജമായ പൂർത്തീകരണത്തിനുവേണ്ടി ശരീരഘടനയെ മെരുക്കിയെടുത്തതിന്റെ സാക്ഷ്യപ്പെടുത്തലാണ്. അനുഷ്ഠാനകലകളിലെ ശരീരവൃത്തിയിൽനിന്നു ഭിന്നമായി കഥകളിയിലെ ശരീരവും മനസ്സും നിയതവും സുഘടിതവുമാണ്; അത് തികച്ചും വ്യവസ്ഥാപിതവും ശാസ്ത്രീയവുമാണ് എന്നാണ്. ഇത് കഥകളിയെ ആരോഗ്യവിദ്യയോടു താരതമ്യപ്പെടുത്താൻ നമ്മെ പ്രേരിപ്പിക്കുന്നു.

കഥകളിയുടെ സൗന്ദര്യശാസ്ത്രം നിലനിൽക്കുന്നത്, മുദ്രകളുടെ ചിഹ്നവ്യവസ്ഥയാൽ നിയന്ത്രിക്കപ്പെടുന്ന കാഴ്ചയുടെ ഉള്ളിലാണ്. ഇതിന്റെ ചട്ടക്കൂടിന് ആഭിജാത്യത്തിന്റെ ക്ലാസ്സികതയാണുള്ളതെങ്കിലും, അതിനെ നിർമിച്ചെടുത്ത വഴക്കങ്ങൾക്കകത്ത് യോഗശാസ്ത്രത്തിന്റെയും ആയുർവേദത്തിന്റെയും സാംസ്കാരികസ്വഭാവങ്ങളും പ്രവർത്തിക്കുന്നുണ്ട്. കഥകളി വേഷങ്ങളുടെ സാമാന്യസ്വഭാവമെന്നത് സാത്വിക- രാജസ- താമസപ്രകൃതികളുടെ ബാഹ്യസ്വഭാവത്തെ ആദർശവൽക്കരിക്കലാണെങ്കിലും, മുദ്രകളിലേക്കു സൂക്ഷ്മമായി കടന്നാൽ ഇങ്ങനെയൊരു വേർതിരിവ് അതിനുള്ളിൽ അപ്രസക്തമാണെന്നു കാണാം. മുദ്രകളുടെ ഭാഷാപരമായ നാനാർഥസ്വ


ഭാഷയെയും സംഗീതത്തെയും ശരീരത്തിനു പുറത്തുനിർത്തി, ശരീരത്തിന്റെ പ്രയോഗസാധ്യതകളെ പരിപൂർണമായി വിനിയോഗിക്കുക എന്ന തത്വമാണ് കഥകളി മുദ്രകളിലുള്ളത്. കഥകളിയിൽ മാത്രമല്ല ഹസ്തമുദ്രകൾ ഉള്ളത്; കൂടിയാട്ടത്തിലും മോഹിനിയാട്ടത്തിലുമുണ്ട്.



ഭാവം, ഒരേ വസന്തം നൽകുന്ന പല സുഗന്ധങ്ങൾ പോലെയോ ഒരേ ഉദ്യാനത്തിലെ പല ഔഷധ ങ്ങൾപോലെയോ ആണ് അനുഭവപ്പെടുന്നത്.

ഭാഷയെയും സംഗീതത്തെയും ശരീരത്തിനു പുറത്തുനിർത്തി, ശരീരത്തിന്റെ പ്രയോഗസാധ്യത കളെ പരിപൂർണമായി വിനിയോഗിക്കുക എന്ന തത്വമാണ് കഥകളി മുദ്രകളിലുള്ളത്. കഥകളിയിൽ മാത്രമല്ല ഹസ്തമുദ്രകൾ ഉള്ളത്; കൂടിയാട്ടത്തിലും മോഹിനിയാട്ടത്തിലുമുണ്ട്. എന്നാൽ, നൃത്തമടക്ക മുള്ള ആംഗികാഭിനയത്തിന് കഥകളിയിലാണ് പ്രാധാന്യം കൂടുതൽ.[2] ഇതാണ് കഥകളിമുദ്രകളെ സവിശേഷമായി പഠിക്കാൻ പ്രേരണയാവുന്ന ഘടകം.

'കരി'യിലും മുദ്രകൾ സാത്വികമാണ്. കഥകളി യിൽ വേഷങ്ങൾ ചിലപ്പോൾ പ്രച്ഛന്നമായിരിക്കും. പച്ചയോ കത്തിയോ കെട്ടുന്ന കഥാപാത്രം സന്യാ സിയായി വേഷം മാറിയാൽ, 'മിനുക്കി'ലേക്കു മാറും. ഗുണത്തെ ആസ്പദമാക്കിയുള്ള ഈ വേഷവിധിയെ മഹാബലിയെ മുൻനിർത്തി ആർ. വിശ്വനാഥൻ സാംസ്കാരികവിമർശത്തിനു വിധേയമാക്കിയിട്ടുണ്ട്. ഹരിതകേരളാധിപതിയായിരുന്നിട്ടും ബലിക്കു പച്ച വേഷം അനുവദിക്കാത്ത കഥകളിയെപ്പറ്റി. പക്ഷേ, മുദ്രകളുടെ കാര്യത്തിൽ ഇതല്ല സ്ഥിതി. അവിടെ ഗുണങ്ങളല്ല മുദ്രാസ്വഭാവത്തെ നിർണയിക്കുന്നത്. ഭാവങ്ങളെ (sentiments) നിയന്ത്രിക്കുന്നതിനുള്ള അവയുടെ വ്യാപ്തിയാണ്. ഒരേ ഹസ്തമുദ്ര, സന്ദർഭാ നുസാരിയായി പല അർഥങ്ങളെ സൂചിപ്പിക്കുന്നത് ഇതിനാലാണ്. സ്വയം തിരിച്ചറിയുന്ന (self-realization)തിനുള്ള ഏറ്റവും സാർഥകമായ സന്ദർ ഭങ്ങളാണ് മുദ്രകളിലൂടെ അഭിനേതാവും ആസ്വാദ കരും പങ്കിടുന്നത്. "Drama is considered a place for the transformation not only of the internal balance of individuals, but also of their relationship with society' എന്ന ഡ്രാമാതെറാപ്പിയിലെ സങ്കല്പം ഇവിടെയും ബാധകമാ ണ്. ഒന്നുകിൽ, തീവ്രമായി സമൂഹത്തെ അഭിമുഖീക രിക്കുന്നതിനുള്ള വഴി അതല്ലെങ്കിൽ സമൂഹത്തിൽ നിന്ന് ഒളച്ചോടിപ്പോകുന്നതിനുള്ള വഴി മുദ്രകളിലൂടെ കാണികൾ സംഭരിക്കുന്നുണ്ട്.




കാഴ്ചയിലൂടെയും കേൾവിയിലൂടെയുമുള്ള ആസ്വാ ദനത്തെ കൈമുദ്രകൾ മുതൽ മനസ്സുവരെയുള്ള സഞ്ചാരതത്വത്തെ മുൻനിർത്തിയാണ് നാട്യശാസ്ത്ര ങ്ങളിൽ വിശദീകരിച്ചിട്ടുള്ളത്.

യതോ ഹസ്ത സ്തതോ ദൃഷ്ടി
യതോ ദൃഷ്ടി സ്തതോ മനഃ
യതോ മനഃസ്തതോ ഭാവഃ
യതോ ഭാവസ്തതോ രസഃ

"കൈ പോകുന്നിടത്തു കണ്ണും കണ്ണുപോകുന്നി ടത്ത് മനസ്സും (പദാർഥ ചിന്ത), മനസ്സുപോകുന്നിടത്തു ഭാവവും ഭാവമുള്ളിടത്തു രസവും ജനിക്കുന്നു."[4]

വാചികാഭിനയത്തെ, ശരീരത്തിനു പുറത്തുനിർ ത്തി ആംഗികാഭിനയത്തിനു പൂർണതനല്കുന്നതിനു വേണ്ടി ഹസ്തമുദ്രകളെ ചിട്ടപ്പെടുത്തിയിരിക്കുന്നു. ഇത് ഭാരതീയനാട്യദർശനത്തിന്റെ ഒരു പ്രത്യേക തയുമാണ്. ലോകത്തിന്റെ മറ്റു ദേശങ്ങളിലുള്ള അഭി നയസിദ്ധാന്തങ്ങളിലൊന്നിലും മുദ്രാഭിനയം ഇങ്ങനെ കടന്നുവരുന്നുമില്ല.[5] ഇത് മുദ്രാഭിനയത്തിന്റെ വരവ് എവിടെനിന്നാണെന്ന് ചിന്തിക്കുന്നതിന് നമ്മെ പ്രേരിപ്പിക്കുന്നു.

വാചികത്തെ ഹസ്തമുദ്രകൾക്കുവേണ്ടി ദീർഘവി ന്യാസംചെയ്ത് അവതരിപ്പിക്കുന്ന ചാക്യാർകൂത്തിൽ നിന്ന് കഥകളിയുടെ മുദ്രകൾ ധ്വന്യാത്മകമായി വേറിട്ടു നിൽക്കുന്നു. ഇങ്ങനെ മുദ്രകളിലൂടെ അഭിന യസാക്ഷാൽക്കാരം നിർവഹിക്കുന്നതിനുള്ള വൈ ദഗ്ധ്യത്തെ ക്ലേശകരമായ അഭ്യസനങ്ങളിലൂടെയാ ണ് കഥകളിനടന്മാർ (നടികളും) സ്വായത്തമാക്കുന്നത്.

ചാട്ടം എന്ന വ്യായാമമുറയോടെ ഈ കഠിന പരിശീലനം ആരംഭിക്കുന്നു. മെഴുക്കിട്ട ശേഷമുള്ള ആദ്യവ്യായാമ മുറയാണിത്. മെയ്യുറപ്പടവാണടുത്തത്. മെയ്യുറയ്ക്കാനുള്ള അത്തരം പതിനെട്ട് അടവുകളെ പത്മ നാഭൻ നായർ വിശദീകരിക്കുന്നു (കഥകളി വേഷം). ഇങ്ങനെയൊക്കെ മെയ് വഴക്കം നേടിയശേഷമാണ്, ചുഴിപ്പുകളുടെ പഠനത്തിലേക്കു കടക്കുന്നത്. നല്ല മെയ് വഴക്കം സിദ്ധിച്ചാലേ ചുഴിപ്പുകൾ ഭംഗിയായി എടുക്കു വാൻ കഴിയൂ. പിന്നീടുള്ളത് ഉഴിച്ചിലാണ്.

ശരിക്കു പറഞ്ഞാൽ ഇവയ്ക്കൊക്കെയും കള രിവിദ്യയുമായുള്ള അടുപ്പം സ്പഷ്ടമാണ്. കളരിയുടെ യോഗവിദ്യാപരവും ആരോഗ്യശാസ്ത്രപരവുമായ പ്രാധാന്യത്തെ അതേനിലയിൽ അംഗീകരിച്ചുത ന്നെയാണ് കഥകളിയുടെ പരിശീലനമുറകളിൽ അവയെ സ്വീകരിച്ചിട്ടുള്ളത്. തെറാപ്യൂട്ടിക്കായ ഈ സ്വാധീനത സ്വാഭാവികമായും മുദ്രകളുടെ ചലനാ ത്മകതയിലുണ്ട്. ഏകാഗ്രത എന്ന മഹത്തായ ഗുണത്തെ, ധ്യാനാത്മകമായ ധ്വനിപരതയോടെ ദൃശ്യവൽക്കരിക്കുന്ന മുദ്രകൾ അടിസ്ഥാനപരമായി ത്തന്നെ തെറാപ്യൂട്ടിക്കാണ്.

മുദ്രകൾ നേർരേഖയിൽ സഞ്ചരിക്കുന്നവയല്ല,

കാവ്യബിംബങ്ങളിലേക്കും ജീവിതബിംബങ്ങളിലേക്കും നയിക്കുന്ന ജീവനുള്ള പ്രതീകങ്ങളാണവ. ഹസ്തലക്ഷണദീപിക[1] അനുസരിച്ച് ഇരുപത്തിനാല് അടിസ്ഥാനമുദ്രകൾ ഉണ്ടെങ്കിലും, ഇവയിൽനിന്ന് 509 അർഥങ്ങളെ (സംയുതം, അസംയുതം, സമാനം, മിശ്രം എന്നിങ്ങനെ) നിർമിച്ചെടുക്കാനാവും. ചികിത്സയിൽ, ഔഷധങ്ങൾ നിർമിക്കപ്പെടുന്നതെങ്ങനെയോ അതുമാതിരി ഒരു പ്രവർത്തനമാണിത്.

ചികിത്സാകാലം, ദേശം, പത്ഥ്യം (ഇച്ഛാപഥ്യം, കൃച്ഛ്റപഥ്യം), മാത്ര (അളവ്), അനുപാനം (ഉപദ്രവ്യചേരുവ) മുതലായ ഘടകങ്ങൾ ചികിത്സയെ എപ്രകാരം ക്രമപ്പെടുത്തുന്നുവോ അതുപോലെ ഒരു പ്രവർത്തനമാണ് മുദ്രകളുടെ വിനിമയത്തിലുള്ളതും.

ഉദാഹരണത്തിന് 'മുദ്രാഖ്യ'മെടുക്കുക. തള്ളവിരലിനെ ചൂണ്ടുവിരലോടു ചേർത്ത്, മറ്റുമൂന്നുവിരലുകളെ വെറുതേ നിർത്തിയാലാണു മുദ്രാഖ്യം. ഇതിന്റെ ഇരുമുദ്രയ്ക്ക് പതിമൂന്നർഥങ്ങൾ, ഏകമുദ്രകൊണ്ട് പത്തർഥങ്ങൾ, അവ ഇങ്ങനെയാണ്.


ഇളക്ക, മാഴിയും, സ്വർഗ-
മിടയുർച്ച, വളർച്ചയും
പദാർഥ, മറിയിച്ചെല്ലാം
ധ്യാനം, മറവി, മൃത്യുവും
പൂണൂൽ, വക്രമിവയാം
പതിമൂന്നിരുമുദ്രയാൽ
താൻ, മനം, നിന, വോർമ്മിക്കൽ,
സൃഷ്ടി, പിമ്പാശ, ജീവനം,
ജ്ഞാനം, പരിഭവം, ഭാവി,
ഇല്ലാ, കൊണ്ടേക മുദ്രയാൽ

മുദ്രകളിലൂടെ മനോവ്യാപാരത്തെ ഏകാഗ്രമാക്കുന്ന ആഴമേറിയ ഈ ഭാഷണം ഒരു തരത്തിൽ ഒരു രക്ഷപ്പെടലാണ്. 'Theatre is a form of escape' എന്നു പറയാറുള്ളത് ഫ്യഡൽ മനശ്ശാസ്ത്രത്തിന്റെ ഘടനയനുസരിച്ച് ജീവിതത്തിന്റെ യഥാർഥപ്രശ്നങ്ങളിൽനിന്ന് ഒഴിഞ്ഞുമാറി കേവലമായ അഭിരമിക്കലിന്റെ നിദ്രാവിഹീനരാത്രികളിലേക്ക് സ്വയം സമർപ്പിക്കലാണ്. എന്നാൽ, അവിടെ കളിയാശാന്റെ കൊടിയ ദാരിദ്ര്യം പോലും മൂടിവയ്ക്കപ്പെടുകയാണ്.

ഈ ആശയമല്ല, കഥകളിമുദ്രകളുടെ തെറാപ്യൂട്ടിക് സങ്കല്പംവഴി ലക്ഷ്യമിടുന്നത്. ഉയർന്നതരം, ചില, മാനസികപ്രവർത്തനങ്ങളാണ്. ശാരീരിക പ്രകടനത്തിന്റെ ഏറ്റവും ഗൗരവമേറിയ തത്വമായി ഹസ്തമുദ്രകൾ കഥകളിയിൽനിറഞ്ഞു നിൽക്കുന്നു. അവ, കഥാപാത്രത്തിന്റെ താൽക്കാലികാവസ്ഥയെ മാത്രമല്ല കാണിയിൽ പ്രതിബിംബിപ്പിക്കുന്നത്. ശാരീരികവും മാനസികവുമായ അനേകം അർഥതലങ്ങളെയാണ്. സംഭാഷണങ്ങൾ ഒഴിവാക്കി, വ്യക്തിഗതമായ ഭാവപ്രകടനങ്ങൾ ഒഴിവാക്കി നടത്തപ്പെടുന്ന മുദ്രാവിനിമയങ്ങൾ, ചിഹ്നശാസ്ത്രപരമായി ഉയർന്നതും പ്രകൃതിശാസ്ത്രപരമായി ഏറെ സങ്കീർണവുമായ അനുഭവത്തെ പ്രദാനം ചെയ്യുന്നു.

മുദ്ര എന്ന വാക്കിന് യോഗവിദ്യയുമായുള്ള ബന്ധം അനിഷേധ്യമാണ്. യോഗവിദ്യയിലെ ശരീ





*പട്ടിക്കാംതൊടി രാമുണ്ണിമേനോൻ*



രമുദ്രകൾ (അഭ്യാസങ്ങൾ) ശീലിച്ചും ഉറപ്പിച്ചെടുത്തു മാണ് ഓരോ കഥകളി നടിയും (നടനും) തന്റേതായ ഹസ്തമുദ്രാതലത്തിലേക്കു വളരുന്നത്. 'സമചിത്തത യാണ് യാഗം' (സമത്വം യോഗമുച്യതേ) എന്ന വാക്യമനുസരിച്ചാണെങ്കിൽ ഹസ്തമുദ്രകളുടെ മുഖ്യലക്ഷ്യം വൈകാരികമായ സമചിത്തതയാണ്. ഏകാഗ്രതയിലൂടെയുള്ള അർഥാന്വേഷണമാണത്. അത്, കാഴ്ചക്കാരെ അപൂർവമായ രസാനുഭവ ലക്ഷ്യത്തിലെത്തിക്കുന്നു. ഇത് സൗഖ്യം എന്നു പറയുന്ന തെറാപ്യൂട്ടിക്കായ ഒരു ലക്ഷ്യത്തിനു സമാനമാണ്. മുറെ കോക്സ്, സാഹിത്യരൂപങ്ങളുടെ മനശ്ശാസ്ത്രപ്രാധാന്യത്തെ പറയുന്നേടത്ത് അവയുടെ ദൃഢമായ പ്രതിരൂപണശക്തിയെപ്പറ്റി സൂചിപ്പിക്കുന്നുണ്ട്. ഒരു ചികിത്സകനും രോഗിക്കുമിടയിൽ, നാടകീയമായ ചില തലങ്ങൾ സംവാദാത്മകമായി പ്രവർത്തിക്കുന്നത് എപ്രകാരമാണോ ഗുണകരമാവുന്നത് അതിനെ ഡ്രാമാതെറാപ്പിയിൽ ഉപയോഗപ്പെടുത്തുന്നതുപോലെയാണ് കഥകളിമുദ്രകളുടെ പ്രാധാന്യവും. ഡ്രാമാതെറാപ്പി നാടകത്തെ ഉപയോഗിക്കുന്നത് എന്തിനാണ് ? അന്നാ സെയ്മൂർ ഇങ്ങനെ പറയുന്നു: “Dramatherapy uses drama at the service of the client rather than expecting the client to serve the needs of the drama, though paradoxically it is through attention to the creation of the drama that the client becomes engaged in their own therapeutic process. "

**ചികിത്സാകാലം, ദേശം, പത്ഥ്യം (ഇച്ഛാപഥ്യം, കൃച്ഛ്റപഥ്യം), മാത്ര (അളവ് ), അനുപാനം (ഉപദ്രവ്യചേരുവ) മുതലായ ഘടകങ്ങൾ ചികിത്സയെ എപ്രകാരം ക്രമപ്പെടുത്തുന്നുവോ അതുപോലെ ഒരു പ്രവർത്തനമാണ് മുദ്രകളുടെ വിനിമയത്തിലുള്ളതും.**

കഥകളിയെ സംബന്ധിച്ച്, അതിന്റെ തെറാപ്യൂട്ടിക് കല, മുദ്രകൾക്കുള്ളിലാണ് സ്വാംശീകരിക്കപ്പെട്ടിരിക്കുന്നത്. കഥകളിയനുഭവത്തിന്റെ ഗൗരവത്തെ പലമടങ്ങു വർദ്ധിപ്പിക്കുന്ന ഒരു തിരിച്ചറിവാണ് ഈ ഘടകം.

## കുറിപ്പുകൾ


1. കലാമണ്ഡലം പത്മനാഭൻ നായർ, കഥകളിവേഷം, കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, 2012: xv.
2. 'ഹസ്തലക്ഷണദീപിക'യുടെ ആമുഖം, കലാമണ്ഡലം എം.പി. എസ്. നമ്പൂതിരി, കേരളകലാമണ്ഡലം, 2020:15
3. Salvo Pitruzzella, “Theatre and therapy: A necessary dialogue”, Dramatherapy and Social Theatre, Sue Jennings (ed.), Routledge, 2010: 106
4. ചവറ അപ്പുക്കുട്ടൻ പിള്ള, കഥകളിയിലെ രസവിചാരം, കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, 2019:129
5. ടി പുസ്തകം, പു.129.
6. ഇച്ഛാപഥ്യം(വലിയ ക്ലേശമുള്ള നിബന്ധനകളൊന്നും കൂടാത്തത്), കൃച്ഛ്റപഥ്യം (വളരെ കഠിനമായ നിർബന്ധത്തോടുകൂടിയത്) പി. എസ്സ്. വാരിയർ, ചികിത്സാ സംഗ്രഹം, കോട്ടയ്ക്കൽ ആര്യവൈദ്യശാല, 1989: 169.
7. കുറിപ്പ്(3)ലെ പുസ്തകം. Dramatherapy and social theatre: A Question of Boundaries എന്ന ലേഖനം, പു. 31


*(masiddeek28@gmail.com)*



# പരിചരണത്തിന്റെ സാമ്പത്തികശാസ്ത്രം

ശ്രീജ വി.

പണം കൊടുത്തോ അല്ലാതെയോ ഉള്ള പരിചരണത്തിന്റെ ലഭ്യത മനുഷ്യന്റെ മുന്നോട്ടുപോക്കിന് അനിവാര്യമാണ്. അന്താരാഷ്ട്രതൊഴിൽസംഘടനയുടെ നിർവചനപ്രകാരം മുതിർന്നവർ, കുട്ടികൾ, പ്രായമായവർ, ചെറുപ്പക്കാർ, ദുർബലർ, ശാരീരികശേഷിയുള്ളവർ ഇവരുടെ ഭൗതികവും, മാനസികവും, വൈകാരികവുമായ ആവശ്യങ്ങൾ നിറവേറ്റുന്ന തരത്തിലുള്ള പ്രവർത്തനങ്ങളോ ബന്ധങ്ങളോ പരിചരണത്തിൽ ഉൾപ്പെടുന്നു. പരിചരണത്തെ സമൂഹം പൊതുവേ പരിഗണിക്കുന്നത് തൊഴിൽ എന്നതിലുപരി ഉത്തരവാദിത്വമായാണ്. ശൈശവാവസ്ഥയിലെ പൂർണആശ്രിതത്വം, കുട്ടിക്കാലത്തെ അല്ലെങ്കിൽ സ്കൂൾകാലഘട്ടത്തിലെ പരിരക്ഷ, കൗമാരകാലത്തെയും യൗവനകാലത്തെയും താൽക്കാലികമോ പൂർണമോ ആയ ആശ്രിതത്വം, വാർധക്യത്തിലെ ആശ്രിതത്വം എന്നിങ്ങനെയാണ് സാമാന്യമായി ശുശ്രൂഷയുടെ ചക്രം നിലനിൽക്കുന്നത്.

ജീവിക്കാൻ പരസ്പരം സഹായിക്കുക എന്ന പ്രാഥമിക ഉത്തരവാദിത്വം കുടുംബം എന്ന സാമൂഹികഘടകത്തിനകത്താണ് മനുഷ്യൻ പൊതുവേ നിറവേറ്റുന്നത്. അതിനു സാധിക്കാതെ വരുമ്പോൾ അല്ലെങ്കിൽ അത് ലഭ്യമല്ലാതെ വരുമ്പോഴാണ് പുറത്തുനിന്നുള്ള പരിചരണം ആവശ്യമായിവരുന്നത്. പരിചരണം രണ്ടുരീതിയിലുണ്ട്, നേരിട്ടുള്ളത്, അല്ലാത്തത്. പ്രായമായൊരാളെ ദിനകൃത്യങ്ങൾ ചെയ്യാൻ സഹായിക്കുന്നത്, കുട്ടിക്ക് അമ്മ പാലു നൽകുന്നത് തുടങ്ങിയവയെല്ലാം നേരിട്ടുള്ള പരിചരണത്തിലുൾപ്പെടുന്നു. ഇതിനനുബന്ധമായി ഭക്ഷണം പാകംചെയ്യുന്നതോ, വീട് വൃത്തിയാക്കുന്നതോ എല്ലാം പരോക്ഷപരിചരണത്തിന്റെ ഭാഗമാണ്. പരിചരണം ആരിൽ നിന്നു ലഭിക്കുന്നു എന്നതിന്റെ അടിസ്ഥാനത്തിൽ രണ്ടായി തരംതിരിക്കാം. വ്യക്തിപരമായ പരിചരണം, വ്യക്തിബന്ധങ്ങളുടെ അടിസ്ഥാനത്തിലുള്ള പരിചരണം. അമ്മ കുട്ടിയെ പരിചരിക്കുന്നത്, ശാരീരിക അവശതകളു

ജീവിക്കാൻ പരസ്പരം സഹായിക്കുക എന്ന പ്രാഥമിക ഉത്തരവാദിത്വം കുടുംബം എന്ന സാമൂഹികഘടകത്തിനകത്താണ് മനുഷ്യൻ പൊതുവേ നിറവേറ്റുന്നത്. അതിനു സാധിക്കാതെ വരുമ്പോൾ അല്ലെങ്കിൽ അത് ലഭ്യമല്ലാതെ വരുമ്പോഴാണ് പുറത്തുനിന്നുള്ള പരിചരണം ആവശ്യമായിവരുന്നത്.



ള്ള പങ്കാളിയെ ശുശ്രൂഷിക്കുന്നത് ഇതെല്ലാം വ്യക്തിബന്ധങ്ങളുടെ അടിസ്ഥാനത്തിലുള്ള പരിചരണത്തിലാണ് ഉൾപ്പെടുന്നത്. എന്നാൽ പ്രായമായ രക്ഷിതാക്കളെയോ, കുട്ടികളെയോ പരിചരിക്കുന്നതിന് വേതനം നൽകിയോ അല്ലാതെയോ പുറത്തുനിന്ന് ഒരാളെ ആശ്രയിക്കുന്നത് വ്യക്തിപരമായ പരിചരണത്തിന് ഉദാഹരണമാണ്. വേതനം നൽകിയുള്ള പരിചരണം സേവനമായും, വ്യക്തിബന്ധങ്ങളുടെ പേരിലുള്ള പരിചരണം ഉത്തരവാദിത്വമോ, അവകാശമോ ആയും കണക്കാക്കപ്പെടുന്നു.

ഒരു സമൂഹത്തിൽ കുടുംബാംഗങ്ങൾ, വീട്ടുജോലി ചെയ്യുന്നവർ, സ്ഥാപനങ്ങൾ എന്നിവരാണ് പരിചരണത്തിലെ പ്രധാനപങ്കാളികൾ. ഇതിൽ പൊതുവേ വേതനമില്ലാതെ പരിചരണം നടത്തുന്നത് കുടുംബാംഗങ്ങളാണ്. ലിംഗപദവിയുടെ അടിസ്ഥാനത്തിൽ വിശകലനം ചെയ്യുമ്പോൾ വേതനം ഇല്ലാത്ത പരിചരണജോലികൾ സ്ത്രീയും പുരുഷനും തുല്യമായി പങ്കുവയ്ക്കുന്ന ഒരു രാജ്യവും ലോകത്ത് ഇല്ല എന്നത് ശ്രദ്ധേയമാണ്. ആഗോളതലത്തിൽ വേതനമില്ലാത്ത പരിചരണത്തിന്റെ 76.2 ശതമാനം നിർവഹിക്കുന്നത് സ്ത്രീകളാണ്. ഒരു സ്ത്രീ ദിവസത്തിലെ 4 മണിക്കൂർ 25 മിനിറ്റ് പരിചരണത്തിനായി ചെലവഴിക്കുമ്പോൾ, 1 മണിക്കൂർ 23 മിനിറ്റ് പുരുഷൻ ഇതിനായി കണ്ടെത്തുന്നു (ഐഎൽഒ, 2018). അതായത് വർഷത്തിൽ സ്ത്രീകൾ 201 തൊഴിൽദിനങ്ങളും പുരുഷന്മാർ 63 തൊഴിൽദിനങ്ങളും വേതനമില്ലാത്ത പരിചരണത്തിനായി മാറ്റിവയ്ക്കുന്നു. സ്ത്രീകളുടെ വേതനമില്ലാത്ത തൊഴിലിനെ കുറിച്ചു കൂടി അടുത്തുനിന്നു നോക്കുമ്പോൾ, പുരയിടത്തിന്റെ പരിപാലനം, കുടുംബസംരംഭങ്ങളിലേക്കുള്ള സംഭാവനകൾ, കുടുംബ ഉപഭോഗത്തിനായുള്ള പ്രവർത്തനങ്ങൾ, ഭക്ഷണം കണ്ടെത്തൽ, വെള്ളം, വിറക് മുതലായവ ശേഖരിക്കൽ, ഭക്ഷണം തയാറാക്കൽ, ഷോപ്പിങ്, വീട് വൃത്തിയാക്കൽ, പാത്രം കഴുകൽ, തുണിയലക്കൽ, കുട്ടികൾ, പ്രായമായവർ, ശാരീരിക അവശതകളുള്ളവർ തുടങ്ങിയവരെ പരിപാലിക്കൽ എന്നിങ്ങനെ അവർ ചെയ്യുന്ന പണികൾ വ്യത്യസ്ത സ്വഭാവമുള്ളതും സമയബന്ധിതമല്ലാത്തതുമാണെന്നു കാണാം. ഇതിൽ ശുശ്രൂഷയ്ക്കായി മാത്രം വലിയൊരളവ് സമയം സ്ത്രീകൾ ചെലവഴിക്കുന്നു. ഏഷ്യാപസഫിക് മേഖലയിൽ സ്ത്രീകൾ പുരുഷന്മാരേക്കാൾ നാലുമടങ്ങ് സമയം വേതനമില്ലാത്ത ശുശ്രൂഷാ പ്രവർത്തനങ്ങൾക്കായി ചെലവഴിക്കുന്നുണ്ട് (ILO, 2018). ആഗോള തൊഴിൽസംഘടനയുടെ റിപ്പോർട്ട് പ്രകാരം വേതനം ലഭിക്കുന്ന പരിചരണപ്രവർത്തനങ്ങളിൽ കൂടുതലായി ഏർപ്പെടുന്നതും സ്ത്രീകളാണ്. ഇവർ അസംഘടിതമേഖലയിൽ പലപ്പോഴും മോശമായ തൊഴിൽസാഹചര്യങ്ങളിൽ കുറഞ്ഞ വേതനത്തിനാണ് ഇത്തരം ജോലികൾ ചെയ്യുന്നത്.

ഒരു സ്ത്രീ ദിവസത്തിലെ 4 മണിക്കൂർ 25 മിനിറ്റ് പരിചരണത്തിനായി ചെലവഴിക്കുമ്പോൾ, 1 മണിക്കൂർ 23 മിനിറ്റ് പുരുഷൻ ഇതിനായി കണ്ടെത്തുന്നു (ഐഎൽഒ, 2018). അതായത് വർഷത്തിൽ സ്ത്രീകൾ 201 തൊഴിൽദിനങ്ങളും പുരുഷന്മാർ 63 തൊഴിൽദിനങ്ങളും വേതനമില്ലാത്ത പരിചരണത്തിനായി മാറ്റിവയ്ക്കുന്നു.

പീരിയോഡിക് ലേബർ ഫോഴ്സ് സർവേ പ്രകാരം 2018-19 കാലഘട്ടത്തിൽ സ്ത്രീകളുടെ തൊഴിൽശക്തി പങ്കാളിത്തനിരക്ക് (Labour Force Participation Rate), എല്ലാ പ്രായത്തിലുമുള്ളവരുടെയും കണക്കിലെടുക്കുമ്പോൾ കേരളത്തിൽ 24.5% വും, ദേശീയശരാശരി 18.6% വും ആണ്. 15-59 പ്രായത്തിലുള്ള സ്ത്രീകളുടെ തൊഴിൽശക്തി പങ്കാളിത്തനിരക്ക് യഥാക്രമം 35.2% വും 26.5% വുമാണ്. ഇതിന്റെ വിശദാംശങ്ങൾ പട്ടിക 1-ൽ നൽകിയിരിക്കുന്നു. തൊഴിൽ പങ്കാളിത്തനിരക്കിൽ സ്ത്രീകൾക്കും പുരുഷന്മാർക്കുമിടയിൽ വലിയ വിടവ് ദേശീയതലത്തിലും സംസ്ഥാനതലത്തിലും നിലനിൽക്കുന്നതായി പട്ടിക സൂചിപ്പിക്കുന്നു. സ്ത്രീകളുമായി ബന്ധപ്പെട്ട വിദ്യാഭ്യാസം, ആരോഗ്യം ഉൾപ്പെടെയുള്ള സൂചികകളിൽ മുന്നിട്ടുനിൽക്കുന്ന കേരളത്തിൽപ്പോലും സ്ത്രീകളുടെ സാമ്പത്തികപദവി മെച്ചപ്പെട്ടതല്ല എന്നതാണ് യാഥാർഥ്യം (മിത്ര & സിംഗ്, 2006; 2007). ഉയർന്നവിദ്യാഭ്യാസം ലഭിച്ചവരെപ്പോലും ഇപ്രകാരം 'തൊഴിലിടങ്ങളിൽ കാണാതെയാകുന്നു' എന്നത് ചിന്തിക്കേണ്ട കാര്യമാണ്.

തൊഴിൽശക്തി പങ്കാളിത്തനിരക്കിൽ എന്തുകൊണ്ട് ഇത്രയും വലിയവിടവ് ഉണ്ടായി എന്ന് പരിശോധിക്കേണ്ടതുണ്ട്. സ്ത്രീകളും പുരുഷന്മാരും അവർക്കു ലഭ്യമാകുന്ന സമയം എങ്ങനെ വിനിയോഗിക്കുന്നു എന്നത് ഇതുമായി ബന്ധപ്പെടുത്തി വിശകലനം ചെയ്യേണ്ട ഒന്നാണ്. ഇന്ത്യയിലെ ജനങ്ങളുടെ സമയവിനിയോഗവുമായി ബന്ധപ്പെട്ട് നാഷണൽ സ്റ്റാറ്റിസ്റ്റിക്സ് ഓഫീസ് 2019-ൽ സംഘടിപ്പിച്ച സമയവിനിയോഗ സർവേ (Time Use Survey) യിൽനിന്നുള്ള വിവരങ്ങളാണ് പട്ടിക 2-ൽ നൽകിയിരിക്കുന്നത്. ഒരു വ്യക്തി അയാൾക്കു ലഭിക്കുന്ന സമയം എന്തെല്ലാം ആവശ്യങ്ങൾക്കായി

വിനിയോഗിക്കുന്നു എന്നതിന്റെ ശതമാനത്തിലുള്ള കണക്കാണ് പട്ടികയിലുള്ളത്. നേരിട്ടുള്ളതോ അല്ലാത്തതോ ആയ പരിചരണത്തിനുവേണ്ടിയാണ് സ്ത്രീകൾ തങ്ങൾക്കു ലഭിക്കുന്ന സമയത്തിന്റെ വലിയഭാഗം ചെലവഴിക്കുന്നത് എന്ന് പട്ടികയിൽ നിന്ന് മനസ്സിലാക്കാൻ സാധിക്കും. സമയവിനിയോഗത്തിലും തൊഴിൽശക്തി പങ്കാളിത്തനിരക്കിലും ഗ്രാമത്തിലെയും നഗരത്തിലെയും സ്ത്രീകൾ തമ്മിൽ വലിയ അന്തരമില്ല എന്നും ഈ കണക്കുകൾ സൂചിപ്പിക്കുന്നു.

സ്ത്രീകളുടെ തൊഴിൽപങ്കാളിത്തനിരക്ക് ആഗോളതലത്തിൽ തന്നെ പ്രതികൂലമായി നിലനിൽക്കുന്നതിനുള്ള പ്രാഥമികകാരണങ്ങളിലൊന്ന് വേതനമില്ലാത്ത പരിചരണത്തിനായി സ്ത്രീകൾ വലിയൊരളവുസമയം ചെലവഴിക്കുന്നതുകൊണ്ടും, ഇവരുടെ സേവനത്തെ ഒരു സാമ്പത്തികപ്രക്രിയയായോ, മാന്യമായ തൊഴിലായോ പരിഗണിക്കാത്തതുകൊണ്ടും ആണ്. സാമൂഹികമാനദണ്ഡങ്ങൾ അനുകൂലമായ കേരളത്തിൽപ്പോലും സ്ത്രീകളുടെ തൊഴിൽ പങ്കാളിത്തം അനുകൂലമായ നിരക്കിലല്ല. കണക്കുകൂട്ടലിലെ പോരായ്മകൾ മാത്രമല്ല ഇതിനു കാരണം. ഉൽപ്പാദനക്ഷമമായ കാര്യങ്ങൾക്ക് ചെലവഴിക്കുന്നതിന് ലഭിക്കുന്ന സമയത്തിന്റെ കാര്യത്തിൽ സ്ത്രീക്കും പുരുഷനുമിടയിൽ നിലനിൽക്കുന്ന വലിയ അന്തരം ഇതിന് പ്രധാനകാരണമാണ്. ഉദാഹരണത്തിന് വിദ്യാഭ്യാസസ്ഥാപനങ്ങളിലെയോ തൊഴിലിടങ്ങളിലെയോ സമയം ക്രമീകരിക്കുമ്പോൾ സ്ത്രീകളെ അത് കൂടുതൽ ബാധിക്കുന്നതായി കാണാം. തൊഴിൽശാലയിലെയോ വിദ്യാഭ്യാസസ്ഥാപനങ്ങളിലെയോ പ്രവർത്തനം രാവിലെ നിലവിലുള്ളതിലും ഒരു മണിക്കൂർ നേരത്തെ ആരംഭിക്കുകയോ അല്ലെങ്കിൽ വൈകുന്നേരം ഒരു മണിക്കൂർ ദീർഘിപ്പിക്കുകയോ ചെയ്താൽ സ്ത്രീകളെയും പെൺകുട്ടികളെയും അത് പ്രതികൂലമായി ബാധിക്കാനാണ് സാധ്യത. മറ്റ് ഉൽപ്പാദനക്ഷമമായ കാര്യങ്ങൾക്ക്ചെലവഴിക്കുന്നതിനായിസ്ത്രീക്കും പുരുഷനും ലഭിക്കുന്ന സമയത്തിലുള്ള അസമത്വമാണ് ഇതിന് കാരണം. അതുകൊണ്ടുതന്നെ സാമൂഹിക, സാമ്പത്തികനയങ്ങൾ രൂപപ്പെടുത്തുമ്പോൾ ഇത്തരം കാര്യങ്ങൾകൂടി കണക്കിലെടുക്കേണ്ടത് അനിവാര്യമാണ്.

ഒരു നിശ്ചിത സാമ്പത്തികവർഷത്തിൽ ഒരു രാജ്യത്തിനകത്ത് ഉൽപ്പാദിപ്പിക്കുന്ന അന്തിമ ചരക്കുകളുടെയും സേവനങ്ങളുടെയും (Final Goods and Services) പണപരമായ മൂല്യമാണ് ആ രാജ്യത്തിന്റെ മൊത്ത ആഭ്യന്തര ഉൽപ്പന്നം അഥവാ ജിഡിപി (Gross Domestic Product). അതായത് നിശ്ചിത സാമ്പത്തികവർഷത്തെ ഒരു രാജ്യത്തിന്റെ സാമ്പത്തികപ്രവർത്തനങ്ങളുടെ പണപരമായ മൂല്യം കണക്കാക്കാനുള്ള ഒരു ഉദ്യമമാണത്. ജിഡിപിയിൽ ഉൾപ്പെടാത്തതാണ് സ്ത്രീകളുടെ വീട്ടുജോലി. കുടുംബാംഗം എന്ന നിലയിൽ സ്ത്രീകൾചെയ്യുന്ന കാര്യങ്ങൾ മറ്റ് അംഗങ്ങൾക്ക് ഗുണകരമാണ്. ഇത് കുടുംബത്തിനകത്ത് സ്ത്രീകളുടെ സ്ഥാനം മെച്ചപ്പെടുത്തുന്നില്ലെങ്കിൽപ്പോലും, നല്ല മകൾ, നല്ല ഭാര്യ, നല്ല അമ്മ തുടങ്ങിയ സങ്കൽപ്പങ്ങൾ നിലനിൽക്കുന്ന സമൂഹത്തിനകത്ത് കുടുംബത്തിന്റെ സ്ഥാനം മെച്ചപ്പെടുത്തുകയോ നിലനിർത്തുകയോ ചെയ്യുന്നു. അതായത് ഇത്തരം പ്രവൃത്തികൾ ഒരു തരത്തിൽ കുടുംബത്തിന്റെ അന്തസ്സുൽപ്പാദന പ്രക്രിയയായി മാറുന്നു (പാപ്പാനെക്, 1979). ഒരർഥത്തിൽ വീട്ടുജോലികൾ ചെയ്യുന്ന കുടുംബാംഗങ്ങളാണ്, തൊഴിലെടുക്കുന്നവർക്ക് സാമ്പത്തികമായി പ്രതിഫലം ലഭിക്കുന്ന പ്രവർത്തനങ്ങളിൽ ഏർപ്പെടാനുള്ള ഉൽപ്പാദനക്ഷമമായ സമയം ഉണ്ടാക്കിക്കൊടുക്കുന്നത്. വീട്ടുജോലികളും കുടുംബാംഗങ്ങളുടെ പരിചരണവും നിർവഹിക്കുന്നതിന് ആശ്രയിക്കാൻ വീട്ടിൽ മറ്റ് അംഗങ്ങളില്ലെങ്കിൽ ജോലി ചെയ്യുന്നതിന് പുറത്തുപോകുന്ന വ്യക്തിക്ക് നിർബന്ധമായും വേതനം നൽകി ഇത്തരം സേവനങ്ങൾ സ്വീകരിക്കേണ്ടതായി വരുന്നു. അപ്പോൾ മാത്രമാണ് പരിചരണത്തിന്റെ പണപരമായ മൂല്യത്തെക്കുറിച്ച് നമ്മൾ ചിന്തിക്കുന്നതു തന്നെ. സ്ത്രീകളുടെ വീട്ടുജോലിപോലുള്ള ഘടകങ്ങളുടെ സാമ്പത്തികമൂല്യം ഉൾപ്പെടുത്തുന്ന തരത്തിൽ വിശാലമായ രീതിശാസ്ത്രം ജിഡിപി തിട്ടപ്പെടുത്തുന്നതിന് രൂപപ്പെടുത്തുന്നത് കാലോചിതമായിരിക്കും. വേതനം നൽകാത്ത പരിചരണത്തിന്റെ സാമൂഹിക സാമ്പത്തികമൂല്യം അംഗീകരിക്കാനും, അവകാശം, ഉത്തരവാദിത്വം എന്നതിലപ്പുറം ഒരാളുടെ സേവനം എന്ന നിലയിൽ വീട്ടുജോലികളുടെ മൂല്യം മനസ്സിലാക്കാനും ഇതിലൂടെ സാധിക്കും.

പട്ടിക 1: ഇന്ത്യയിലെയും കേരളത്തിലെയും തൊഴിൽശക്തി പങ്കാളിത്തനിരക്ക് 1 ശതമാനത്തിൽ (യൂഷ്വൽ സ്റ്റാറ്റസ്[2] പ്രകാരം ഉള്ളത്)

മാറുന്ന കാലത്തിനനുസരിച്ച് പരിചരണത്തെ പുതിയ തലത്തിൽ നോക്കിക്കാണേണ്ടിയിരിക്കുന്നു. മാന്യമായ തൊഴിൽ സങ്കൽപ്പമെന്നത് സു

International Labour Organization

സ്ത്രീകളുടെ തൊഴിൽപങ്കാളിത്തനിരക്ക് ആഗോളതലത്തിൽ തന്നെ പ്രതികൂലമായി നിലനിൽക്കുന്നതിനുള്ള പ്രാഥമിക കാരണങ്ങളിലൊന്ന് വേതനമില്ലാത്ത പരിചരണത്തിനായി സ്ത്രീകൾ വലിയൊരളവുസമയം ചെലവഴിക്കുന്നതുകൊണ്ടും, ഇവരുടെ സേവനത്തെ ഒരു സാമ്പത്തികപ്രക്രിയയായോ, മാന്യമായ തൊഴിലായോ പരിഗണിക്കാത്തതുകൊണ്ടും ആണ്.

പട്ടിക 1

| വയസ്സ് | ഇന്ത്യ | | | കേരളം | | |
|---|---|---|---|---|---|---|
| | പുരുഷൻ | സ്ത്രീ | വ്യക്തി | പുരുഷൻ | സ്ത്രീ | വ്യക്തി |
| 15- 29 | 58.8 | 16.2 | 38.1 | 47.0 | 25.8 | 36.0 |
| 15-59 | 80.3 | 26.5 | 53.6 | 78.1 | 35.2 | 55.0 |
| 15 വയസ്സും അതിന് മുകളിലും | 75.5 | 24.5 | 50.2 | 71.2 | 30.6 | 49.3 |
| എല്ലാവയസ്സിലും ഉൾപ്പെടുന്നവർ | 55.6 | 18.6 | 37.5 | 56.6 | 24.5 | 39.5 |

*ഉറവിടം: വാർഷിക റിപ്പോർട്ട് പീരിയോഡിക് ലേബർ സർവേ (2018-19)*

| പ്രവൃത്തിയുടെ സ്വഭാവം | പുരുഷൻ | സ്ത്രീ | വ്യക്തി |
|---|---|---|---|
| തൊഴിലും അനുബന്ധപ്രവർത്തനങ്ങളും | 18.3 | 4.2 | 11.4 |
| സ്വന്തം അന്തിമ ഉപഭോഗത്തിനുള്ള ഉൽപ്പന്നങ്ങളുടെ ഉൽപ്പാദനം | 1.9 | 1.6 | 1.8 |
| കുടുംബാംഗങ്ങൾക്കുവേണ്ടി നിർവഹിക്കുന്ന വേതനമില്ലാത്ത സേവനങ്ങൾ | 1.7 | 16.9 | 9.2 |
| കുടുംബാംഗങ്ങൾക്കുവേണ്ടി നിർവഹിക്കുന്ന വേതനമില്ലാത്ത പരിചരണസേവനങ്ങൾ | 0.8 | 2.6 | 1.7 |
| വേതനം സ്വീകരിക്കാതെയുള്ള സന്നദ്ധ പരിശീലനസേവനങ്ങൾ, മറ്റ് വേതനമില്ലാത്ത പ്രവർത്തനങ്ങൾ | 0.2 | 0.1 | 0.1 |
| പഠനം | 7.1 | 5.8 | 6.5 |
| സാമൂഹികഇടപെടലുംവിനിമയവും,സാമൂഹികപങ്കാളിത്തം, മതപരമായപ്രവർത്തനങ്ങൾ | 9.3 | 8.8 | 9.0 |
| സാംസ്കാരികപ്രവർത്തനങ്ങൾ,വിശ്രമം, മാധ്യമപ്രവർത്തനം | 10.1 | 9.8 | 9.9 |
| കായികം, സ്വയം പരിരക്ഷ, പരിപാലനം | 50.6 | 50.2 | 50.4 |
| ആകെ | 100 | 100 | 100 |

*ഉറവിടം: സമയവിനിയോഗ സർവേ 2019*

പട്ടിക 2

**ശുശ്രൂഷയുടെ സമ്പദ്ഘടനയിൽ പൊതു–സ്വകാര്യമേഖലകൾ ഉൾപ്പെടുന്നു. ശുശ്രൂഷയെ ഏകോപിപ്പിക്കുന്നതിന് കുടുംബത്തിനൊപ്പം ഇവയ്ക്കും പ്രാധാന്യമുണ്ട്. കൃത്യമായ സാമൂഹിക - തൊഴിൽ നയങ്ങൾ രൂപപ്പെട്ടില്ലെങ്കിൽ ശുശ്രൂഷയുമായി ബന്ധപ്പെട്ട സേവനങ്ങളുടെ ലഭ്യതയിലും ഗുണമേന്മയിലുമുള്ള അപര്യാപ്തത ഗുരുതരമായ ആഗോളപ്രതിസന്ധിക്കും, തൊഴിൽരംഗത്തെ ലിംഗഅസമത്വം വർധിക്കുന്നതിനും കാരണമാകും (ഐഎൽഒ, 2018).**

സ്ഥിരവികസനലക്ഷ്യങ്ങളിലൊന്നാണ്. ഇന്ത്യയെപ്പോലെ പ്രായമായവരുടെ ആശ്രിതത്വനിരക്ക് കൂടുതലുള്ള രാജ്യങ്ങളിൽ (കേരളത്തിൽ ഇത് ദേശീയശരാശരിയെക്കാൾ കൂടുതലാണ്) പരിചരണത്തെ മെച്ചപ്പെട്ട ഒരു തൊഴിൽമേഖലയായി മാറ്റുന്നത് പരിഗണിക്കേണ്ട വിഷയമാണ്. കൃത്യമായ പരിശീലനം നൽകി ഗുണമേന്മയുള്ള സേവനം നൽകാൻ പ്രാപ്തരായ ഒരു തൊഴിൽവിഭാഗത്തെ രൂപപ്പെടുത്തിയെടുക്കുക വഴി പ്രത്യക്ഷത്തിൽ രണ്ട് പ്രധാന ഗുണഫലങ്ങളാണ് ലഭിക്കുന്നത്. ഒന്ന്, പരിചരണത്തെ സംബന്ധിച്ച ആശങ്കകൾ കുറയുന്നതിലൂടെ അതൊരു ബാധ്യതയല്ലാതാകുന്നു. രണ്ട്, മെച്ചപ്പെട്ട വേതനം ലഭിക്കുന്ന തൊഴിൽ എന്ന നിലയ്ക്ക് പരിചരണസേവനങ്ങളുടെ പദവി ഉയർത്തപ്പെടുന്നു. ഇത് രണ്ടും സമൂഹത്തിനും സമ്പദ്ഘടനയ്ക്കും ഗുണകരമാണ്. മേൽപ്പറഞ്ഞ കാര്യങ്ങൾ വേതനം നൽകിയുള്ള പരിചരണവുമായി ബന്ധപ്പെട്ടതാണ്.

ശുശ്രൂഷയുടെ സമ്പദ്ഘടനയിൽ പൊതു-സ്വകാര്യമേഖലകൾ ഉൾപ്പെടുന്നു. ശുശ്രൂഷയെ ഏകോപിപ്പിക്കുന്നതിന് കുടുംബത്തിനൊപ്പം ഇവയ്ക്കും പ്രാധാന്യമുണ്ട്. കൃത്യമായ സാമൂഹിക – തൊഴിൽ നയങ്ങൾ രൂപപ്പെട്ടില്ലെങ്കിൽ ശുശ്രൂഷയുമായി ബന്ധപ്പെട്ട സേവനങ്ങളുടെ ലഭ്യതയിലും ഗുണമേന്മയിലുമുള്ള അപര്യാപ്തത ഗുരുതരമായ ആഗോളപ്രതിസന്ധിക്കും, തൊഴിൽരംഗത്തെ ലിംഗഅസമത്വം വർധിക്കുന്നതിനും കാരണമാകും (ഐഎൽഒ, 2018). വേതനമില്ലാത്തതും വേതനമുള്ളതുമായ പരിചരണം നിർവഹിക്കുന്നതിൽ ഭൂരിഭാഗംപേരും സ്ത്രീകളാണ്. അതുകൊണ്ടുതന്നെ മാന്യമായ തൊഴിൽ എന്ന നിലയിലേക്ക് പരിചരണസേവനങ്ങളെ പരിഗണിക്കുന്നത് ആത്യന്തികമായി സ്ത്രീകളുടെ സാമൂഹിക-സാമ്പത്തികപദവി മെച്ചപ്പെടുത്തുന്നതിന് സഹായകരമാകും.

## കുറിപ്പുകൾ

പീരിയോഡിക് ലേബർ ഫോഴ്സ് സർവേ റിപ്പോർട്ടിലെ നിർവചനപ്രകാരം,

1. തൊഴിലെടുക്കുകയോ, തൊഴിലിനായി ശ്രമിക്കുകയോ, ലഭ്യമാകുകയോ ചെയ്യുന്ന ഒരാൾ തൊഴിൽ ശക്തിയുടെ ഭാഗമാണ്.

2. സർവേ തീയതിക്ക് തൊട്ടുമുമ്പുള്ള 365 ദിവസങ്ങളിൽ ഒരാൾ ചെയ്യുന്ന തൊഴിൽ അല്ലെങ്കിൽ പ്രവൃത്തിയെയാണ് യൂഷ്വൽ ആക്ടിവിറ്റി സ്റ്റാറ്റസ് എന്നുപറയുന്നത്.

## റഫറൻസ്


Addati, L., Cattaneo, U., Esquivel, V., Valarino, I., & International Labour Office. (2018). Care work and care jobs for the future of decent work. International Labour Office. https://search.ebscohost.com/login.aspx?direct=true&scope=site&db=nlebk&db=nlabk&AN=3109795

Mitra, A., & Singh, P. (2006). Human Capital Attainment and Female Labor Force Participation—The Kerala Puzzle. Journal of Economic Issues, 40(3), 779–798. https://doi.org/10.1080/00213624.2006.11506945

Mitra, A., & Singh, P. (2007). Human Capital Attainment and Gender Empowerment: The Kerala Paradox. Social Science Quarterly, 88(5), 1227–1242. https://doi.org/10.1111/j.1540-6237.2007.00500.x

NSO's time use survey report shows invisiblization of female labour as unpaid caregivers—Time Use Survey. (n.d.). The Economic Times. Retrieved June 21, 2022, from https://economictimes.indiatimes.com/industry/miscellaneous/nsos-time-use-survey-report-shows-invisiblization-of-female-labour-as-unpaid-caregivers/time-use-survey/slideshow/78428894.cms

NSS REPORT: TIME USE IN INDIA- 2019 (JANUARY – DECEMBER 2019). (n.d.). Retrieved June 21, 2022, from https://www.pibgov.in/www.pibgov.in/Pressreleaseshare.aspx?PRID=1660028

Papanek, H. (1979). Family Status Production: The "Work" and "Non-Work" of Women. Signs: Journal of Women in Culture and Society, 4(4), 775–781. https://doi.org/10.1086/493663


*(sreejasngsce@gmail.com)*



# ശ്രീലങ്കയുടെ സാമ്പത്തിക പ്രതിസന്ധി ഒരു വിശകലനം

റിനി റെയ്ച്ചൽ ഏബ്രഹാം

ആഭ്യന്തര യുദ്ധം മൂലം ദീർഘവർഷങ്ങൾ കടുത്ത പ്രതിസന്ധിയിലൂടെ കടന്നുപോയ ഒരു രാജ്യം മികച്ച രീതിയിൽ മുന്നേറിവന്ന ഒരു ചിത്രമാണ് ശ്രീലങ്കയെക്കുറിച്ച് ഏതാനും നാൾ മുമ്പുവരെ മിക്കവരുടെയും മനസ്സിലുണ്ടായിരുന്നത്. ലോകത്തിലെ ഏറ്റവും തിരക്കേറിയ സമുദ്രമാർഗത്തിനു സമീപം സ്ഥിതിചെയ്യുന്ന അതീവ തന്ത്രപ്രാധാന്യമുള്ള ഈ രാജ്യം 1960 കൾ മുതൽ തന്നെ സാമൂഹിക -സാമ്പത്തിക വളർച്ചയിൽ മികവു കാട്ടിയിരുന്നു. സിംഗപ്പൂർ, ദക്ഷിണ കൊറിയ തുടങ്ങിയ രാജ്യങ്ങളുടെ വളർച്ചാനിരക്കുമായിപ്പോലും ഒരു ഘട്ടത്തിൽ താരതമ്യപ്പെടുത്താൻ പറ്റുമായിരുന്ന ഒരു രാജ്യം. എന്നാൽ കഴിഞ്ഞമാസം അതേ രാജ്യത്തിന്റെ പ്രസിഡന്റ് അന്താരാഷ്ട്ര നാണ്യനിധിയിൽ ((IMF) നിന്നും വായ്പയെടുക്കാനുള്ള ചർച്ചയ്ക്കിടെ പറഞ്ഞത് ശ്രീലങ്ക ഇപ്പോൾ സാമ്പത്തികമായി പാപ്പരായിരിക്കുന്നുവെന്നാണ്. ഭരണകർത്താക്കളുടെ അഴിമതിയും, ധൂർത്തും, കാര്യക്ഷമതാരാഹിത്യവും, നയവൈകല്യങ്ങളും എങ്ങനെ നല്ല നിലയിൽ മുന്നോട്ടു പോകാൻ സാധ്യതയുണ്ടായിരുന്ന ഒരു രാജ്യത്തിന്റെ സമ്പദ്ഘടനയെ തകർക്കാം എന്നതിന്റെ പ്രത്യക്ഷ ഉദാഹരണമാണ് നമ്മുടെ അയൽരാജ്യമായ ശ്രീലങ്ക.

## ശ്രീലങ്ക നേരിടുന്ന പ്രതിസന്ധി

മുമ്പൊരിക്കലും അനുഭവപ്പെടാത്ത കടുത്ത സാമ്പത്തിക രാഷ്ട്രീയ പ്രതിസന്ധിയിലൂടെയാണ് ഇന്ന് ശ്രീലങ്ക കടന്നുപോകുന്നത്. അതിരൂക്ഷമായ ധനകമ്മി, ഭീമമായ വ്യാപാരകമ്മി, കുതിച്ചുയരുന്ന വിലക്കയറ്റം, കറൻസിമൂല്യത്തിൽ ഉണ്ടായ കുത്തനെയുള്ള ഇടിവ്, ഏതാണ്ട് കാലിയായ വിദേശനാണ്യശേഖരം, കൂടാതെ മറ്റനേകം പ്രശ്നങ്ങളും സങ്കീർണതകളും നിലനിൽക്കുന്ന ഒരു യാഥാർഥ്യത്തെയാണ് ശ്രീലങ്ക ഇന്ന് അഭിമുഖീകരിക്കുന്നത്. കേവലം 220 ലക്ഷം ജനങ്ങൾ മാത്രമുള്ള ഈ ദ്വീപുരാജ്യത്തിൽ

പൗരന്മാർക്ക് വേണ്ടത്ര ഭക്ഷണമില്ല, തൊഴിൽ ചെയ്ത് ജീവിക്കാൻ വരുമാനമില്ല, ആശുപത്രികളിൽ മരുന്നില്ല, എന്തിനേറെ വിദ്യാർഥികളുടെ ആവശ്യത്തിനു പേപ്പർ പോലും കിട്ടാനില്ല. ഇന്ധനക്ഷാമവും, ദീർഘമായ പവർകട്ടും നിത്യജീവിതത്തിന്റെ ഭാഗമായിരിക്കുന്നു. അവശ്യസാധനങ്ങളുടെ ദൗർലഭ്യവും, തന്മൂലമുളവായ അനിയന്ത്രിതമായ വിലക്കയറ്റവും ആളുകളെ പരിഭ്രാന്തരാക്കുകയും, ക്രമസമാധാന നിലതന്നെ തകരുകയും രാഷ്ട്രീയ നേതൃത്വത്തിന്റെ രാജി ആവശ്യപ്പെട്ട് ജനം പൊതുസ്ഥലങ്ങൾ കയ്യേറുകയും ചെയ്യുന്ന ദൃശ്യങ്ങളാണ് ഏതാനും നാളുകളായി കണ്ടുവന്നത്. അനേക വർഷങ്ങളായി വളർന്നു വലുതായിക്കൊണ്ടിരുന്ന അടിസ്ഥാന പ്രശ്നങ്ങൾ കോവിഡ് മഹാമാരിയും ഉക്രൈൻ യുദ്ധവും കാരണം കൂടുതൽ രൂക്ഷമായി മാറി. ഏതാനും മാസങ്ങൾക്കുള്ളിൽ ഏകദേശം 5 ലക്ഷം ശ്രീലങ്കക്കാരാണ് കൊടും ദാരിദ്ര്യത്തിലേക്ക് വലിച്ചെറിയപ്പെട്ടത് (The Guardian, 2022). പൊതുജനത്തിന്റെ വ്യാപകമായ പ്രതിഷേധം നേരിടാൻ ഏപ്രിൽ മാസം ഏർപ്പെടുത്തിയ അടിയന്തരാവസ്ഥ ഇപ്പോഴും തുടരുകയാണ്.

പതിറ്റാണ്ടുകളായി രൂപപ്പെട്ടുവന്ന സാമ്പത്തിക പ്രതിസന്ധിയെ ഇക്കഴിഞ്ഞ ഏതാനും വർഷങ്ങൾക്കുള്ളിൽ ഗുരുതരമായ ഒരു സ്ഥിതിവിശേഷത്തിലെത്തിച്ചതിന് കാരണങ്ങൾ പലതുണ്ട്. കൊളംബോയിൽ 2019 ഏപ്രിലിൽ ഈസ്റ്റർ ഞായറാഴ്ച ഉണ്ടായ ബോംബിങ് ടൂറിസം മേഖലയെ തെല്ലൊന്നുമല്ല ഉലച്ചത്. ദേശീയ വരുമാനത്തിന്റെ 13% സംഭാവനചെയ്തിരുന്ന ടൂറിസം മേഖല വിദേശനാണ്യസമ്പാദനത്തിന്റെ മുഖ്യ സ്രോതസ്സുമായിരുന്നു. ഏതാണ്ട് 23 ലക്ഷം വിദേശസഞ്ചാരികളാണ് 2018-ൽ ശ്രീലങ്കയിൽ എത്തിയത്. അത് 2020 ആയപ്പോഴേക്കും കേവലം 1.73 ലക്ഷമായി കുറഞ്ഞു. 2020 ആദ്യപാദത്തിൽ രാജ്യത്ത് വ്യാപകമായ കോവിഡ് മഹാമാരി ടൂറിസം മേഖലയെ പൂർണമായും തകർത്തുകളയുകയും ചെയ്തു. ടൂറിസത്തിൽനിന്നുള്ള വരുമാനം 7.5 ബില്യൺ യു.എസ്സ് ഡോളറിൽനിന്നും 2021 ആയപ്പോൾ 2.8 ബില്യണായി കുറഞ്ഞിരുന്നു (Wion, 2022). മാത്രവുമല്ല, വിദേശശ്രീലങ്കക്കാർ നാട്ടിലേക്ക് അയച്ചുകൊണ്ടിരുന്ന വിദേശ നാണ്യത്തിലും കുത്തനെയുള്ള ഇടിവാണ് രേഖപ്പെടുത്തിയത്.

ഗോട്ടബായാ രാജപക്സെയുടെ നേതൃത്വത്തിൽ ഒരു പുതിയ സർക്കാർ 2019 നവംബറിലാണ് അധികാരമേറ്റത്. തിരഞ്ഞെടുപ്പുകാല വാഗ്ദാനപ്രകാരം നടപ്പിലാക്കിയ വലിയ തോതിലുള്ള നികുതി ഇളവുകൾ രാജ്യത്തിന്റെ നികുതി വരുമാനത്തിൽ 2 ബില്യൺ ഡോളറിന്റെയും, ദേശീയവരുമാനത്തിൽ 2% ത്തിന്റെയും കുറവാണ് വരുത്തിയത്. തന്മൂലം ധനകമ്മി 10% ത്തിലേറെ ആവുകയും ആ സ്ഥിതി 2020 ലും 2021 ലും ആവർത്തിക്കപ്പെടുകയും ചെയ്തു (Ramakumar, 2022).

ശ്രീലങ്കയുടെ ദേശീയ വരുമാനത്തിൽ കാർഷിക മേഖലയുടെ പങ്ക് ഏതാണ്ട് 8% ആയിരുന്നു. 2019 ആയപ്പോഴേക്കും അരിയുടെ ഉൽപ്പാദനത്തിൽ ഏകദേശം സ്വയംപര്യാപ്തമായ നിലയിലും എത്തിയിരുന്നു. ഇറക്കുമതിചെയ്തിരുന്ന രാസവളങ്ങൾ സബ്സിഡി നിരക്കിൽ നൽകാമെന്നുൾപ്പെടെ കർഷകർക്ക് പല ആനുകൂല്യങ്ങളും ഇലക്ഷൻക്കാലത്ത് വാഗ്ദാനം ചെയ്തിരുന്നു. എന്നാൽ 2019 ൽ, അധികാരത്തിൽവന്നശേഷം വിദേശനാണ്യം ലാഭിക്കാനായി എല്ലാത്തരം രാസവളങ്ങളുടെയും ഇറക്കുമതി പൂർണമായി നിർത്തൽ ചെയ്യുകയാണുണ്ടായത്. ഓർഗാനിക്ക് കൃഷിയിലേക്ക് മുഴുവനായി മാറുന്നതിന്റെ ഭാഗമായിട്ടുള്ള നടപടിയെന്ന വ്യാജേനയായിരുന്നു ഈ നീക്കം. എന്നാൽ കാർഷിക വരുമാനം കുത്തനെ കുറയുമെന്നും, രാജ്യത്തിന്റെ ഭക്ഷ്യസുരക്ഷയെത്തന്നെ ഈ നടപടി അപകടപ്പെടുത്തുമെന്നും വിദഗ്ധർ മുന്നറിയിപ്പ് നൽകിയിരുന്നു. പ്രത്യാഘാതങ്ങൾ വളരെ പെട്ടെന്നും അതിശക്തവുമായിരുന്നു. ദ്വീപു ജനതയുടെ മുഖ്യഭക്ഷ്യധാന്യമായ അരിയുടെ ഉൽപ്പാദനം നേർപകുതിയായി കുറയുകയും 2021 മധ്യത്തോടെ അരി ഇറക്കുമതിചെയ്യാൻ നിർബ്ബന്ധിതമാവുകയും ചെയ്തു (Wion, 2022). ശക്തമായ കർഷകപ്രക്ഷോഭത്തെ തുടർന്ന് കാർഷിക മേഖലയിലെ ഉൽപ്പാദനക്കുറവിന് 40 ബില്യൺ ശ്രീലങ്കൻ രൂപ സർക്കാർ നഷ്ടപരിഹാരം നൽകേണ്ടതായും വന്നു. ഏറെ രസകരം, മൊത്തം രാസവളം ഇറക്കുമതിക്ക് വേണ്ടിവരുമായിരുന്നത് 36 ബില്യൺ രൂപ മാത്രമായിരുന്നു എന്നതാണ്. ഓർഗാനിക് ഫാമിങ് നയം 2021 അവസാനത്തോടെ പിൻവലിക്കേണ്ടിവന്നുവെങ്കിലും, പാളിപ്പോയ പ്രസ്തുത നയത്തിന്റെ അനന്തരഫലങ്ങൾ ഇപ്പോഴും കാർഷിക മേഖലയിൽ പ്രകടമാണ് (Ramakumar, 2022).

അനേക വർഷങ്ങളായി ഭരണകർത്താക്കൾ അനുവർത്തിച്ചുവന്ന തെറ്റായ നയങ്ങളാണ് രാജ്യത്തിന്റെ സമ്പദ്ഘടനയെ ഇന്നത്തെ അവസ്ഥയിൽ എത്തിച്ചതെന്നാണ് മിക്ക സാമ്പത്തിക വിദഗ്ധരും കരുതുന്നത്. വ്യാപാരകമ്മിയും ബഡ്ജറ്റ് കമ്മിയും സമ്പദ്ഘടനയുടെ പതിവ് ഘടകങ്ങളായി കുറച്ചുകാലമായി തുടരുകയായിരുന്നു. അനിയന്ത്രിതമായി വാങ്ങിക്കൂട്ടിയ വിദേശകടവും, മോഹപദ്ധതികൾക്കായി ഉപയോഗിച്ച ഭാരിച്ച വിദേശവായ്പകളും ശ്രീലങ്കയെ ഒരു കടക്കെണിയിൽ കൊണ്ടെത്തിച്ചിരിക്കുകയാണ്. ഈ തകർച്ചയിൽനിന്നുള്ള മോചനം സാധ്യമോ എന്ന് ചിന്തിക്കുന്നതിനു മുമ്പ്, ഈ ദുരവസ്ഥയ്ക്ക് വഴിവെച്ച വിവിധ കാരണങ്ങളെ ആഴത്തിൽ വിശകലനം ചെയ്യേണ്ടതുണ്ട്.

## അൽപ്പം ചരിത്രം

ബ്രിട്ടീഷുകാർ ശ്രീലങ്കയെ (അന്നത്തെ സിലോൺ) കാർഷിക വിളകൾ ഉൽപ്പാദിപ്പിച്ച് കയറ്റുമതി ചെയ്യുന്ന ഒരു കോളനിയായിട്ടാണ് നിലനിർത്തിയത്. അവർ രാജ്യത്തിന്റെ മലമ്പ്രദേശങ്ങളിൽ നിരവധി തേയില, കാപ്പിത്തോട്ടങ്ങൾ തുടങ്ങിയിരുന്നു. 1948-ൽ ശ്രീലങ്ക സ്വാതന്ത്ര്യം

ഇന്ധനക്ഷാമവും, ദീർഘമായ പവർകട്ടും നിത്യജീവിതത്തിന്റെ ഭാഗമായിരിക്കുന്നു. അവശ്യസാധനങ്ങളുടെ ദൗർലഭ്യവും, തന്മൂലമുളവായ അനിയന്ത്രിതമായ വിലക്കയറ്റവും ആളുകളെ പരിഭ്രാന്തരാക്കുകയും, ക്രമസമാധാന നിലതന്നെ തകരുകയും രാഷ്ട്രീയ നേതൃത്വത്തിന്റെ രാജി ആവശ്യപ്പെട്ട് ജനം പൊതുസ്ഥലങ്ങൾ കയ്യേറുകയും ചെയ്യുന്ന ദൃശ്യങ്ങളാണ് ഏതാനും നാളുകളായി കണ്ടുവന്നത്.

പ്രാപിക്കുമ്പോൾ ഈ തോട്ടവിളകളുടെ കയറ്റുമതി വരുമാനം ദേശീയവരുമാനത്തിന്റെ മൂന്നിലൊന്നായിരുന്നു. എന്നാൽ, സ്വാതന്ത്ര്യത്തിനുശേഷവും മറ്റു കൃഷികളിലേക്കും കാർഷികമേഖല വിപുലീകരിക്കാൻ പിന്നീടുവന്ന സർക്കാരുകൾക്കൊന്നും കഴിഞ്ഞില്ല. പ്ലാന്റേഷൻ മേഖലയുടെ മേൽ വിദേശകമ്പനികൾക്കുണ്ടായിരുന്ന ആധിപത്യം തുടർന്നുപോരുകയാണുണ്ടായത്. ഇത് രാജ്യത്തിന് ഒട്ടും തന്നെ പ്രയോജനകരമല്ലായിരുന്നുതാനും. കാർഷിക മേഖലയിൽ വൈവിധ്യവൽക്കരണം നടത്താത്തതിനാൽ ആഭ്യന്തര ഉപയോഗത്തിന് ആവശ്യമായ ഭക്ഷ്യവിളകൾപോലും ഉൽപ്പാദിപ്പിക്കാൻ സാധിച്ചിരുന്നില്ല. ഭക്ഷ്യധാന്യങ്ങൾ, പഞ്ചസാര, പയറുവർഗങ്ങൾ തുടങ്ങി പാൽ വരെ ഇറക്കുമതി ചെയ്യേണ്ടതായ സ്ഥിതിയായിരുന്നു. വ്യവസായ വികസനത്തിനുവേണ്ടതായ അടിത്തറ പാകാൻ കഴിയാതെ പോയതിനാൽ മിക്ക കാർഷികേതര ഉൽപ്പന്നങ്ങൾക്കായും ഇറക്കുമതിയെ ആശ്രയിക്കേണ്ടതായിവന്നു.

കൊറിയൻ യുദ്ധകാലത്ത് പ്രാഥമിക ഉൽപ്പന്നങ്ങളുടെ വിലയിൽ ആഗോളവിപണിയിൽ ഉണ്ടായ വർധനവുകാരണം 1950 കളുടെ അവസാനത്തോടെ ശ്രീലങ്കയ്ക്ക് വ്യാപാരമിച്ചം ഉണ്ടാക്കാൻ സാധിച്ചിരുന്നു. ഇങ്ങനെ അധികമായുണ്ടായ കയറ്റുമതി വരുമാനം പൊതുജനാരോഗ്യം, സൗജന്യ പൊതുവിദ്യാഭ്യാസം, സബ്സിഡി നിരക്കിൽ ഭക്ഷ്യവസ്തുക്കളുടെ റേഷനിങ് തുടങ്ങിയവയ്ക്കായി നല്ല രീതിയിലാണ് വിനിയോഗിക്കപ്പെട്ടത്. താരതമ്യേന താണ പ്രതിശീർഷവരുമാനം നിലനിൽക്കെത്തന്നെ സാമൂഹികമേഖലയിൽ ശ്രീലങ്കയ്ക്ക് ഇപ്രകാരം മികവുനേടിയെടുക്കാൻ കഴിഞ്ഞത് ലോകശ്രദ്ധ നേടിയെടുക്കാൻ സഹായിച്ചു. എന്നാൽ, കൊറിയൻ യുദ്ധം അവസാനിച്ചതോടെ കാര്യങ്ങൾ മാറിമറിഞ്ഞു. താമസിയാതെ ലോകവിപണിയിൽ പ്രാഥമിക ഉൽപ്പന്നങ്ങളുടെ വിലകൾ ഇടിയുകയും കയറ്റുമതിയിൽനിന്നുള്ള വരുമാനം ഗണ്യമായി കുറയുകയും ചെയ്തു. അതേ സമയം ഇറക്കുമതികൾ വർധിച്ചുകൊണ്ടേയിരുന്നു. 1965 ഓടുകൂടെ ശ്രീലങ്കയുടെ വ്യാപാരകമ്മി ക്രമാതീതമായി ഉയരുകയും, അന്നത്തെ സാമ്പത്തിക പ്രതിസന്ധി തരണംചെയ്യാൻ അന്താരാഷ്ട്ര നാണ്യനിധിയെ (IMF) സമീപിക്കേണ്ടതായും വന്നു. IMFന്റെ നിബന്ധനകൾ അനുസരിച്ച് നടപ്പാക്കേണ്ടിവന്ന രൂപയുടെ മൂല്യം കുറയ്ക്കലും, ഇറക്കുമതിയുടെ ഉദാരവൽക്കരണവും രാജ്യത്തിന്റെ ഉത്തമതാൽപ്പര്യങ്ങൾ ഹനിക്കുന്നവയായിരുന്നു. അതുകൊണ്ടുതന്നെ 1970 കളിൽ പ്രധാനമന്ത്രി സിരിമാവോ ബണ്ഡാരനായികെ ഈ പല പരിഷ്കരണങ്ങളും തിരുത്തുകയുണ്ടായി. വ്യവസായങ്ങൾ ദേശസാൽക്കരിക്കാനും, ഭൂപരിഷ്കരണം നടപ്പാക്കാനും, ആരോഗ്യ-വിദ്യാഭ്യാസ മേഖലകളെ ശാക്തീകരിക്കാനുമാണ് അവർ ശ്രദ്ധ ചെലുത്തിയത്. ഈ നടപടികൾ IMF ന്റെയും ലോകബാങ്കിന്റെയും അപ്രീതിക്ക് കരണമായെന്ന് പറയേണ്ടതില്ലല്ലോ.



*ഗോട്ടോബയാ രാജപക്സെ*

തുടർന്ന് 1977 ൽ അധികാരത്തിൽവന്ന ജെ. ആർ. ജയവർധനെയുടെ സർക്കാർ 1977-84 കാലയളവിനുള്ളിൽ വായ്പകൾക്കായി മൂന്നുതവണ IMF നെ സമീപിക്കുകയുണ്ടായി. ശ്രീലങ്കൻരൂപയുടെ മൂല്യം വെട്ടിക്കുറയ്ക്കുന്നതിനോടൊപ്പം കർശനമായ സാമ്പത്തിക നിയന്ത്രണങ്ങളും, വേതന നിയന്ത്രണവും, വിദേശ സഹായം പ്രോത്സാഹിപ്പിക്കുന്ന നയങ്ങളും ഉൾപ്പെടുന്ന കർശന ഉപാധികളാണ് ശ്രീലങ്കയുടെ മേൽ അടിച്ചേൽപ്പിച്ചത്. അതീവഗുരുതരങ്ങളായ പ്രത്യാഘാതങ്ങളാണ് ഈ നടപടികൾ ശ്രീലങ്കയുടെ സമ്പദ്ഘടനയിലും സമൂഹത്തിലും ഉളവാക്കിയത് (Ananthavinayagan, 2022). സാമൂഹിക മേഖലയിൽ സർക്കാർ നിക്ഷേപങ്ങൾ കുറയുവാനും, സാമ്പത്തിക അസമത്വവും നാണ്യപ്പെരുപ്പവും വർധിക്കുവാനും, പോഷകാഹാരക്കുറവും ഭക്ഷ്യദൗർലഭ്യവും വ്യാപകമാകുവാനും ഇടയായി. ഇതോടൊപ്പം സിംഹള ഭൂരിപക്ഷത്തിനും തമിഴ് വംശജർക്കും ഇടയിൽ നീറിനിന്നിരുന്ന പ്രശ്നങ്ങളും സംഘർഷങ്ങളും മൂർച്ഛിക്കുകയും 1983 ലെ ആഭ്യന്തരയുദ്ധത്തിലേക്ക് വഴിതെളിക്കുകയും ചെയ്തു. എതിർശബ്ദങ്ങളെയൊക്കെ ജയവർധനെ സർക്കാർ അതിശക്തമായി അടിച്ചമർത്താനാണ് ശ്രമിച്ചത്. താമസിയാതെ ശ്രീലങ്കയുടെ പാർലമെന്ററി വ്യവസ്ഥിതി പ്രസിഡെൻഷ്യൽ സമ്പ്രദായമായി മാറ്റുകയും ചെയ്തു.

വർഷങ്ങൾ നീണ്ടുനിന്ന ആഭ്യന്തരയുദ്ധം 2009-ൽ അവസാനിച്ചശേഷം അന്നത്തെ പ്രസിഡന്റ് മഹീന്ദ രാജപക്സെയുടെ സർക്കാർ യുദ്ധത്തിൽ തകർന്നടിഞ്ഞ ശ്രീലങ്കൻ സമ്പദ്ഘടനയെ പുനർജ്ജീവിപ്പിക്കുവാൻ വീണ്ടും IMF ൽനിന്നും വായ്പയെടുക്കുകയുണ്ടായി. IMF ന്റെ പുതിയ നിബന്ധനകൾ നടപ്പാക്കിയെങ്കിലും, സമ്പദ്ഘടനയ്ക്ക് ഉണർവേകാൻ അവ പര്യാപ്തമായിരുന്നില്ല. രാജ്യത്തിന്റെ ധനകമ്മിയിലുള്ള വർധനവു തുടരുകയും വിദേശനാണ്യശേഖരം നന്നേ ശോഷിക്കുകയും ചെയ്തു. 2016-ൽ പിന്നേയും സഹായത്തിനായി IMFനെ സമീപിക്കുമ്പോൾ 1965

കൊറിയൻ യുദ്ധകാലത്ത് പ്രാഥമിക ഉൽപ്പന്നങ്ങളുടെ വിലയിൽ ആഗോളവിപണിയിൽ ഉണ്ടായ വർധനവുകാരണം 1950 കളുടെ അവസാനത്തോടെ ശ്രീലങ്കയ്ക്ക് വ്യാപാരമിച്ചം ഉണ്ടാക്കാൻ സാധിച്ചിരുന്നു. ഇങ്ങനെ അധികമായുണ്ടായ കയറ്റുമതി വരുമാനം പൊതുജനാരോഗ്യം, സൗജന്യ പൊതുവിദ്യാഭ്യാസം, സബ്സിഡി നിരക്കിൽ ഭക്ഷ്യവസ്തുക്കളുടെ റേഷനിങ് തുടങ്ങിയവയ്ക്കായി നല്ല രീതിയിലാണ് വിനിയോഗിക്കപ്പെട്ടത്.




നുശേഷം 16-ാമത്തെ വായ്പയ്ക്കായുള്ള അഭ്യർഥനയായിരുന്നു അത് (Ramakumar, 2022).

## വർധിച്ചുകൊണ്ടിരുന്ന വിദേശകടങ്ങളും ചൈനാ ബന്ധവും

ശ്രീലങ്കയുടെ നാളിതുവരെയുള്ള സാമൂഹിക - സാമ്പത്തിക വളർച്ചയിൽ വിദേശ സഹായങ്ങൾ വലിയ പങ്കാണ് വഹിച്ചിട്ടുള്ളത്. സ്വാതന്ത്ര്യ ലബ്ധിക്കുശേഷം അടിസ്ഥാന സൗകര്യവികസനത്തിൽ മാത്രമല്ല, സാമൂഹിക മേഖലയുടെയും, കൃഷി -വ്യവസായ മേഖലകളുടെയും വളർച്ചയ്ക്ക് വിദേശ ധനസഹായത്തെ വലിയ തോതിൽ ആശ്രയിച്ചിരുന്നു. മൊത്തം വിദേശ ധനസഹായത്തിൽ ഭൂരിഭാഗവും ലഭിച്ചത് ജപ്പാനിൽനിന്നും, ഏഷ്യൻ ഡെവലപ്മെന്റ് ബാങ്കിൽനിന്നും ലോകബാങ്കിൽനിന്നുമായിരുന്നു. ചുരുങ്ങിയ പലിശയ്ക്ക്, ദീർഘകാല തിരിച്ചടവിന് സാധ്യമായ വായ്പകളായിരുന്നു ഇവ. ഉദാഹരണമായി ലോകബാങ്കിൽനിന്ന് എടുത്ത ലോണുകളിൽ മിക്കതും തുച്ഛമായ 0.75% പലിശ നിരക്കിൽ 40 വർഷത്തെ തിരിച്ചടവിനുള്ള സാവകാശമുള്ളവയായിരുന്നു. എന്നാൽ 1999-ൽ ശ്രീലങ്ക ഒരു ലോവർ മിഡിൽ ഇൻകം രാജ്യമായി മാറിയതോടെ കുറഞ്ഞ പലിശയ്ക്കുള്ള ലോണുകളുടെ ലഭ്യത കുറയുവാനും, കൂടുതൽനിബന്ധനകൾ പാലിക്കപ്പെടാനും നിർബന്ധിതമായി. 2008 ലെ ആഗോള സാമ്പത്തിക മാന്ദ്യത്തെ തുടർന്ന് പരമ്പരാഗതമായി വായ്പകൾ നൽകിവന്നിരുന്ന രാജ്യങ്ങളിൽനിന്നുള്ള സഹായവും ഗണ്യമായി കുറയുകയുണ്ടായി. നീണ്ടുനിന്ന ആഭ്യന്തര യുദ്ധത്തിനിടയിൽ സംഭവിച്ചതായി ആരോപിക്കപ്പെടുന്ന മനുഷ്യാവകാശ ലംഘനങ്ങൾ കാരണം പല രാജ്യങ്ങളും ധനസഹായം തുടരാൻ വിമുഖത കാണിച്ചിരുന്നു. ഇക്കാരണങ്ങളാൽ വലിയ ഉപാധികൾ ഒന്നും അടിച്ചേൽപ്പിക്കാതെ വായ്പാ സൗകര്യം നൽകാൻ തയാറായ ചൈനയെ കൂടുതലായി ആശ്രയിക്കാൻ ശ്രീലങ്ക തയാറായി. നിലവിലുള്ള കടബാദ്ധ്യതകളിൽനിന്ന് രക്ഷപ്പെടാനും, പ്രധാനവികസന പ്രവർത്തനങ്ങൾക്ക് പണം കണ്ടെത്താനും വിപണി നിരക്കിൽ ഉയർന്ന പലിശയ്ക്ക് പണം കണ്ടെത്താനുള്ള ശ്രമംകൂടിയായിരുന്നു അത്. ഈ നൂറ്റാണ്ടിന്റെ ആരംഭത്തിൽ കൊമേർഷ്യൽ വായ്പകൾ മൊത്തം വായ്പകളുടെ 2.5% മാത്രം ആയിരുന്നത് 2019 ആയപ്പോഴേക്കും 56% ആയി ഉയർന്നിരുന്നു (Swami, 2022). എന്നാൽ, വരുമാനം ലഭിക്കാൻ കാലതാമസമുള്ള പദ്ധതികൾക്കായി മാർക്കറ്റ് നിരക്കിൽ വിദേശവായ്പയെടുത്തു മുമ്പോട്ടു പോകാൻ കഴിയില്ലെന്ന സത്യം വൈകിയാണ് ബോധ്യപ്പെട്ടത്. സമ്പദ്ഘടനയെ നിലനിർത്താൻ വീണ്ടും വീണ്ടും വിദേശസഹായത്തെ തന്നെ ആശ്രയിക്കേണ്ടതായി വന്നുവെന്നതാണ് ശ്രീലങ്കയുടെ ദുര്യോഗം.

ശ്രീലങ്ക ചൈനയുമായി കൂടുതൽ അടുക്കാൻ തുടങ്ങിയത് 2005 നുശേഷമാണ്. LTTE യുമായുള്ള ആഭ്യന്തരയുദ്ധകാലത്ത് ചൈന പണവും ആയുധങ്ങളും നൽകി സഹായിച്ചിരുന്നു. ക്രമേണ സാമ്പത്തിക സഹായങ്ങളോടൊപ്പം വിദേശനിക്ഷേപങ്ങളും ഏറ്റവും കൂടുതൽ നൽകുന്ന രാജ്യമായി ചൈന മാറി. ആഭ്യന്തര യുദ്ധാനന്തരം നിർമിച്ച മെഗാ അടിസ്ഥാന സൗകര്യ വികസന പദ്ധതികളും ചൈനയുടെ സഹായത്തോടെയായിരുന്നു. ഇത്തരം പദ്ധതികൾ ശ്രീലങ്കയെ ഒരു മികച്ച വ്യാപാര ഹബ്ബായി മാറ്റുമെന്ന് കൊട്ടിഘോഷിക്കപ്പെട്ടെങ്കിലും, അവയിൽ പലതും വെള്ളാനകളായിരുന്നുവെന്ന് അധികം താമസിയാതെ മനസ്സിലായി (Chandrasekhar, 2022).

## യഥാർഥ താൽപ്പര്യങ്ങൾ

തുടക്കം മുതൽ വിദേശസഹായത്തെ ഏറെ ആശ്രയിച്ചിരുന്ന രാജ്യമായിരുന്നവല്ലോ, ശ്രീലങ്ക; എന്നാൽ 2005 നു ശേഷമാണ് ചൈനയുടെ പങ്ക് ശ്രദ്ധേയമായി മാറിയത്. ആഭ്യന്തരയുദ്ധത്തിന്റെ അവസാന കാലത്തും തുടർന്നും മഹീന്ദ രാജപക്സെ സർക്കാരിന് പണവും യുദ്ധസാമഗ്രികളും നൽകി ചൈന സഹായിച്ചിരുന്നു. യുദ്ധകാലത്തുണ്ടായെന്നു ആരോപിക്കപ്പെടുന്ന മനുഷ്യാവകാശ ലംഘനങ്ങളുടെ പേരിൽ മിക്ക രാജ്യങ്ങളും അന്താരാഷ്ട്ര സംഘടനകളും ശ്രീലങ്കയ്ക്ക് നൽകിപോന്നിരുന്ന സഹായങ്ങൾ നിർത്തിവച്ചിരുന്ന ഒരു കാലഘട്ടം കൂടിയായിരുന്നു അത്. ഈ സമയത്താണ് ചൈന ശ്രീലങ്കയുമായുള്ള ബന്ധം ശക്തിപ്പെടുത്തിയത്. മനുഷ്യാവകാശ ലംഘനമോ, മറ്റ് ആഭ്യന്തര പ്രശ്ന

ശ്രീലങ്കയുടെ നാളിതുവരെയുള്ള സാമൂഹിക - സാമ്പത്തിക വളർച്ചയിൽ വിദേശ സഹായങ്ങൾ വലിയ പങ്കാണ് വഹിച്ചിട്ടുള്ളത്. സ്വാതന്ത്ര്യ ലബ്ധിക്കുശേഷം അടിസ്ഥാന സൗകര്യ വികസനത്തിൽ മാത്രമല്ല, സാമൂഹിക മേഖലയുടെയും, കൃഷി -വ്യവസായ മേഖലകളുടെയും വളർച്ചയ്ക്ക് വിദേശ ധനസഹായത്തെ വലിയ തോതിൽ ആശ്രയിച്ചിരുന്നു.

ങ്ങളോ ചൈനയ്ക്കു പ്രശ്നമേ ആയിരുന്നില്ല. തെക്കൻ ഏഷ്യൻ മേഖലയിൽ ആധിപത്യം സ്ഥാപിക്കാനുള്ള ചൈനയുടെ തീവ്രശ്രമത്തിന്റെ ഭാഗംകൂടിയായിരുന്നു ഈ നീക്കം. തിരക്കേറിയ അന്താരാഷ്ട്ര സമുദ്രമാർഗത്തിന്റെ സാമീപ്യവും, ഇന്ത്യയുടെ അയൽരാജ്യം എന്ന ഭൂമിശാസ്ത്രപരമായ തന്ത്രപ്രാധാന്യവുമാണ് ശ്രീലങ്കയോടുള്ള ബന്ധം ദൃഢതരമാക്കാൻ ചൈനയെ ഏറെ പ്രേരിപ്പിച്ചത്. പരമ്പരാഗത വിദേശ സഹായ ദാതാക്കളെപ്പോലെ കർശനമായ ഉപാധികളോ, സുതാര്യതയോ ഒന്നും നിഷ്കർഷിക്കാതെ തന്നെ അനായാസമായി പണം ലഭിക്കുമെന്നത് അഴിമതിയിൽ മുങ്ങിനിന്ന ശ്രീലങ്കൻ സർക്കാരിനെ ചൈനയോട് കൂടുതൽ അടുപ്പിക്കുകയും ചെയ്തു. 2015 ആയപ്പോഴേക്കും ശ്രീലങ്കയ്ക്കു ഏറ്റവും കൂടുതൽ ധനസഹായം നൽകുന്ന രാജ്യമായി ചൈന മാറിയിരുന്നു.

ചൈനയുടെ നിക്ഷേപം പ്രധാനമായും ബൃഹത്തായ അടിസ്ഥാന പദ്ധതികളിലായിരുന്നു. ഇവയിൽ മിക്കതും തദ്ദേശീയരായ ശ്രീലങ്കക്കാർക്ക് നേരിട്ട് പ്രയോജനമൊന്നും നൽകുന്നതുമായിരുന്നില്ല. മിക്ക പദ്ധതികളിലും കോൺട്രാക്ടർമാരും, തൊഴിലാളികളും, സാങ്കേതിക വിദഗ്ധരും, നിർമാണ സാമഗ്രികളുമെല്ലാം ഏതാണ്ട പൂർണമായും ചൈനയുടേതായിരുന്നു. തദ്ദേശീയർക്ക് തൊഴിൽ അവസരങ്ങളോ, അവരുടെ മാനുഷികശേഷി വികസിപ്പിക്കുന്നതിനുള്ള സാധ്യതകളോ തുലോം വിരളമായിരുന്നു താനും. ആഭ്യന്തരയുദ്ധത്തിനുശേഷം അതിവേഗം ശ്രീലങ്ക പുരോഗതിയിലേക്ക് കുതിക്കുകയാണെന്ന് ലോകത്തെ ബോധിപ്പിച്ചു നിക്ഷേപങ്ങൾ ആകർഷിക്കാനും സർക്കാരിനുള്ള ജനപിന്തുണ ആർജിക്കാനുമുള്ള ശ്രമമെന്ന നിലയിലാണ് അതിരുവിട്ട് ചൈനീസ് സഹായങ്ങൾ സ്വീകരിച്ചതെന്നും വ്യാഖ്യാനിക്കുന്നവരുണ്ട് (Shivamurthy, 2022).

അതേസമയം രാജ്യത്തിന്റെ സുസ്ഥിരമായ ദീർഘകാല വികസനമോ ജനക്ഷേമമോ ആയിരുന്നില്ല ശ്രീലങ്കൻ സർക്കാരിന്റെ ലക്ഷ്യമെന്ന് കരുതുന്നവരാണ് ഏറെയും. സർക്കാരിന്റെ യാഥാർഥ്യബോധമില്ലാത്ത അതിമോഹ വികസന താൽപ്പര്യങ്ങളും അഴിമതിയും തെറ്റായ നയങ്ങളും തങ്ങളുടെ നേട്ടത്തിനായി ചൈന നന്നായി ഉപയോഗിക്കുകയും ചെയ്തു. രാജപക്സെ കുടുംബം ചില ചൈനീസ് കമ്പനികൾക്ക് ഒന്നിലേറെ വൻ പദ്ധതികൾക്കായി കാര്യമായ ആലോചന ഒന്നും ഇല്ലാതെ വഴിവിട്ട സഹായങ്ങളാണ് നൽകിയത്. വളരെ ഉയർന്ന പലിശനിരക്കിൽ ചൈനയിൽനിന്നും വായ്പകൾ സംഘടിപ്പിച്ചതിന് പുറമേ, നേരത്തെ തന്നെ ഇന്ത്യ, ജപ്പാൻ തുടങ്ങിയ രാജ്യങ്ങളുമായി ധാരണയിലെത്തിയിരുന്ന പല നിക്ഷേപപദ്ധതികൾ നിർത്തിവയ്ക്കുകയും ചെയ്തു. ഇന്ത്യയും ജപ്പാനുമായി സഹകരിച്ച് കൊളംബോയിൽ തുടങ്ങാനിരുന്ന ഈസ്റ്റ് കണ്ടെയിനർ ടേർമിനൽ ഉപേക്ഷിച്ചത് ഒരു നല്ല ഉദാഹരണമാണ്.

## പഴി ചൈനയ്ക്കു മാത്രമോ?


ചൈനയിൽനിന്നുള്ള വായ്പാസഹായം ശ്രീലങ്കയുടെ മൊത്തം വിദേശവായ്പയുടെ 10% മാത്രമേ വരികയുള്ളൂ എന്നും ഇക്കാരണത്താൽ രാജ്യത്തിന്റെ സാമ്പത്തിക തകർച്ചയ്ക്ക് ഉത്തരവാദിയായി ചൈനയെ മാത്രം പഴിക്കുന്നത് തെറ്റാണെന്ന് വാദിക്കുന്നവർ പലരുണ്ട്. അത് ഒരുപരിധിവരെ ശരിയാണുതാനും. ശ്രീലങ്കയുടെ സാമ്പത്തിക പ്രതിസന്ധി ദശാബ്ദങ്ങളായി ഒരു തുടർക്കഥയായി നിലനിന്നുപോന്നുവെങ്കിലും, ആഭ്യന്തര രാഷ്ട്രീയ പ്രശ്നങ്ങളും, ധൂർത്തും, സ്വജനപക്ഷപാതവും, നയവൈകല്യങ്ങളും വലിയൊരളവിൽ ഇന്നത്തെ പ്രതിസന്ധിയിലേക്ക് രാജ്യത്തെ നയിക്കുകയാണുണ്ടായത്. എന്നാൽ, ഈ ഗുരുതരാവസ്ഥയിലേക്ക് ദ്വീപുരാജ്യത്തെ തള്ളിവിടുന്നതിൽ ചൈനയ്ക്കുള്ള പങ്ക് ഒട്ടും ചെറുതല്ല. തിരിച്ചടയ്ക്കാനാവില്ല എന്ന ബോധ്യമായിട്ടും പദ്ധതിപ്രദേശങ്ങളുടെ ഈടിന്മേൽ തുടർച്ചയായി ഉയർന്ന നിരക്കിൽ ഹ്രസ്വകാല വായ്പകൾ നൽകികൊണ്ടിരുന്നത് ചൈനയുടെ യഥാർഥ ഉദ്ദേശലക്ഷ്യങ്ങളിലേക്കാണ് വിരൽ ചൂണ്ടുന്നത്. ചൈനയുടെ ബെൽറ്റ് ആൻഡ് റോഡ് (ബി.ആർ.ഐ) പദ്ധതിയുടെ ഭാഗമായി വൻവായ്പകൾ വാങ്ങിക്കൂട്ടിയ പാകിസ്ഥാൻ, മ്യാൻമാർ തുടങ്ങിയ രാജ്യങ്ങൾക്കുണ്ടായ ഭീമമായ കടഭാരവും സാമ്പത്തികതകർച്ചയും ഇതു ശരിവയ്ക്കുന്നു.

## ഇന്ത്യയുടെ സഹായത്തിന് എന്താണ് വ്യത്യസ്തത?

ചൈനയുടെയും ഇന്ത്യയുടെയും വായ്പകൾക്കും മറ്റു സഹായങ്ങൾക്കും തമ്മിൽ ഗണ്യമായ വ്യത്യാസമാണുള്ളത്. ചൈനയുടെ മിക്ക വായ്പാസഹായങ്ങളും നിക്ഷേപങ്ങളും വമ്പൻ അടിസ്ഥാന സൗകര്യവികസന പദ്ധതികൾക്കായിരുന്നു. പലതും ശ്രീലങ്കയുടെ ഉത്തമതാൽപ്പര്യങ്ങൾക്ക് അനുചിതവും. നിർമാണശേഷം വമ്പൻ പരാജയങ്ങളായി മാറിയ മാത്തലയിലെ അന്തർദേശീയ വിമാനത്താവളവും ഹംബൻതോട്ട തുറമുഖവും ഒക്കെ ഇക്കാര്യ

ചൈനയിൽനിന്നുള്ള വായ്പാസഹായം ശ്രീലങ്കയുടെ മൊത്തം വിദേശവായ്പയുടെ 10% മാത്രമേ വരികയുള്ളൂ എന്നും ഇക്കാരണത്താൽ രാജ്യത്തിന്റെ സാമ്പത്തിക തകർച്ചയ്ക്ക് ഉത്തരവാദിയായി ചൈനയെ മാത്രം പഴിക്കുന്നത് തെറ്റാണെന്ന് വാദിക്കുന്നവർ പലരുണ്ട്. അത് ഒരുപരിധിവരെ ശരിയാണുതാനും.

Inflation (consumer prices index) Jan to Jun 2022




Monthly inflation, figures calculated year-on-year




ത്തിൽ നല്ല ദൃഷ്ടാന്തങ്ങളാണ്. എന്നാൽ ഇന്ത്യയുടെ സഹായങ്ങളും നിക്ഷേപങ്ങളും ശ്രീലങ്കയുടെ പ്രത്യേക ആവശ്യപ്രകാരവും, ആ രാജ്യത്തിന്റെ സമഗ്രവികസന ആവശ്യങ്ങൾ മുൻനിർത്തിയുമാണ് നൽകിക്കൊണ്ടിരിക്കുന്നത്. തദ്ദേശീയർക്ക് പദ്ധതികൾ തുടർന്നും നടത്തിക്കൊണ്ടുപോകാൻ പരിശീലനം ലഭിക്കുന്ന തരത്തിലും ഭാരിച്ച സാമ്പത്തിക ബാധ്യതകൾ വരുത്തിവയ്ക്കാത്തവയുമായ പദ്ധതികളാണിവ എല്ലാം തന്നെ. ചൈനയെ പോലെ ബൃഹദ് പദ്ധതികൾക്കായി വമ്പൻ വായ്പാസഹായം നൽകാൻ ഇന്ത്യയ്ക്ക് പരിമിതികളുണ്ട് എന്നതു യാഥാർഥ്യമാണ്. എന്നാൽ ഇന്ത്യയ്ക്ക് ജപ്പാനെപ്പോലെ സമ്പന്നമായ രാജ്യങ്ങളുമായുള്ള സഹകരണത്തോടെ രാജ്യത്തിനും സാധാരണ ജനങ്ങൾക്കും പ്രയോജനകരമായ മികച്ച പദ്ധതികൾ നടത്തിയെടുക്കാനാവും. ആഭ്യന്തര യുദ്ധത്തിനുശേഷം ശ്രീലങ്കയിലെ റെയിൽവേ ശൃംഖല പുനർനിർമിച്ചത് ഇന്ത്യയുടെ സഹായത്തോടെ ആയിരുന്നുവല്ലോ. 2008-നും 2016-നും ഇടയിൽ ഇന്ത്യ നൽകിയ സഹായത്തിന്റെ പകുതിയും റെയിൽവേ പുനർനിർമാണത്തിനും വികസനത്തിനുമായാണ് ഉപയോഗിച്ചത്.

ശ്രീലങ്കയുടെ സാമ്പത്തിക, സാമൂഹിക, സാംസ്കാരിക മേഖലകളുടെയെല്ലാം സമഗ്രമായ വികസനത്തിന് ഉതകുന്ന തരത്തിലുള്ള സഹായങ്ങളാണ് ഇന്ത്യ നൽകിക്കൊണ്ടിരിക്കുന്നത്. പൊതുജനാരോഗ്യം, വിദ്യാഭ്യാസം, തൊഴിൽ പരിശീലനം, ചെറുകിട-ഇടത്തരം സംരംഭങ്ങൾ, ടൂറിസം, വാണിജ്യം തുടങ്ങി വിവിധ മേഖലകൾക്ക് അവ പ്രയോജനപ്പെടുന്നു. ഇന്ത്യയിലെ മികച്ച വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ പഠിക്കാനും പരിശീലനം നേടാനും വിദ്യാർഥികൾക്കും ഉദ്യോഗസ്ഥന്മാർക്കും അനവധി സ്കോളർഷിപ്പുകളും സീറ്റുകളും പതിറ്റാണ്ടുകളായി ഇന്ത്യ നീക്കിവയ്ക്കുന്നുണ്ട്. സുനാമി പോലെയുള്ള അടിയന്തര ഘട്ടങ്ങളിൽ എത്തിക്കുന്ന ദുരിതാശ്വാസ സഹായങ്ങളും എടുത്തു പറയേണ്ടതാണ്. ആഭ്യന്തര യുദ്ധത്തിൽ എല്ലാം നഷ്ടപ്പെട്ട വടക്കു-കിഴക്കൻ മേഖലകളിലുണ്ടായിരുന്ന ഭവനരഹിതരായ കുടുംബങ്ങൾക്കുവേണ്ടി 50,000 വീടുകളാണ് ഇന്ത്യ നിർമിച്ചു നൽകിയത് (MEA, 2021).

തെക്കൻ ഏഷ്യൻ മേഖലയിൽനിലനിൽക്കുന്ന ഇന്ത്യയും ചൈനയും തമ്മിലുള്ള മത്സരം മുതലെടുത്ത് ഇരുരാജ്യങ്ങളിൽനിന്നും പരമാവധി നേട്ടം കൊയ്യാൻ ശ്രീലങ്ക ശ്രമിച്ചിട്ടുണ്ട്. എന്നാൽ അനിയന്ത്രിതമായി ചൈനയിൽനിന്നും കടംവാങ്ങി മോഹപദ്ധതികൾ നടത്തിയെടുക്കാനായുള്ള പരിശ്രമത്തിന്റെ ഭാഗമായി ഉണ്ടായ നയവൈകല്യങ്ങളുടെയും പിടിപ്പുകേടിന്റെയും വൻ അഴിമതിയുടെയും പരിണതഫലമാണ് തീർത്തും കടക്കെണിയിലായ ശ്രീലങ്ക ഇന്ന് അനുഭവിക്കുന്നത്.

തെക്കൻ ഏഷ്യൻ മേഖലയിൽനിലനിൽക്കുന്ന ഇന്ത്യയും ചൈനയും തമ്മിലുള്ള മത്സരം മുതലെടുത്ത് ഇരുരാജ്യങ്ങളിൽനിന്നും പരമാവധി നേട്ടം കൊയ്യാൻ ശ്രീലങ്ക ശ്രമിച്ചിട്ടുണ്ട്. എന്നാൽ അനിയന്ത്രിതമായി ചൈനയിൽനിന്നും കടംവാങ്ങി മോഹപദ്ധതികൾ നടത്തിയെടുക്കാനായുള്ള പരിശ്രമത്തിന്റെ ഭാഗമായി ഉണ്ടായ നയവൈകല്യങ്ങളുടെയും പിടിപ്പുകേടിന്റെയും വൻ അഴിമതിയുടെയും പരിണത ഫലമാണ് തീർത്തും കടക്കെണിയിലായ ശ്രീലങ്ക ഇന്ന് അനുഭവിക്കുന്നത്.

## ഇന്ത്യയെ ബാധിക്കുമോ?

ശ്രീലങ്കയിലെ സംഭവവികാസങ്ങൾ ഇന്ത്യയെ വിവിധരീതികളിൽ ബാധിക്കാൻ ഇടയുള്ളതിനാൽ അത് എത്രയും വേഗം പരിഹരിക്കപ്പെടേണ്ടത് ഇന്ത്യയുടെ കൂടെ ആവശ്യമാണ്. ദ്വീപുരാജ്യത്തിലെ രാഷ്ട്രീയ അനിശ്ചിതത്വം കാരണം ചൈനയുടെ സാന്നിധ്യം ഇന്ത്യയുടെ അയൽപ്പക്കത്ത് വർധിക്കാനുള്ള സാധ്യത ഏറെയാണ്. വായ്പതിരിച്ചടവിൽ വീഴ്ചവരുത്തിയതിനാൽനിക്ഷേപം നടത്തിയ പല പദ്ധതിപ്രദേശങ്ങളും ഇപ്പോൾ ചൈനയുടെ കൈയിലാണ്. കൊളംബോ പോർട്ട് സിറ്റി പദ്ധതിയുമായി ബന്ധപ്പെട്ട 100 ഏക്കറോളം ഭൂമിയാണ് ചൈനയുടെ നിയന്ത്രണത്തിലായത്. ഇതുപോലെ തന്ത്രപ്രാധാന്യമുള്ള കൂടുതൽ പ്രദേശങ്ങൾ വായ്പാപ്രതിസന്ധി മൂർച്ഛിക്കുന്നതിനോടൊപ്പം ചൈനയുടെ കയ്യിൽ എത്തിച്ചേരാനുള്ള സാധ്യത ഇന്ത്യയെ ആശങ്കപ്പെടുത്തുന്നുണ്ട്. കണ്ടയിനർ മുഖേനയുള്ള ഇന്ത്യയുടെ വ്യാപാരത്തിന്റെ 30% കൊളംബോ തുറമുഖത്തുകൂടിയാണെന്ന വസ്തുത പ്രശ്നത്തിന്റെ ഗൗരവം വർധിപ്പിക്കുന്നു. പെട്രോളിയം ശുദ്ധീകരണം, റിയൽ എസ്റ്റേറ്റ് മേഖലകളിലൊക്കെ ഇന്ത്യൻ കമ്പനികൾക്ക് കാര്യമായ നിക്ഷേപമാണുള്ളത്.




മാത്രമല്ല, ഏതാണ്ട് 4 ബില്യൺ യു.എസ്സ് ഡോളറിന്റെ കയറ്റുമതി വ്യാപാരമാണ് ഇന്ത്യയിൽനിന്നും ശ്രീലങ്കയിലേക്കുള്ളത്. ഇക്കാരണത്താൽ തന്നെ ശ്രീലങ്കയിലെ പ്രതിസന്ധി സമീപഭാവിയിൽ പരിഹരിക്കപ്പെട്ടില്ലെങ്കിൽ ഇന്ത്യയ്ക്ക് സാരമായി നഷ്ടപ്പെടാനുണ്ടുതാനും. ശ്രീലങ്കയിൽനിന്നു വരാൻ ഇടയുള്ള അഭയാർഥി പ്രവാഹമാണ് മറ്റൊരു പ്രശ്നം. കുറെ അഭയാർഥികൾ ഇപ്പോൾ തന്നെ എത്തിക്കഴിഞ്ഞു. ആഭ്യന്തരയുദ്ധകാലത്ത് എത്തിയ ഒരു ലക്ഷത്തോളം പേർ തമിഴ്നാട്ടിലെ അഭയാർഥി ക്യാമ്പുകളിൽ ഇപ്പോഴുമുണ്ടുതാനും (Chowdhury, 2022).

രാജപക്സെ കുടുംബാംഗങ്ങളുടെ ഭരണകാലത്ത് അവർ ഇന്ത്യയെ അവഗണിച്ചുകൊണ്ട് ചൈനയുമായുള്ള ബന്ധം ശക്തമാക്കാനാണ് ശ്രമിച്ചത്. എന്നാൽ, സാമ്പത്തിക തകർച്ചയെ തുടർന്ന് സഹായവുമായി ആദ്യം എത്തിയത് ഇന്ത്യയായിരുന്നു. അടിയന്തര സഹായമായി 1.9 ബില്യൺ യു.എസ്സ് ഡോളറും, അതിനു പുറമേ ഇറക്കുമതിക്കായി 1.5 ബില്യൺ ഡോളറും നൽകാൻ ഇന്ത്യ തയാറായി. കൂടാതെ അവശ്യസാധനങ്ങളുടെ ക്ഷാമം മറികടക്കാൻ ഇന്ധനം, ഭക്ഷ്യസാധനങ്ങൾ, രാസവളങ്ങൾ, മരുന്നുകൾ തുടങ്ങിയവയും അടിയന്തര സഹായമായി എത്തിച്ചിരുന്നു (MEA, 2022).

പ്രത്യാഘാതങ്ങൾ മനസ്സിലാക്കാൻ ശ്രമിക്കാതെ വിദേശവായ്പകളെ ഇരുകൈയും നീട്ടി സ്വീകരിച്ചതുൾപ്പെടെയുള്ള ശ്രീലങ്കൻ സർക്കാരുകളുടെ അവിവേകപൂർണമായ നടപടികളോടൊപ്പം ചൈനയുടെ സഹായത്തോടെ രാജ്യത്തിന് കാര്യമായ പ്രയോജനമില്ലാത്ത വമ്പൻ പദ്ധതികൾക്കായി സുതാര്യത ഇല്ലാതെ നടത്തിയ വായ്പാ ഇടപാടുകളാണ് ദ്വീപുരാജ്യത്തെ ഇന്നത്തെ ദുരവസ്ഥയിൽ പ്രധാനമായും എത്തിച്ചത്. ഏതാണ്ട് 51 ബില്യൺ യു.എസ്സ് ഡോളർ വിദേശകട ബാധ്യതയുള്ള ശ്രീലങ്കയ്ക്ക് അനായാസേന ഈ കുരുക്കിൽനിന്ന് പുറത്തുകടക്കാൻ സാധ്യമല്ല. അന്താരാഷ്ട്രനാണ്യനിധിയിൽനിന്നും ധനസഹായം ലഭ്യമാകുന്നതുവരെ മറ്റു രാജ്യങ്ങളിൽനിന്നുള്ള സഹായങ്ങൾ മാത്രമാവും പ്രധാന ആശ്രയം. എന്നാൽ IMF ന്റെ കർശന ഉപാധികൾ സ്വീകരിക്കേണ്ടതായിവരുമെന്നത് ശ്രീലങ്കയിലെ സാധാരണ പൗരന്റെ ജീവിതം കൂടുതൽ ദുസ്സഹമാക്കാനേ ഇടയുള്ളൂ. ശ്രീലങ്കയുടെ സാമ്പത്തിക തകർച്ചയുടെ കഥ വികസ്വരരാജ്യങ്ങളുടെ, പ്രത്യേകിച്ച് ചൈനയുടെ ബി.ആർ.ഐ പദ്ധതിയുമായി ബന്ധപ്പെട്ട് മുന്നോട്ടുപോകാൻ ആഗ്രഹിക്കുന്ന രാജ്യങ്ങളുടെ കണ്ണുതുറപ്പിക്കേണ്ടതാണ്.

## ഗ്രന്ഥസൂചി


1. Ananthavinayagan, T.V. 2022. 'Sri Lanka and the Neocolonialism of the IMF', The Diplomat, https://thediplomat.com/2022/03/sri-lanka-and-the-neocolonialism-of-the-imf/
2. Annual Report 2020-21. Ministry of External Affairs, Government of India.
3. Chandrasekhar, C.P. 2022. 'Troubled Legacy', Frontline, April 22, pp. 18–20.
4. Chowdhury, Akash. 2022. 'The Sri Lanka economic crisis: India's response', ORF, https://www.orfonline.org/expert-speak/the-sri-lanka-economic-crisis-indias-response/
5. 'Explained: Sri Lankan Economic Crisis'. 2022. Gravitas Plus, WION, https://www.youtube.com/watch?v=yJSsq2fW5ZE
6. Ministry of External Affairs. 2022. https://www.mea.gov.in/response-to-queries.htm?dtl/35292/Official_Spokespersons_response_to_media_queries_on_developments_in_Sri_Lanka.
7. Ramakumar, R. 2022. 'Roots of Crisis', Frontline, April 22, pp. 12–7.
8. Shivamurthy, A.G. 2022. 'The Sri Lankan Crisis: The Curious Case of China's Complicity', ORF, https://www.orfonline.org/expert-speak/the-curious-case-of-chinas-complicity/
9. Swami, Praveen. 2022. 'Instead of trying to beat China in Sri Lanka New Delhi needs to change the game', The Print, https://theprint.in/opinion/security-code/instead-of-trying-to-beat-china-in-sri-lanka-new-delhi-needs-to-change-the-game/904548/
10. The Guardian. 2022. https://www.theguardian.com/world/2022/jan/02/covid-crisis-sri-lanka-bankruptcy-poverty-pandemic-food-prices.


*(റിനി റെയ്ച്ചൽ ഏബ്രഹാം - 9656592525)*

**പ്രത്യാഘാതങ്ങൾ മനസ്സിലാക്കാൻ ശ്രമിക്കാതെ വിദേശവായ്പകളെ ഇരുകൈയും നീട്ടി സ്വീകരിച്ചതുൾപ്പെടെയുള്ള ശ്രീലങ്കൻ സർക്കാരുകളുടെ അവിവേകപൂർണമായ നടപടികളോടൊപ്പം ചൈനയുടെ സഹായത്തോടെ രാജ്യത്തിന് കാര്യമായ പ്രയോജനമില്ലാത്ത വമ്പൻ പദ്ധതികൾക്കായി സുതാര്യത ഇല്ലാതെ നടത്തിയ വായ്പാ ഇടപാടുകളാണ് ദ്വീപുരാജ്യത്തെ ഇന്നത്തെ ദുരവസ്ഥയിൽ പ്രധാനമായും എത്തിച്ചത്.**



# അഗ്രാഹ്യതയുടെ രാഷ്ട്രീയം

## അരുന്ധതി റോയുടെ ദ മിനിസ്ട്രി ഓഫ് അറ്റ്മോസ്റ്റ് ഹാപ്പിനെസ്സിൽ

മീര ചന്ദ്രശേഖരൻ

സ്വാതന്ത്ര്യാനന്തര ഇന്ത്യ എത്തിനിൽക്കുന്ന സുപ്രധാനമായൊരു ചരിത്രഘട്ടത്തിൽനിന്ന് ഇന്ത്യൻ സമൂഹത്തിന്റെ ഭൂതകാലത്തെയും വർത്തമാനത്തെയും വിമർശനാത്മകമായി നോക്കിക്കാണാൻ ശ്രമിക്കുന്ന കൃതിയാണ് അരുന്ധതി റോയുടെ ദ മിനിസ്ട്രി ഓഫ് അറ്റ്മോസ്റ്റ് ഹാപ്പിനെസ്സ് (അത്യാനന്ദത്തിന്റെ ദൈവവേല, 2017). രാഷ്ട്രീയനോവലെന്ന് നിരൂപകർ പൊതുവായി വിളിക്കുമ്പോഴും, സാമ്പ്രദായികമായ ജനുസ്സ്-നിർവചനങ്ങൾക്കു പുറത്തേക്കു കവിഞ്ഞുനിൽക്കുന്ന ഒന്നാണ് വിശാലാർഥത്തിൽ നോവൽ മുന്നോട്ടുവയ്ക്കുന്ന രാഷ്ട്രീയം. ജൂഡിത്ത് ബട്‌ലർ, കേയ് മിച്ചൽ എന്നിവരുടെ പഠനങ്ങളിലൂടെ വികസിച്ചുവന്ന അഗ്രാഹ്യത (unintelligibility) എന്ന സൈദ്ധാന്തിക സങ്കൽപ്പത്തിന്റെ കണ്ണിലൂടെ, നോവൽ സംവഹിക്കുന്ന ലിംഗരാഷ്ട്രീയത്തെ വായിക്കാനുള്ള ശ്രമമാണ് ഈ പഠനം. അഗ്രാഹ്യത എന്നതുകൊണ്ട് ഇവിടെ അർഥമാക്കുന്നത് ഗ്രഹിക്കാവുന്നതിന്റെ അഥവാ മനസ്സിലാക്കാവുന്നതിന്റെ നിയമങ്ങളെ നിരസിക്കുന്നവ എന്നാണ്. അതായത്; "അറിയാൻ കഴിയുന്നവയുടെ [knowable] പരിധി നിർണയിക്കുന്ന സാമാന്യ ചരിത്രവ്യവസ്ഥ"കൾക്ക് വഴങ്ങാത്തവ (Butler 6; my trans.). ബട്‌ലറും മിച്ചലും ഉയർത്തിയ ആശയങ്ങളെ അടിസ്ഥാനമാക്കി ദ മിനിസ്ട്രിയിലെ നോൺ-ബൈനറി ലിംഗകർതൃത്വങ്ങളുടെ ആവിഷ്കാരത്തെയും അതിൽ ഉൾച്ചേർന്നിരിക്കുന്ന അഗ്രാഹ്യതയുടെ അടരുകളെയും വായിക്കാൻ ശ്രമിച്ചാൽ വിസ്തൃതമായ അർഥത്തിൽ നോവലിനെ 'രാഷ്ട്രീയ'നോവലാക്കുന്നത് അഗ്രാഹ്യതയുടെ കൂടി രാഷ്ട്രീയമാണെന്നു വരും. ഭാഷ, ശരീരം, കർതൃത്വം (subjectivity) എന്നിവയുടെ പരസ്പരപ്രവർത്തനത്തിലൂടെ നോവലിൽ തെളിഞ്ഞുവരുന്ന ലിംഗപരവും സാംസ്കാരികവുമായ അഗ്രാഹ്യതയുടെ രാഷ്ട്രീയധർമം വായിച്ചെടുക്കാനുള്ള ശ്രമമാണ് ഈ ലേഖനം.

### അഗ്രാഹ്യതയും അർഥംതേടലും: നോൺ-ബൈനറി ശരീരങ്ങൾ സിസ്ജെൻഡർ കാഴ്ചക്കോണുകളിൽ

ദ മിനിസ്ട്രി ഓഫ് അറ്റ്മോസ്റ്റ് ഹാപ്പിനെസ്സിനെ ശ്രദ്ധേയമാക്കിയ പല ഘടകങ്ങളിലൊന്നാണ് നോവലിലെ മുഖ്യകഥാപാത്രമായ അഞ്ജും. ഇന്ത്യൻ ഇംഗ്ലീഷ് സാഹിത്യത്തിലെ മുഖ്യകഥാപാത്രങ്ങളെ താരതമ്യപ്പെടുത്തിയാൽ, പതിവു നായക/നായികാസങ്കൽപ്പങ്ങളെ അസ്ഥിരപ്പെടുത്താൻ കഴിവുള്ള ചുരുക്കം ചില കഥാപാത്രങ്ങളിലൊന്ന്. അനേകം കഥകളും ഉപകഥകളും ഇഴചേരുന്ന നോവലിലെ പ്രധാന തന്തുക്കളിലൊന്നാണ് ഇന്റർസെക്സ് ശരീരവുമായി ദില്ലിയിലെ ഒരു മുസ്ലിംകുടുംബത്തിൽ ജനിക്കുന്ന അഞ്ജുമിന്റെ ജീവിതം. മാതാപിതാക്കൾ അഫ്താബ് എന്ന പേരിട്ട് പുരുഷനായി വളർത്താൻ ശ്രമിക്കുമ്പോഴും മനസ്സുകൊണ്ട് സ്ത്രീയാണെന്നു വിശ്വസിക്കുന്ന അഞ്ജും വീടുവിട്ട് ഹിജ്ഡ സമൂഹത്തിന്റെ ഭാഗമായി മാറുകയും ലിംഗമാറ്റ ശസ്ത്രക്രിയ നടത്തി അഞ്ജും എന്ന പേരു സ്വീകരിച്ച് ട്രാൻസ് സ്ത്രീയായി ജീവിക്കാൻ തീരുമാനിക്കുകയും ചെയ്യുന്നു. നോവലിന്റെ രണ്ടാം പകുതിയിൽ കശ്മീരിന്റെ കലുഷിത ചരിത്രത്തിലേക്ക് നോവലിന്റെ കഥ മാറുമ്പോഴും, പലവഴിക്കു പിരിയുന്ന കഥാഗതികളെ

ഒന്നിച്ച് നിർത്തുന്ന ഫ്രെയിംസ്റ്റോറിയായി അഞ്ജുമിന്റെ ജീവിതവും, സമൂഹത്തിലെ ഭ്രഷ്ടർക്ക് ഒരിടം എന്നനിലയ്ക്ക് അഞ്ജും തുറന്നുവയ്ക്കുന്ന ജന്നത് ഗസ്റ്റ് ഹൗസും തുടരുന്നു. അതുകൊണ്ട് ദ മിനിസ്ട്രിയുടെ രാഷ്ട്രീയത്തെ മനസ്സിലാക്കാനുള്ള ശ്രമങ്ങൾക്കു വിട്ടുകളയാനാവാത്ത ഒന്നാണ് ലിംഗപരമായി നോൺ-നോർമേറ്റീവ് ആയ കർതൃത്വങ്ങളുടെ ആവിഷ്കാരം.



കേയ് മിച്ചൽ


ഇത്തരം കർതൃത്വങ്ങളുടെ ചിത്രീകരണത്തെ വായിക്കാൻ അഗ്രാഹ്യത (unintelligibility) എന്ന ആശയത്തെയാണ് ഈ ലേഖനം താക്കോൽവാക്കായി സ്വീകരിച്ചിരിക്കുന്നത് – വിശേഷിച്ച് കേയ് മിച്ചലിന്റെ സിദ്ധാന്തങ്ങളെ. മിച്ചലിന്റെ അഗ്രാഹ്യതയെപ്പറ്റിയുള്ള സിദ്ധാന്തങ്ങളുടെ അടിസ്ഥാനം ഗ്രാഹ്യതയെയും (intelligibility) കർതൃത്വത്തെയും (subjectivity) പറ്റിയുള്ള ജൂഡിത്ത് ബട്‌ലറുടെ പ്രശസ്തമായ ചിന്തകളാണ്:

> അടിച്ചമർത്തപ്പെടുന്നുവെങ്കിൽ അതിനർഥം നിങ്ങൾ ഏതെങ്കിലുമൊരു തരത്തിലുള്ള കർത്താവായി (subject) ഇതിനോടകംതന്നെ നിലനിൽക്കുന്നു എന്നതാണ്. പക്ഷേ, അയഥാർഥമായിരിക്കുക (unreal) എന്നത് അതിൽനിന്ന് ഏറെ വ്യത്യസ്തമാണ്. അടിച്ചമർത്തപ്പെടണമെങ്കിൽ ആദ്യമായി നിങ്ങൾ മനസ്സിലാക്കപ്പെടാൻ കഴിയുന്ന (intelligible) ഒന്നായി മാറണം. നിങ്ങൾ അടിസ്ഥാനപരമായി അഗ്രാഹ്യമാണ് (unintelligible) എന്നുവന്നാൽ അതിനർഥം നിങ്ങൾ മനുഷ്യനെന്ന (human) പദവിയിൽ ഇടംനേടിയിട്ടില്ല എന്നാണ്. (Butler qtd. in Mitchell 424; my trans.)

ഗ്രാഹ്യതയെ അടിച്ചമർത്തലിനോടും (oppression) പൊരുത്തപ്പെടലിനോടും (conformity) ബന്ധിപ്പിക്കുന്ന ഈ നിരീക്ഷണത്തെ മുൻനിർത്തി, ഒരു വ്യക്തിക്ക് സമൂഹത്തിൽ കൈവരിക്കാവുന്ന രണ്ടുതരം നിലകൾ മിച്ചൽ സങ്കൽപ്പിക്കുന്നു: (1) ഒന്നുകിൽ ഒരു വ്യക്തിക്ക് അയഥാർഥമായിരിക്കാം—എങ്കിൽ ആ വ്യക്തി [മറ്റുള്ളവർക്ക്] അഗ്രാഹ്യമായിരിക്കും, അതേസമയം സ്വയം ഒരു കർതൃത്വത്തിനുടമയായിരിക്കില്ല . (2) അല്ലെങ്കിൽ മറ്റുള്ളവർക്കു പൂർണമായും ഗ്രഹിക്കാനാവുന്ന ഒരാളാകാം ആ വ്യക്തി, അഥവാ ചെറുത്തുനിൽക്കാത്ത കർതൃത്വത്തിനുടമ (Mitchell 425; my trans.).

ഭൗതിക ശരീരത്തെ പൂർണമായി ഒഴിച്ചുനിർത്താതെ തന്നെ 'ഭാഷയാൽ അല്ലെങ്കിൽ വ്യവഹാരത്താൽ നിർമിക്കപ്പെട്ട കർതൃത്വ'മെന്ന ആശയത്തെ മനസ്സിലാക്കാൻ കഴിയുന്ന ഒരു ഉറസ്സായാണ് സാംസ്കാരികമായി മനസ്സിലാക്കാനാകുന്നവ/ആകാത്തവ (culturally intelligible/unintelligible) എന്നിവയെ കേയ് മിച്ചൽ കാണുന്നത് (Mitchell 416-17). അതായത് ഭാഷ, ശരീരം എന്നിവ എങ്ങനെ ഒന്നിച്ച് കർതൃത്വനിർമിതിയിൽ പങ്കുവഹിക്കുന്നു എന്നു മനസ്സിലാക്കാൻ ഗ്രാഹ്യത, അഗ്രാഹ്യത എന്നീ ആശയങ്ങൾ സഹായിക്കുന്നു. അതുകൊണ്ടുതന്നെ ദ മിനിസ്ട്രിയിൽ ആവിഷ്കരിക്കപ്പെട്ടിട്ടുള്ള നോൺ-നോർമേറ്റീവ് കർതൃത്വങ്ങളെ വായിക്കാൻ ഈ ആശയങ്ങൾ സഹായിക്കും.

ദ മിനിസ്ട്രി സൂക്ഷ്മമായി വായിച്ചാൽ അതിൽ സമാന്തരമായി നിലനിൽക്കുന്ന രണ്ടു ലോകങ്ങളെ കണ്ടെടുക്കാനാകും. എന്താണ് ഗ്രാഹ്യം അല്ലെങ്കിൽ മനസ്സിലാക്കാനാവുന്നത് എന്നതിനെപ്പറ്റി തനതായ നിയമങ്ങളുള്ള രണ്ടു ലോകങ്ങൾ. റോയ് ദുനിയ എന്നു പേരിട്ടു വിളിക്കുന്ന ലോകമാണ് ഒന്ന് (Roy 24). തങ്ങൾ 'നോർമൽ' അഥവാ സ്വാഭാവികമാണെന്ന് സ്വയം വിശ്വസിക്കുന്ന മനുഷ്യരുടെ ലോകം. തങ്ങൾ നിർമിച്ച സ്വാഭാവികതയുടെയും ക്രമബദ്ധതയുടെയും നിയമങ്ങൾക്കു വഴങ്ങാത്തവയെ മനസ്സിലാക്കാൻ ബദ്ധപ്പെടുകയും അസ്വാഭാവികം ('abnormal') എന്നു മുദ്രകുത്തുകയും ചെയ്യുന്ന നിയാമകതയുടെ (normativity) ലോകം. ലിംഗപരമായും സാംസ്കാരികമായും നോൺ-നോർമേറ്റീവ് കർതൃത്വങ്ങളുള്ളവർ അധിവസിക്കുന്ന, അവ്യക്തമായ, പിടിതരാത്ത ഇടങ്ങളാണ് രണ്ടാമത്തേത്. ഗ്രാഹ്യതയെപ്പറ്റിയുള്ള ദുനിയയുടെ നിയമങ്ങൾക്കു പുറത്തുനിൽക്കുന്ന ഇടങ്ങൾ. ചുറ്റുമുള്ള സമൂഹത്തെയും അതിനകത്ത് വ്യക്തികൾക്കുള്ള സ്ഥാനത്തെയും എങ്ങനെ മനസ്സിലാക്കാമെന്നതിനെ സംബന്ധിച്ച് ഈ രണ്ടു ലോകങ്ങൾക്കും തങ്ങളുടേതായ നിയമങ്ങളുണ്ട്.




ഗ്രാഹ്യതയുടെ നിയമങ്ങളാൽ വേർതിരിക്കപ്പെ

ട്ട ഈ സമാന്തരലോകങ്ങളെ നോവലിൽ കണ്ടെടുക്കാൻ സഹായിക്കുന്ന താക്കോലുകളിലൊന്നാണ് മനസ്സിലാക്കൽ എന്ന പ്രവൃത്തിയും ഭാഷയും തമ്മിലുള്ള പാരസ്പര്യം. ചുറ്റുമുള്ള ദുനിയയെ മനസ്സിലാക്കാനും തിരിച്ചറിയാനും ഭാഷ അഥവാ ഭാഷയിൽ ലഭ്യമായ സാംസ്കാരിക സൂചകങ്ങളും കൈയിരിപ്പുകളും ഉപയോഗിക്കുന്ന പല കഥാപാത്രങ്ങളെ നോവലിൽ കാണാനാകും. ഒരുദാഹരണമെടുത്താൽ, അഞ്ജുമിന്റെ അച്ഛന് ഏതൊരു അവസരത്തിനും ... അത്ഭുതപ്പെടുത്തുന്ന തരത്തിൽ യോജിക്കുന്ന ഒരു ഈരടി തന്റെ മതിപ്പുളവാക്കുന്ന ഓർമച്ചെപ്പിൽനിന്ന് പുറത്തെടുക്കാൻ കഴിയുമായിരുന്നു. ... ഈയൊരു ശീലം ... എല്ലാത്തിലും വല്ലാത്തൊരുതരം നിശ്ചലത്വത്തിന്റെ പ്രതീതി കലർത്തി. സംഭവിക്കുന്ന എല്ലാംതന്നെ പണ്ടെപ്പോഴോ സംഭവിച്ചിട്ടുള്ളതു പോലെ. എല്ലാത്തിനെപ്പറ്റിയും നേരത്തേ തന്നെ എഴുത്തുകളും പാട്ടുകളും വ്യാഖ്യാനങ്ങളും വന്നുകഴിഞ്ഞതുപോലെ, അവയെല്ലാം ചരിത്രത്തിന്റെ കണക്കുപുസ്തകത്തിൽ രേഖപ്പെടുത്തപ്പെട്ടു കഴിഞ്ഞതുപോലെ. (Roy 15-16; my trans.)

ഗ്രാഹ്യത എന്ന ആശയത്തിന്റെ പശ്ചാത്തലത്തിൽ ഭാഷ എങ്ങനെ ഒരു കർത്താവിന് (subject) അംഗീകാരവും സുവ്യക്തതയും (legibility) പകരുന്നു എന്ന് ബട്‌ലർ നിരീക്ഷിക്കുന്നു: "അടിസ്ഥാനപരമായി നിങ്ങൾ അഗ്രാഹ്യമാണ്" എന്നു പറഞ്ഞാൽ "സംസ്കാരത്തിന്റെയും ഭാഷയുടെയും നിയമങ്ങൾ നിങ്ങളെ അസംഭവ്യമായ ഒന്നായി (impossibility) കാണുന്നു" എന്നാണ് അതിനർഥം (Butler qtd. in Mitchell 424, my trans.). അതിനർഥം "നിങ്ങളുടെ ഭാഷ പൊള്ളയാണ് എന്നാണ്, നിങ്ങൾ തിരിച്ചറിയപ്പെടുന്നില്ല എന്നാണ്, കാരണം ഏതു നിയമങ്ങൾക്കനുസരിച്ചാണോ തിരിച്ചറിയൽ (recognition) സംഭവിക്കേണ്ടത്, ആ നിയമങ്ങൾ നിങ്ങളുടെ പക്ഷത്തല്ല" (Butler qtd. in Mitchell 424; my trans).

നോവലിനു പശ്ചാത്തലമായ, ഉർദു സംസാരിക്കുന്ന സാംസ്കാരികസ്ഥലികളിൽ ആ ഭാഷയും അതിന്റെ സാംസ്കാരിക സൂചകങ്ങളുമാണ് മനുഷ്യരുടെ അനുഭവങ്ങളെ ഗ്രാഹ്യമാക്കുന്നത്. ഭാഷാപരമായ അത്തരമൊരു ഗ്രാഹ്യതയുടെ വ്യവഹാരമണ്ഡലത്തിൽ, ദുനിയ എന്ന നോർമേറ്റീവ് ലോകത്തിന് മനസ്സിലാക്കാൻ കഴിയാത്ത എന്തും ഭാഷാപരമായ ഒരു അസംഭവ്യതയായാണ് പ്രകടിപ്പിക്കപ്പെടുന്നത്. അഞ്ജുമിന്റെ ഇന്റർസെക്സ് ശരീരം ആദ്യമായി കാണുമ്പോൾ അമ്മയ്ക്ക് താൻ കൺമുന്നിൽ കാണുന്നത് പൂർണമായി മനസ്സിലാക്കാനാകുന്നില്ല:

അവൾക്കറിയാവുന്ന ഭാഷയായ ഉർദുവിൽ എന്തിനും ഒരു ലിംഗമുണ്ട് (gender). എല്ലാം ഒന്നുകിൽ പുരുഷനോ അല്ലെങ്കിൽ സ്ത്രീയോ ആയിരുന്നു. അവളുടെ കുഞ്ഞൊഴിച്ച് ബാക്കിയെല്ലാം. അവനെപ്പോലുള്ളവർക്ക് ഒരു വാക്കുണ്ട് - ഹിജ്ഡ. സത്യത്തിൽ രണ്ടു വാക്കുകൾ - ഹിജ്ഡ, കിന്നർ. പക്ഷേ രണ്ടുവാക്കുകൾ ചേർന്നാൽ ഒരു ഭാഷയാകില്ല. ഭാഷയ്ക്കു പുറത്തു ജീവിക്കാൻ സാധ്യമാണോ? (Roy 8; my trans.)

ഇവിടെ, നോർമേറ്റീവ് ലോകം പ്രവർത്തിക്കുന്ന ഗ്രാഹ്യതയുടെ ചട്ടക്കൂടുകൾക്കുള്ളിൽ അഞ്ജുമിനെ അടയാളപ്പെടുത്താനാകുന്നില്ല. അഞ്ജും അധിവസിക്കുന്ന അവ്യക്തമായ അഗ്രാഹ്യതയുടെ ഇടം അഞ്ജുമിനെ ഭാഷയ്ക്കു പുറത്ത് പ്രതിഷ്ഠിക്കുന്ന ഒന്നാണ്.

അഞ്ജും എന്ന കഥാപാത്രത്തിൽ ഉൾച്ചേരുന്ന സാംസ്കാരികമായ അഗ്രാഹ്യത, അതിനെ മനസ്സിലാക്കാൻ ശ്രമിക്കുന്നവരിൽ പലതരത്തിലുള്ള പ്രതികരണങ്ങൾ ഉളവാക്കുന്നു. നോർമേറ്റീവ് ലോകത്തിന്റെ സാംസ്കാരികവും ഭാഷാപരവുമായ ഗ്രാഹ്യതാനിയമങ്ങൾ പഠിച്ചുവളർന്ന മനുഷ്യരുടെ അഞ്ജുമിനോടുള്ള പ്രതികരണങ്ങൾ അത്ഭുതത്തിന്റേതും മനസ്സിലാക്കാൻ കഴിയായ്മയുടേതുമാണ്—ഭാഷയെ നിഷ്ഫലമാക്കുന്ന പ്രതികരണങ്ങളാണവ. കൈക്കുഞ്ഞായ അഞ്ജും ഇന്റർസെക്സ് ശരീരത്തിനുടമയാണെന്ന് തിരിച്ചറിയുന്ന അച്ഛന് "ആ അവസരത്തിനു മാത്രം പറ്റിയ ഒരു ഈരടി കണ്ടുപിടിക്കാനായില്ല" (Roy 16; my trans.). അഞ്ജും എങ്ങനെ ജീവിക്കും എന്ന ചോദ്യം അമ്മയ്ക്കുമുന്നിൽ ഉയർത്തുന്നത് മനസ്സിലാക്കാനാവായ്മയുടെ കലുഷിതമായ നിശ്ശബ്ദതയാണ്: അതവളെ "വാക്കുകളുടെ രൂപത്തിലോ സ്പഷ്ടമായ ഒരു വാക്യത്തിന്റെ രൂപത്തിലോ അല്ല അഭിമുഖീകരിച്ചത്," മറിച്ച് "ശബ്ദമില്ലാത്ത, ഭ്രൂണാത്മകമായ ഒരു നിലവിളി"യുടെ രൂപത്തിലാണ് (Roy 8; my trans).

ഭാഷയുടെ ഈ നിഷ്ഫലത അധികം വൈകാതെ മറ്റൊരുകൂട്ടം പ്രതികരണങ്ങൾക്കു വഴിമാറുന്നു. അഞ്ജുമിൽ തങ്ങൾ കണ്ടുമുട്ടുന്ന അഗ്രാഹ്യതയെ നോർമേറ്റീവ് ഭാഷാലോകത്തിലെ അന്തേവാസികൾ തങ്ങൾക്കു മനസ്സിലാക്കാനാകുന്ന രൂപത്തിലേക്ക് വിവർത്തനം ചെയ്യാൻ ശ്രമിക്കുന്നിടത്താണ് ഇതിന്റെ തുടക്കം. ഇത്തരത്തിൽ, മനസ്സിലാക്കാനാവാത്തതിൽനിന്ന് മനസ്സിലാക്കാനാവുന്നതിലേക്ക് അർഥത്തെ മാറ്റിസ്ഥാപിക്കാൻ ശ്രമിക്കുമ്പോൾ പോലും ദുനിയയുടെ ശബ്ദസമ്പത്തുകൾ മിക്കപ്പോഴും പോരാതെ വരുന്നു. ഉദാഹരണത്തിന് അഞ്ജുമിന്റെ 'അവസ്ഥ'യെ മനസ്സിലാക്കാനും, പറ്റുമെങ്കിൽ അതു 'ചികിത്സിച്ചു ഭേദമാക്കാനും' വീട്ടുകാർ ചുമതലപ്പെടുത്തുന്ന ഡോക്ടർക്ക് ആ സന്ദിഗ്ധതയെ പിടിച്ചുകെട്ടാൻ പറ്റിയ ഒരു വാക്കിൽ എത്തിച്ചേരാൻ കഴിയുന്നില്ല. 'ചികിത്സ' കഴിഞ്ഞാലും ഒരുപക്ഷേ ഒരിക്കലും പൂർണമായി വിട്ടുപോയേക്കാത്ത "ചിലതരം ഹിജ്ഡ പ്രവണത"കളെപ്പറ്റി (tendencies) അവ്യക്തമായി സൂചിപ്പിക്കാനേ ഡോക്ടർക്കു കഴിയുന്നുള്ളൂ (Roy 17; my trans). നോവലിൽ ഇതിനുപയോഗിച്ചിരിക്കുന്ന പദങ്ങളായ fitrat, tendencies എന്നിവ ജ്ഞേയമായതിനും അജ്ഞേയമായതിനും ഇടയിൽ വഴുതുന്ന വാക്കുകളാണ്—ഒരു വസ്തുവിലോ വ്യക്തിയിലോ ഉൾച്ചേർന്നിരിക്കുന്ന 'പ്രകൃത'ത്തേയും (nature) അതേസമയം കുറേക്കൂടി മാറ്റങ്ങൾക്കു വഴങ്ങുന്ന 'പ്രവണത' (tendency), 'രീതി' (style), അല്ലെങ്കിൽ

ഗ്രാഹ്യത എന്ന ആശയത്തിന്റെ പശ്ചാത്തലത്തിൽ ഭാഷ എങ്ങനെ ഒരു കർത്താവിന് (subject) അംഗീകാരവും സുവ്യക്തതയും (legibility) പകരുന്നു എന്ന് ബട്‌ലർ നിരീക്ഷിക്കുന്നു: "അടിസ്ഥാനപരമായി നിങ്ങൾ അഗ്രാഹ്യമാണ്" എന്നു പറഞ്ഞാൽ "സംസ്കാരത്തിന്റെയും ഭാഷയുടെയും നിയമങ്ങൾ നിങ്ങളെ അസംഭവ്യമായ ഒന്നായി (impossibility) കാണുന്നു" എന്നാണ് അതിനർഥം.

'പ്രകടനം' (performance) എന്നിവയേയും ഒരേ സമയം സൂചിപ്പിക്കുന്നവ. ഇവിടെ ഈ വാക്കുകൾ സൂചിപ്പിക്കുന്നത് ഭാഷാപരമായ മനസ്സിലാക്കാനാവായ്മയെയാണ് (incomprehensibility). ഭാഷയിലൂടെ വിനിമയം ചെയ്യാൻ കഴിയപ്പെടാത്ത ഒന്ന്. അതുകൊണ്ടു തന്നെ "പൂർണവിജയം ഉറപ്പാക്കാൻ" കഴിയുമെന്ന വിശ്വസിക്കാൻ ഡോക്ടർ മടിക്കുമ്പോൾ പ്പോലും (Roy 17; my trans) അർഥം കണ്ടെത്താൻ നിരന്തരം ശ്രമിച്ചുകൊണ്ടിരിക്കുന്ന അഞ്ജുമിന്റെ അച്ഛൻ പ്രതീക്ഷ കൈവിടുന്നില്ല. "പ്രവണതകൾ അത്രവലിയ പ്രശ്നമല്ല. എല്ലാവർക്കും എന്തെങ്കിലുമൊക്കെ പ്രവണതകളുണ്ടല്ലോ പ്രവണതകൾ എപ്പോഴും മെരുക്കാവുന്നവയാണ്" എന്ന് അദ്ദേഹം മറുപടി നൽകുന്നു (Roy 17; my trans.) അഞ്ജുമിന്റെ അസ്തിത്വത്തിന്റെ അഗ്രാഹ്യതയെ അൽപ്പംകൂടി 'യുക്തിപരമായ' (sensible) അർഥത്തിന്റെ ചട്ടക്കൂടുകളിലേയ്ക്ക് വഴിതിരിച്ചുവിടാൻ മറ്റു കഥാപാത്രങ്ങൾ ശ്രമിക്കുന്ന സന്ദർഭങ്ങളും കുറവല്ല. ഡോക്ടറുമായുള്ള കൂടിക്കാഴ്ച്ച അഞ്ജുമിന്റെ അച്ഛന് "സ്വയം നിലകണ്ടെത്താനുള്ള വഴിയടയാളങ്ങൾ" നൽകുന്നു (Roy 17; my trans.). അതോടെ അദ്ദേഹത്തിന് "സ്വന്തം ക്ഷോഭം വളരെ പ്രായോഗികമായ ഒന്നിലേക്ക് പരിവർത്തിപ്പിക്കാൻ കഴിഞ്ഞു. എങ്ങനെ ശസ്ത്രക്രിയയ്ക്കു വേണ്ട പണം കണ്ടെത്താം? തനിക്ക് പൂർണമായും മനസ്സിലാക്കാൻ കഴിയുന്ന ഒന്നായ ഇതിലേയ്ക്ക് അയാൾ തന്റെ ശ്രദ്ധയും ഊർജവും തിരിച്ചുവിട്ടു" (Roy 17, my trans.).

ഇങ്ങനെ, സിസ്ജെൻഡർ കർതൃത്വങ്ങളുമായി ജീവിക്കുന്നവർക്ക് അഞ്ജുമിന്റെ നോൺ-ബൈനറി ശരീരവുമായുള്ള കൂടിക്കാഴ്ച്ച മിക്കപ്പോഴും അഗ്രാഹ്യമായ ഒന്നുമായുള്ള (the unintelligible) കൂടിക്കാഴ്ച്ചയായാണ് അനുഭവപ്പെടുന്നത്. അത്തരം കാഴ്ച്ചക്കോണുകളിലൂടെ അഞ്ജുമിനെ നോക്കുന്ന മിക്ക കഥാപാത്രങ്ങളും ശ്രമിക്കുന്നത് ഒരു 'പരിഹാരം' കണ്ടെത്താനാണ് - അഗ്രാഹ്യമായി അനുഭവപ്പെടുന്നതിനെ ഗ്രാഹ്യമായി മാറ്റാൻ, അല്ലെങ്കിൽ അർഥത്തെ ഒരു തലത്തിൽനിന്ന് മറ്റൊന്നിലേക്ക് മാറ്റിസ്ഥാപിക്കാൻ.

## അർഥഭഞ്ജനത്തിന്റെ രാഷ്ട്രീയം: നോൺ-ബൈനറി ശരീരങ്ങളിൽ അധിവസിക്കുന്നവർ

നോൺ-ബൈനറി ശരീരങ്ങളിൽ ആരോപിക്കപ്പെടുന്ന അഗ്രാഹ്യത സ്വയം തീരെ അനുഭവപ്പെടാതിരിക്കുന്നവരല്ല ആ ശരീരങ്ങളിൽ നിവസിക്കുന്ന കഥാപാത്രങ്ങൾ. കാരണം അവരും ഹെട്രോനോർമേറ്റീവ് സാംസ്കാരികസൂചകങ്ങളുടെയും ഭാഷാപരിമിതികളുടെയും ചട്ടക്കൂടിനാൽ കുട്ടിക്കാലത്തെങ്കിലും രൂപപ്പെടുത്തപ്പെട്ടവരാണ്; ഹെട്രോനോർമേറ്റീവ് ആയ നോട്ടങ്ങൾക്കിടയ്ക്ക് ഇപ്പോഴും ജീവിക്കുന്നവരും. സ്വന്തം ശരീരത്തിൽ അഗ്രാഹ്യമായി സമൂഹത്തിന് അനുഭവപ്പെടുന്നതിനെ അഭിമുഖീകരിക്കുക എന്നത് നോവലിലെ ട്രാൻസ്-കർതൃത്വത്തിനുടമകളായ കഥാപാത്രങ്ങൾക്ക് അതുകൊണ്ടു തന്നെ അനായാസമല്ല.

ജെയിംസ് വാർവുഡിന്റെ നിരീക്ഷണത്തിൽ നോൺ-ബൈനറി കർതൃത്വത്തിനുടമകൾ തങ്ങളെത്തന്നെ 'അഗ്രാഹ്യം' എന്ന് അടയാളപ്പെടുത്തിയാൽ ചിലപ്പോഴെങ്കിലും ഇതിനെ പിന്തുടർന്നു സംഭവിച്ചേക്കാവുന്നത് "സുവ്യക്തതയെ (legibility) പ്രകടനപരമായ ഒരു ലക്ഷ്യമാക്കി (performative goal) മാറ്റാൻ" അവർ ശ്രമിച്ചേക്കാമെന്നതാണ് (Warwood 32; my trans). ഇതു പലപ്പോഴും വ്യക്തിസ്ഥാനത്തിനുള്ള (personhood) തങ്ങളുടെ അർഹത മറ്റുള്ളവരെക്കൊണ്ട് അംഗീകരിപ്പിച്ചെടുക്കാനുള്ള ശ്രമത്തിന്റെ കൂടെ ഭാഗമാണ് (Warwood 34). പക്ഷേ ഹെട്രോനോർമേറ്റീവ് സുവ്യക്തതയുടെ നിയമങ്ങൾക്കനുസരിച്ച് മറ്റുള്ളവർക്കു മുന്നിൽ സ്വയം സുവ്യക്തമാക്കാൻ ശ്രമിക്കുന്ന നോൺ-ബൈനറി കഥാപാത്രങ്ങളെയല്ല നാം ദ മിനിസ്ട്രിയിൽ കാണുന്നത്. മറിച്ച് അവർ ശ്രമിക്കുന്നത് "ഒരുപക്ഷേ വായിച്ചെടുക്കാൻ കഴിയാത്തതെന്നു തോന്നുന്ന ശരീരങ്ങൾക്കും തൃഷ്ണകൾക്കും (desire) കർതൃത്വസ്ഥാനങ്ങൾക്കും കൂടി സാധുത നല്കാ"നാണ് (Mitchel 425; my trans.). "ദൈനംദിനജീവിതത്തെ ക്രമീകരിക്കാൻ കെൽപ്പുള്ള ഒരു ഘടകം അല്ലെങ്കിൽ ലക്ഷ്യം എന്ന നിലയ്ക്ക് ഗ്രാഹ്യതയ്ക്ക് [നിലവിൽ] ഉള്ള കഴിവിനെ ഭഞ്ജിക്കാൻ" (Mitchel 425) ഇതിലൂടെ അവർക്കു കഴിയുന്നു. ഇത്തരത്തിൽ ചുറ്റുമുള്ള ലോകം തങ്ങളിൽ ആരോപിക്കുന്ന അഗ്രാഹ്യതയ്ക്ക് സാധുത നൽകാൻ ശ്രമിക്കുന്നവരാണ് നോവലിലെ നോൺ-ബൈനറി കഥാപാത്രങ്ങൾ.

ഭാഷയുടെ പ്രയോഗാത്മകരൂപമായ കഥപറച്ചിൽ ഇത്തരം ശ്രമങ്ങളിൽ അവർക്കു പ്രധാനമാകുന്നു. ചില കഥാപാത്രങ്ങളെ സംബന്ധിച്ചിടത്തോളം തങ്ങളുടെ അഗ്രാഹ്യതയെ സാധുവാക്കി മാറ്റാനുള്ള വഴികളിലൊന്നാണ് മറ്റുള്ളവർ പറയുന്ന കഥകളിൽ തങ്ങളെ കണ്ടെത്താൻ ശ്രമിക്കുന്നതും തങ്ങളെപ്പറ്റി കഥകൾ പറയുന്നതും. ഉദാഹരണത്തിന് നോർമേറ്റീവ് ദുനിയയുടെ ഗ്രാഹ്യതാനിയമങ്ങൾക്കനുസരിച്ച് എഴുതപ്പെട്ട കഥകളിലും ചരിത്രങ്ങളിലും നോൺ-ബൈനറി സാന്നിധ്യം കണ്ടെടുക്കാൻ ശ്രമിക്കുന്ന ഒരു കഥാപാത്രമാണ് അഞ്ജും ചെന്നെത്തുന്ന ഹിജ്ഡ സമൂഹത്തിലെ പ്രായംചെന്ന അംഗമായ ഉസ്താദ് കുൽസും ബീ. തന്റെ സമൂഹത്തിലെത്തുന്ന പുതിയ അംഗങ്ങളെ ചെങ്കോട്ടയിലെ സൗണ്ട്-ആൻഡ്-ലൈറ്റ് ഷോ കാണിക്കുക എന്നത് ഒരു ചടങ്ങാക്കിയവരാണ് കുൽസും ബീ. ഷോയിൽ അവതരിപ്പിക്കപ്പെടുന്ന, ഗവണ്മെന്റിനാൽ അംഗീകരിക്കപ്പെട്ട ചെങ്കോട്ടയുടെ ചരിത്രത്തിൽ ട്രാൻസ്ജെൻഡർ സാന്നിധ്യം കണ്ടെടുക്കാൻ ശ്രമിക്കുന്നു അവർ:

പ്രഭുികളുടെ പതിഞ്ഞ, ആഹ്ലാദംനിറഞ്ഞ ശബ്ദങ്ങൾക്കിടയ്ക്ക് പെട്ടെന്ന് മുഴങ്ങുന്ന, ചിലമ്പുന്ന, ശൃംഗാരം നിറഞ്ഞ ഒരു പൊട്ടിച്ചിരി വ്യക്തമായിത്തന്നെ വേറിട്ടു കേൾക്കാനാകും - കൊട്ടാരം നപും

ജെയിംസ് വാർവുഡിന്റെ നിരീക്ഷണത്തിൽ നോൺ-ബൈനറി കർതൃത്വത്തിനുടമകൾ തങ്ങളെത്തന്നെ 'അഗ്രാഹ്യം' എന്ന് അടയാളപ്പെടുത്തിയാൽ ചിലപ്പോഴെങ്കിലും ഇതിനെ പിന്തുടർന്നു സംഭവിച്ചേക്കാവുന്നത് "സുവ്യക്തതയെ (legibility) പ്രകടനപരമായ ഒരു ലക്ഷ്യമാക്കി (performative goal) മാറ്റാൻ" അവർ ശ്രമിച്ചേക്കാമെന്നതാണ് (Warwood 32; my trans).

സകത്തിന്റെ ശബ്ദം. 'അതാ! ... അത് നമ്മളാണ്. നമ്മുടെ പൂർവികരാണത്, നമ്മുടെ ചരിത്രം, നമ്മുടെ കഥ.' ... അതവിടെയുണ്ട് എന്നതായിരുന്നു പ്രധാനം. ചരിത്രത്തിൽ നിലനിൽക്കുക എന്നത് - അതിനി വെറുമൊരു പൊട്ടിച്ചിരിയായിട്ടാകട്ടെ ചരിത്രത്തിൽ നിന്ന് ഇല്ലാതാകുന്നതിനെക്കാൾ, അഥവാ ചരിത്രത്തിൽനിന്ന് മൊത്തത്തോടെ വെട്ടിമാറ്റപ്പെടുന്നതിനെക്കാൾ പ്രകാശവർഷങ്ങൾ അകലെയാണ്. (Roy 51; my trans.; emphasis in original).

ഇങ്ങനെ പല കഥാപാത്രങ്ങളും തങ്ങളുടെ ജീവിതത്തിന് സാധുത നൽകാൻ കഥയെ/ആഖ്യാനത്തെ ഒരുപാധിയായി ഉപയോഗപ്പെടുത്തുമ്പോഴും മറ്റൊരു തലമുറയിലെ അംഗമായ അഞ്ജുമിന് ഭാഷയോടും ആഖ്യാനങ്ങളോടുമുള്ള ബന്ധം പക്ഷേ ഇതിനെക്കാൾ സങ്കീർണമാണ്. തന്നെപ്പറ്റി കഥ പറയാൻ അഞ്ജും ശ്രമിക്കുമ്പോൾപ്പോലും, ആ കഥയുടെ ഓരങ്ങളിൽ വാക്കുകളിലേയ്ക്ക് പകരാനാവാത്ത ചിലത് അവശേഷിക്കുന്നു-മനസ്സിലാക്കലിനും പരിഹരിക്കലിനും വഴങ്ങാത്ത ചിലത്. തന്റെ മകളായ സൈനബിനെ കേൾപ്പിക്കാൻ അഞ്ജും തന്റെ ജീവിതം "കുറേക്കൂടി ലളിതമായ, സന്തോഷകരമായ ഒന്നാക്കി മാറ്റിയെഴുതാൻ" ശ്രമിക്കുന്നു (Roy 35; my trans.). പക്ഷേ തന്നെപ്പറ്റി പറയുന്ന ഏതുകഥയിലും പൂർണമായി പറയാനാവാത്തതും മനസ്സിലാക്കാനാവാത്തതും വിട്ടുകളയാൻമാത്രം കഴിയുന്നതുമായ ചിലതുണ്ടെന്ന തിരിച്ചറിവാണ് അതു നല്കുന്നത്. ഇത്തരത്തിൽ തന്നെപ്പറ്റിയുള്ള കഥയിൽനിന്ന് വിട്ടുകളയേണ്ടിവരുന്ന ചില ദുരനുഭവങ്ങളെ അഞ്ജും ഓർമിക്കുന്നു: "ഹിജ്ഡകളെ സംബന്ധിച്ചിടത്തോളം അവർ പതിവായി നേരിടുന്ന അപമാനങ്ങൾക്കപ്പുറം അതൊന്നുമല്ല. സാധാരണയിൽക്കവിഞ്ഞ യാതൊന്നുമല്ല അത്. ... ഒന്നുമായിരുന്നില്ല അത്. പക്ഷേ എന്നാലും അത് ചിലതൊക്കെയായിരുന്നു" (Roy 35; my trans.)

ഇത്തരത്തിൽ ഭാഷയിലേക്കു പകർത്താവുന്ന ചിലത്, പകർത്താനാവാത്ത ചിലത് എന്നിങ്ങനെ, തമ്മിലിടഞ്ഞുനിൽക്കുന്ന ഗ്രാഹ്യതയുടെ രണ്ടു തലങ്ങൾ തമ്മിലുള്ള സംഘർഷം അഞ്ജുമിന്റെ ജീവിതത്തിന്റെ ഭാഗമാണ്. മിച്ചലിന്റെ വാക്കുകൾ കടമെടുത്തുകൊണ്ട് നേരത്തെ സൂചിപ്പിച്ച, വ്യക്തികൾക്കു ടുത്തുകൊണ്ട് സമൂഹത്തിൽ കൈവരിക്കാനാവുന്ന രണ്ടു സാങ്കൽപ്പിക നിലകൾ തമ്മിലുള്ള സംഘർഷം തന്നെയാണ് ഒരർഥത്തിൽ ഇത്. ഒന്നുകിൽ സ്വയമൊരു കർതൃത്വത്തിനുടമയല്ലാതെ അഗ്രാഹ്യമായി ജീവിക്കുക, അല്ലെങ്കിൽ മറ്റുള്ളവർക്കു ഗ്രാഹ്യമായി, വിധേയമായൊരു കർതൃത്വത്തോടെ ജീവിക്കുക എന്ന നിലകൾ തമ്മിലുള്ള സംഘർഷം. നോവലിൽ ഈയൊരു സംഘർഷത്തെ അഞ്ജും ഒടുവിൽ മറികടക്കുന്നത് ഈ രണ്ടു കർതൃത്വ നിലകൾക്കും പുറത്ത് അഞ്ജും തന്നെത്തന്നെ സ്ഥാപിക്കുന്നിടത്താണ്.

സിദ്ധാന്തങ്ങളിലേക്ക് തിരിച്ചുപോയാൽ, മിച്ചൽ നേരത്തെപ്പറഞ്ഞ കർതൃത്വനിലകൾക്കു പുറത്ത് മൂന്നാമതൊരു നില കൂടി ജൂഡിത്ത് ബട്‌ലറുടെ ആശയങ്ങളിൽനിന്ന് കണ്ടെടുക്കുന്നുണ്ട്—അഗ്രാഹ്യമായ കർത്താവായി (the unintelligible subject) നിലനിൽക്കുക എന്നതാണ് അത്. മിച്ചലിന്റെ വാക്കുകളിൽ, അഗ്രാഹ്യമായ കർതൃത്വം "ഗ്രാഹ്യതയുടെ മാനദണ്ഡങ്ങളെയും സംജ്ഞകളെയും മാറ്റിമറിക്കുന്നു, പരിധികളെ പുനഃപരിശോധിക്കുന്നു. ഇതു ചെയ്യുമ്പോഴും പൂർണമായും ഗ്രാഹ്യമായി മാറാതിരിക്കുന്നു, അങ്ങനെ പൂർണമായും സ്വാംശീകരിക്കപ്പെടാതെ, വഴങ്ങാതെ, നിയന്ത്രണങ്ങൾക്ക് അധീനമാകാതെ നിലകൊള്ളുന്നു" (Mitchell 425; my trans.). ബട്‌ലറിന്റെ വാക്കുകളിൽ പറഞ്ഞാൽ, അഗ്രാഹ്യരായ കർത്താക്കൾ പൂർണമായും അയഥാർഥമല്ല, അതേസമയം പൂർണമായും ഗ്രാഹ്യവുമല്ല. മറിച്ച് അവർ "ഗ്രാഹ്യതയുടെ അതിരുകളിൽ" നിലകൊള്ളുന്നവരാണ് (Butler qtd. in Mitchell 426; my trans.). അഞ്ജുമെന്ന കഥാപാത്രത്തെ വായിക്കാൻ ഏറ്റവും ചേർന്നൊരു സങ്കൽപ്പമാണ് ഇത്.

നോവലിനുള്ളിലെ കഥാലോകത്തിൽ ഗ്രാഹ്യതയുടെ നിയമങ്ങൾക്ക് തറപാകുന്നത് ഭാഷയുടെ ചട്ടക്കൂടുകളും പരിമിതികളുമാണെന്ന് നാം കണ്ടു. അതുകൊണ്ടുതന്നെ നോവലിലെ അഗ്രാഹ്യകർത്താവായ അഞ്ജുമിന്റെ പ്രവർത്തനരീതികൾ പലപ്പോഴും ഭാഷാപരമായ അട്ടിമറികളിലൂടെയും (subversion) ചെറുത്തുനിൽപ്പുകളിലൂടെയും വികസിക്കുന്നു. അഞ്ജും തനിക്കായി സ്വയം തിരഞ്ഞെടുക്കുന്ന പേരുപോലും ബോധപൂർവമല്ലെങ്കിലും അത്തരമൊരു പ്രവർത്തനത്തെ ഓർമിപ്പിക്കുന്നു. കഥയിലൊരിടത്ത് അഞ്ജും കണ്ടുമുട്ടുന്ന ഒരു ഇംഗ്ലീഷുകാരൻ പറയുന്നതുപോലെ, അഞ്ജും എന്ന പേരിലെ (Anjum) അക്ഷരങ്ങൾ തിരിച്ചിട്ടാൽ മജ്നു (Majnu) എന്ന ക്ലാസ്സിക്ക് ഹെട്രോസെക്ഷ്വൽ പ്രണയകഥയിലെ നായകന്റെ പേരായി മാറും—എന്നാലതൊരു നേർരേഖയിലുള്ള തിരിച്ചിടലുമല്ല, ആണെങ്കിൽ മുജ്ന (Mujna) എന്നു വന്നേനെ (Roy 4). ദുനിയ എന്ന ലോകം ക്ലാസ്സിക്കുകളായിക്കാണുന്ന ലൈലാ-മജ്നു, റോമിയോ-ജൂലിയറ്റ് കഥകളെപ്പറ്റിയുള്ള ഈ പരാമർശത്തോട് അഞ്ജുമിന്റെ പ്രതികരണം ഇങ്ങനെയാണ്: "എന്നുവെച്ചാൽ ഞാനവരുടെ കഥയെ ഇളക്കിമറിച്ച് മറ്റൊന്നാക്കി എന്നാണോ? ... ലൈല ശരിക്കും ഒരുപക്ഷേ മജ്നുവായിരുന്നു എന്നുവന്നാൽ, അല്ലെങ്കിൽ റോമി ശരിക്കും ജൂലിയായിരുന്നു എന്നുവന്നാൽ അവരുടെ പ്രതികരണം എന്തായിരിക്കും" (Roy 4; my trans.) തന്നിൽ ലോകം ആരോപിക്കുന്ന അഗ്രാഹ്യതയെ പുൽകുന്നതിലൂടെ ഹെട്രോനോർമേറ്റീവ് ആഖ്യാനങ്ങളുടെ കൃത്യമായ വിഭജനീയതയെയും (divisibility) ദ്വന്ദ്വാത്മകതയെയും വിധ്വംസിക്കാൻ കെൽപ്പുള്ള ഒന്നായി അഞ്ജും തന്റെ കർതൃത്വത്തെ മാറ്റുന്നു.

ഇത്തരത്തിൽ ഹെട്രോനോർമേറ്റീവ് ആഖ്യാനങ്ങളുടെ വെടിപ്പുള്ള സുവ്യക്തതയെ ഭാഷകൊണ്ട് അസ്ഥിരപ്പെടുത്തുക എന്നത്, അഗ്രാഹ്യ കർതൃത്വത്തിനുടമയായ ഒരാൾ എങ്ങനെ അർഥത്തിന്റെയും

സിദ്ധാന്തങ്ങളിലേക്ക് തിരിച്ചുപോയാൽ, മിച്ചൽ നേരത്തെ പറഞ്ഞ കർതൃത്വനിലകൾക്കു പുറത്ത് മൂന്നാമതൊരു നില കൂടി ജൂഡിത്ത് ബട്‌ലറുടെ ആശയങ്ങളിൽനിന്ന് കണ്ടെടുക്കുന്നുണ്ട്—അഗ്രാഹ്യമായ കർത്താവായി (the unintelligible subject) നിലനിൽക്കുക എന്നതാണ് അത്. മിച്ചലിന്റെ വാക്കുകളിൽ, അഗ്രാഹ്യമായ കർതൃത്വം "ഗ്രാഹ്യതയുടെ മാനദണ്ഡങ്ങളെയും സംജ്ഞകളെയും മാറ്റിമറിക്കുന്നു.

മനസ്സിലാക്കലുകളുടെയും അതിരുകളിൽനിലകൊള്ളുന്ന തന്റെ സ്ഥാനം “ലിംഗപദവിയെയും ലൈംഗികതയെയും സംബന്ധിച്ച നിയമങ്ങളെ വെല്ലുവിളിക്കാനുള്ള ഒരു അവസരമായി” മാറ്റുന്നു എന്നതിന് ഉദാഹരണമാണ് (Mitchell 426; my trans). “അത്തരം നിയമങ്ങളുടെ പോരായ്മകളെയും അപര്യാപ്തതകളെയും പരസ്പരബന്ധമില്ലായ്മയെയും [arbitrariness] വെളിച്ചത്തുകൊണ്ടുവരുന്ന” ഒരു പ്രവൃത്തിയാണിത് (Mitchell 426; my trans).

അഞ്ജം ജീവിതത്തിൽ സഫലത കണ്ടെത്തുന്നത് ഭാഷയുടെയും കഥകളുടെയും ചരിത്രത്തിന്റെയും ഓരങ്ങളിൽ തന്റേതായ, വിധ്വംസകമായ അതിരിടങ്ങൾ കണ്ടെത്തുന്നതുവഴിയാണ്. സമൂഹത്തിൽനിന്ന് പുറംതള്ളപ്പെട്ടവർക്കും ഭ്രഷ്ടരായവർക്കും ഒന്നിച്ചുതാമസിക്കാനായി അഞ്ജം ഒരു ശവപ്പറമ്പിൽ പണിയുന്ന ജന്നത് ഗസ്റ്റ് ഹൗസ് ഒരുദാഹരണം. അരികുകളിലായിപ്പോയ കഥകളുടെയും ചരിത്രങ്ങളുടെയും ഒരു ഒത്തുചേരലാണ് അവിടെ സംഭവിക്കുന്നത്. സ്വാഭാവികതയുടെ ലോകമായ ദുനിയയുടെ അതിരിൽ സ്ഥിതിചെയ്യുന്ന ഭൗതികസ്ഥലമാണ് ആ ശവപ്പറമ്പ്. അതുപോലെത്തന്നെ ‘മനസ്സിലാക്കാൻ കഴിയുന്നതി’ന്റെ അതിരുകളിലാണ് ആ ശവപ്പറമ്പിലെ ഭ്രഷ്ടരായ അന്തേവാസികളാൽ നിർമിക്കപ്പെടുന്നതും നിർമിക്കപ്പെടാതെ പോകുന്നതുമായ കഥകളും ചരിത്രങ്ങളും ഭാഷാവിധ്വംസനങ്ങളും നിലകൊള്ളുന്നത്. മുഖ്യധാരാലോകത്തിന്റെ, “സ്വയം സുവ്യക്തത പ്രദാനംചെയ്യുന്ന നിയമാവലികൾക്കുമേൽ വിമർശനാത്മകമായ നോട്ടമെറിയുന്ന” ഒന്നാണ് (Butler qtd. in Mitchell 426; my trans) ഗ്രാഹ്യതയുടെയും അഗ്രാഹ്യതയുടെയും അതിരിൽ സ്ഥിതിചെയ്യുന്ന ഈയിടവും അതിന്റെ രാഷ്ട്രീയവും.

നോവലിലെ പാർശ്വവൽക്കരിക്കപ്പെട്ട കഥാപാത്രങ്ങൾ ഭാഷയിലൂടെ സ്വയം നിർവചിക്കാൻ ശ്രമിക്കുമ്പോൾ തെളിയുന്നത് ഇത്തരത്തിൽ അഗ്രാഹ്യതയെ രാഷ്ട്രീയമായി ഉയർത്താനുള്ള ശ്രമങ്ങളാണ്. അഞ്ജമിനെ സംബന്ധിച്ചിടത്തോളം വിധേയത്വത്തിനും ഗ്രാഹ്യതയുടെ നിയമങ്ങൾക്കും എതിരെയുള്ള ഇത്തരം ചെറുത്തുനിൽപ്പുകളിൽ ഒന്നാണ് കർത്താവായിരിക്കാൻ ശ്രമിക്കുമ്പോഴും തന്നെത്തന്നെ സുവ്യക്തമായി, സങ്കുചിതമായി നിർവചിക്കാതിരിക്കാതിരിക്കുക എന്നത്. സ്വയം നിർവചിക്കാൻ ശ്രമിച്ചുകൊണ്ട് നോവലിൽ ഒരിടത്ത് അഞ്ജം പറയുന്നു:

ഞാൻ അവരെല്ലാവരുമാണ്. റോമിയും ജൂലിയും ഞാൻ തന്നെയാണ്. ലൈലയും മജ്നുവും ഞാൻ തന്നെ. മുജ്നയും. എന്തുകൊണ്ടായിക്കൂടാ? ഞാൻ ഒരു മെഹ്ഫിൽ ആണ്, ഒരു ഒത്തുചേരൽ. എല്ലാവരുടേയുമായ ഒന്ന്, ആരുടേതുമല്ലാത്ത ഒന്ന്. മറ്റാരെയെങ്കിലും ഇതിലേക്കു ക്ഷണിക്കണമെന്നുണ്ടോ? എല്ലാവർക്കും സ്വാഗതം. (Roy 4; my trans.)

റോയ് നോവലിൽ മറ്റൊരിടത്തു ചോദിക്കുന്നതുപോലെ, “ചിതറിക്കിടക്കുന്ന ഒരു കഥ എങ്ങനെ



ജൂഡിത്ത് ബട്‌ലർ

പറയാം? പതുക്കെ എല്ലാവരുമായി സ്വയം മാറിക്കൊണ്ട്. അല്ല, പതുക്കെ എല്ലാമായി സ്വയം മാറിക്കൊണ്ട്” (Roy 4; my trans.)

ഇത്തരത്തിൽ ശരീരം, കർതൃത്വം എന്നിവയെപ്പറ്റി ലോകം നിർമിക്കുന്ന സംഹിതകളെ അസ്വസ്ഥമാക്കുന്ന ഒന്നായി അഗ്രാഹ്യതയെ നോവൽ ഉയർത്തിപ്പിടിക്കുന്നു. ഭാഷയിലൂടെ നിർമിച്ചെടുക്കപ്പെട്ട സുവ്യക്തതയുടെ കോയ്മകളെ അസ്ഥിരപ്പെടുത്താൻ, ഭാഷയ്ക്ക് പൂർണമായും കൈയെത്തിപ്പിടിക്കാൻ കഴിയാത്തവയുടെ രാഷ്ട്രീയത്തെ നോവൽ ഉപയോഗപ്പെടുത്തുന്നു. സുവ്യക്തതയുടെ സംഹിതകൾക്ക് മനസ്സിലാക്കാൻ കഴിയാത്തതിനെ ചെറുത്തുനിൽപ്പിന്റെ സാധ്യതകളടങ്ങിയ ഒന്നാക്കി നോവൽ പരിവർത്തിപ്പിക്കുന്നു. നോവലിന്റെ രാഷ്ട്രീയം ഇത്തരത്തിൽ അഗ്രാഹ്യതയുടെ കൂടെ രാഷ്ട്രീയമായി വളരുന്നു.

## Works Cited


Butler, Judith. Frames of War. London: Verso, 2009.

Mitchell, Kaye. “Unintelligible Subjects: Making Sense of Gender, Sexuality and Subjectivity after Butler.” Subjectivity 25.1 (2008): 413-31.

Roy, Arundhati. The Ministry of Utmost Happiness. London: Hamish Hamilton, 2017.


Warwood, James. “What Do You Think I Am? On Perceiving Unintelligibility in the Nonbinary Gender Experience.” Diss. U of Montana, 2016.



*(മീര ചന്ദ്രശേഖരൻ)*



നോവലിലെ പാർശ്വവൽക്കരിക്കപ്പെട്ട കഥാപാത്രങ്ങൾ ഭാഷയിലൂടെ സ്വയം നിർവചിക്കാൻ ശ്രമിക്കുമ്പോൾ തെളിയുന്നത് ഇത്തരത്തിൽ അഗ്രാഹ്യതയെ രാഷ്ട്രീയമായി ഉയർത്താനുള്ള ശ്രമങ്ങളാണ്.



*നെഹ്റുവും ഗാന്ധിജിയും*

# ഭാവിയുടെ ഗാന്ധിയും ഗാന്ധിയുടെ ഭാവിയും


**ഡോ. കെ.കെ. ശിവദാസ്**

എഴുന്നേല്പിനെഴുന്നേല്പിൻ മഹിത ഭാരതധർമ്മ-
മൊഴിക്കാതിരിപ്പിനെന്നാൽ നേടാം സ്വരാജ്യം
(വിദ്വാൻ പി. കേളുനായർ, 1928)

അഖിലേന്ത്യാ കോൺഗ്രസ് കമ്മിറ്റിയുടെ പയ്യന്നൂർ സമ്മേളനത്തിനായി രചിക്കപ്പെട്ട ഗീതത്തിലെ വരികളാണിവ. സ്വരാജ്യം നാം നേടിയിട്ട് 75 വർഷങ്ങളായി. എന്നാൽ ഗാന്ധിയും സ്വാതന്ത്ര്യസമരത്തിൽ പങ്കെടുത്ത് മറഞ്ഞുപോയ ബാക്കി പേരില്ലാത്ത അനേകരും ഉദ്ദേശിച്ച സ്വരാജ് യഥാർഥത്തിൽ നേടാനായോ? ഈ ചിന്തയാണ് ഭാവിയുടെ ഗാന്ധിയെക്കുറിച്ചും ഇന്ത്യയിൽ ഗാന്ധിയുടെ ഭാവിയെന്തെന്നും ഉള്ള ആലോചനയിലേക്ക് നയിക്കുന്നത്. വർത്തമാനകാല ഇന്ത്യയിലെ ഗാന്ധിയുടെ അവസ്ഥ മഹാ മനീഷിയായ എൻ.വി. കൃഷ്ണവാര്യർ കവിതയിലാക്കിയിട്ടുണ്ട്. അരി വാങ്ങാൻ ക്യൂവിൽനിൽക്കുന്ന ഗാന്ധിയും അരികേ ക്ലറ്റൻ കാറിലേറി നീങ്ങുന്ന ഗോഡ്സേയുമാണത്. ഈ താരതമ്യം ഇപ്പോൾ സത്യാവസ്ഥയുടെ പാരമ്യത്തിലാണ്.

ഗാന്ധിയുടെ ഭൗതികശരീരം നമ്മെ വിട്ടുപിരിഞ്ഞിട്ട് 74 വർഷങ്ങൾ പിന്നിടുന്നു. ചിന്തിച്ചാൽ ഒരു

പക്ഷേ ഇന്ത്യൻ സ്വാതന്ത്ര്യത്തിനു ഏഴു വർഷം മുമ്പേ അദ്ദേഹത്തിന്റെ ആത്മാവിന്റെ സ്പന്ദനം നിലയ്ക്കാൻ തുടങ്ങിയിട്ടുണ്ടാകാം. 1940 മാർച്ച് 27നാണല്ലോ ആൾ ഇന്ത്യ മുസ്ലീംലീഗിന്റെ ലാഹോർ സമ്മേളനത്തിൽ പാകിസ്ഥാനുവേണ്ടി പ്രമേയം പാസാക്കിയെടുത്തത്. ഗാന്ധി ഇരുപത്തൊന്നാം നൂറ്റാണ്ടിന്റെ പ്രവാചകനായി വാഴ്ത്തപ്പെടുന്നുണ്ട്. വാഴ്ത്തുകൾക്കൊപ്പം നിന്ദാസ്തുതികളും അന്തരീക്ഷത്തിൽനിറയുന്നു. ഗാന്ധിപ്രതിമകൾ തകർക്കപ്പെടുന്നതുമുതൽ അദ്ദേഹത്തെ തേജോവധം ചെയ്യാനുള്ള ശ്രമങ്ങൾ വരെ നിരന്തരം അരങ്ങേറുന്നു. ഗാന്ധിയുടെ ജീവിതത്തിലെ ഏതെങ്കിലും സംഭവങ്ങളെയോ, നിലപാടുകളെയോ മാത്രം എടുത്തുപിടിച്ചാണ് ഇത്തരം കുത്സിതപ്രവൃത്തികൾ അരങ്ങേറുന്നത്. ഗാന്ധിജിയുടെ ജീവിത പരിണാമവും അദ്ദേഹത്തിന്റെ ആർജവമുള്ള നേതൃത്വപാടവവുമൊന്നും ഇക്കൂട്ടർക്ക് വിഷയമല്ല. 1914 നുശേഷമുള്ള ഇന്ത്യയിൽ ഗാന്ധിജി ഏറെപ്പേർക്ക് ദൈവമായിരുന്നു. മഹാത്മാവായിരുന്നു. 'ഉമ്മാ ഞാൻ ഗാന്ധീനെ തൊട്ടെന്ന്' ബഷീറിനേപ്പോലെ ചിലർ ഉൾപ്പുളകമണിഞ്ഞു. ദേശീയപ്രസ്ഥാനത്തിലെ ഒരു വിഭാഗത്തിന് അദ്ദേഹം പാരമ്പര്യവാദികൾക്കൊപ്പം നിലകൊണ്ട നേതാവായിരുന്നു. പാരമ്പര്യവാദികൾക്കാകട്ടെ അദ്ദേഹം മുസ്ലീം പ്രീണനം നടത്തുന്നയാളുമായിരുന്നു. നെഹ്റുവിന്റെ യൂറോപ്പിൽനിന്ന് ഊർജം നേടിയ ചിന്തയിലും അംബേദ്കറുടെ ദലിതർക്കും പാർശ്വവൽകൃതർക്കുമായുള്ള ചിന്തയിലും റാം മനോഹർ ലോഹ്യയുടെ സോഷ്യലിസ്റ്റ് വിചാരങ്ങളിലും ഗാന്ധി പലപ്പോഴും പുറന്തള്ളപ്പെട്ടു. സുഭാഷ് ചന്ദ്രബോസ്, മുഹമ്മദലി ജിന്ന, വി.ഡി.സവർക്കർ എന്നിവരുടെ നിലപാടുകളിലും മനോലോകങ്ങളിലും ഗാന്ധി ഏതാണ്ട് ബഹിഷ്കൃതനായിരുന്നു. ഗാന്ധിയൻ പിന്തുടർച്ച അവകാശപ്പെടുന്ന പല സ്ഥാപനങ്ങളും എല്ലാ അർഥത്തിലും വലുപ്പമുള്ള അദ്ദേഹത്തിന്റെ ആത്മകഥ നിസ്സാര വിലയ്ക്ക് വിറ്റുപോന്നു. എന്നാൽ ഗാന്ധിയുടെ കയ്യൊപ്പ് അതേ പുസ്തകത്തോടൊപ്പമോ അതിലേറെയോ പതിഞ്ഞ ഹിന്ദുസ്വരാജ് എന്ന പുസ്തകം അതിന്റെ ഉള്ളടക്കത്തിലെ തീവ്രനിലപാടുകളാൽ പ്രസിദ്ധി നേടിയെങ്കിലും വായിക്കപ്പെട്ട അതേ അളവിൽ സ്വീകാര്യത നേടിയില്ല. 1909 ൽ ഗുജറാത്തി ഭാഷയിലെഴുതപ്പെട്ട ഈ പുസ്തകം ബ്രിട്ടീഷ് സർക്കാർ 1910-ൽ നിരോധിക്കുകയുണ്ടായി. ഇന്ത്യയുടെ സ്വയം ഭരണത്തിനായി നിലപാടുയർത്തുന്ന ഹിന്ദ് സ്വരാജ്. ആധുനികനാഗരികതക്കെതിരെ ഉന്നയിക്കുന്ന നിശിത വിമർശനങ്ങൾ കാലാന്തരത്തിൽ സ്വതന്ത്ര ഇന്ത്യയിലെ ദേശീയ പ്രസ്ഥാനക്കാർ തന്നെയും പൂർണമായോ ഭാഗികമായോ കൈയൊഴിഞ്ഞു. ഇംഗ്ലീഷിലും നിരവധി ഇന്ത്യൻ ഭാഷകളിലും അച്ചടിക്കപ്പെട്ടിട്ടുണ്ട് ഈ മഹദ്ഗ്രന്ഥം. ലഘുലേഖയുടേതിനെക്കാൾ കുറച്ചുകൂടുതൽ മാത്രം വലുപ്പമുള്ള ഈ പുസ്തകത്തിലെ ആശയങ്ങൾ ഇന്ത്യൻ ജനത അത്രമേൽ ഏറ്റെടുത്തില്ല. അതുതന്നെയാണ് വർത്തമാനകാലത്ത് നാം നേ




രിടുന്ന ഗുരുതരമായ പ്രത്യാഘാതത്തിന് ഹേതു. ഇമ്പം നന്മയിലായുള്ള ധീരനെ കൂട്ടുകിട്ടിയിട്ടും തടസ്സമൊക്കെ നീക്കി ഒറ്റമനസ്സായൊത്തുപോകാൻ ഇന്ത്യൻ ജനതയ്ക്കുള്ള പരിമിതിയുടെ കാരണം 'ഹിന്ദുസ്വരാജ്' എന്ന ഗ്രന്ഥത്തെ നെഞ്ചേറ്റിയില്ല എന്നതുതന്നെയാണ്.

വർത്തമാനകാല ഇന്ത്യയിലെ ഗാന്ധിയുടെ അസ്തിത്വത്തെക്കുറിച്ച് എൻ.വി. കൃഷ്ണവാര്യർ കുറിച്ചിട്ട വരികൾ നാം മനസ്സിലാക്കുന്നു. മനപ്പാഠമാക്കുകയും ചെയ്യുന്നു എന്നാൽ വർത്തമാനകാല ഇന്ത്യയിൽ ഇതിനു പുറമേ ഗാന്ധിക്ക് നഷ്ടപ്പെടാതെ നിൽക്കുന്ന ചില അസ്തിത്വങ്ങൾ കൂടി നഷ്ടപ്പെടുകയാണ്. സ്വാതന്ത്ര്യസമര നായകൻ, രാഷ്ട്രപിതാവ്, രൂപയിലും സർക്കാർ ഓഫീസുകളിലും ഭവനങ്ങളിലും പരിലസിക്കുന്ന ചിത്രം എന്നിവയാണ് ഗാന്ധിക്ക് നഷ്ടപ്പെടാൻ പോകുന്ന വർത്തമാനകാലപദവികൾ. ഗാന്ധിയന്മാർ നിർമിച്ചെടുത്ത സദാ കർമ്മനിരതനും പരിത്യാഗിയുമായ ഗാന്ധിയുടെ ഒരു ചിത്രം കൂടിയുണ്ട്. കുറ്റിയറ്റുപോയ ഗാന്ധിയന്മാരുടെ വംശത്തെ അനുസ്മരിപ്പിച്ചു കൊണ്ട് ചില ചലച്ചിത്രങ്ങളിൽ ദയനീയ വേഷങ്ങളിൽ ഗാന്ധി ആവിഷ്കാരം നേടുന്നു. ഗാന്ധിയുടെ അഹിംസാസിദ്ധാന്തവും സത്യഗ്രഹവും ജനാധിപത്യ ബോധവുമാണ് ഇന്ത്യ എന്ന രാഷ്ട്രത്തെ ഇപ്പോഴും ഒറ്റക്കെട്ടായി നിലനിർത്തുന്നത്. 1950 കളിലും 1960 കളിലും സ്വാതന്ത്ര്യം നേടിയ ആഫ്രിക്കൻ ഭൂഖണ്ഡത്തിലെ പല രാഷ്ട്രങ്ങളും വംശീയകലാപങ്ങളാലും ഏകാധിപത്യത്താലും തകർന്നടിഞ്ഞപ്പോൾ ഇന്ത്യ നാനാത്വത്തിലെ ഏകത്വമെന്ന തത്വത്തിനെ നിദർശനമായി നിലകൊണ്ടു. എന്നാൽ വർത്തമാനകാല ഇന്ത്യയിൽ സ്കൂൾ പാഠപുസ്തകങ്ങളിൽനിന്നും കോളെജ്, സർവകലാശാലാ സില


ഗാന്ധി ഇരുപത്തൊന്നാം നൂറ്റാണ്ടിന്റെ പ്രവാചകനായി വാഴ്ത്തപ്പെടുന്നുണ്ട്. വാഴ്ത്തുകൾക്കൊപ്പം നിന്ദാസ്തുതികളും അന്തരീക്ഷത്തിൽനിറയുന്നു. ഗാന്ധിപ്രതിമകൾ തകർക്കപ്പെടുന്നതുമുതൽ അദ്ദേഹത്തെ തേജോവധം ചെയ്യാനുള്ള ശ്രമങ്ങൾ വരെ നിരന്തരം അരങ്ങേറുന്നു. ഗാന്ധിയുടെ ജീവിതത്തിലെ ഏതെങ്കിലും സംഭവങ്ങളെയോ, നിലപാടുകളെയോ മാത്രം എടുത്തുപിടിച്ചാണ് ഇത്തരം കുത്സിതപ്രവൃത്തികൾ അരങ്ങേറുന്നത്.

ഗ്രാംഷി, ഫാനൻ തുടങ്ങിയവരുടെ വിചാരലോകങ്ങളിലേക്കും ജോർജിയോ അഗംബനിലേക്കും വായന വിപുലമായതോടെ ഗാന്ധിയുടെ വ്യക്തിത്വം കൂടുതൽ തിളങ്ങാൻ തുടങ്ങി. ഹിംസയുടെ പ്രവാചകൻ എന്നറിയപ്പെടുന്ന ഫ്രാൻസ്ഫാനനെക്കാൾ അഹിംസയുടെ പ്രവാചകനായ ഗാന്ധിയായിരിക്കും വരുംകാലങ്ങളിൽ ലോകത്തിന്റെ കെടാവിളക്കായി മാറുക എന്ന തിരിച്ചറിവുണ്ടായി.

ബസ്സിൽനിന്നും എന്തിനേറെ ഗാന്ധിയൻ പഠനവകുപ്പുകളിൽനിന്നു വരെ ഗാന്ധി പറിച്ചെറിയപ്പെടുന്ന കാലം വിദൂരമല്ല.

## ഗാന്ധിവിചാരം

അർധനഗ്നനായ ഫക്കീറിന്റെ ചിത്രമായാണ് മറ്റു പലരെയും പോലെ ഗാന്ധി എന്റെയുള്ളിലും ആദ്യം കടന്നുവന്നത്. ഗാന്ധി ചിത്രങ്ങളും തെരുവിലെ ഗാന്ധിപ്രതിമകളും പാഠപുസ്തകങ്ങളും ആ ധാരണയെ വിപുലീകരിച്ചു. ഗ്രാംഷി, ഫാനൻ തുടങ്ങിയവരുടെ വിചാരലോകങ്ങളിലേക്കും ജോർജിയോ അഗംബനിലേക്കും വായന വിപുലമായതോടെ ഗാന്ധിയുടെ വ്യക്തിത്വം കൂടുതൽ തിളങ്ങാൻ തുടങ്ങി. ഹിംസയുടെ പ്രവാചകൻ എന്നറിയപ്പെടുന്ന ഫ്രാൻസ്ഫാനനെക്കാൾ അഹിംസയുടെ പ്രവാചകനായ ഗാന്ധിയായിരിക്കും വരുംകാലങ്ങളിൽ ലോകത്തിന്റെ കെടാവിളക്കായി മാറുക എന്ന തിരിച്ചറിവുണ്ടായി. സ്വന്തം ജീവിതം അന്യജീവിതങ്ങൾക്കായി ഉഴിഞ്ഞുവച്ച മഹാത്മാവായിരുന്ന ഗാന്ധി. അദ്ദേഹം ഒന്നുംതന്നെ തുടങ്ങിയിടത്തുതന്നെ അവസാനിപ്പിച്ചയാളല്ല. നട്ടപ്പോഴും പറിച്ചപ്പോഴും ഒരു കുട്ട തന്നെ മിച്ചം കിട്ടുന്ന തീവ്ര വിപ്ലവസിദ്ധാന്തങ്ങളേക്കാൾ ഗാന്ധിയുടെ ഗ്രാമസ്വരാജ് എന്നും തലയുയർത്തി നിന്നു. പി. നാരായണമേനോൻ എന്ന അധ്യാപകൻ തൃശ്ശൂർ കേരളവർമ്മ കോളെജിൽ തന്റെ റിട്ടയർമെന്റിനോടടുത്ത കാലത്ത് ബി.എ. മലയാളം ക്ലാസ്സിൽ പഠിപ്പിച്ച 'എന്റെ ഗുരുനാഥൻ' എന്ന വള്ളത്തോൾ കവിതയും അതിന്റെ ബൃഹത്തായ വ്യാഖ്യാനവും ഗാന്ധിയെന്താക്കി, ഇന്ത്യ മാന്തി പുണ്ണാക്കി എന്ന നാട്ടികയിലും മറ്റും കേട്ടതായി എന്റെ പിതാവ് കുട്ടിക്കാലത്ത് എന്നെ കേൾപ്പിച്ച മുദ്രാവാക്യത്തെ മറികടക്കാൻ പ്രേരണയായി. ഗാന്ധി കേവലം പുസ്തകങ്ങളോ ആശയങ്ങളോ ചിത്രങ്ങളോ മാത്രമല്ല. അങ്ങനെകരുതിയവരാണ് അദ്ദേഹത്തിന്റെ ചിത്രങ്ങളും പ്രതിമകളും എടുത്തെറിയപ്പെട്ടപ്പോൾ നോക്കിനിന്നത്. ഗാന്ധി ഒരു ജീവിതമാതൃകയാണ്. അതു മനസ്സിലാക്കിയവർ പണിയിടങ്ങളിൽനിറയുമ്പോഴാണ് ജീവനുള്ള ഗാന്ധിയെ വെടിയുണ്ടകളിൽനിന്നും തിരസ്കാരങ്ങളിൽനിന്നും വീണ്ടെടുക്കാനാകുക.




## ഭാവിയുടെ ഗാന്ധി

ഇന്ത്യയ്ക്ക് ഗാന്ധി എന്ന വയസ്സാംകാലത്ത് വിലപിച്ചവർ പോലും ലോകത്തിന് ഗാന്ധി എന്നു പറയാൻ തയാറായില്ല. ലോകത്തിന് ഗാന്ധിമാത്രമാണ് മാതൃക എന്നിവിടെ വിവക്ഷയില്ല. ഗാന്ധി ഒരു പ്രധാന മാതൃകയാണെന്നുമാത്രമേ അർഥമാക്കുന്നുള്ളൂ. വിദ്യാഭ്യാസം, ആരോഗ്യം, വൈദ്യം, ഭക്ഷണം, വസ്ത്രം, പാർപ്പിടം, സാങ്കേതികവിദ്യ, സ്വത്തുടമാവ്യവസ്ഥ എന്നിവയിൽ ഗാന്ധി പുലർത്തിയ നിലപാടുകൾ, കാർക്കശ്യങ്ങൾ എന്നിവയ്ക്ക് സ്വാതന്ത്ര്യാനന്തര ഇന്ത്യ നൽകിയത് മിക്കവാറും അവഗണനയാണ്. ഭാവിയുടെ ഗാന്ധി കോളനിയനന്തര ജീവിതക്രമത്തിന്റെ ഐക്കണായിരിക്കും. നിലത്തൂന്നിയ വടി. ചുറ്റും വീശുന്ന പോരാളിയായിരിക്കും. ഹിംസിക്കുന്ന ഗാന്ധിയെയല്ല ഇതുകൊണ്ടർഥമാക്കുന്നത് പ്രതിമയിൽനിന്ന് മാറി പ്രതികരിക്കുന്ന ഗാന്ധിയെയാണ്. മുമ്പേ സൂചിപ്പിച്ച ഗാന്ധിയൻ നിലപാടുകളിൽ അവസാനത്തേത് ഒഴികെയുള്ളവ നിശ്ചയമായും ഉച്ചമുതലാളിത്തത്തിന്റെ ഈ ആസുരകാലത്ത് അതായത് ആഗോളവൽക്കരണാനന്തരമുള്ള നവലോകക്രമത്തിൽ ഏറെ പ്രസക്തമാണ്. വാർധാപദ്ധതി മുന്നോട്ടു വച്ച മാതൃഭാഷയിലുള്ള വിദ്യാഭ്യാസം, തൊഴിലധിഷ്ഠിത വിദ്യാഭ്യാസം, സഹവർത്തനം, ആശ്രമമാതൃക എന്നിവയുടെ പ്രാധാന്യം നാം ആഴത്തിൽ തിരിച്ചറിയണം. വാർധാപദ്ധതിയുടെ വികസിതമാതൃക നിർമിച്ചെടുക്കേണ്ടതിനെപ്പറ്റി പ്രൈമറിതലം മുതൽക്കു മാത്രമല്ല ഉന്നതവിദ്യാഭ്യാസ രംഗത്തു വരെ ചർച്ചയുണ്ടാകണം. ഉന്നതവിദ്യാഭ്യാസം നേടിയവരുടെ തൊഴിലില്ലായ്മയാണല്ലോ കേരളം നേരിടുന്ന മുഖ്യവെല്ലുവിളി. യു.കെ., കാനഡ, അമേരിക്ക, ആസ്ട്രേലിയ തുടങ്ങിയ ഇടങ്ങളിലേക്കുള്ള വിദ്യാർഥികളുടെ പരക്കംപാച്ചിലും അവിടെ അനുഭവിക്കേണ്ടിവരുന്ന ധനപരവും സാംസ്കാരികവുമായ പ്രശ്നങ്ങളും കേരളീയ സമൂഹം വേണ്ടത്ര ചർച്ച ചെയ്തിട്ടുണ്ടോ? ഐ.ഐ.ടി.കളിൽ ഇവിടെനിന്നുപോയ മിടുക്കരായ വിദ്യാർഥികൾ ആത്മഹത്യചെയ്യുമ്പോൾ മാത്രം ചാനൽ ചർച്ചയാക്കേണ്ട വിഷയമല്ല ഇത്. ദേശീയവിദ്യാഭ്യാസനയത്തിലെ ഫാസിസ്റ്റുസ്വഭാവമുള്ള നടപടികളെ വിമർശിക്കുക മാത്രമല്ല നാം ചെയ്യേണ്ടത്. സംസ്ഥാനത്തിന് കൂടുതൽ യോജ്യമായ പ്രാദേശിക വിദ്യാഭ്യാസനയം രൂപപ്പെടുത്തുകയും വേണം. ആദിവാസി




*ഗാന്ധിജിയും സുഭാഷ്ചന്ദ്രബോസും*

മേഖലകളിലെ കുട്ടികളുടെ പൊതുവിദ്യാലയങ്ങളിൽ നിന്നുള്ള കൊഴിഞ്ഞുപോക്ക്, മോഡൽ റെസിഡെൻഷ്യൽ സ്കൂളുകളിലെ ജീവനക്കാരുടെയും അധ്യാപകരുടെയും വിവേചനപരമായ പെരുമാറ്റം, ഗിരിവർഗമേഖലകളിലെ സ്വയം ഭരണം, ആദിവാസി ഊരുകളിൽ ഇന്റർനെറ്റ്, സിറോക്സ് തുടങ്ങിയ സൗകര്യങ്ങൾ ഏർപ്പെടുത്തൽ പൊളിഞ്ഞുവീഴാറായതും പണി പൂർത്തിയാകാത്തതുമായ വീടുകളുടെ അടിയന്തിര പുനർനിർമാണം തുടങ്ങിയ കാര്യങ്ങൾ ആദിവാസി ബാലകരുടെ പഠനപ്രക്രിയയോട് നേരിട്ട് ബന്ധപ്പെട്ടിരിക്കുന്നു. ആരോഗ്യം, വൈദ്യം, ഭക്ഷണം എന്നിവയിലെ ഗാന്ധിയൻ വിചാരങ്ങൾ കൂട്ടായി പരിഗണിക്കപ്പെടണം. ആരോഗ്യരംഗത്തെ അഴിമതി, സമ്പത്തിന്റെ അത്യധികമായ സ്വാധീനം, സർക്കാരിതര ആശുപത്രികളിലെ കണ്ണിൽച്ചോരയില്ലാത്ത തരം പണം പിടുങ്ങൽനയം, സർക്കാരാശുപത്രികളിലെ ഡോക്ടർമാരുടെ കെടുകാര്യസ്ഥത, സ്വകാര്യ പ്രാക്ടീസ് എന്നിവ അവസാനിപ്പിക്കാൻ അടിയന്തിര നടപടികൾ വിവിധ സർക്കാരുകൾ സ്വീകരിക്കണം. ഗവൺമെന്റ് മെഡിക്കൽ കോളെജുകളിൽ പഠിക്കുന്ന വിദ്യാർഥികളെയെങ്കിലും ഹിപ്പോക്രാറ്റിക് ഓത്തിന്റെ മഹിമയാൽ ജീവിതം പുലർത്താൻ അനുശാസിക്കണം. ഫാസ്റ്റ് ഫുഡ് സംസ്കാരം, ടെക്കി കൾച്ചർ എന്നിവ ചേർന്ന് ഗ്യാസ്ട്രോ എൻട്രോളജിസ്റ്റിന്റെ മുന്നിൽ നോട്ടുനിരോധനസമയത്തുണ്ടായ ബാങ്ക്ക്യൂ പോലെയുള്ള രോഗികളുടെ നിര സൃഷ്ടിക്കുന്നുണ്ട്. ഇത്തരം ആഹാരശൈലികേന്ദ്രങ്ങൾ വർദ്ധിക്കുന്നത് ഗാന്ധിയൻ മാതൃകയ്ക്ക് നവോർജമാകും. ആഹാരശൈലിയാണല്ലോ പ്രമേഹം, കൊളസ്ട്രോൾ, ഹൃദയസ്തംഭനം, ക്യാൻസർ, കരൾവീക്കം തുടങ്ങിയ രോഗങ്ങൾ ഇന്ത്യയിൽ വർധിപ്പിച്ചത്. ഫ്ളാറ്റുകളിലെയും വീടുകളിലെയും മാലിന്യങ്ങൾ തള്ളാനുള്ള ഇടമായി മാറിയ ഗ്രാമങ്ങളെ നാം വീണ്ടെടുക്കണം. പുതിയ കേരളം, പുതിയ ഇന്ത്യ രൂപപ്പെടുത്താൻ വൈദ്യം, ഭക്ഷണം എന്നിവയിൽ കഴിയുന്നിടത്തോളം ഗാന്ധിയൻ മാതൃക പിന്തുടരണം. മാംസം, മത്സ്യം, പാൽ എന്നിവ പൂർണമായി ഒഴിവാക്കണമെന്നല്ല ഇവിടെ വിവക്ഷ. അവയുടെ ഉപയോഗം പരമാവധി കുറയ്ക്കണമെന്നത്രെ.

ഇന്ത്യൻ ജാതി യാഥാർഥ്യങ്ങളെ അംബേദ്കറുമായുള്ള എൻകൗണ്ടറിനു ശേഷമെങ്കിലും ഒരു പരിധി വരെ ഗാന്ധി അഭിമുഖീകരിച്ചു. വർണസംവിധാനത്തിനായി വൈഷ്ണവനായ ആ സാധു നിലകൊണ്ടിട്ടുണ്ടാവാം. പക്ഷേ, ഖൈർലാഞ്ചിയിലേക്കും ഹത്രാസിലേക്കും നയിച്ച ഗ്രാമപ്പഞ്ചായത്തുകളല്ല ഗാന്ധി വിഭാവനം ചെയ്തത്. അത് വിനോബഭാവെയുടെയും അണ്ണാഹസാരയുടെയും പിന്തുടർച്ചകളോട് എത്രമാത്രം അകന്നുനിൽക്കുന്നുവെന്ന് ഗാന്ധിപണ്ഡിതന്മാർ പറയും.

വസ്ത്രമാണ് ഇന്ത്യയുടെ തീരാത്ത കോളനിവൽക്കരണത്തിൽ ഏറ്റവും നിർണായകമായി തോന്നുന്നത്. ഗാന്ധി അഴിച്ചുവച്ച കോട്ടും സ്യൂട്ടും എടുത്തണിയാനാണ് നമുക്കിഷ്ടം. എത്ര പണം വസ്ത്രത്തിനുവേണ്ടി വ്യയം ചെയ്യാനും തരുണന്മാർക്കും തരുണിമാർക്കും മടിയില്ല. അല്പം ധൂർത്ത് വസ്ത്രകാര്യത്തിൽ കുറച്ചാൽ അയൽപ്പക്കത്തെ ദരിദ്രനാരായണന് തങ്ങളുടെ വകയായി ഒരാടിനെയോ പശുവിനെയോ എരുമയേയൊ വാങ്ങിക്കൊടുത്ത് ഉപജീവനമാർഗം സൃഷ്ടിക്കാം എന്ന് ഒരു കൊച്ചുതൊമ്മനും ക്ലാരാക്ലാർക്കുമാരും ഇപ്പോഴും കരുതുന്നില്ല. അപവാദങ്ങളുണ്ടാകാം അവരെ മനസ്സാസ്മരിക്കുന്നു. ശ്വാസംമുട്ടുന്ന സ്കൂൾ, ഓഫീസ് യൂണിഫോമുകൾ, വൻകിട ഹോട്ടലുകളിലെയും പാർട്ടികളിലെയും ഉപചാര വസ്ത്രങ്ങൾ, അകമ്പടിമേളങ്ങൾ എന്നിവ ഗ്രാമീണ ഇന്ത്യയെയും അതിലെ

വസ്ത്രമാണ് ഇന്ത്യയുടെ തീരാത്ത കോളനിവൽക്കരണത്തിൽ ഏറ്റവും നിർണായകമായി തോന്നുന്നത്. ഗാന്ധി അഴിച്ചുവച്ച കോട്ടും സ്യൂട്ടും എടുത്തണിയാനാണ് നമുക്കിഷ്ടം. എത്ര പണം വസ്ത്രത്തിനുവേണ്ടി വ്യയം ചെയ്യാനും തരുണന്മാർക്കും തരുണിമാർക്കും മടിയില്ല.



*ഗാന്ധിജി*

ദരിദ്രനാരായണന്മാരെയും നോക്കി പല്ലിളിക്കുന്നത് നിർത്തുമ്പോഴെ ഇക്കാര്യത്തിന് ശമനം വരൂ. ഭരണകൂടതലത്തിലെ ഇടപെടൽ കുറച്ചെങ്കിലും ഇക്കാര്യത്തിലുണ്ടാവണം. 'ഖാദിവസ്ത്രങ്ങൾ കൈക്കൊൾവിനേവരും' എന്ന് കവിയെഴുതിയത് പാഴാവുകയാണ്. സബ്സിഡികൊണ്ടു മാത്രം നിലനിർത്താവുന്നതല്ല ഖാദിബോർഡുകൾ. പുതിയ തലമുറയ്ക്ക് ഖാദി വസ്ത്രങ്ങളോട് താല്പര്യം വളർത്താൻ സർക്കാർ എയിഡഡ് വിദ്യാലയങ്ങളിലെ യൂണിഫോമുകൾ സർക്കാർ ഓഫീസുകളിലെ ഉദ്യോഗസ്ഥരുടെ വസ്ത്രങ്ങൾ എന്നിവ ഖാദിയാകണമെന്ന് (ചുരുങ്ങിയത് ആഴ്ചയിലൊരിക്കലെങ്കിലും) നിർബന്ധമാക്കി ഉത്തരവ് പുറപ്പെടുവിക്കണം. എന്തുകൊണ്ട് ഇത്തരം സർക്കുലറുകൾ അയയ്ക്കപ്പെടുന്നില്ല എന്നത് ഉത്തരം കിട്ടാത്ത ചോദ്യമാണ്.

കൂട്ടുകുടുംബങ്ങളിൽനിന്ന് അണുകുടുംബങ്ങളിലേക്കുള്ള മാറ്റം മാത്രമല്ല പാർപ്പിടങ്ങളുടെ രൂപഭാവങ്ങൾ മാറ്റിയത്. വ്യക്തികളെ, വിശിഷ്യ കുട്ടികളെ നെഗറ്റീവായി ബാധിക്കുന്നതാണ് ആധുനികമായ പല പാർപ്പിടസംവിധാനങ്ങളും. ഫ്ളാറ്റുകൾ, വൻമാളികകൾ, കച്ചവടസ്ഥാപനങ്ങൾ എന്നിവയ്ക്കായി ജലമാർഗങ്ങൾ കെട്ടിയടച്ചത് സൃഷ്ടിക്കുന്ന പരിസ്ഥിതി പ്രശ്നങ്ങൾ വേറെ. വനമേഖലയിൽ വീടുകൾ നിർമിച്ചതിന്റെ ദുരന്തഫലങ്ങൾ നാമിന്നനുഭവിക്കുന്നു. സുസ്ഥിരവികസനം എന്ന മുദ്രാവാക്യം മാറ്റി താൽക്കാലിക വികസനം എന്നതിലേക്ക് തിരിഞ്ഞതിന്റെ പരിണതഫലങ്ങളാണ് വെള്ളക്കെട്ടും ഉരുൾപൊട്ടലും. ചെലവുകുറഞ്ഞ വീടുകൾ അതായത് നഷ്ടപ്പെട്ടാലും വലുതായി സാമ്പത്തികബാധ്യത വരാത്ത വീടുകളിലേക്ക് മേൽപ്പറഞ്ഞ പ്രദേശങ്ങളിലെ ആളുകളെങ്കിലും മാറിയാൽ നല്ലത്. ഇന്ത്യയിൽ പഞ്ചവത്സരപദ്ധതികളുടെ ഫലമായി നെഹ്റുവിയൻ മിശ്രസമ്പദ് വ്യവസ്ഥയായിരുന്നു പുലർന്നത്. അതുമാറി വൻകിട കോർപ്പറേറ്റുകൾക്ക് തുറമുഖവും വിമാനത്താവളവും ഭാവിയിൽ സുരക്ഷാസംവിധാനങ്ങൾ വരെ തീറെഴുതുന്ന നയങ്ങളിലേക്ക് ഇപ്പോൾ ഭരണക്കാർ മാറിയിട്ടുണ്ട്. ഈ രണ്ടുമാതൃകയും സാങ്കേതികവിദ്യയെക്കുറിച്ചുള്ള ഗാന്ധിയൻ സങ്കല്പങ്ങളിൽ നിന്നുള്ള പിന്മടക്കമായിരുന്നു. കൂടുതൽ പേർക്ക് പ്രയോജനകരമായതും ചെലവുകുറഞ്ഞതുമായ സാങ്കേതിക വിദ്യകൾ, മാർഗങ്ങൾ, തദ്ദേശീയമോ പ്രാദേശികമോ ആയ ഉപകരണങ്ങൾ എന്നിവയിലൂന്നൽ നൽകുന്ന സാങ്കേതികവിദ്യാവികാസം ഇനിയും ഇന്ത്യയിൽ നടപ്പിലായില്ല. നവോത്ഥാന പൂർവഘട്ടത്തിലെ സാങ്കേതികവിജ്ഞാനത്തെക്കുറിച്ച് ഈ ഘട്ടത്തിൽ മലയാളികൾ ചിന്തിക്കണം. ഇതര സംസ്ഥാനങ്ങളിലെ ക്ഷേത്രനിർമിതികൾ, പാലങ്ങൾ, ജലസേചനസംവിധാനങ്ങൾ, കാർഷിക വ്യാവസായിക സാങ്കേതികവിദ്യകൾ മുതലായവയേക്കുറിച്ച് ചിന്തിക്കുകമാത്രമല്ല, ഇരുമ്പയിര് ഖനനമടക്കമുള്ള കാര്യങ്ങളിലെ പഴമ, പാരമ്പര്യം എന്നിവയുടെ തുടർച്ചയുണ്ടാക്കാൻ അടിത്തട്ടിലെ വിജ്ഞാനം നാം പ്രയോജനപ്പെടുത്തണം. ഇത്തരം പ്രവർത്തനങ്ങളിലൂടെ ഭാവിയുടെ ഗാന്ധിയെയാണ് മലയാളികൾ, ഇന്ത്യക്കാർ രൂപപ്പെടുത്തുന്നതെന്ന തിരിച്ചറിവുണ്ടാകണം. ഗാന്ധിയൻ സാമ്പത്തികക്രമമായ ട്രസ്റ്റിഷിപ്പ് സമ്പ്രദായത്തെക്കുറിച്ച് സോഷ്യലിസ്റ്റുകളും മാർക്സിസ്റ്റുകാരും അംബേദ്കറൈറ്റുകളും വിയോജിപ്പ് പ്രകടിപ്പിച്ചിട്ടുണ്ടെന്നത് ശരി. പക്ഷേ, തൊഴിലുടമ വേണം തൊഴിലുണ്ടാക്കാൻ എന്ന

**ഇന്ത്യയിൽ പഞ്ചവത്സരപദ്ധതികളുടെ ഫലമായി നെഹ്റുവിയൻ മിശ്രസമ്പദ് വ്യവസ്ഥയായിരുന്നു പുലർന്നത്. അതുമാറി വൻകിട കോർപ്പറേറ്റുകൾക്ക് തുറമുഖവും വിമാനത്താവളവും ഭാവിയിൽ സുരക്ഷാ സംവിധാനങ്ങൾ വരെ തീറെഴുതുന്ന നയങ്ങളിലേക്ക് ഇപ്പോൾ ഭരണക്കാർ മാറിയിട്ടുണ്ട്.**

പ്രാഥമികപാഠം അവരിൽ പലരും മറക്കുന്നു. കടകളും വ്യവസായ സ്ഥാപനങ്ങളും പൂട്ടിക്കൽ, വാണിജ്യമേഖല സ്തംഭിപ്പിക്കൽ തുടങ്ങിയ പ്രവർത്തനങ്ങളിലൂടെ കഴിഞ്ഞകാലത്ത് നാം കണ്ട കാര്യങ്ങൾ ഇക്കാര്യം ശരിവയ്ക്കുന്നു. കോടതികളും നിയമപാലകരും ഇക്കാര്യത്തിൽ ചില നിർദേശങ്ങൾ നൽകുന്നുണ്ടെങ്കിലും ഉദ്ദേശിച്ചത്ര ഫലം ഉണ്ടായിട്ടില്ല. മനപ്പരിവർത്തനം വന്ന മുതലാളിക്കുമാത്രമേ ഗാന്ധിയൻ ട്രസ്റ്റിഷിപ്പിൽ ആദർശാത്മകമായി തന്റെ പങ്കാളിത്തം വഹിക്കാനാവൂ. അധികാരം നേടാൻ രാഷ്ട്രീയ ലക്ഷ്യങ്ങളോടെ കമ്പനി നടത്തുന്നവർക്ക് അതിന് കഴിയില്ല. ഇങ്ങനെ അപകോളനീകരണത്തിന്റെ രാഷ്ട്രീയം നാട്ടിലുയർന്നു വരുമ്പോഴാണ് കേരളത്തിലും ഇന്ത്യയിലും ഭാവിയുടെ ഗാന്ധി ഉയിർത്തെഴുന്നേൽക്കുക. ഈ ഉയിർത്തെഴുന്നേൽപ്പിന്റെ അടിസ്ഥാനം കോളനിയനന്തര വിചാരമാതൃകയാണ്. അതിലൂടെയേ ഗാന്ധി വിഭാവന ചെയ്ത സർവോദയദർശനം പ്രാവർത്തികമാകൂ.

## ഗാന്ധിയുടെ ഭാവി

ഇന്ത്യയിലെ ഗാന്ധിയുടെ ഭാവി ആശങ്കാജനകമാണെന്ന് മുമ്പേ പറഞ്ഞു വച്ചു. സ്വാതന്ത്ര്യസമരത്തിന്റെ നായകസ്ഥാനത്തേക്ക് ബ്രിട്ടീഷ് ഏജന്റമാരോ, ബ്രിട്ടന് ജയ് വിളിച്ചവരോ, വെള്ളക്കാർക്ക് കീഴടങ്ങിയവരോ എഴുന്നള്ളിക്കപ്പെട്ടു തുടങ്ങിയിട്ട് നാളേറെയായി. പക്ഷേ, അവർക്ക് പുരസ്കാരങ്ങൾ ഏർപ്പെടുത്തുകയും അവരുടെ പേരിൽ ക്ഷേമപദ്ധതികളും സ്ഥാപനങ്ങളും തുടങ്ങുകയും ചെയ്തത് ഒരു ദശകത്തിനിടെയാണ്. ഇതു വർധിക്കുന്നതോടെ ചർക്ക, വാർധാപദ്ധതി, അഹിംസ എന്നിവ ഇന്ത്യയിൽനിന്ന് എന്നെന്നേക്കുമായി പറിച്ചെറിയപ്പെടും. പക്ഷേ, ഇന്ത്യ ഗ്രാമങ്ങളിൽ ജീവിക്കുന്നതുപോലെ ഗാന്ധിയും ഇന്ത്യൻ ജനതയുടെ ഹൃദയത്തിൽ ശോഭിക്കും. ആ ശോഭയുടെ തിരി കെടുത്താൻ ആർക്കുമാവില്ല.

## ഗ്രന്ഥസൂചി


1. അയ്യപ്പത്ത് മാധവൻ ധർമ്മപഥം (വിവ.) കറന്റ് ബുക്സ് തൃശ്ശൂർ 2000.
2. അരവിന്ദാക്ഷൻ കെ. ഗാന്ധിയുടെ ജീവിതദർശനം മാതൃഭൂമി ബുക്സ് കോഴിക്കോട് 2008
3. കൃഷ്ണകുമാർ എസ്. മഹാത്മജിയും മലയാളകവിതയും കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട് തിരുവനന്തപുരം 2012.
4. കൃഷ്ണനുണ്ണി പി. ജോർജിയോ അഗംബൻ നാഷണൽ ബുക്സ്റ്റാൾ കോട്ടയം 2015
5. ഗാന്ധി എം.കെ ആത്മകഥ അഥവാ എന്റെ സത്യാന്വേഷണ പരീക്ഷണ കഥ. നവജീവൻ പബ്ലിഷിംഗ് ഹൗസ് അഹമ്മദാബാദ് 1997
6. ദയാനന്ദൻ ഗാന്ധിദർശനം ജിഹ്വാ പബ്ലിക്കേഷൻസ്, ബ്രഹ്മമംഗലം 2005
7. ദാദാ ധർമാധികാരി സർവോദയദർശനം വിവ. എൻ.പി. സുകുമാരൻ പൂർണോദയ ബുക്സ് കൊച്ചി 1997
8. ബാലകൃഷ്ണൻ നമ്പ്യാർ കെ. വിദ്വാൻ പി. കേളുനായർ ജീവിതവും കൃതികളും. നാഷണൽ ബുക്സ്റ്റാൾ കോട്ടയം 1992
9. മഹാത്മാഗാന്ധി ഹിന്ദ് സ്വരാജ് വിവ. സി.പി. ഗംഗാധരൻ, പൂർണോദയ ബുക്ക് ട്രസ്റ്റ് കൊച്ചി 2001
10. മാധവ് ഗാഡ്ഗിൽ വിണ്ടുകീറിയ ഈ ഭൂമി വിവ. പി.എസ്. രവീന്ദ്രൻ കേരള ശാസ്ത്രസാഹിത്യ പരിഷത്ത് 1992.
11. രാമചന്ദ്ര ഗുഹ ഗാന്ധി ഇന്ത്യയ്ക്കു മുമ്പ് വിവ. അനിൽ കുമാർ അങ്കമാലി, കെവി. തെൽഹത്ത് ഡി.സി. ബുക്സ് കോട്ടയം 2020.


*(കെ.കെ. ശിവദാസ് - 9446429793)*

## "എഴുത്തുകാരുടെ ശ്രദ്ധയ്ക്ക് "

കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ടിൽ പുസ്തകം പ്രസിദ്ധീകരിക്കുന്നതിനുവേണ്ടി സ്ക്രിപ്റ്റ് അയയ്ക്കേണ്ട രീതി പരിഷ്കരിച്ചു. publisher@silkerala.in എന്ന ഇമെയിൽ മുഖേനയാണ് രചയിതാക്കൾ ഇൻസ്റ്റിറ്റ്യൂട്ടിന് സ്ക്രിപ്റ്റ് അയയ്ക്കേണ്ടത്. പുസ്തകത്തിന്റെ PDF, വർക്ക് ഫയൽ, ചിത്രങ്ങൾ, ചാർട്ടുകൾ, മറ്റ് അനുബന്ധങ്ങൾ എന്നിവ അയയ്ക്കേണ്ടതാണ്. തുടർന്ന് പബ്ലിക്കേഷൻ കമ്മിറ്റി പരിശോധിച്ചാകും പ്രസിദ്ധീകരിക്കുക. യൂണിക്കോഡിൽ വേർഡിലോ ഇൻഡിസൈനിലോ ടൈപ്പ് ചെയ്യണം.

– ഡയറക്ടർ




# ആധുനികതയുടെ രാഷ്ട്രീയം മലയാളനാടകത്തിൽ

**മോഹനൻ കെ.**

'നാടകം ഒരായുധമാണ്. വളരെ ഫലപ്രദമായ ഒരായുധം. നാം അതിനുവേണ്ടി പടവെട്ടണം. ഭരണവർഗം എക്കാലവും നാടകത്തിന്മേൽ പിടിമുറുക്കുന്നതും അതിനെ അധീശാധികാരത്തിനുള്ള ഉപകരണമാക്കുന്നതും, ഇക്കാരണം കൊണ്ടാണ്. എന്നാൽ ഓർക്കുക മോചനത്തിനുള്ള ഒരായുധം കൂടിയാണ്' (അഗസ്റ്റോബോൾ 1973 : 9). അനേകം ധ്വനി പാഠങ്ങൾ ഉൽപ്പാദിപ്പിക്കാൻ ശേഷിയുള്ള നാടകമെന്ന സമ്പൂർണ കലാരൂപത്തെ കുറിച്ച് ഇന്നേവരെ ഉണ്ടായിട്ടുള്ളതിൽ വച്ച് ഏറ്റവും കരുത്തുറ്റ ഒരു നിരീക്ഷണമാണ് മുകളിൽ ഉദ്ധരിച്ചിരിക്കുന്നത്. നാടക സൈദ്ധാന്തികനായ അഗസ്റ്റോബോളിന്റെ തിയേറ്റർ ഓഫ് ഒപ്രസ്ഡിലെ ഈ വീക്ഷണം നാടകത്തെ സംബന്ധിച്ച് വളരെ കൃത്യമാണ്. ലോകമെങ്ങുമുള്ള സാമൂഹിക രാഷ്ട്രീയ മുന്നേറ്റങ്ങളെ കൂടുതൽ മാനവീകോന്മുഖമാക്കി പരിവർത്തിപ്പിക്കുന്നതിൽ നിർണായക ശക്തിയായി നിലകൊണ്ട ഒരു കലാരൂപം എന്ന നിലയിൽ നാടകം ഒരു രാഷ്ട്രീയ ഉപകരണം തന്നെയാണ്. ആധുനികതയുടെ രാഷ്ട്രീയം മലയാള നാടകങ്ങളെ മുൻനിർത്തി വിശകലനം ചെയ്യാനാണ് ഇവിടെ ശ്രമിക്കുന്നത്

ആധുനിക മലയാള നാടകത്തിന്റെ രാഷ്ട്രീയം വിശകലനം ചെയ്യുമ്പോൾ 1930 തുകളിൽനിന്ന് ആരംഭിക്കേണ്ടതുണ്ട്. 1930 മുതൽ 40 വരെയുള്ള കാലഘട്ടത്തെ ഉണർവിന്റെ കാലമെന്നാണ് ജി. ശങ്കരപ്പിള്ള വിശേഷിപ്പിക്കുന്നത്. 'നാടകം ഗൗരവപൂർവം കൈകാര്യം ചെയ്യേണ്ട ഒരു ശാഖയാണെന്ന് അപൂർവം പേർക്കെങ്കിലും തോന്നിതുടങ്ങിയ കാലഘട്ടമാണിത്. അന്യ സാഹിത്യ സമ്പർക്കം അവരെ അതിന് സഹായിച്ചിരിക്കാം അതൊന്ന്. അതുപോലെ സാമൂഹികമായ അനാചാരങ്ങൾക്കെതിരെ ആരംഭം കുറിച്ച തീവ്രവിപ്ലവ പരിശ്രമങ്ങൾക്ക്






*തോപ്പിൽ ഭാസി*
*സി.ജെ. തോമസ്*

നാടകത്തെ ഒരുപാധിയാക്കാമെന്ന് പ്രയോഗവ ശാൽത്തന്നെ അറിയുവാൻ കേരളത്തിനു സാധിച്ച തും ഈ കാലഘട്ടത്തിലാണ് '. (1987:63)

ജാതി, മതം, സങ്കീർണമായ ആചാരാനുഷ്ഠാന ങ്ങൾ എന്നിവയാൽ ബന്ധിക്കപ്പെട്ട ഒരു ജനത സാമൂഹിക സാംസ്കാരിക ജീവിതത്തിൽ ഉണ്ടായി ക്കാണാൻ ആഗ്രഹിച്ച മാറ്റങ്ങൾ നവോത്ഥാന ചിന്താവിപ്ലവത്തോടെ യാഥാർഥ്യമാകാൻ തുടങ്ങി. നാടകമെന്ന കലാരൂപത്തോടുള്ള സമീപനത്തിൽ മാറ്റം വന്നു. സാമൂഹിക ജീവിതത്തിന്റെ ഭാഗധേയ ങ്ങൾ നിർണയിക്കുന്നതിൽ അതിന് വലിയ പങ്കു ണ്ടെന്ന് തിരിച്ചറിഞ്ഞു. സാമൂഹികമായ അനാചാ രങ്ങളെ പ്രമേയവൽക്കരിച്ചുകൊണ്ട് യോഗക്ഷേമ സഭയുടെ നേതൃത്വത്തിൽ മൂന്ന് നാടകങ്ങളാണ് ഇക്കാലത്ത് അരങ്ങിലെത്തിയത്. വി.ടി. ഭട്ടതിരി പ്പാടിന്റെ അടുക്കളയിൽനിന്ന് അരങ്ങത്തേക്ക് (1930) എന്ന നാടകം അവതാരികാകാരനായ കെ. കേള പ്പൻ സൂചിപ്പിച്ചതുപോലെ നമ്പൂതിരി സമുദായത്തി ന്റെ അകത്തളത്തിലും അടുക്കളയിലും പൊട്ടിയ ആറ്റം ബോംബുതന്നെയായിരുന്നു. തുടർന്ന് 1931-ൽ എം.ആർ. ഭട്ടതിരിപ്പാടിന്റെ 'മറക്കുടയ്ക്കുള്ളിലെ മഹാ നരക'വും 1938-ൽ എം.പി. ഭട്ടതിരിപ്പാടിന്റെ 'ഋതു മതി'യും രംഗത്തുവന്നു. ഋതുമതിയുടെ ആമുഖമായി കുറിച്ചിട്ട ഗാനശകലത്തിൽ സൂചിപ്പിച്ചതുപോലെ ഈ മൂന്നു നാടകങ്ങളും കടില സമുദായ നീതിയി ലേക്കാണ് വിരൽ ചൂണ്ടുന്നത്.

മാറ്റങ്ങൾക്ക് വിധേയരാവാൻ കൂട്ടാക്കാതിരുന്ന നമ്പൂതിരി സമുദായത്തിൽ വൻ കോളിളക്കം സൃഷ്ടി ക്കാനും മറക്കുടയ്ക്കുള്ളിൽനിന്നും അന്തർജനങ്ങൾ പുറത്തുവരാനും പുരുഷനോടൊപ്പം വിദ്യാഭ്യാസം നേടാനും വിധവാവിവാഹം നടക്കാനും തുടങ്ങി.

സാമൂഹിക അധപ്പതനത്തിനെതിരെ പ്രതിക രിക്കാനുള്ള ശക്തമായ ആയുധമാക്കി നാടകത്തെ വി.ടി. ഭട്ടതിരിപ്പാട് കണ്ടതോടെ നാടക സാഹിത്യം പുതിയൊരു മേഖലയിലേക്ക് ചേക്കേറി (ഡോ: എസ്.വി. സുധീഷ് സാം 2018:76). അതോടൊപ്പം നാടകത്തെക്കുറിച്ച് പുതിയൊരവബോധം സൃഷ്ടി ക്കാനും പാട്ടും നൃത്തവും ശൃംഗാര പ്രയോഗത്തിനു മപ്പുറം നാടകത്തിന് നവ്യ സാധ്യതകളുണ്ടെന്ന് പ്രേക്ഷകസമൂഹത്തെ ബോധ്യപ്പെടുത്താനും സാധിച്ചു. ഈയൊരന്തരീക്ഷത്തെക്കുറിച്ച് ഡോ: ഉമർ തറമേൽ നടത്തിയ നിരീക്ഷണവും വളരെ ശ്രദ്ധേയമാണ്. മുപ്പതുകളിൽ വി.ടി, എം.ആർ.ബി. , പ്രേംജി തുടങ്ങിയവരാൽ നയിക്കപ്പെട്ട സാമൂഹിക നാടകവേദിയുടെ തുടർച്ച കെ.ദാമോദരന്റെ പാട്ട ബാക്കി(1937)യുടേയും, ഇടശ്ശേരിയുടെ കൂട്ടുകൃഷി (1949)യുടേയും തകഴിയുടെ തോറ്റില്ല (1946), മുന്നോ ട്ട് (1947), ചെറുകാടിന്റെ നമ്മളൊന്ന് തുടങ്ങിയ നാടകങ്ങളുടേയും അവതരണത്തിൽ സ്വാധീനം ചെലുത്തുകയുണ്ടായി. അതോടൊപ്പം സർഗസ്മരണ കളുടെ ചൂടും ചൂരും കുറേക്കൂടി രാഷ്ട്രീയ നാടകാവത രണങ്ങളുടെ സ്വഭാവത്തിലേക്ക് ഇവയെ കൊണ്ടു പോയി (2016:17). അക്കാലത്തെ സാമൂഹിക രാഷ്ട്രീയ നാടകങ്ങൾ സമൂഹത്തിലുണ്ടാക്കിയ സ്വാധീനം



*വി.ടി. ഭട്ടതിരിപ്പാട്*

**സാമൂഹിക അധപ്പത നത്തിനെതിരെ പ്രതികരിക്കാനുള്ള ശക്തമായ ആയുധമാ ക്കി നാടകത്തെ വി.ടി. ഭട്ടതിരിപ്പാട് കണ്ടതോ ടെ നാടക സാഹിത്യം പുതിയൊരു മേഖലയി ലേക്ക് ചേക്കേറി (ഡോ: എസ്.വി. സുധീഷ് സാം 2018:76). അതോ ടൊപ്പം നാടകത്തെക്കു റിച്ച് പുതിയൊരവ ബോധം സൃഷ്ടിക്കാനും പാട്ടും നൃത്തവും ശൃംഗാര പ്രയോഗത്തി നുമപ്പുറം നാടകത്തിന് നവ്യ സാധ്യതകളു ണ്ടെന്ന് പ്രേക്ഷകസമൂ ഹത്തെ ബോധ്യപ്പെടു ത്താനും സാധിച്ചു.**



*കെ. ദാമോദരൻ*

എത്രമാത്രമായിരുന്നെന്ന് തിരിച്ചറിയാൻ കാട്ടുമാടം നാരായണൻ രേഖപ്പെടുത്തിയ അഭിപ്രായം നോക്കിയാൽ മതിയാവും.

'ഒരു നാടകം കളിക്കുന്നു എന്നുകേട്ടാൽ വീട്ടിൽ കിടന്നുറങ്ങാൻ വയ്യായ്ക അന്നു നാട്ടിൽ ഒരു സ്വഭാവമായിക്കഴിഞ്ഞിരുന്നു. ആ സ്വഭാവമാണ് അടുക്കളയും ......... പാട്ടബാക്കിയും കാണാൻ ആളുകളെ സന്നദ്ധരാക്കിയതാണ്' (1990:104).

കേരളത്തിന്റെ രാഷ്ട്രീയനാടക ചരിത്രത്തിൽ ഒന്നാമതായി നിലകൊള്ളുന്ന നാടകങ്ങളാണ് കെ. ദാമോദരന്റെ പാട്ടബാക്കി (1938)യും രക്തപാന (1940)വും. സാമൂഹിക അസമത്വത്തിന്റെ മൂലകാരണമായ സാമ്പത്തിക അസമത്വത്തിലേക്കാണ് ഈ നാടകം വിരൽ ചൂണ്ടുന്നത്. ഉയരുന്ന യവനികയിൽ സി.ജെ. തോമസ് രേഖപ്പെടുത്തിയത് (2021:55) പാട്ടബാക്കി മലയാളത്തിന്റെ ഏറ്റവും വിജയകരമായ നാടകം എന്നാണ്. ഈയൊരു കാലഘട്ടത്തിൽ കേരളീയ സമൂഹത്തിൽ ഉയർന്നു വന്ന ഒരു മുദ്രാവാക്യം കൃഷിഭൂമി കൃഷിക്കാരന് എന്നതായിരുന്നു. ഈയൊരു വിഷയത്തെ ദൃശ്യവൽക്കരിക്കാനും പ്രശ്നവൽക്കരിക്കാനുമാണ് പാട്ടബാക്കി ശ്രമിച്ചത്. എ.കെ.ജി. തുടങ്ങിയ രാഷ്ട്രീയനേതാക്കൾ ഈ നാടകത്തിൽ അഭിനേതാക്കളായും ഇ.എം.എസ്. തുടങ്ങിയവർ അണിയറയിലും പ്രവർത്തിച്ചു എന്നതൊരു സവിശേഷതയാണ്.

'സാമൂഹികനാടകത്തിന്റെ നാട്യമുറകളിൽനിന്നായിരിക്കും ഏതു സംസ്കാരത്തിലും രാഷ്ട്രീയ നാടകവേദിയുടെ ഉരുവപ്പെടൽ സംഭവിക്കുക' (ഡോ: ഉമർ തറമേൽ 2016:15). അതുകൊണ്ടാണ് നാടകത്തെ ഒരു സാമൂഹിക ഉൽപ്പന്നം എന്ന നിലയിൽ നിരീക്ഷിക്കപ്പെടുന്നത്. സാമൂഹികവും രാഷ്ട്രീയവുമായ ഇടങ്ങളിൽ ഉണ്ടായിക്കാണാൻ സമൂഹമാഗ്രഹിച്ച മാറ്റങ്ങളെയാണ് രാഷ്ട്രീയനാടകങ്ങൾ പ്രശ്നവൽക്കരിച്ചത്. അതുകൊണ്ടുതന്നെ പാട്ടബാക്കി തുടങ്ങിയ നാടകങ്ങളെല്ലാം തന്നെ വെറും നാടകം മാത്രമായിരുന്നില്ല, ശങ്കരപ്പിള്ള വിശേഷിപ്പിച്ചതുപോലെ സാമൂഹികമാറ്റത്തിനു വേണ്ടിയുള്ള കൂട്ടായ യജ്ഞമായിരുന്നു.

ഭട്ടതിരിപ്പാടുമാരുടെ നാടകത്രയങ്ങൾക്കും കെ. ദാമോദരന്റെ പാട്ടബാക്കിക്കും ശേഷം മലയാളനാടകം വലിയ വളർച്ചയിലൂടെയാണ് മുന്നോട്ടുപോയത്. നിരവധി നാടകങ്ങൾ ഉണ്ടായി. ജി. ശങ്കരപ്പിള്ള നിരീക്ഷിച്ചതുപോലെ പൂർവ സമ്പ്രദായങ്ങളെ സംസ്കരിച്ചും രാഷ്ട്രീയപ്രധാനങ്ങളായും പരീക്ഷണ പ്രധാനങ്ങളായും നാടകവേദി വളർന്നുകൊണ്ടിരിക്കുന്നു. ഇക്കാലത്തുണ്ടായ രാഷ്ട്രീയനാടകങ്ങളെക്കുറിച്ച് മലയാള നാടക പ്രസ്ഥാനത്തിൽ കാട്ടുമാടം രേഖപ്പെടുത്തിയിട്ടുള്ള അഭിപ്രായം സവിശേഷശ്രദ്ധ അർഹിക്കുന്നതാണ്.

'രാഷ്ട്രീയനാടകങ്ങൾ എന്നപേരിൽ ഒട്ടേറെ കൃതികൾ മലയാളത്തിലുണ്ടായിട്ടുണ്ട്. അവ രാഷ്ട്രീയം പറയുന്ന കൃതികൾ എന്നതിനപ്പുറം വിദേശ ഭാഷാ കൃതികൾ വായിച്ചനുഭവമുള്ളവർക്കെങ്കിലും അവയിൽ ഭൂരിഭാഗവും രാഷ്ട്രീയ നാടങ്ങളായിരുന്നില്ലെന്ന് പറയാൻ കഴിയും.' (1990: 136). നമ്മുടെ രാഷ്ട്രീയനാടകങ്ങളുടെ പ്രധാനദോഷം അവയിൽ രാഷ്ട്രീയമില്ല എന്നതാണെന്ന് ഉയരുന്ന യവനികയിൽ സി.ജെ. തോമസ് നേരത്തെതന്നെ രേഖപ്പെടുത്തിയിരുന്നല്ലോ,

1940-50 കാലഘട്ടം അങ്ങേയറ്റം സംഘർഷഭരിതമായ സാമൂഹിക രാഷ്ട്രീയ സാഹചര്യങ്ങളിലൂടെയാണ് കടന്നുപോയത്. സ്വാതന്ത്ര്യത്തിനായുള്ള ദേശീയപ്രക്ഷോഭങ്ങൾ, രണ്ടാം ലോക മഹായുദ്ധത്തിന്റെ പ്രതികരണങ്ങൾ, ഉത്തരവാദിത്വ ഭരണ പ്രക്ഷോഭങ്ങൾ തുടങ്ങിയവ ജനജീവിതത്തിൽ ആകെ ബാധിച്ചിരുന്നു. നാടകരംഗത്ത് വലിയ ഇടപെടൽ ഉണ്ടായ ഒരു കാലമാണിത്. ഡോ: കെ. ശ്രീകുമാർ അഭിപ്രായപ്പെട്ടതുപോലെ നാടകത്തോളം ജനങ്ങളെ ആകർഷിക്കാനും സ്വാധീനിക്കാനും കഴിയുന്ന മറ്റൊരു കലാരൂപം ഇല്ലെന്ന തിരിച്ചറിവ് (2017:48) ആവണം ഒരു പക്ഷേ പ്രമുഖ എഴുത്തുകാർ വരെ നാടകരംഗത്തേക്ക് കടന്നുവരാൻ കാരണം. തകഴി, കേശവദേവ്, പൊൻകുന്നം വർക്കി എന്നിവരുടെ നാടക പ്രവേശം നാടക കമ്പനികൾക്കും ആസ്വാദകർക്കും വലിയ ആവേശമാണ് ഉണ്ടാക്കിയതെന്ന് സാഹിത്യചരിത്രം രേഖപ്പെടുത്തുന്നുണ്ട്. തകഴിയുടെ 'തോറ്റില്ല' എന്ന നാടകം തിരുവിതാംകൂറിലെ രാഷ്ട്രീയസമരത്തിൽ പങ്കെടുത്തവരുടെ സ്വകാര്യ ജീവിതത്തിന്റെ ആവിഷ്കാരമാണ്. പശ്ചാത്തലം രാഷ്ട്രീയമാണെങ്കിലും ഇതൊരു രാഷ്ട്രീയ നാടകമേ അല്ലെന്നാണ് ഉയരുന്ന യവനികയിൽ സി.ജെ. തോമസ് പറയുന്നത് (2021:57). എന്നാൽ ഉത്തരവാദിത്വ ഭരണപശ്ചാത്തലത്തിലെഴുതിയ ഈ നാടകത്തിന് സർ. സി.പി. രാമസ്വാമി അയ്യർ നിരോധനം ഏർപ്പെടുത്തുകയുണ്ടായി. കാട്ടുമാടം നാരായണന്റെ അഭിപ്രായത്തിൽ ഈ നിരോധനമാണ് തകഴിയുടെ 'തോറ്റില്ല' എന്ന നാടകത്തിന് പേരും പ്രചാരവും ഉണ്ടാക്കിക്കൊടുത്തത്.

'സാമൂഹിക നാടകത്തിന്റെ നാട്യമുറകളിൽനിന്നായിരിക്കും ഏതു സംസ്കാരത്തിലും രാഷ്ട്രീയ നാടകവേദിയുടെ ഉരുവപ്പെടൽ സംഭവിക്കുക' (ഡോ: ഉമർ തറമേൽ 2016:15). അതുകൊണ്ടാണ് നാടകത്തെ ഒരു സാമൂഹിക ഉൽപ്പന്നം എന്ന നിലയിൽനിരീക്ഷിക്കപ്പെടുന്നത്. സാമൂഹികവും രാഷ്ട്രീയവുമായ ഇടങ്ങളിൽ ഉണ്ടായിക്കാണാൻ സമൂഹമാഗ്രഹിച്ച മാറ്റങ്ങളെയാണ് രാഷ്ട്രീയനാടകങ്ങൾ പ്രശ്നവൽക്കരിച്ചത്.

വെറുമൊരു നാലാംകിട സംഭാഷണകൃതി എന്നാണ് അദ്ദേഹം വിശേഷിപ്പിച്ചത്.

പി. കേശവദേവിന്റെ മുന്നോട്ട്, മദ്യപാനി എന്നീ നാടകങ്ങൾക്ക് രാഷ്ട്രീയമായി ആശയപൂർണത അവകാശപ്പെടാൻ കഴിയില്ലെങ്കിലും കലാപരമായി ഒരു വിജയമായിരുന്നെന്നാണ് സി.ജെ. തോമസിന്റെ പക്ഷം (2021:57). മറ്റ നാടകകൃത്തുക്കളിൽനിന്നും പലതുകൊണ്ടും വ്യത്യസ്തനായ പൊൻകുന്നം വർക്കി സ്വസമുദായത്തിലെ അനാചാരങ്ങളും കാപട്യങ്ങളും അരങ്ങിലെത്തിക്കുക വഴി വലിയൊരു സാമൂഹിക ദൗത്യമാണ് നിർവഹിച്ചത്. അദ്ദേഹത്തിന്റെ ജേതാക്കൾ (1946), പ്രേമവിപ്ലവം (1949) എന്നിവ വളരെ ശ്രദ്ധിക്കപ്പെട്ട നാടകങ്ങളാണ്. എന്നാൽ ഈ മൂന്ന് പ്രമുഖ കഥാകൃത്തുക്കളുടേയും നാടകങ്ങളിൽ നാടകത്തിന് അവശ്യം വേണ്ട രാഷ്ട്രീയം ഇല്ല (1990-137) എന്നാണ് കാട്ടുമാടം രേഖപ്പെടുത്തിയിരിക്കുന്നത്. ജി.ശങ്കരപ്പിള്ളയും ഈ നാടകങ്ങളെക്കുറിച്ച് അത്ര നല്ല അഭിപ്രായമല്ല പറഞ്ഞിരിക്കുന്നത്. പ്രതിഭാവ്യാപാരം എന്നതിനപ്പുറം അദ്ദേഹം പ്രാധാന്യം നൽകുന്നില്ല.

രാഷ്ട്രീയ നാടകവേദിയുടെ മുന്നേറ്റത്തിനും സമഗ്രമായൊരു സാംസ്കാരിക നവോത്ഥാനത്തിനും സഹായിച്ച ചില കലാസംഘടനകളും രാഷ്ട്രീയ പ്രസ്ഥാനങ്ങളും സവിശേഷപരാമർശം അർഹിക്കുന്നതാണ്. ദേശീയ സ്വാതന്ത്ര്യപ്രക്ഷോഭം വഴി ആർജിച്ചെടുത്ത രാഷ്ട്രീയ അവബോധം, ഇടതുപക്ഷ രാഷ്ട്രീയമുന്നേറ്റങ്ങൾ, നാടൊട്ടുക്കും രൂപംകൊണ്ട നാടകസമിതികൾ, നാടകങ്ങൾ എന്നിവയ്ക്കെല്ലാം ഊർജമായി നിലകൊണ്ട രണ്ടു പ്രസ്ഥാനങ്ങളാണ് ഇപ്റ്റ (IPTA) എന്ന ചുരുക്കപ്പേരിൽ അറിയപ്പെട്ട ഇന്ത്യൻ പീപ്പിൾസ് തിയേറ്റർ അസോസിയേഷൻ (1943), പുരോഗമന കലാ സാഹിത്യ സംഘടന (1944) എന്നിവ. 'ഹബീബ് തൻവീർ ഉൽപ്പൽ ദത്ത്, ശംഭുമിത്ര, ബൽരാജ് സാഹ്നി തുടങ്ങിയ അനേകം പ്രഗൽഭരുടെ സർഗസംഗമം മൂലം സമ്പന്നമായിരുന്ന ഇപ്റ്റ (ഡോ: വയലാർ വാസുദേവൻപിള്ള (2006 : 71). ഇടതുപക്ഷ കമ്യൂണിസ്റ്റ് ചിന്താഗതിക്കാരായ ബുദ്ധിജീവികളും സാഹിത്യകാരന്മാരുമായിരുന്ന ഈ ഇരുപ്രസ്ഥാനങ്ങളും നയിച്ചത്. യാഥാസ്ഥിതിക ശക്തികളും പുരോഗമന ശക്തികളും തമ്മിലുള്ള സംഘർഷം സാമൂഹിക ചരിത്രത്തിലുട നീളം നിലനിന്നതായി കാണാം. ഇതിൽ പുരോഗമനപക്ഷം ചേർന്ന് പ്രവർത്തിക്കുകയും നയിക്കുകയുമാണ് പുരോഗമനസാഹിത്യ പ്രസ്ഥാനങ്ങളുടെ ചുമതലയും ലക്ഷ്യവും. സാംസ്കാരിക നവോത്ഥാനമാണ് രാഷ്ട്രീയ നവോത്ഥാനത്തിന് വഴിയൊരുക്കിയതെന്ന വാദ(2000:106)വും പ്രസക്തമാണ്. മുകളിൽ പറഞ്ഞ രണ്ടു നവോത്ഥാനങ്ങളാണ് ദേശത്തെ നവോത്ഥാനത്തിലേക്ക് നയിക്കുന്നത്. ഇപ്റ്റയും പുരോഗമന കലാ സാഹിത്യസംഘവും ഇതിന്റെ ഊഷ്മാവിൽ കിളിർത്ത കേരള പീപ്പിൾസ് ആർട്സ് ക്ലബ്ബും (K P A C) നാടകമെന്ന മാധ്യമത്തിലൂടെ നിർവഹിച്ചത് സാംസ്കാരികവും രാഷ്ട്രീയവുമായ



*സി.എൻ. ശ്രീകണ്ഠൻ നായർ*

നവോത്ഥാനമാണ്. കാട്ടുമാടം, ജി. ശങ്കരപ്പിള്ള, ഡോ: വയലാ വാസുദേവൻ പിള്ള ഉൾപ്പെടെ നാടകസാഹിത്യചരിത്രകാരന്മാരെല്ലാം തന്നെ പ്രസ്തുത പ്രസ്ഥാനങ്ങളുടെ പ്രസക്തി അതീവ പ്രാധാന്യത്തോടെ രേഖപ്പെടുത്തിയിട്ടുണ്ട്. സാംസ്കാരിക മുന്നേറ്റമില്ലാതെ രാഷ്ട്രീയ പരിഷ്കരണം സാധ്യമല്ലെന്ന ബോധ്യവും അതിനാൽ, ഇവ രണ്ടും ഒരുമിച്ച് പോകണമെന്നും അങ്ങനെ സംഭവിക്കാതിരിക്കുമ്പോൾ സാംസ്കാരിക അവബോധം ദുർബലമാകുമെന്നും അതിന്റെ പ്രത്യാഘാതം വളരെ വലുതായിരിക്കുമെന്ന തിരിച്ചറിവ് അന്നേ രൂപപ്പെട്ടുവന്നു എന്ന് മനസ്സിലാക്കാം. രാഷ്ട്രീയ നാടകങ്ങളുടെ ശ്രേണിയിൽ ഏറെ ശ്രദ്ധിക്കപ്പെട്ടവയാണ് കുട്ടനാട് കെ. രാമകൃഷ്ണപിള്ളയുടെ നിഴലുകൾ (1945) തൂക്കുമുറിയിൽ (1945) പ്രതിമ, കമണ്ഡലു (1946) എന്നീ നാടകങ്ങൾ. ഇതിൽ പ്രതിമ തിരുവിതാംകൂറിലെ രാഷ്ട്രീയ ചരിത്രത്തിൽ ഏറ്റവും പ്രാധാന്യമർഹിക്കുന്നതാണ്. 'കിരാത ഭരണത്തിനിടയിൽ കിടന്ന വീർപ്പുമുട്ടുന്ന ഒരു ജനതയുടെ വെറുപ്പിന്റെ അഗ്നിയിൽ വാർത്തെടുത്തതാണ് ഈ പ്രതിമ' (സി ജെ തോമസ് 2021:61). ജനതയുടെ വായ്മൂടികെട്ടാനും ജനകീയ പ്രസ്ഥാനങ്ങളെ അടിച്ചമർത്താനും അധികാരിവർഗം ഉപയോഗിക്കുന്ന അടവുകളെ നാടകകൃത്ത് തുറന്നു കാട്ടുന്നുണ്ട്. 'കാലിക പ്രശ്നങ്ങളെ ആവിഷ്കരിച്ചുകൊണ്ട് അന്നിറങ്ങികൊണ്ടിരുന്ന മറ്റു നാടകങ്ങളെക്കാൾ നാടകീയത എന്ന ഗുണം കൂടുതലുണ്ടായിരുന്നു ' (1987-79) എന്ന് ശങ്കരപ്പിള്ള വിലയിരുത്തിയിട്ടുണ്ട്. പ്രതിമ എന്ന നാടകത്തിന് നിരോധനം ഏർപ്പെടുത്തുകയുണ്ടായി. കലാപരമായി ഏറ്റക്കുറച്ചിലുകൾ കണ്ടെത്താമെങ്കിലും നാടുവാഴി പ്രഭുത്വം, സാമ്രാജ്യത്വം എന്നിവയുടെ മർദനോപകരണങ്ങളെയും നിരോധനങ്ങളെയും നേരിട്ടുകൊണ്ട് മലയാളത്തിലെ രാഷ്ട്രീയ നാടകങ്ങൾ നിർവഹിച്ച സാമൂഹിക ദൗത്യം

ഏറെ പ്രശംസ അർഹിക്കുന്നതുതന്നെയാണ്.

മലയാള നാടകവേദിയിൽ സവിശേഷസ്ഥാനം പിടിച്ചുപറ്റുകയും ജീവിതത്തിലും കലയിലും ആദ്യന്തം സാമൂഹിക പ്രതിബദ്ധത പുലർത്തുകയും ചെയ്ത നാടകകാരനാണ് തോപ്പിൽ ഭാസി. സ്വന്തം ജീവിതത്തെയും അതിനാധാരമായ രാഷ്ട്രീയ സാമൂഹിക പശ്ചാത്തലത്തെയും സമൂഹത്തെ ആകെത്തന്നെയും അദ്ദേഹം തന്റെ രചനകൾക്ക് ഇതിവൃത്തമാക്കി. (ഡോ. വയലാ വാസുദേവൻ പിള്ള 2006:72). തോപ്പിൽ ഭാസിയുടെ നാടകങ്ങളെല്ലാം തന്നെ അടിമുടി രാഷ്ട്രീയമായിരുന്നു. രാഷ്ട്രീയ പ്രചാരണ നാടകങ്ങളുടെ വലിയൊരു വേലിയേറ്റം ഉണ്ടായ (1950:70) കാലഘട്ടത്തിലാണ് തോപ്പിൽ ഭാസിതന്നെ നാടകങ്ങളത്രയും അരങ്ങിലെത്തിച്ചത്. 'നിങ്ങളെന്നെ കമ്യൂണിസ്റ്റാക്കിയാണല്ലോ തോപ്പിൽ ഭാസിയുടെ ഏറ്റവും പ്രസിദ്ധമായ നാടകവും ഏറ്റവുമധികം അരങ്ങേറിയ കൃതിയും (ഡോ.കെ അയ്യപ്പപ്പണിക്കർ 2011:444). സമത്വ സുന്ദരമായ ഒരു ലോകം വന്നെത്തുമെന്നുള്ള സ്വപ്നവും പ്രതീക്ഷയും പ്രവചനവും ആഹ്വാനവുമാണ് ഈ നാടകത്തിന്റെ സന്ദേശം. നിങ്ങളെന്നെ കമ്യൂണിസ്റ്റാക്കി (1952) മുതൽ തുലാഭാരം (1968) വരെ ഭാസിയുടെ നാടകങ്ങളെല്ലാം രാഷ്ട്രീയ പ്രചരണോദ്ദേശ്യത്തോടു കൂടിയുള്ളവയാണ്. മറ്റൊരു പ്രൊഫഷണൽ നാടകത്തിനും നേടാനാവാത്ത സ്വീകാര്യത നിങ്ങളെന്നെ കമ്യൂണിസ്റ്റാക്കി എന്ന നാടകത്തിന് ലഭിച്ചു എന്നും, നാടകാന്ത്യത്തിൽ കാണികൾ ആവേശത്തോടെ ഇൻക്വിലാബ് വിളിച്ചു എന്നും കൃതിയിൽ രേഖപ്പെടുത്തിയിട്ടുണ്ട് (2017:53). അക്കാലത്തെ അരങ്ങിൽനിറഞ്ഞത് വെറും നാടകമായിരുന്നില്ല. നാടിന്റെ ജീവിതമായിരുന്നു. തൊഴിലാളിവർഗ മുന്നേറ്റം, കമ്യൂണിസ്റ്റ് പ്രസ്ഥാനത്തിന്റെ സ്വാധീനം, സമുദായ സംഘടനകളിലൂടെ ഉയർന്നു വന്ന നവോത്ഥാന മുന്നേറ്റങ്ങൾ തുടങ്ങി സാമൂഹിക രാഷ്ട്രീയ സാഹചര്യങ്ങളാണ് നാടക ശാഖയ്ക്ക് തഴച്ചുവളരാനുള്ള പശ്ചാത്തലമൊരുക്കിയത്.

ഡോ. കെ. അയ്യപ്പപ്പണിക്കർ നിരീക്ഷിക്കുന്നതുപോലെ തോപ്പിൽ ഭാസി കഴിഞ്ഞാൽ ഏറ്റവും കൂടുതൽ രാഷ്ട്രീയ നാടകങ്ങൾ എഴുതിയത് ചെറുകാടാണ്. പുരോഗമന പ്രസ്ഥാനത്തിന്റെ അമരക്കാരനായ അദ്ദേഹം ഫ്യൂഡൽ നാടുവാഴിത്തത്തിന്റെ കെടുതികൾ, വള്ളുവനാട്ടിലെ കർഷകത്തൊഴിലാളികളുടെ പ്രശ്നങ്ങൾ മത മൈത്രിയുടെ പ്രാധാന്യം നമ്പൂതിരി സമുദായത്തിൽ അടിഞ്ഞുകിടക്കുന്ന അന്ധവിശ്വാസങ്ങൾ തുടങ്ങി വൈവിധ്യമാർന്ന വിഷയങ്ങൾ അരങ്ങിലെത്തിച്ചു.

നാടക വേദിയുമായി ബന്ധപ്പെട്ട രണ്ട് സവിശേഷ പരികൽപ്പനകളാണ് അമേച്ചർ, പ്രൊഫഷണൽ എന്നിവ. ഇവയെക്കുറിച്ച് മലയാളനാടക വിജ്ഞാനകോശത്തിൽ രേഖപ്പെടുത്തിയിരിക്കുന്നത് അമേച്ചർ നാടക പ്രവർത്തനത്തിന്റെ ബാലപാഠകളരിയും പ്രൊഫഷണൽ അതിന്റെ പൂർണ കളരിയുമാണ് (വട്ടപ്പറമ്പിൽ പീതാംബരൻ 2019 : 381) എന്നാണ്. 1950 മുതൽക്കിങ്ങോട്ടാണ് മലയാള നാടകവേദിയിൽ പ്രൊഫഷണൽ സ്വഭാവമുള്ള നാടകങ്ങൾ പ്രത്യക്ഷപ്പെട്ടു തുടങ്ങുന്നത്. അമേച്ചർ എന്ന പ്രയോഗം വ്യാപകമായതാകട്ടെ 1960 തുകളിൽ നാടകക്കളരി എന്ന പ്രസ്ഥാനത്തിന്റെ തുടക്കത്തോടെയാണ്. എൻ.എൻ. പിള്ളയുടെ അഭിപ്രായത്തിൽ നാടകം ആദായ മാർഗമായും ഉപജീവനമാർഗമായും സ്വീകരിച്ചവരെയാണ് പ്രൊഫഷണൽ എന്നു പറയുന്നത്. ഏതാണ് പ്രൊഫഷണൽ ഏതാണ് അമേച്ചർ എന്ന് തരംതിരിക്കുക ശ്രമകരമാണെന്ന അഭിപ്രായവും ഉണ്ട് (ടി എം എബ്രഹാം 2048:193). ഡോ. കെ. അയ്യപ്പപ്പണിക്കരുടെ നിരീക്ഷണത്തിൽ നാടകംകളി ധാരാളം പണം മുടക്കി തയാറാക്കുന്ന വിനോദരൂപമാണെന്ന ധാരണ പരന്നതോടെയാണ് കച്ചവടനാടകവേദി രൂപമെടുത്തത്. പരിവർത്തനഘട്ടങ്ങൾ പിന്നിട്ടപ്പോൾ കച്ചവട നാടകങ്ങളിൽ കേവല വിനോദത്തിനുപകരം രാഷ്ട്രീയ സാമൂഹിക പ്രവണതകളുടെ പ്രത്യക്ഷവൽക്കരണം പ്രകടമാകാൻ തുടങ്ങി. ഇതാകട്ടെ നാടകത്തെക്കുറിച്ചുള്ള അവബോധത്തിൽ വന്ന മാറ്റത്തിന്റെ പരിണതഫലമായി ഉണ്ടായതാണ്.

മലയാളിയുടെ നാടകാവബോധത്തിന്റെ പുതുക്കിപ്പണിയലുകൾ നടക്കുന്ന ഈയൊരു കാലഘട്ടത്തിൽ സവിശേഷ ശ്രദ്ധപിടിച്ചു പറ്റിയ മൂന്ന് നാടകകൃത്തുക്കളാണ് കെ.ടി. മുഹമ്മദ്, എൻ.എൻ. പിള്ള, എസ്.എൽ.പുരം സദാനന്ദൻ എന്നിവർ. അമേച്വർ, പ്രൊഫഷണൽ നാടകരംഗത്ത് ഒരുപോലെ തിളങ്ങിയ കെ.ടി. മുഹമ്മദ്, കെ.ടിയുടെ ലോകം എന്ന കൃതിയിൽ കെ.ഇ.എൻ. നിരീക്ഷിക്കുന്നതു പോലെ ഒരായിരം പ്രതിഭാശാലികളിൽ ഒരാൾ മാത്രമായിരുന്നില്ല. സർവപ്രതിസന്ധിഘട്ടങ്ങളിലും പുരോഗമന കാഴ്ചപ്പാടിന്റെ പതാക ഉയർത്തിപ്പിടിക്കാൻ ഉത്സാഹിച്ച സാംസ്കാരിക പോരാളിയായിരുന്നു (2009:11). മറ്റേതൊരു ദൃശ്യകലയെക്കാളും നാടകത്തിനുള്ള രാഷ്ട്രീയ സാധ്യതയും സംവാദസാധ്യതയും ഒരുപോലെ തിരിച്ചറിഞ്ഞ് പ്രയോജനപ്പെടുത്തിയ നാടകകാരനാണ് കെ.ടി. മുഹമ്മദ്. പതിനെട്ടാം വയസ്സിൽ തുടങ്ങി മരണം വരെ അദ്ദേഹം നാടകത്തിനൊപ്പം സഞ്ചരിച്ചു. കെ.ടിക്ക് ജീവിതം നാടകം തന്നെയായിരുന്നു. വിശപ്പിന്റെയും വിമോചനത്തിന്റെയും മതങ്ങൾക്കതീതമായ മാനവികതയുടെയും രാഷ്ട്രീയത്തെ അരങ്ങിലെത്തിച്ച കെ.ടി ഇത് ഭൂമിയാണ് എന്ന് സദാ ഓർമിപ്പിച്ചുകൊണ്ടിരുന്നു. കെ.ടി. മുഹമ്മദിന്റെ എല്ലാ നാടകങ്ങളുടെയും അടിത്തറ ഇത് ഭൂമിയാണ് എന്ന നാടകമാണ് (ഡോ. എം.എം. ബഷീർ 2009:115).

ഇത് ഭൂമിയാണ് എന്ന നാടകത്തെ ഇസ്ലാംമത വിരുദ്ധമെന്ന് ചിത്രീകരിക്കുകയും തെക്കൻ കേരളത്തിൽ നിങ്ങളെന്നെ കമ്യൂണിസ്റ്റാക്കി എന്ന നാടകത്തിനുനേരെ ഉണ്ടായതുപോലെ മലബാറിൽ മുസ്ലിം യാഥാസ്ഥിതികരിൽനിന്നും ആക്രമണമുണ്ടായി. വൈക്കം മുഹമ്മദ് ബഷീറിനെപ്പോലെ സ്വന്തം സമുദായ നവീകരണവും കെ.ടിയുടെ ലക്ഷ്യമായിരു

സമൂഹത്തെ വിമലീകരിക്കുകയാണ് തന്റെ ലക്ഷ്യമെന്ന് വ്യക്തമാക്കിക്കൊണ്ട് കടന്നുവന്ന എൻ എൻ പിള്ള എരുമേലി വിലയിരുത്തിയതുപോലെ നാടക മർമ്മങ്ങൾ ശരിക്കറിയാവുന്ന പ്രശസ്ത നാടക കൃത്താണ് (2007:411). രചയിതാവ്, അഭിനേതാവ്, സംവിധായകൻ, നാടക സംഘം ഉടമ എന്നീ നിലകളിൽ നാടകരംഗത്ത് തിളങ്ങിയ അദ്ദേഹം സംഘർഷാത്മകമായ സാമൂഹിക പ്രശ്നങ്ങൾക്കുനേരെ പ്രതികരിച്ചത് ശക്തമായ ആക്ഷേപഹാസ്യത്തിലൂടെയാണ്.



തകഴി

ന്നു. കറവറ്റ പശു, മനുഷ്യൻ കാരാഗൃഹത്തിലാണ്, വെളിച്ചം വിളക്കന്വേഷിക്കുന്നു, കാഫർ തുടങ്ങി നാൽപ്പതോളം നാടകങ്ങളിലൂടെ സംഘർഷഭരിതമായ ജീവിതത്തിന്റെ കാണാപ്പുറങ്ങളിലേക്ക് കെ.ടി. കടന്നുചെന്നു. തിക്കോടിയന്റെ ജീവിതം പ്രസവിക്കാത്തമ്മ, നിരാഹാര സമരം, കന്യാദാനം, പി.സി. കുട്ടിക്കൃഷ്ണന്റെ മണ്ണും പെണ്ണും, തീകൊണ്ട് കളിക്കരുത്, പി എൻ എം ആലിക്കോയയുടെ തറവാടും മടിശ്ശീലയും മുഹമ്മദ് യൂസഫിന്റെ കണ്ടം വച്ചകോട്ട്, എ കെ പുതിയങ്ങാടിയുടെ പ്രഭാതം ചുവന്ന തെരുവിൽ തുടങ്ങി മാനവികതയോടും രാഷ്ട്രീയത്തോടും ചേർന്നു നിൽക്കുന്ന നിരവധി നാടകങ്ങൾ ഇക്കാലയളവിൽ ഉണ്ടായിട്ടുണ്ട്.

സമൂഹത്തെ വിമലീകരിക്കുകയാണ് തന്റെ ലക്ഷ്യമെന്ന് വ്യക്തമാക്കിക്കൊണ്ട് കടന്നുവന്ന എൻ എൻ പിള്ള എരുമേലി വിലയിരുത്തിയതുപോലെ നാടക മർമ്മങ്ങൾ ശരിക്കറിയാവുന്ന പ്രശസ്ത നാടക കൃത്താണ് (2007:411). രചയിതാവ്, അഭിനേതാവ്, സംവിധായകൻ, നാടക സംഘം ഉടമ എന്നീ നിലകളിൽ നാടകരംഗത്ത് തിളങ്ങിയ അദ്ദേഹം സംഘർഷാത്മകമായ സാമൂഹിക പ്രശ്നങ്ങൾക്കുനേരെ പ്രതികരിച്ചത് ശക്തമായ ആക്ഷേപഹാസ്യത്തിലൂടെയാണ്. 'സജീവമായ സാമൂഹിക പ്രശ്നങ്ങളാണ് ഓരോ നാടകത്തിലും അനാവരണം ചെയ്യപ്പെടുന്നത്, അതുവരെ മലയാള നാടകവേദി കാണാത്ത ഒരു ജീവിതതലം കാട്ടിത്തന്നു, കഷ്ടപ്പാടിന്റെയും ചൂഷണത്തിന്റെയും കണ്ണീരിന്റെയും നിസ്സഹായതയുടെയും പുറമ്പോക്കിൽ വലിച്ചെറിയപ്പെട്ടവരുടെ ലോകം' (ഡോ. വയലാ വാസുദേവൻ പിള്ള 2006:106). മനുഷ്യൻ, കാപാലിക, വൈൻഗ്ലാസ്, ദി പ്രസിഡണ്ട് തുടങ്ങി മുപ്പതിലധികം നാടകങ്ങളും രചിച്ചു. നിരവധി ഏകാങ്കനാടകങ്ങളും രാഷ്ട്രീയ പാർട്ടികളുടെ കൂട്ടുപിടിക്കാതെയാണ് എൻ എൻ പിള്ള തന്റെ രാഷ്ട്രീയം അരങ്ങിൽ നടപ്പാക്കിയത്.


'സാമൂഹിക സമത്വത്തിനുവേണ്ടിയുള്ള ഉജ്ജ്വല സന്ദേശം ഉൾക്കൊള്ളുന്നവയാണ് പൊതുവേ എസ് എൽ പുരത്തിന്റെ നാടകങ്ങൾ' (എരുമേലി 2007 -412). വൈവിധ്യമാർന്ന ജീവിത പ്രശ്നങ്ങൾ അരങ്ങിലെത്തിച്ച എസ് എൽ പുരം സദാനന്ദൻ സുദൃഢമായ രാഷ്ട്രീയ കാഴ്ചപ്പാടോടെ നാടക രംഗത്ത് കടന്നു വന്ന പ്രതിഭയാണ്. കമ്യൂണിസ്റ്റ് സഹയാത്രികനും പുന്നപ്ര-വയലാർ കേസിലെ പ്രതിയുമായിരുന്നു ഇദ്ദേഹം. എസ് എൽ പുരത്തിന്റെ നാടകങ്ങളിൽ നിറഞ്ഞു നിന്നത് സാമൂഹിക പ്രശ്നങ്ങളാണ്. എസ് എൽ പുരത്തിന്റെ ഏറെ ശ്രദ്ധിക്കപ്പെട്ട 'ഒരാൾ കൂടി കള്ളനായി' എന്ന നാടകത്തെക്കുറിച്ച് ജി ശങ്കരപ്പിള്ള നാടക സാഹിത്യ ചരിത്രത്തിൽ പ്രത്യേകം പരാമർശിക്കുന്നുണ്ട്. തൊഴിലില്ലായ്മയുടെ രൂക്ഷമായ സാമൂഹിക പ്രതിഭാസങ്ങൾ അനുഭൂതമായി തുടങ്ങിയ അവസരത്തിൽ ആ നാടകം പ്രത്യേകം ശ്രദ്ധിക്കപ്പെട്ടു' (1987-105). ഇത്തിരി മണ്ണും ഒത്തിരി മനുഷ്യരും വിലകുറഞ്ഞ മനുഷ്യർ എന്നെ സൂക്ഷിക്കുക തുടങ്ങി കുറേ നല്ല നാടകങ്ങൾ എസ് എൽ




പുരത്തിന്റെതായിട്ടുണ്ട്.

തികഞ്ഞ ശിൽപ്പചാരുതയോടെ സാമൂഹിക പ്രശ്നങ്ങൾ അരങ്ങിലെത്തിച്ച സി എൻ ശ്രീകണ്ഠൻ നായരുടെ നാടക പ്രവേശം ഏതാണ്ട് കൃഷ്ണപിള്ളയ്ക്കൊപ്പമാണെന്നു പറയാം. ഇദ്ദേഹത്തിന്റെ നാടക ജീവിതത്തെ മൂന്നുഘട്ടമായി തിരിച്ചുകൊണ്ടാണ് മലയാള നാടക പ്രസ്ഥാനത്തിൻ കാട്ടുമാടം നാരായണൻ വിലയിരുത്തിയിട്ടുള്ളത്. മനസ്സിൽ ഇബ്സനാണെങ്കിലും പ്രഹസനക്കളരിയിലൂടെ ആദ്യമെത്തുന്നത് കമേഴ്സ്യൽ അമേച്വർ രംഗത്താണ്. പിന്നീടാകട്ടെ കലിയിലൂടെ തനത് നാടകവേദിയിലും അവിടെ നിന്നെത്തിയത് രാമായണത്രയത്തിലേക്കാണ്.നഷ്ടക്കച്ചവടം, ആ കനി തിന്നരുത്, കലി, കാഞ്ചന സീത, സാകേതം, ലങ്കാലക്ഷ്മി എന്നിവയാണ് ശ്രീകണ്ഠൻ നായരുടെ പ്രധാന നാടകങ്ങൾ.

എൻ കൃഷ്ണപിള്ള മുതൽക്കിങ്ങോട്ട് ഗതിമാറി സഞ്ചരിക്കാൻ തുടങ്ങിയ മലയാളനാടകവേദി ലോക നാടകവേദിയുടെ ചുവടുപിടിച്ച് പരീക്ഷണ കാലഘട്ടത്തിലൂടെയാണ് കടന്നുപോയത്. പുളിമാന പരമേശ്വരൻ പിള്ളയുടെ സമത്വവാദി (1944) യാണ് മലയാളത്തിലെ ആദ്യത്തെ പരീക്ഷണ നാടകമായി കരുതുന്നത്. മലയാള നാടകത്തെ സംബന്ധിച്ച് അന്നും ഇന്നും പുതുമ നിറഞ്ഞ ഈ കൃതിയെ വിസ്മയത്തോടു കൂടിയാണ് നാടകകൃത്തുകൾ നോക്കിക്കാണുന്നത്. ഒരു പൂവ് കൊണ്ട് ഒരു വസന്തം സൃഷ്ടിക്കുക എന്ന ഒരു ചൊല്ല് മലയാളത്തിലുണ്ട്. അതുപോലെ സമത്വവാദി എന്ന ഒരേയൊരു നാടകം കൊണ്ട് മലയാള നാടകത്തിൽ 'ഒരു പ്രസ്ഥാനം ഭാവാത്മകനാടകം -സ്ഥാപിച്ച നാടകകൃത്താണ്, പുളിമാന പരമേശ്വരൻ പിള്ള (പിരപ്പൻ കോട് മുരളി 2019 -46). തുടർന്ന് സി ജെ തോമസിന്റെ 1128 ൽ ക്രൈം 27 (1954) പ്രസിദ്ധീകരിച്ചു. ക്രൈമിന്റേയും ബാഹ്യഘടന സമത്വവാദിപോലെ അത്യന്തം വിചിത്രമാണ് എപ്പിക് സ്വഭാവം നൽകുന്നതിൽ പ്രമുഖസ്ഥാനം വഹിക്കുന്നത് ഈ ഘടനയാണ് (ഡോ. എൽ തോമസ്കുട്ടി 2016-99). നവീന ഭാവുകത്വത്തിന്റെ അഭാവവും നാടകം അരങ്ങിന്റെ കല കൂടിയാണെന്ന അവബോധമില്ലായ്മയും കാരണം ഈ രണ്ടു നാടകങ്ങളും തിരസ്കരിക്കപ്പെടുകയും അരങ്ങ് സാഫല്യം ലഭിക്കാതെ പോവുകയും ചെയ്തു. സി എൻ ശ്രീകണ്ഠൻ നായരുടെ കലി, ജി. ശങ്കരപ്പിള്ളയുടെ കറുത്ത ദൈവത്തെത്തേടി എന്നീ നാടകങ്ങളും പരീക്ഷണ നാടകങ്ങളിൽപ്പെട്ടവയാണ്. ഇവയും അരങ്ങിൽ ശോഭിക്കാതെ പോയതിന്റെ കാരണം




നേരത്തെ സൂചിപ്പിച്ചതുതന്നെയാണ്. ഇബ്സനെയും ബ്രഹ്ത്തിനെയും അനുകരിക്കാനുള്ള ശ്രമങ്ങളിൽ നിന്നും വ്യത്യസ്തമായി നാടോടിയും ക്ലാസിക്കലുമായ നാട്യപാരമ്പര്യങ്ങളെ ഉപജീവിച്ചുകൊണ്ട് കാവാലം നാരായണപ്പണിക്കർ സൃഷ്ടിച്ച നാടക സംസ്കാരം ആധുനികനാടക വേദിക്ക് പുതിയ രൂപഭാവങ്ങൾ നൽകുന്നതായിരുന്നു.

മനുഷ്യന്റെ എല്ലാപ്രവൃത്തികളും രാഷ്ട്രീയവുമായി ബന്ധപ്പെട്ടതാണ്. അതുകൊണ്ട് നാടകത്തെ രാഷ്ട്രീയത്തിൽനിന്ന് മാറ്റിനിർത്താനാവില്ല എന്ന് പറഞ്ഞത് നാടക സൈദ്ധാന്തികൾ അഗസ്റ്റോ ബോൾ ആണ്. നാടകവും രാഷ്ട്രീയവും തമ്മിലുള്ള പാരസ്പര്യമാണ് ഇവിടെ വ്യക്തമാകുന്നത്.അതാത് കാലങ്ങളിലെ സാമൂഹികരാഷ്ട്രീയം ഏറ്റക്കുറച്ചിലുകളോടെ ഓരോ എഴുത്തുകാരന്റേയും നാടകങ്ങളിൽ പ്രതിഫലിക്കുന്നുണ്ട് എന്നത് തർക്കമറ്റ വസ്തുതയാണ്. 1960, 70, 80 തുകൾ മലയാളനാടകത്തെ സംബന്ധിച്ച് ഉന്മേഷഭരിതമായ കാലം എന്നാണ് നാടക സാഹിത്യചരിത്രകാരന്മാർ ഒരുപോലെ രേഖപ്പെടുത്തിയിരിക്കുന്നത്. രാഷ്ട്രീയ സാമൂഹികനാടകങ്ങളുൾപ്പെടെ എല്ലാത്തരം നാടകങ്ങൾക്കും ഈ കാലഘട്ടത്തിൽ വലിയ വളർച്ചയുണ്ടായി. നാടക സമിതികളുടെ അഭൂതപൂർവമായവർധനവ് നാടകക്കളരികൾ, നാടകോത്സവങ്ങൾ, സ്കൂൾ ഓഫ് ഡ്രാമ തുടങ്ങി അനുകൂലമായ ഘടകങ്ങൾ നിരവധിയാണ്.

അടിയന്തിരാവസ്ഥ (1975)യും നക്സൽബാരി പ്രസ്ഥാനവും സൃഷ്ടിച്ച എഴുപതുകളുടെ സവിശേഷ സാമൂഹിക രാഷ്ട്രീയ പശ്ചാത്തലം, കമ്യൂണിസ്റ്റ് പാർട്ടികളുടെ സാഹിത്യ സാംസ്കാരിക ഇടപെടൽ എന്നിവ ചരിത്രപരമായി പ്രാധാന്യമർഹിക്കുന്ന ഘടകങ്ങളാണ്. ഈയൊരു ചരിത്ര പശ്ചാത്തലത്തെക്കുറിച്ച് ഡോ. മഹേഷ് മംഗലാട്ട് നടത്തിയിട്ടുള്ള ഒരു നിരീക്ഷണം ഇവിടെ പ്രസക്തമാണ്.

'മറ്റ രാഷ്ട്രീയ കക്ഷികളിൽനിന്ന് വ്യത്യസ്തമായി കമ്യൂണിസ്റ്റ് പാർട്ടികൾ സാഹിത്യ സാംസ്കാരിക കാര്യങ്ങളിൽ താല്പര്യം പുലർത്തുന്നുവെന്നത് ഇന്ത്യയിലെ കമ്യൂണിസ്റ്റ് പാർട്ടിയുടെ ചരിത്രത്തിന്റെ തുടക്കം മുതൽ കണ്ടുവരുന്ന വസ്തുതയാണ്' (2012-37). ഡോ. മഹേഷ് മംഗലാട്ടിന്റെ നിരീക്ഷണത്തെ സാധൂകരിക്കുന്നതാണ് പുരോഗമന സാഹിത്യപ്രസ്ഥാനങ്ങളുടെ ചരിത്രം. ഇ എം എസ്., എ കെ ജി തുടങ്ങിയ പിൽക്കാല സമുന്നത കമ്യൂണിസ്റ്റ് നേതാക്കന്മാരായിരുന്നു പുരോഗമന സാഹിത്യ പ്രസ്ഥാനങ്ങളെ മുൻനിരയിൽനിന്ന് നയിച്ചത്. കലാസാഹിത്യപ്രവർത്തനങ്ങൾ രാഷ്ട്രീയ പ്രവർത്തനത്തിന്റെ ഭാഗമായി മാറുകയും നാടകത്തിന്, വിശേഷിച്ച് രാഷ്ട്രീയ നാടകത്തിന് അത് വലിയ നേട്ടമായി മാറുകയും ചെയ്തു.

മലയാള നാടകവേദിയെ രാഷ്ട്രീയവൽക്കരിച്ചും ചരിത്രവൽക്കരിച്ചും മനുഷ്യവൽക്കരിച്ചും ചാലക ശക്തിയായി നിലകൊണ്ട് സർഗപ്രതിഭകളായ നാടകകൃത്തുക്കളുടെ നിര വളരെ നീണ്ടതാണ്. നരേ


ന്ദ്രപ്രസാദ്, ടി.എം. എബ്രഹാം, പി.എം. താജ്, ഇബ്രാഹിം വെങ്ങര, പി. ബാലചന്ദ്രൻ, എൻ. പ്രഭാകരൻ, ജോയ് മാത്യു, എൻ. ശശിധരൻ , ഇ.പി. രാജഗോപാലൻ, ജയപ്രകാശ് കുളൂർ, വി.കെ. പ്രഭാകരൻ, കെ.ജെ. ബേബി, പി.എം. ആന്റണി, മധു മാസ്റ്റർ, എസ്. രമേശൻ നായർ , ജനാർദ്ദനൻ, സിവിക് ചന്ദ്രൻ, ജോസ് ചിറമ്മൽ, സതീഷ് കെ. സതീഷ്, എ. ശാന്തകുമാർ എന്നിവർ അവരിൽ പ്രധാനപ്പെട്ട ചിലരാണ്.

'മലയാളഭാഷയിലെ രാഷ്ട്രീയ നാടകങ്ങൾ രാഷ്ട്രീയ ചരിത്രത്തെ പ്രതിഫലിപ്പിക്കുന്നുണ്ട്. നമ്മുടെ രാജ്യത്തെ രാഷ്ട്രീയ ചിന്താഗതികളിലെ തെറ്റും ശരിയും വൈരുധ്യങ്ങളുമെല്ലാം അവയിൽ അറിഞ്ഞോ അറിയാതെയോ പ്രകടമായി കാണാം' സി ജെ തോമസ് (2021 :65).

ആധുനികതയിൽ ഉയർന്നുവന്ന മാനവികത, രാഷ്ട്രീയചിന്ത, മതേതരത്വം, മതസ്പർശമില്ലാത്ത ജനാധിപത്യം, യുക്തിചിന്ത, സ്വാതന്ത്ര്യം, സമഭാവന തുടങ്ങിയ മൂല്യങ്ങൾ സമൂഹത്തിലുണ്ടാക്കിയ ചലനങ്ങൾ ആധുനിക മലയാള നാടകത്തിലും ആഴത്തിൽ പ്രതിഫലിച്ചിരുന്നു. അധികാര വ്യവസ്ഥയ്ക്കും അവയുടെ മർദനോപകരണങ്ങൾക്കുമെതിരെ പ്രതിഷേധവും പ്രതിരോധവും തീർക്കുന്നതിലും മാനവികോന്മുഖമായ ഒരു ദർശനം, സാമൂഹികക്രമം എന്നിവ രൂപപ്പെടുത്തുന്നതിലും ജീർണിച്ച സംസ്കാരത്തെ അപനിർമിക്കുന്നതിലും ആധുനിക മലയാള രാഷ്ട്രീയ നാടകം നിർണായകമായ പങ്കുവഹിച്ചിട്ടുണ്ട്. മനുഷ്യനന്മയ്ക്കായുള്ള ഐക്യപ്പെടലായി ആ പ്രക്രിയ നവഭാവുകത്വത്തോടെ കരുത്താർജിച്ച് മുന്നേറുകയും ചെയ്യുന്നുണ്ട്.

## സഹായക ഗ്രന്ഥങ്ങൾ:


1. അഗസ്റ്റോ ബോൾ : തിയ്യറ്റർ ഓഫ് ഒപ്പ്രസ്സ്ഡ്
2. ഉമർ തറമേൽ (ഡോ) : തിയ്യട്രോൺ
3. കെ.ഇ.എൻ. (എഡി) : കെ.ടി.യുടെ ലോകം
4. ഗോപാലകൃഷ്ണൻ.പി.കെ : പുരോഗമനസാഹിത്യം നിഴലും വെളിച്ചവും
5. ജോർജ്ജ് കെ.എം.(ഡോ) : ആധുനിക മലയാളസാഹിത്യചരിത്രം പ്രസ്ഥാനങ്ങളിലൂടെ
6. തോമസ് സി ജെ : ഉയരുന്ന യവനിക
7. തോമസ്കുട്ടി എൽ. (ഡോ) : പരീക്ഷണ നാടകം, സിദ്ധാന്തം, പ്രയോഗം, പരിശേഷം
8. നാരായണൻ കാട്ടുമാടം : മലയാള നാടക ചരിത്രം
9. പരമേശ്വരൻ പിള്ള എരുമേലി : മലയാള സാഹിത്യം കാലഘട്ടങ്ങളിലൂടെ
10. പീതാംബരൻ വട്ടപ്പറമ്പിൽ : മലയാള നാടക വിജ്ഞാനകോശം.
11. രാജരാജ വർമ്മ, എഴുമറ്റൂർ, (ഡോ) : മലയാള നാടകം
12. രാജേന്ദ്രബാബു പി.ജി. (എഡി) (ഡോ) : നാടകവും സിനിമയും
13. വാസുദേവൻ പിള്ള വയലാ (ഡോ) : മലയാള നാടക സാഹിത്യ ചരിത്രം 2005
14. ശങ്കരപ്പിള്ള ജി. മലയാളനാടക സാഹിത്യ ചരിത്രം
15. സുധീഷ്സാം എസ്.വി. (ഡോ) : നാടകം വഴിയും തീരവും.
16. ശ്രീകുമാർ കെ. (ഡോ) അടുത്ത ബെൽ.


*(മോഹനൻ.കെ - ഫോൺ : 9496166292)*


കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്




**രാമായണം**
**രൂപവും നിഴലും**

**പ്രൊഫ. വൈ.വി. സുകുമാരൻ**

ഇതിഹാസ പുരാണങ്ങൾ ചരിത്രമല്ലെങ്കിലും അവയിൽ ഒളിഞ്ഞു കിടക്കുന്ന ചരിത്രമുണ്ട്. അത്തരം ചരിത്രാംശങ്ങളെ യുക്തിയുടെ വെളിച്ചത്തിൽ അന്വേഷിക്കുകയാണ് ഈ പുസ്തകം.

₹ 90



# മംഗളാദേവിയിലെ ചിത്രാപൗർണമിയും മംഗളമാടന്തയായ കണ്ണകിയും

ഡോ. ദീപു പി. കുറുപ്പ്

ഇടുക്കി ജില്ലയിലെ കുമിളി പഞ്ചായത്തിൽ പെരിയാർ വന്യജീവിതസങ്കേതത്തിൽ പതിനാല് കിലോമീറ്റർ ഉള്ളിലായി തമിഴ്നാട്-കേരള അതിർത്തിയിൽ സ്ഥിതിചെയ്യുന്ന പ്രാചീന ക്ഷേത്രമാണ് മംഗളാദേവി ക്ഷേത്രം. ചിലപ്പതികാരം, മണിമേഖല തുടങ്ങിയ മഹാകാവ്യങ്ങളിലും കേരളത്തിൽ പ്രചരിക്കുന്ന നിരവധി നാടോടിഗാനങ്ങളിലും പ്രതിപാദിക്കുന്ന കണ്ണകീദേവിയെയാണ് ക്ഷേത്രത്തിൽ ആരാധിക്കുന്നത്. ചേരൻ ചെങ്കുട്ടവൻ രണ്ടാം നൂറ്റാണ്ടിലാണ് ക്ഷേത്രം സ്ഥാപിച്ചതെന്നാണ് ക്ഷേത്രനിർമാണത്തെക്കുറിച്ച് കിട്ടുന്ന വിവരം. ഇപ്പോൾ തകർന്നടിഞ്ഞുകിടക്കുന്ന ഈ ക്ഷേത്രത്തിലേക്ക് വർഷത്തിൽ ഒരു ദിവസം മാത്രമേ പൊതുജനങ്ങൾക്ക് പ്രവേശനാനുവാദമുള്ളൂ. അത് ചൈത്രമാസത്തിലെ പൗർണമിനാളിലാണ്. ഈ ക്ഷേത്രത്തെ സംബന്ധിച്ചുള്ള ഉടമസ്ഥാവകാശം ആർക്കാണെന്നുള്ളത് സംബന്ധിച്ച് കേരളാ-തമിഴ്നാട് സംസ്ഥാനങ്ങൾ തമ്മിൽ തർക്കം നിലനിൽക്കുന്നു. രണ്ടാം നൂറ്റാണ്ടിൽ നിർമിച്ചത് എന്ന് വിശ്വസിക്കപ്പെടുന്ന ഈ ക്ഷേത്രത്തെ സംബന്ധിച്ചും അവിടങ്ങളിൽ പ്രചരിക്കുന്ന മിത്തുകൾ സംബന്ധിച്ചും അധിക പഠനങ്ങൾ ഒന്നും തന്നെ കണ്ടെത്താൻ കഴിയുന്നില്ല. ആയതിനാൽ ഈ ക്ഷേത്രത്തിന്റെ നിർമാണം, പരിണാമാവസ്ഥ, തകർച്ച തുടങ്ങിയവയുമായി ബന്ധപ്പെട്ട ചരിത്രാന്വേഷണമാണ് ഈ ലേഖനം കൊണ്ടുദ്ദേശിക്കുന്നത്.

മംഗളാദേവി ക്ഷേത്രത്തെ സംബന്ധിച്ച് നിലവിൽ ആധികാരികമായി വിവരങ്ങൾ കിട്ടുന്ന ഗ്രന്ഥം ചിലപ്പതികാരം തന്നെയാണ്. പതിറ്റുപ്പത്തിലെ അഞ്ചാംപത്തിലെ നായകനായ കടൽപ്പിറകോട്ടിയ ചേരൻ ചെങ്കുട്ടവൻ സ്ഥാപിച്ച ക്ഷേത്രമാണിതെന്ന് നിരവധി സൂചനകൾ ചിലപ്പതികാര



*മംഗളാദേവി മലയിലെ തകർന്ന നിലയിലുള്ള കണ്ണകീക്ഷേത്രം*

ത്തിൽനിന്നും ലഭിക്കുന്നുണ്ട്. ചിലപ്പതികാരത്തെക്കുറിച്ചും കണ്ണകീസംഭവത്തെക്കുറിച്ചും ആഴത്തിൽ പഠനങ്ങൾ നടത്തിയ ഇളംകുളം കുഞ്ഞൻപിള്ളയും ഉള്ളൂരുമൊന്നും മംഗളാദേവിയിലെ കണ്ണകീക്ഷേത്രത്തെക്കുറിച്ച് ഒരു വിവരവും നൽകുന്നില്ലെന്നുള്ളത് അത്ഭുതാവഹമായി തോന്നുന്നുണ്ട്. ചേരവംശാവലിയെക്കുറിച്ചും മറ്റും അവർ അവതരിപ്പിച്ച നിരീക്ഷണങ്ങളുടെ മുകളിലാണ് ആദിമകേരളത്തിന്റെ ചരിത്രം തന്നെ കെട്ടിപ്പടുത്തിരിക്കുന്നത്. എന്നാൽ പ്രാധാന്യത്തോടെ അവതരിപ്പിക്കേണ്ടിയിരുന്ന ഈ ചരിത്രനിർമിതി അവരുടെ ശ്രദ്ധയിൽപ്പെടാതെ പോയതിന് നിരവധി കാരണങ്ങൾ ഉണ്ട്. അതിൽ ഏറ്റവും പ്രധാനമായ ഒരു സംഗതി ഈ ക്ഷേത്രം കൊടുംകാടിനുള്ളിൽ നൂറ്റാണ്ടുകളോളം ചരിത്രകാരന്മാരുടെയോ പുരാവസ്തു ഗവേഷകരുടെയോ ശ്രദ്ധയിൽപ്പെടാതെ മൺമറഞ്ഞു കിടക്കുകയായിരുന്നു എന്നുള്ളതാണ്. പശ്ചിമഘട്ടത്തിലെ ചില ഗോത്രവർഗങ്ങൾക്കു മാത്രം അറിവുണ്ടായിരുന്ന ഈ ക്ഷേത്രത്തെക്കുറിച്ച് ചരിത്രാന്വേഷികൾക്ക് അറിവു ലഭിക്കുന്നത് ഈ അടുത്തകാലത്തു മാത്രമാണ്. 1980-ലാണ് തമിഴ്നാട് സർക്കാർ ക്ഷേത്രത്തെ സംബന്ധിച്ച് ഉടമസ്ഥാവകാശം ഉന്നയിക്കുന്നത്. തൽസംബന്ധമായി സുപ്രീംകോടതിയിൽ കേസ് നടക്കുകയാണ്.

കണ്ണകിയെ സംബന്ധിച്ച ഐതിഹ്യമിതാണ്. ചോളരാജ്യത്തിലെ പുകാർ നഗരത്തിലെ രണ്ട് പ്രമുഖ വണിക കുടുംബത്തിലെ ഇളമുറകളായ കോവലനും കണ്ണകിയും വിവാഹിതരായി. ആദ്യകാലത്ത് ദാമ്പത്യം സുഖകരമായിരുന്നെങ്കിലും മാധവിയെന്ന വാരനാരിയിൽ കോവലന് അനുരാഗമുദിക്കുന്നതോടെ അയാൾ സ്വഭാര്യയായ കണ്ണകിയെ മറന്ന് മാധവിയോടൊപ്പം ജീവിക്കുന്നു. അയാളുടെ ധനമെല്ലാം വേശ്യാഗൃഹത്തിലേക്കൊഴുകിപ്പോകുന്നു. ഒടുവിൽ മാധവിയുടെ സ്നേഹത്തിൽ സംശയമുദിച്ച കോവലൻ അവളെ ഉപേക്ഷിക്കുകയും സ്വഗൃഹത്തിൽ തിരികെയെത്തിച്ചേരുകയും ചെയ്യുന്നു. ധനനഷ്ടത്താലും മാനഹാനിയാലും നിരാശനായ കോവലൻ പത്നി കണ്ണകിയെയും കൂട്ടി പുകാർനഗരത്തിൽനിന്ന് പലായനം ചെയ്യുന്നു. പാണ്ഡ്യരാജ്യതലസ്ഥാനമായ മധുരയിലെത്തി ആകെയുള്ള സമ്പാദ്യമായ കണ്ണകിയുടെ വിലകൂടിയ ചിലമ്പിലൊന്ന് വിറ്റ് ജീവിതം കരുപ്പിടിപ്പിക്കാം എന്നതായിരുന്നു കോവലന്റെ ലക്ഷ്യം. എന്നാൽ മധുരയിൽ വച്ച് ചിലമ്പു വിൽക്കാൻ ശ്രമിച്ച കോവലനെ പാണ്ഡ്യന്റെ പെരുന്തട്ടാൻ ചതിക്കുകയും അവന്റെ കയ്യിലുള്ള ചിലമ്പ് പാണ്ഡ്യന്റെ പെരുന്തേവിയുടെ കളവുപോയ ചിലമ്പാണെന്ന് വരുത്തിത്തീർക്കുകയും ചെയ്യുന്നു. ക്ഷുഭിതനായ പാണ്ഡ്യൻ കോവലനെ വധിക്കാൻ ഉത്തരവിടുന്നു. ഉത്തരവ് നിറവേറ്റപ്പെടുന്നു. ഈ വിവരം കണ്ണകി അറിയുകയും രാജകൊട്ടാരത്തിലെത്തി ചിലമ്പു സംബന്ധിച്ച സത്യാവസ്ഥ പാണ്ഡ്യനെ ബോധ്യപ്പെടുത്തുകയും ചെയ്യുന്നു. അന്യായം ചെയ്ത പാണ്ഡ്യരാജനോട് വഴക്കടിക്കുന്നു. ഭർത്താവിനെ ചതിച്ചുകൊന്നതിൽ മനംനൊന്ത് തന്റെ ഇടംമുല പറിച്ചെറിഞ്ഞ് ശപിച്ച് മധുരാനഗരം അഗ്നിക്കിരയാക്കുന്നു. ശേഷം തന്റെ ഭർത്താവിന്റെ മരണത്തിന് കാരണമായ ഈ മധുരാനഗരത്തിൽ ഞാൻ ഒരുനിമിഷംപോലും നിൽക്കില്ല എന്ന് ശപഥം ചെയ്ത് കണ്ണകി മധുരയിലൂടെ ഒഴുകുന്ന വൈഗാനദിയുടെ തീരത്തുകൂടി പടിഞ്ഞാറേയ്ക്ക് സഞ്ചരിച്ച് വൈഗയുടെ ഉത്ഭവസ്ഥാനമായ പശ്ചിമഘട്ടത്തിൽ എത്തിച്ചേരുന്നു. പാണ്ഡ്യരാജ്യത്തിന്റെ അതിർത്തി കടന്ന് വഞ്ചിരാജ്യമാരംഭിക്കുന്ന തിരുച്ചെങ്കുന്ന് എന്ന മലയുടെ മുകളിലേറി ഒരു വേങ്ങമരച്ചുവട്ടിൽ ക്ഷീണിതയായിരിക്കുകയും ചെയ്തു. അപ്പോൾ തങ്ങളുടെ തിനപ്പാടത്തിൽ കതിരുകൊത്താൻ വരുന്ന കിളികളെ ആട്ടാനായി അവിടെയെത്തിയ മലങ്കുറവർ തിരുച്ചെങ്കുന്നിൻ മുകളിലിരിക്കുന്ന കണ്ണകിയെ

**മംഗളാദേവി ക്ഷേത്രത്തെ സംബന്ധിച്ച് നിലവിൽ ആധികാരികമായി വിവരങ്ങൾ കിട്ടുന്ന ഗ്രന്ഥം ചിലപ്പതികാരം തന്നെയാണ്. പതിറ്റുപ്പത്തിലെ അഞ്ചാംപത്തിലെ നായകനായ കടൽപ്പിറകോട്ടിയ ചേരൻ ചെങ്കുട്ടവൻ സ്ഥാപിച്ച ക്ഷേത്രമാണിതെന്ന് നിരവധി സൂചനകൾ ചിലപ്പതികാരത്തിൽനിന്നും ലഭിക്കുന്നുണ്ട്.**



*കണ്ണകീക്ഷേത്രത്തിലേക്കുള്ള കാനനപ്പാത*

കാണുകയും വൃത്താന്തങ്ങൾ ആരായുകയും ചെയ്യുന്നു. ദുരന്താത്മകമായ സ്വവൃത്താന്തങ്ങൾ കണ്ണകി കുറവരെ അറിയിക്കുന്നു. അപ്പോൾ കുന്നിന് മുകളിലേക്ക് ആകാശത്തുനിന്നും ഒരു ദേവലോകരഥം എത്തുന്നു. ആ രഥത്തിൽ കണ്ണകിയുടെ ഭർത്താവായ കോവലനുമുണ്ടായിരുന്നു. അതിലേറി കണ്ണകി ഉടലോടെ സ്വർഗത്തിലേക്ക് പോകുന്നു. ഈ സംഭവങ്ങൾക്ക് കുറവർ ദൃക്സാക്ഷിയായിരുന്നു. മലങ്കുറവർ ഈ വിവരം അവരുടെ രാജാവായ ചേരൻ ചെങ്കുട്ടവന്റെ അടുത്ത് അറിയിക്കുന്നു. വിവരങ്ങൾ കേട്ടയുടനെ തന്റെ രാജ്യത്തിലെത്തിച്ചേർന്ന ഈ 'പത്തിനികടവുളിന്' ഒരു വിഗ്രഹം നിർമിച്ച് ക്ഷേത്രം പണിഞ്ഞ് വിഗ്രഹം പ്രതിഷ്ഠിക്കണമെന്ന് തീരുമാനിക്കുകയും ചെയ്തു. ഉത്തര ഭാരതത്തിലേക്ക് തന്റെ സൈന്യവുമായി യാത്രതിരിച്ച് അവിടെയുള്ള ആര്യ മന്നവന്മാരെ പരാജയപ്പെടുത്തി ഹിമാലയത്തിലെത്തി വിഗ്രഹമുണ്ടാക്കുവാനുള്ള ശില ശേഖരിക്കുന്നു. പ്രസ്തുത ശില ഗംഗയിൽ ആറാടിച്ച് വഞ്ചിയിലെത്തിച്ച് ക്ഷേത്രത്തിൽ പ്രതിഷ്ഠിച്ചു. ഈ ചരിത്രസംഭവത്തെയാണ് ചേരൻ ചെങ്കുട്ടവന്റെ അനുജനായ ഇളങ്കോഅടികൾ ചിലപ്പതികാരമെന്ന കാവ്യമായി ചമച്ചത്.

ഐതിഹ്യങ്ങളും മിത്തുകളുമെന്തായാലും 'കണ്ണകി'യെന്ന സ്ത്രീ കേരളത്തിന്റെ ആരാധനാക്രമങ്ങളെയെല്ലാം അട്ടിമറിച്ചുകൊണ്ട് ദൈവികപദവിയിലേക്ക് ഉയർത്തപ്പെട്ട ധീരവനിതയാണ്. അതിന് ഏറ്റവും വലിയ തെളിവ് കേരളത്തിലെ കാളിയാരാധന മിക്കതും കണ്ണകി ആരാധനയിൽ നിലയുറപ്പിച്ചിരിക്കുന്നു എന്നതുതന്നെ. ചിലപ്പതികാരത്തിനും മണിമേഖലയ്ക്കും ഇത് രചനാവിഷയമാവുകയും തെക്കൻ കേരളത്തിലെ തോറ്റംപാട്ടുകൾക്കും ഉത്തര-മധ്യകേരളത്തിലെ പ്രധാന അനുഷ്ഠാനഗാനങ്ങളായ മണിമങ്കത്തോറ്റത്തിനും കണ്ണകീതോറ്റങ്ങൾക്കും നല്ലമ്മ പാട്ടിനുമൊക്കെ വിഷയമാവുകയും ചെയ്ത കണ്ണകികഥയ്ക്ക് പ്രത്യക്ഷത്തിൽ കാണുന്നതിനെക്കാൾ ആഴത്തിലും പരപ്പിലും വേരുകൾ ദർശിക്കാവുന്നതാണ്. ആദിമനിവാസികളായ മന്നാൻമാരുടെയും മുതുവാൻമാരുടെയും കൂത്തുകളിലെ പ്രധാന നായികയും കണ്ണകിയാണ്.

ഐതിഹ്യങ്ങളും മിത്തുകളുമെന്തായാലും 'കണ്ണകി'യെന്ന സ്ത്രീ കേരളത്തിന്റെ ആരാധനാക്രമങ്ങളെയെല്ലാം അട്ടിമറിച്ചുകൊണ്ട് ദൈവികപദവിയിലേക്ക് ഉയർത്തപ്പെട്ട ധീരവനിതയാണ്. അതിന് ഏറ്റവും വലിയ തെളിവ് കേരളത്തിലെ കാളിയാരാധന മിക്കതും കണ്ണകി ആരാധനയിൽ നിലയുറപ്പിച്ചിരിക്കുന്നു എന്നതുതന്നെ

ഉള്ളൂരും ഇളങ്കുളവും മറ്റ പ്രമുഖ പണ്ഡിതന്മാരും കൊടുങ്ങല്ലൂർ ഭഗവതിക്ഷേത്രത്തിലെ ഭദ്രകാളി ആരാധനയ്ക്ക് കണ്ണകി ആരാധനയുമായി ബന്ധമുണ്ടെന്ന് സംശയലേശമന്യേ സമ്മതിക്കുന്നുണ്ട്. എന്നാൽ ആ ക്ഷേത്രത്തിലെ പ്രതിഷ്ഠയാണ് ചേരൻ ചെങ്കുട്ടവൻ കണ്ണകി സംബന്ധമായി ആദ്യം നടത്തിയത് എന്ന അവരുടെ വാദഗതിയിൽ കഴമ്പുകാണുന്നില്ല. യഥാർഥത്തിൽ കൊടുങ്ങല്ലൂരിലല്ല വേൽകഴകുട്ടവൻ എന്ന ചേരൻ ചെങ്കുട്ടവൻ കണ്ണകീപ്രതിഷ്ഠ ആദ്യം നടത്തുന്നത്. ആദ്യം അത് നടക്കുന്നത് മംഗളാദേവി ക്ഷേത്രം ഇപ്പോൾ സ്ഥിതിചെയ്യുന്ന ഇടത്താണ്. ഇതു സംബന്ധിച്ച നിരവധി തെളിവുകൾ ചിലപ്പതികാരത്തിലും പതിറ്റിപ്പത്തിലും പുറനാനൂറിലുമൊക്കെ കണ്ടെത്താൻ കഴിയുന്നുണ്ട്. അവയെക്കുറിച്ചുള്ള വിശകലനമാണ് തുടർഭാഗങ്ങളിൽ നടത്തുന്നത്.

സംഘം കൃതികൾ നൽകുന്ന സൂചനകളെ ആസ്പദമാക്കിയും ഭൂമിശാസ്ത്രപരമായ നിലകളെ ആസ്പദമാക്കിയും മംഗളാദേവിയിൽ ചേരൻ ചെങ്കുട്ടവൻ കണ്ണകി പ്രതിഷ്ഠ നടത്തി എന്ന വാദഗതി ഉറപ്പിച്ചെടുക്കാൻ കഴിയും. ചിലപ്പതികാരം നൽകുന്ന സൂചനകളെ ആദ്യം വിശകലനം ചെയ്യാം.

## ചിലപ്പതികാരത്തിലെ തിരുച്ചെങ്കുന്ന്

ഇടമുല പറിച്ചെടുത്തതിനാൽ മുറിവേറ്റ് ക്ഷീണിതയായ കണ്ണകി മധുരയിൽനിന്നും വൈഗയുടെ തീരംവഴി പടിഞ്ഞാറോട്ടു സഞ്ചരിച്ച് പാണ്ഡ്യരാജ്യാതിർത്തി കടന്ന് ചേരരാജ്യത്തെത്തുകയും അവിടെ ഉയരമുള്ള ഒരു കുന്നിന്റെ മുകളിലേറുകയും അവിടെനിന്ന് കുറവർ നോക്കിനിൽക്കെ ദേവലോകരഥമേറി പോവുകയും ചെയ്തുവെന്നാണ് കുറവർ ചെങ്കുട്ടവനോടും അനുജൻ ഇളങ്കോവടികളോടും ചെന്നറിയിക്കുന്നത്. ഇളങ്കോവടികൾ ചിലപ്പതികാരം ചിട്ടപ്പെടുത്തിയതും കുറവർ പറഞ്ഞ ഈ കഥയെ അടിസ്ഥാനമാക്കിയാണ്. ചിലപ്പതികാരത്തിന്റെ അവസാന കാതമായ വരന്തരുകാതെയെന്ന മുപ്പതാം അധ്യായത്തിൽ അദ്ദേഹം തന്നെ ഇത് വിശദമാക്കുന്നുണ്ട്. മുപ്പതാം കാതത്തിലെ 53 മുതൽ 70 വരെയുള്ള വരികളിൽ ചെങ്കുട്ടവൻ കണ്ണകി പ്രതിഷ്ഠ നടത്തിയ ഇടത്തെക്കുറിച്ച് വ്യക്തമായി സൂചിപ്പിക്കുന്നുണ്ട്.

മങ്കല മടന്തൈ കോട്ടത്താങ്കൺ  
ചെങ്കോട്ടുയർവരൈച്ചേണയർചിലമ്പിർ  
പിണിമുക നെടുങ്കർ പിടർത്തലൈ നിരമ്പിയ-  
വണികയം പലവുള വാങ്കവൈ യിടൈയതു  
കടിപ്പകൈ നുൺകലും കവിരിതഴ് ക്കുറുങ്കലും  
..........................................................................  
പാചണ്ടൻയാൻ പാർപ്പനി തൻ മേ-



*മംഗളാദേവി മലമുകളിലെ തകർന്നുകിടക്കുന്ന നീരുറവ*

ന്മാടല മറൈയോയ്വന്തേനെന്റേല്ലം

പദാർഥം: ചുവന്ന കൊടുമുടികളും നീണ്ട മുളകളും ഉള്ള അത്യന്തം ഉന്നതമായ മലയിൽ മംഗളാദേവിയുടെ ആലയം സ്ഥിതിചെയ്യുന്ന സ്ഥലത്തു ശ്രീസുബ്രഹ്മണ്യന്റെ ആനയെപ്പോലുള്ള നെടിയ കല്ലിന്റെ സ്കന്ധദേശം പോലുള്ള ഭാഗത്തു വെള്ളം നിറഞ്ഞ ഭംഗിയുള്ള അനേകം ചുനകളുണ്ട്. അവിടെ അവയുടെ മധ്യത്തിലായി വെൺചെറുകടുകപോലെ സൂക്ഷ്മങ്ങളായ കല്ലുകളോടും മുരുക്കിൻപൂവിന്റെ നിറത്തിനൊത്ത നിറമുള്ള ചെറിയ കല്ലുകളോടും മാവു കലക്കിയതുപോലെ കൊഴുത്തു ചൊരിയുന്ന ജലത്തോടും കൂടിയ ഒരു നീരുറ്റുണ്ട്. ആ ചുനയിൽ ഇറങ്ങിച്ചെന്നു മുങ്ങുന്നവർ പൂർവജന്മസ്മരണയുള്ളവരായിത്തീരും. അതുകൊണ്ട് കണ്ണകീക്ഷേത്രത്തിന്റെ ഉയർന്ന വലിയ ദ്വാരദേശത്ത് ഇരുന്നവനേ! ഈ ചുനയിലെ ജലംകൊണ്ടുവന്ന് നിന്റെ കയ്യിൽ, 'ഇതു ഗണനീയമായ ഗുണത്തോടുകൂടിയതാകുന്നു, ഇതിനെ സ്വീകരിച്ചുകൊൾക' എന്നു പറഞ്ഞു ഞാൻ നിനക്കു തന്നതാണ്. ഉറവയിൽ തങ്ങിയ ആ ജലത്തോടുകൂടിയ കമണ്ഡലുവും നിന്റെ കൈവശമുണ്ടല്ലോ. ആ ജലത്തിന്റെ അലൗകികപ്രഭാവം ആദിത്യചന്ദ്രന്മാർ ഉള്ള കാലംവരെയ്ക്കും ഒഴിയുകയില്ല. അതുകൊണ്ട് ഈ മൂന്നു മങ്കമാരെയും ആ ജലംതളിച്ചു കുളിപ്പിച്ചാൽ ഈ കുറിയ ചെറുപ്പക്കാർ പൂർവജന്മസ്മരണയുള്ളവരായിത്തീരും. ഇതു നീ കണ്ടുകൊൾക. മാടലനാകുന്ന ഭൂസുര! പാഷണ്ഡച്ചാത്തനായ ഞാൻ ബ്രാഹ്മണിയിൽ ആവേശിച്ചിരിക്കുകയാണ്.

ഇവിടെ 'മങ്കല മടന്തൈ' അഥവാ മംഗളാദേവിയെന്നാണ് കണ്ണകിയെ വിശേഷിപ്പിച്ചിരിക്കുന്നത്. ചെങ്കുട്ടവൻ കണ്ണകീപ്രതിഷ്ഠ നടത്തിയിരിക്കുന്നത് ചുവന്ന കൊടുമുടികളും നീണ്ടമുളകളും ഉള്ള അത്യന്തം ഉന്നതമായ മലയിലാണ്. ആ മലയിൽ കൊഴുത്തു ചൊരിയുന്ന ജലത്തോടുകൂടിയ ഒരിക്കലും വറ്റാത്ത ഒരു നീരുറവയുണ്ട്. ആ നീരുറവയിൽ മുങ്ങുന്നവർ പൂർവജന്മസ്മരണയുള്ളവരായിത്തീരും. അതിന്റെ അലൗകികപ്രഭാവം ആദിത്യചന്ദ്രന്മാർ ഉള്ള കാലം വരെയും ഒഴിയുകയില്ല. ഈ പദ്യം ഒന്നുകൊണ്ടുതന്നെ ചെങ്കുട്ടവൻ നടത്തിയിരിക്കുന്ന പത്തിനിപ്രതിഷ്ഠ മംഗളാദേവിയിലാണെന്ന് വ്യക്തമാകുന്നുണ്ട്.

വഞ്ചിരാജ്യ തലസ്ഥാനമെന്ന് പുകൾപെറ്റ കൊടുങ്ങല്ലൂരിന്റെ ഭൂപ്രകൃതിയുമായി പ്രസ്തുത വർണനകൾ യോജിക്കുന്നതേയില്ല. എന്നാൽ മംഗളാദേവീക്ഷേത്രത്തിലെ ഇപ്പോഴത്തെ നില പരിശോധിച്ചാൽ ത്തന്നെ കാര്യങ്ങൾ കൂടുതൽ വ്യക്തമാകുന്നുണ്ട്. നിഗമനങ്ങൾ താഴെ കൊടുക്കുന്നു.

1. 4000 അടിയിൽ കൂടുതൽ ഉയരമുള്ള ഒരു കൊടുമുടിയുടെ നെറുകയിലാണ് തകർന്നുകിടക്കുന്ന മംഗളാദേവിക്ഷേത്രം നിലനിൽക്കുന്നത്. കൊടുങ്ങല്ലൂരിലെ പത്തിനീപ്രതിഷ്ഠയും നിലനിൽക്കുന്ന ഭൂപ്രകൃതി ചിലപ്പതികാരത്തിലെ ഈ വിവരണത്തോട് യോജിക്കുന്നില്ല. അതുകൊണ്ട് തന്നെ ചിലപ്പതികാരം പറയുംപ്രകാരം ചെങ്കുട്ടവൻ ആദ്യമായി പത്തിനീപ്രതിഷ്ഠ നടത്തിയത് കൊടുങ്ങല്ലൂരിലല്ല.

2. മംഗളാദേവി മലയിൽ ഇപ്പോഴും ധാരാളം നീരുറവകൾ ഉണ്ട്. കൊടുമുടിയിലെ നീരുറവിൽ കുളിച്ചാൽ ജന്മാന്തരസുകൃതം ലഭിക്കുമെന്ന് ഇപ്പോഴും വിശ്വസിക്കുന്നവരുണ്ട്. ഹിന്ദുമതവിശ്വാസികൾ ഇപ്പോഴും അവിടങ്ങളിൽ നീരാട്ടും നടത്താറുണ്ട്. ചിത്രാപൗർണമിയിൽ വിശ്വാസികൾ മലകയറുന്നത് കണ്ണകീബിംബത്തെ പൊങ്കാലയിട്ട് ആരാധിക്കാനും അവിടെയുള്ള പുണ്യതീർഥത്തിൽ ആറാട്ടുവാനുമാണ്.

.

3. മംഗളാദേവികുന്നിലും അത് സ്ഥിതിചെയ്യുന്ന പശ്ചിമഘട്ടനിരയിലും നീണ്ട മുളകളുടെ കൂട്ടം ഇപ്പോഴുമുണ്ട്. റിസർവ് വനമാകയാൽ ഭൂപ്രകൃതിയിലും മറ്റും വലിയ മാറ്റങ്ങൾ ഇതുവരെയും മംഗളാദേവിക്കുന്നു സ്ഥിതിചെയ്യുന്ന ഇടങ്ങളിൽ വന്നിട്ടില്ല.

4. ചേരരാജധാനിയെക്കുറിച്ചുള്ള പുതിയ പഠനങ്ങളും മംഗളാദേവിക്ഷേത്രത്തിന്റെ നിലയെപ്പറ്റിയുള്ള വ്യക്തമായ സൂചനകൾ നൽകുന്നുണ്ട്. ആദിചേരന്മാരുടെ തലസ്ഥാനത്തെക്കുറിച്ച് നിരവധി പഠനങ്ങൾ ഇതിനകം വന്നുകഴിഞ്ഞു. ചേരരാജധാനി മുരിചിപത്തനം ഇന്നത്തെ കൊടുങ്ങല്ലൂർ പറവൂർ ഭാഗത്താണെന്നും അതല്ല തൃശ്നാപ്പള്ളിക്കടുത്തുള്ള കരവൂരാണെന്നും ചേന്ദമംഗലമാണെന്നും ഇപ്പോൾ തിരുവഞ്ചിക്കുളം ക്ഷേത്രം സ്ഥിതിചെയ്യുന്ന ഇടത്താണെന്നുമൊക്കെ വ്യത്യസ്ത അഭിപ്രായങ്ങൾ നിലനിൽക്കുന്നു. എന്നാൽ ചേരൻ ചെങ്കുട്ടവൻ എന്തിനാണ് കാട്ടിനകത്തുള്ള ഈ ഭാഗത്ത് പ്രതിഷ്ഠ നടത്തിയത്? അതിന് നിരവധി കാരണങ്ങൾ ചരിത്രം പരിശോധിച്ചാൽ ലഭിക്കുന്നു.

5. ഉദിയൻ ചേരലാതനിൽ തുടങ്ങുന്ന ആദിചേരന്മാർ ഗോത്രവർഗക്കാരായിരുന്നു. ഒരിടത്ത് സ്ഥിരവാസമുറപ്പിക്കാതെ തങ്ങളുടെ സ്ഥാനം മാറ്റിമാറ്റി പ്രതിഷ്ഠിക്കുന്ന സ്വഭാവം ആദിചേരന്മാർക്കുണ്ടായിരുന്നു. അവരുടെ മൂല തലസ്ഥാനം പതിറ്റുപ്പത്ത് ആറാം പത്തു പ്രകാരം വഞ്ചിമുത്തൂരാണ്. പണ്ടു "പതിറ്റുപത്തു പ്രകാരം മൂലതലസ്ഥാനം കാടുകളാൽ വലയം ചെയ്യപ്പെട്ടതും മുതലകൾ വിഹരിക്കുന്ന കിടങ്ങുകളാൽ സംരക്ഷിതവുമായ മലമുകളിലെ ശക്തമായ കോട്ടയ്ക്കുള്ളിലാണ്."2 പതിറ്റുപ്പത്തിലെ ഈ സൂചനപ്രകാരം മൂലതലസ്ഥാനമായ വഞ്ചിമുത്തൂർ തിരുവഞ്ചിക്കുളമോ കൊടുങ്ങല്ലൂരോ പറവൂർ പട്ടണമോ അല്ലെന്ന് വ്യക്തമാകും. അവിടുത്തെ ഭൂപ്രകൃതി പതിറ്റുപ്പത്തിൽ പറയും പ്രകാരമുള്ളതല്ല എന്നതുതന്നെ പ്രധാന കാരണം. അങ്ങനെയെങ്കിൽ ഗോത്രവർഗക്കാരായ ആദിചേരന്മാരുടെ മൂലതലസ്ഥാനം എവിടെയായിരുന്നു എന്നൊരു ചോദ്യമുയരുന്നുണ്ട്. ചേരൻ ചെങ്കുട്ടവൻ കണ്ണകിയെ തന്റെ കുലദേവതയായി അംഗീകരിച്ച് അവരുടെ വിഗ്രഹം പ്രതിഷ്ഠിച്ചത് ഇന്ന് മംഗളാദേവി ക്ഷേത്രം സ്ഥിതി ചെയ്യുന്ന മലയിലാണെന്നുവന്നാൽ ചേരന്മാരുടെ ആദി തലസ്ഥാനവും ഈ ഭാഗത്തെവിടെയോ ആണെന്നുവരുന്നു. ചിലപ്പതികാരം പറയുംപ്രകാരം ചേരതലസ്ഥാനത്താണല്ലോ പത്തിനീദേവിയുടെ പ്രതിഷ്ഠ ചേരൻചെങ്കുട്ടവൻ നിർവഹിക്കുന്നത്. ഈ വാദഗതി ശരിവയ്ക്കുന്ന നിരവധി പൂർവപഠനങ്ങൾ ഉണ്ടായിട്ടുണ്ട്.

ചേരവംശത്തിന്റെ പൂർവഗ്രാമം വഞ്ചിമുത്തൂർ ആണ്. ചേരന്മാരുടെ മുത്തൂർ കാടുകൾക്കുള്ളിൽ മലമുകളിലാണെന്നും കോട്ടയും കിടങ്ങും കൊണ്ട് സംരക്ഷിക്കപ്പെട്ടിരുന്നെന്നും സംഘകാലകൃതികൾ പറയുന്നു. (മുസിരിസിന്റെ കാൽപ്പാടുകളിലൂടെ പുറം 136). ചുരുക്കത്തിൽ ആദിചേരന്മാരുടെ മൂലഗ്രാമത്തിൽ അഥവാ 'മുതു ഊരിൽ' ആണ് ചെങ്കുട്ടവൻ വാണിരുന്നത്. അവിടെ ചെന്നാണ് കുറവർ കണ്ണകീവൃത്താന്തം അരചനെ അറിയിക്കുന്നത്. പിന്നീട് അവരുടെ ആസ്ഥാനങ്ങൾ മാറുന്നതിനനുസരിച്ച് അവിടങ്ങളിലൊക്കെ കുലദേവതയായി മാറിയ പത്തിനീപ്രതിഷ്ഠ നടത്തിയിരിക്കണം. ചേരൻ ചെങ്കുട്ടവന്റെ കാലത്താണ് മുരുചി അതിന്റെ ഉന്നത നിലയിലേക്കെത്തുന്നത്. സ്വാഭാവികമായും അവിടുത്തെ പ്രധാന പ്രദേശത്ത് പത്തിനീപ്രതിഷ്ഠ നടന്നു കാണണം. അതാണ് ഇന്നത്തെ കൊടുങ്ങല്ലൂർ ക്ഷേത്രം എന്ന നിഗമനത്തിലേയ്ക്ക് എത്തുന്നതിൽ തെറ്റില്ല.

സഹ്യപർവത പ്രദേശങ്ങളിൽ ഇപ്പോഴും കണ്ണകിയുമായി നേരിട്ട് ബന്ധമുണ്ടായിരുന്നെന്ന് അവകാശപ്പെടുന്ന നിരവധി ഗോത്രങ്ങളുണ്ട്. അവർ കുമിളി, മറയൂർ, കാന്തല്ലൂർ പ്രദേശങ്ങളിൽ വസിക്കുന്നു. അവരിൽ ഏറ്റവും പ്രധാനപ്പെട്ട ഗോത്രജനതകളാണ് മന്നാൻമാരും മുതുവാന്മാരും. കണ്ണകിയോടൊപ്പം പാണ്ഡ്യദേശത്തുനിന്നും പുറപ്പെട്ടുവന്നവരാണ് തങ്ങളെന്ന് ഇപ്പോഴും അവർ അവകാശപ്പെടുന്നു. 'മുതുവാൻ' എന്ന വാക്കിന്റെ ഉത്ഭവം തന്നെ ക്ഷീണിതമായ കണ്ണകിയെ മുതുകിലേറ്റിക്കൊണ്ടു വന്നുവെന്നുള്ളതുകൊണ്ടാണെന്ന് അവർ പറയുന്നു. "മധുരയിൽനിന്ന് കേരളത്തിലേക്ക് കുടിയേറി പാർത്തവർ. പോരുമ്പോൾ മധുരമീനാക്ഷിയെ പുറത്ത് ചുമന്നു കൊണ്ടുവന്നുവത്രേ" (കേരള ചരിത്രനിഘണ്ടു, പുറം 407) എന്ന് മറ്റൊരു വാദഗതിയും നിലനിൽക്കുന്നു. എന്നാൽ മറയൂർ, കാന്തള്ളൂർ പ്രദേശങ്ങളിൽ പ്രചരിക്കുന്ന മിത്തുകളനുസരിച്ച് അവർ മുതുകിൽ ചുമന്നുകൊണ്ടുവന്നത് കണ്ണകിയെയാണ്. കണ്ണകിയുടെ മരണാനന്തരം അവർ തങ്ങളുടെ നാട്ടിലേക്ക് തിരികെ പോകാതെ അന്നത്തെ ചേരതലസ്ഥാനത്തിന്റെ പ്രാന്തപ്രദേശങ്ങളിൽ കുടിയേറുകയായിരുന്നിരിക്കണം. തൈപ്പൊങ്കൽ ഉത്സവത്തോടനുബന്ധിച്ച് അവതരിപ്പിക്കുന്ന പ്രധാന കലാരൂപമായ മുതുവാൻകൂത്തിൽ മുമ്പുകാലത്ത് കണ്ണകീചരിതം പാടിയിരുന്നു എന്നുള്ളതും ഇതു സംബന്ധിച്ച് ശ്രദ്ധേയമായ സംഗതിയാണ്. (ഫോക്‌ലോർ നിഘണ്ടു, പുറം-734). അതുമാത്രമല്ല മുതുവാൻ സമുദായക്കാർ തൊടുകുറി തൊടുന്നത് വേങ്ങമരത്തിന്റെ കറകൊണ്ടാണ് (കണ്ണകി അവസാനമായി ചെന്നിരുന്നത് ഒരു വേങ്ങമരച്ചുവട്ടിലാണ്). അതുപോലെ തന്നെ കുട്ടികളെ മുതുകിൽ മാറാപ്പുകെട്ടി ചുമക്കുന്ന പതിവ് ഇപ്പോഴും മുതുവാന്മാർക്കിടയിലുണ്ട്. ഇങ്ങനെ മുതുവാൻ സമുദായം കണ്ണകീകഥയുമായി അഭേദ്യമായി ബന്ധപ്പെട്ടു കിടക്കുന്നു എന്ന് കാണാം. മംഗളാദേവി മലയുടെ താഴ്‌വാരത്തിലുള്ള കുമിളി പ്രദേശങ്ങളിൽ വസിക്കുന്ന മന്നാന്മാരുടെ അവസ്ഥയും വ്യത്യസ്തമല്ല. അവരുടെ കൂത്തിലെ പ്രധാന കഥ കണ്ണകീ കോവലൻ കഥയാണ്. തെക്കൻ കേരളത്തിൽ പ്രചരിക്കുന്ന തോറ്റംപാട്ടിലെ കഥയുമായി മന്നാൻകൂത്തിലെ കോവലൻ കഥയ്ക്ക് സാമ്യമുണ്ട്. കോവലൻ കഥയിൽ കണ്ണകി പാണ്ഡ്യനുമായി യുദ്ധം ചെയ്താണ് വിജയം വരിക്കുന്നത്. തെക്കൻ തോറ്റം പാട്ടുകളിലും പാണ്ഡ്യനുമായുള്ള കന്നിയുടെ അഥവാ കണ്ണകിയുടെ യുദ്ധവർണനയുണ്ട്.

ചേരവംശത്തിന്റെ കുലദേവതയായിരുന്ന കൊറ്റവെയുടെ ആവാസസ്ഥാനമായി സംഘംകൃതികളിൽ സൂചിപ്പിക്കുന്നത് 'അയിര' എന്നൊരു മലയാണ്.

സഹ്യപർവത പ്രദേശങ്ങളിൽ ഇപ്പോഴും കണ്ണകിയുമായി നേരിട്ട് ബന്ധമുണ്ടായിരുന്നെന്ന് അവകാശപ്പെടുന്ന നിരവധി ഗോത്രങ്ങളുണ്ട്. അവർ കുമിളി, മറയൂർ, കാന്തല്ലൂർ പ്രദേശങ്ങളിൽ വസിക്കുന്നു. അവരിൽ ഏറ്റവും പ്രധാനപ്പെട്ട ഗോത്രജനതകളാണ് മന്നാൻമാരും മുതുവാന്മാരും. കണ്ണകിയോടൊപ്പം പാണ്ഡ്യദേശത്തുനിന്നും പുറപ്പെട്ടുവന്നവരാണ് തങ്ങളെന്ന് ഇപ്പോഴും അവർ അവകാശപ്പെടുന്നു.



*മംഗളാദേവി മലയുടെ ഒരു ദൂരക്കാഴ്ച*

ഈ മല എവിടെയാണെന്നതിന് വ്യക്തമായ സൂചനകൾ ഇതുവരെയും ലഭിച്ചിട്ടില്ല. കൊറ്റവെ എന്ന ദേവത കാളി തന്നെയാണ്. പിന്നീട് വീരവനിതയായ കണ്ണകിക്ക് കാളിയുടെ താരപരിവേഷം നൽകിയാണ് ചെങ്കുട്ടവൻ തലസ്ഥാനത്തിനടുത്ത് തിരുച്ചെങ്കുന്നിൽ പ്രതിഷ്ഠ നടത്തിയത്. സംഘം കൃതികളിൽ സൂചിപ്പിക്കുന്ന ആദിദേവത കൊറ്റവെയുടെ ആവാസസ്ഥാനമായി കൽപ്പിക്കുന്ന അയിരമലയും മംഗളാദേവിമല തന്നെയായിരിക്കണം.

ഇത്തരത്തിൽ തിരുച്ചെങ്കുന്നെന്ന മംഗളാദേവി മലയ്ക്ക് ചരിത്രപ്രാധാന്യമേറെയുണ്ട്. ആദിചേരന്മാരുടെ മൂലഗ്രാമമായും അവരുടെ കുലദേവതാ ആസ്ഥാനമായും കണ്ണകിയെന്ന വീരവനിതയുടെ സ്വർഗാരോഹണസ്ഥലമായുമൊക്കെ പകർന്നാടുന്ന സ്വത്വം ഈ മലയ്ക്ക് മാത്രം സ്വന്തമായുള്ളതാണ്.

## ചിലപ്പതികാരത്തിലെ കണ്ണകീസ്വർഗാരോഹണവും മംഗളാദേവിയിലെ മിന്നലുകളും

ചിലപ്പതികാരത്തിൽ കണ്ണകിയുടെ സ്വർഗാരോഹണത്തെ അവതരിപ്പിക്കുന്നയിടത്തെ ചില കാവ്യസൂചനകളും മംഗളാദേവിമലയിലെ ചിത്രാപൗർണമിദിനത്തിലെ പ്രകൃതി പ്രതിഭാസങ്ങൾക്കും തമ്മിൽ ബന്ധമുണ്ട്.

കണ്ണകിയുടെ സ്വർഗാരോഹണത്തെക്കുറിച്ച് ചിലപ്പതികാരം പറയുന്നതിങ്ങനെയാണ്.

"ഇരവുപകലുമയങ്കിനൾ കൈയ
റ്റുരവുനീർ വൈയൈ യൊരുകരൈക്കൊണ്ടാ-
ങ്കവല വെന്നാളവലി ത്തിഴിതലിൻ
മിചൈയവെന്നാൺ മിചൈവൈത്തേറലിർ
കടൽ വയിറു കിഴിത്തു മലൈനെഞ്ചം പിളന്താ-
ങ്കവുണരൈക്കടന്ത ചുടരിലൈ നെടുവേ
നെടുവേൾകുന്റ മുടിവൈത്തേറി

(പദാർഥം: ഇരവുപകലറിയാതെ ഇതികർത്തവ്യതാമൂഢയായി മയങ്ങിയിരിക്കുന്ന ജലം നിറഞ്ഞ വൈഗാനദിയുടെ ഒരു കരയിൽ ചെന്നുചേർന്ന് തൽസമയം പതറി ഇറങ്ങുകമൂലം കുണ്ടുകൾ കാണാതെയും തന്റെ ഭർത്താവിനെത്തന്നെ മനസ്സിൽനിനച്ചുകൊണ്ട് കയറുകമൂലം മേടുകൾ അറിയാതെയും കടലിന്റെ മധ്യത്തിൽ പ്രവേശിച്ച. ക്രൗഞ്ചപർവതത്തെ വിദാരണം ചെയ്ത് അവിടുത്തെ അസുരന്മാരെ ജയിച്ച ഒളിവീശുന്ന പരന്ന ആകൃതിയിലുള്ള നീണ്ട വേലോടുകൂടിയ സുബ്രഹ്മണ്യന്റെ തിരുച്ചെങ്കുന്നിൽ അടിവച്ചു നടന്ന് അവൾ മുകളിൽ കരയേറി.)

"പൂത്തവേങ്കൈപ്പൊങ്കർക്കീഴോർ
തീത്തൊഴിലാട്ടിയേൻ യാനെ ന്റേങ്കി
യെഴുനാളിരട്ടിയെല്ലൈ ചെന്റപി
ന്റെറാഴുനാളിതുവെനെ ത്തോന്റെ വാഴ്ത്തി
പ്പീടുകെഴുനങ്കൈ പെരുംപെയ രേത്തി
വാടാമാമലർ മാരി പെയ്താ-
ങ്കമരർക്കരചന്റമർവന്തേത്ത-
ക്കോനകൾ പിഴൈന്ത കോവലന്റന്നൊടു
വാനവൂർതിയേറിനൺ മാതോ
കാനമർപുരികുഴർകണ്ണകിതാനെൻ (ചിലപ്പതികാരം, പുറം 502-503)

(പദാർഥം : പടർന്നുപന്തലിച്ചുനിൽക്കുന്ന വേങ്ങമരത്തിന്റെ ചുവട്ടിൽനിന്നും 'ഞാൻ ഇണയറ്റ ദുരിതത്തോടുകൂടിയവളാണ്' എന്നുപറഞ്ഞ് പതിനാലാം ദിവസം പകൽ നീങ്ങിയശേഷം ഞാൻ ഭർത്താവിനെ കണ്ടുതൊഴാനുള്ള ദിവസം ഇതുതന്നെ എന്നു നിശ്ചയിച്ച് അവനെ മാത്രം സ്തുതിച്ച് പെരുമയേറിയ കണ്ണകിയുടെ ഉയർന്ന സൽകീർത്തിയെ ചൊല്ലി അപാർഥിവങ്ങളായ പ്രസ്ഥാനങ്ങളെക്കൊണ്ടു പൂമാരി ചൊരിഞ്ഞ് ഇന്ദ്രന്റെ ആൾക്കാരായ

തികളൊന്നും തന്നെ ഇതുവരെ പണ്ഡിതന്മാർ ഉന്ന യിച്ചുകാണുന്നില്ല. അങ്ങനെയെങ്കിൽ നാടൻ കാവ്യങ്ങളായും മിത്തുകളായും കഥകളായും പാട്ടുകളായുമൊക്കെ പ്രചരിക്കുന്ന കണ്ണകികഥയുടെ ചരിത്രസത്യം എന്തായിരിക്കുമെന്ന് അന്വേഷിക്കാം.

കണ്ണകിയുടെ മരണത്തെക്കുറിച്ചുള്ള ചിലപ്പതികാരത്തിലെ വരികളുടെ ആന്തരാർഥമെന്തായിരിക്കും! അതിലൂടെ ഇളങ്കോവടികൾ എന്തോ പറയാൻ ശ്രമിക്കുന്നില്ലെ? ഇളങ്കോവടികളുടെ അടുത്ത് കണ്ണകിയുടെ മരണവൃത്താന്തമറിയിച്ച മലങ്കുറവർ ആ രാത്രി കണ്ട കാഴ്ച എന്തായിരിക്കും? മംഗളാദേവി കുന്നിൽ അന്നുനടന്നതെന്തായിരിക്കും? ചിലപ്പതികാരത്തിലെ തൽസംബന്ധമായ വരികളെ വിശദമായ വായനയ്ക്ക് വിധേയമാക്കിയാൽ ഉത്തരം കൃത്യമായി ലഭിക്കുന്നുണ്ട്.

മേൽസൂചിപ്പിച്ച ചിലപ്പതികാരത്തിലെ ചില വാക്കുകളുടെയും അതുൾക്കൊള്ളുന്ന വരികളുടെയും അർഥത്തെ സൂക്ഷ്മവിശകലനത്തിന് വിധേയമാക്കാം. മധുരകാണ്ഡം 196-ാം വരിയിലെ 'വാടാമാമലർ മാരിപെയ്താങ്കമരർക്കരചൻ' എന്ന പ്രയോഗവും 199-ാം വരിയിലെ 'വാന വൂർതി ഏറിനന്റെ' എന്ന പ്രയോഗവും നിരവധി ധ്വന്യാർഥങ്ങൾ ഒളിപ്പിച്ചിരിക്കുന്നു. പൂമാരിപോലെ അപ്പോഴവിടെ മഴയുണ്ടായിരുന്നു എന്നതാണ് 196-ാം വരികൊണ്ടർഥമാക്കുന്നത്. മാത്രമല്ല ദേവലോകരഥമായി കൽപ്പിച്ചിരിക്കുന്നത് മിന്നലിനെയുമാണ്. നല്ല മഴയും മിന്നലുമുണ്ടായിരുന്ന രാത്രിയാണതെന്ന് ചുരുക്കം. മഴയുടെയും മിന്നലിന്റെയും ദേവൻ ഇന്ദ്രനാണല്ലോ. അദ്ദേഹത്തിന്റെ സാന്നിധ്യത്തെക്കുറിക്കാൻ ഇതിലും നല്ല വിശേഷണങ്ങൾ ഇല്ലതന്നെ. ചുരുക്കത്തിൽ അന്നു രാത്രിയിൽ മലങ്കുറവർ കണ്ട കാഴ്ച ഇതായിരിക്കണം. ഇണയറ്റ ദുഃഖത്തോടുകൂടി തിരുച്ചെങ്കുന്നിന്റെ മുകളിലെത്തിയ കണ്ണകി വേങ്ങമരച്ചുവട്ടിലിരിക്കുമ്പോൾ പൂമാരിപോലെ മഴപെയ്യുകയും മിന്നലാകുന്ന ദേവലോകരഥമെത്തി അവളെ ദേവലോകത്തേക്ക് കൊണ്ടുപോവുകയും ചെയ്തു. ഇളങ്കോവടികളുടെ അദ്വിതീയമായ ഭാവന ഈ സംഭവത്തെ ശക്തമായ കാവ്യബിംബങ്ങളായി ചമച്ചുവെന്നുമാത്രം!

മേൽ വാദഗതിക്ക് ഉപോൽബലകമായ നിരവധി തെളിവുകൾ ഇനിയും നിരത്താൻ സാധിക്കും. അതിൽ ഏറ്റവും പ്രധാനം മംഗളാദേവിക്കുന്നിന്റെ ഭൂപ്രകൃതിയും കാലാവസ്ഥയും സംബന്ധിച്ചുള്ള ഇപ്പോഴത്തെ നിലയാണ്. സമുദ്രനിരപ്പിൽ നിന്ന് 1337 മീറ്റർ ഉയരത്തിൽ സ്ഥിതിചെയ്യുന്ന മംഗളാദേവി മല ആ പ്രദേശത്തുതന്നെയുള്ള ഏറ്റവും ഉയരമുള്ള മലയാണ്. വൈകുന്നേരം മുതൽ പുലർച്ചവരെ മിക്ക ദിവസങ്ങളിലും മേഘങ്ങൾ മൂടിക്കിടക്കുകയും മിന്നലോടുകൂടി മഴ പെയ്യുകയും ചെയ്യുന്ന അപൂർവം പ്രദേശങ്ങളിലൊന്നാണത്. തകർന്നുകിടക്കുന്ന മംഗളാദേവി ക്ഷേത്രത്തിന്റെ നാശത്തിലേക്ക് നയിച്ച പ്രധാന കാരണങ്ങളിലൊന്ന് ഇവിടങ്ങളിലുള്ള ഈ കാലാവസ്ഥ തന്നെയാണ്. വർഷത്തിൽ ഒരിക്കൽ മാത്രമേ ഈ ക്ഷേത്രത്തിലേക്കുള്ള പ്രവേ



*മംഗളാദേവി ക്ഷേത്രത്തിലെ ചിത്രാപൗർണമി ഉത്സവത്തിൽ വിഗ്രഹത്തിൽ അലങ്കാരങ്ങൾ ചാർത്തി പൂജിക്കുന്നു. ഇപ്പോഴുള്ള കണ്ണകീവിഗ്രഹം കമ്പത്തുനിന്നാണ് കൊണ്ടുവരുന്നത്.*

ദേവന്മാർ അവിടെ വന്ന് സ്തുതിച്ചപ്പോൾ പരിമളമേറുന്ന പുരി കുഴലോടുകൂടിയ കണ്ണകി മധുരക്കാർ കൊലചെയ്ത തന്റെ പ്രിയതമനായ കോവലനോടുകൂടി ദേവവിമാനത്തിൽ കയറി സ്വർഗം പ്രാപിച്ചു.)

മേൽസൂചിപ്പിച്ച ചിലപ്പതികാരത്തിലെ പദ്യങ്ങൾ പ്രകാരം കണ്ണകിയുടെ സ്വർഗാരോഹണം ഇപ്രകാരമാണ്. മധുര ശപിച്ച് നശിപ്പിച്ചശേഷം രാവും പകലും അറിയാതെ വൈഗയുടെ തീരത്തുകൂടി 14 ദിവസം യാത്ര ചെയ്ത് തിരുച്ചെങ്കുന്നിന്നടുത്തെത്തുന്നു. അവിടെ ഒരു വേങ്ങമരത്തിന്റെ ചുവട്ടിലിരിക്കുകയും ചെയ്യുന്നു. അവൾ കുന്നിൻമുകളിലേയ്ക്കോടിക്കേറുകയും പകൽ നീങ്ങി രാത്രിയായശേഷം തന്റെ ഭർത്താവിനെ കാണാനുള്ള ദിവസം ഇതുതന്നെയെന്ന് നിശ്ചയിച്ച് അവനെ സ്തുതിച്ചു. അപ്പോൾ ഇന്ദ്രന്റെ രഥത്തിൽ ദേവന്മാർ കോവലനോടുകൂടി അവിടെ എത്തുകയും ആ ദേവലോകരഥത്തിലേറി അവൾ സ്വർഗത്തിലേക്ക് പോവുകയും ചെയ്തു. ഈ വിവരണങ്ങളെല്ലാം തന്നെ കാവ്യഭാവനയുടെ സന്തതികളാണെന്ന് കാണാം. എന്നാൽ മധുരയിലെ അഗ്നിബാധയും തുടർന്നുള്ള കണ്ണകിയുടെ മരണവുമെല്ലാം ചരിത്രസംഭവങ്ങളാണെന്നുള്ളതിന് എതിർവാദഗ

ശനം ഗവണ്മെന്റ് അനുവദിക്കുന്നുള്ളൂ എന്ന് നേരത്തെ സൂചിപ്പിച്ചുവല്ലോ. അനുവദിക്കപ്പെട്ട ചിത്രാപൗർണമി നാളിൽ വൈകുന്നേരം അഞ്ചുമണിക്കുശേഷം അവിടെ ജനങ്ങളെ നിർത്താറില്ല. മിന്നലേറ്റുള്ള അപകടങ്ങൾ മുൻകൂട്ടി കണ്ടാണ് ഈ നിരോധനം ഏർപ്പെടുത്തിയിരിക്കുന്നത്. ചിത്രാപൗർണമിനാളിൽ വൈകുന്നേരം ശക്തമായ മിന്നലോടുകൂടിയുള്ള മഴ മലമുകളിൽ സാധാരണമാണുതാനും. ഇത് വിശ്വാസത്തിന്റെ ഭാഗമായി ഇപ്പോൾ മാറിയിട്ടുണ്ട്. വിശ്വാസികളുടെ അബോധം ചരിത്രത്തിന്റെ തനിയാവർത്തനമായി ഈ മഴയെയും മിന്നലിനെയും കണക്കാക്കുന്നുണ്ടാകണം.





*നശിപ്പിക്കപ്പെട്ട നിലയിൽ ക്ഷേത്രത്തിലുള്ള ചില വിഗ്രഹങ്ങൾ.*

## മംഗളാദേവി ക്ഷേത്രത്തിന്റെ നാശവും ഉപേക്ഷിക്കലും

മുൻഖണ്ഡികയിൽ സൂചിപ്പിച്ച കാലാവസ്ഥാവ്യതിയാനങ്ങൾക്ക് പുറമേ മറ്റ് ചില കാരണങ്ങളും മംഗളാദേവി ക്ഷേത്രത്തിന്റെ ജീർണാവസ്ഥയ്ക്ക് കാരണമായിട്ടുണ്ട്. അതിൽ ഏറ്റവും പ്രധാനം എ.ഡി. 185-ൽ ഉണ്ടായ ഭൂകമ്പവും വെള്ളപ്പൊക്കവും ആയിരിക്കണം. ആദിചേര സാമ്രാജ്യത്തിന്റെ പതനത്തിന് തന്നെ കാരണമായ ആ സംഭവത്തെക്കുറിച്ച് പുറനാനൂറ് 229-ൽ സൂചനകൾ കാണുന്നു (മുസിരിസിന്റെ കാൽപ്പാടുകൾ, പുറം 122). അന്ന് ഭരണം നടത്തിയത് ആദിചേര രാജവംശത്തിലെ അവസാന രാജാവായ യാനൈക്കാട് ചെയ് മാന്തരൻ ചേരൻ ഇരുമ്പൊറൈ ആയിരുന്നു. പത്താം പത്തിലെ നായകൻ ഇദ്ദേഹമായിരിക്കണം. അദ്ദേഹം ഒരു പ്രകൃതിക്ഷോഭത്തിലാണ് മരണമടഞ്ഞതെന്ന് കൂടലൂർ കീഴാർ എന്ന കവി നേരത്തെ സൂചിപ്പിച്ച പുറനാനൂറിലെ പാട്ടിൽ പാടിയിരിക്കുന്നു (മുസിരിസിന്റെ കാൽപ്പാടുകൾ, പുറം 122). 'പൈങ്കുനി മാസത്തിലെ ആദ്യ പകുതിയിൽ കൂരിരുട്ടുള്ള പാതിരാത്രി സമയത്ത് (അമാവാസി) കാർത്തികനക്ഷത്രം മേടരാശിയിലായിരിക്കുമ്പോൾ മൂലംനക്ഷത്രം ഉദിക്കുകയും മകയിരം അസ്തമിക്കുകയും ഉത്രം ഉച്ചത്തിൽ നിന്ന് താഴുവാൻ തുടങ്ങുകയും ചെയ്തപ്പോൾ ഭൂമിയിൽ പ്രകാശം പരത്തിക്കൊണ്ട് ഒരു തീഗോളം വടക്കും കിഴക്കുമല്ലാത്ത ദിക്കിലായി കടലിൽ വീണു' എന്നാണ് ഈ പാട്ടിലെ ജ്യോതിശ്ശാസ്ത്രഭാഗം ആ പ്രകൃതിക്ഷോഭത്തെക്കുറിച്ച് പറയുന്നത് (മുസിരിസിന്റെ കാൽപ്പാടുകൾ, പുറം 122). മാന്തരൻ ചേരൻ ഇരുമ്പൊറയുടെ വെൺകൊറ്റക്കുട ഒടിഞ്ഞുവീഴുകയും അദ്ദേഹത്തിന്റെ രാജകീയ പെരുമ്പറ ഉരുണ്ടു വീഴുകയുമുണ്ടായത്രേ. രാജാവിന്റെ ആന നിലത്ത് ഗതികെട്ടുകിടക്കുകയായിരുന്നു. കവിയും സദസ്യഗണം മുഴുവനും ഭയചകിതരാവുകയും ചെയ്തു. മുരുചിപത്തനത്തെക്കുറിച്ച് ഗവേഷണം നടത്തിയ ഡോൺ ബോസ്കോ എന്ന ഗവേഷകന്റെ മേൽസൂചിപ്പിച്ച അനുമാനങ്ങൾ പരിശോധിക്കുകയാണെങ്കിൽ മംഗളാദേവിക്ഷേത്രത്തിന്റെയും ആദിചേരന്മാരുടെ പതനം ഒരു സമയത്താണ് നടന്നതെന്ന നിഗമനത്തിലെത്താം. "ക്രിസ്തുവിന് പിൻപ് 185 ഡിസംബർ 7 മുതൽ എട്ടുമാസത്തോളം കാണപ്പെട്ടതായി ചൈനക്കാരായ ജ്യോതിശ്ശാസ്ത്രജ്ഞർ രേഖപ്പെടുത്തിയിട്ടുള്ള ശുക്രനക്ഷത്രത്തെക്കാൾ പ്രകാശമുണ്ടായിരുന്ന ഒരു ജ്യോതിർഗോള പ്രതിഭാസം സൗരയൂഥത്തിൽ ചുറ്റിക്കറങ്ങിക്കൊണ്ടിരുന്ന ഏതോ ഒരു ഉൽക്കയെ ഭൂമിയിലേക്ക് തിരിച്ചുവിട്ടതല്ലേ മേൽ പ്രസ്താവിച്ച പുറനാനൂറിലെ 229-ാം പാട്ടിലെ സംഭവങ്ങൾക്ക്



*മംഗളാദേവി ക്ഷേത്രത്തിലെ വായിക്കപ്പെടാത്ത ശിലാശാസനങ്ങളിലൊന്ന്*

കേരള-തമിഴ്നാട് തർക്കപ്രദേശം എന്ന നിലയിൽ മാത്രം ഇപ്പോൾ ശ്രദ്ധിക്കപ്പെടുന്ന ഈ ക്ഷേത്രനിർമിതിയുടെ ചരിത്രവും തൽസംബന്ധമായ മിത്തുകളും കൂടുതൽ സൂക്ഷ്മതയോടെ വിശകലനം ചെയ്താൽ മാത്രമേ സത്യത്തിന്റെ തെളിമയുള്ള മുഖം പുറത്തുവരികയുള്ളൂ.

കാരണം എന്ന് സംശയിക്കുന്നു. അങ്ങനെയുണ്ടാകുന്ന ഉൽക്കാപതനത്തിന്റെ അലയൊലികൾ കടൽത്തീരത്തുണ്ടാക്കിയ വിനാശകരമായ പ്രകൃതിക്ഷോഭങ്ങൾ അത്യന്തം രൂക്ഷമായിരുന്നിരിക്കണം. ഇത് ഭൂകമ്പങ്ങൾക്കും സുനാമിക്കും കാരണമായിട്ടുണ്ടാകണം." (മുസിരിസിന്റെ കാൽപ്പാടുകൾ, പുറം 923). ഈ അനുമാനങ്ങളെ മുഖവിലയ്ക്കെടുക്കുകയാണെങ്കിൽ മംഗളാദേവിക്ഷേത്രത്തിന്റെ പതനവുമായി രണ്ടു വസ്തുതകൾ വെളിപ്പെട്ടുവരും. അതിൽ ഒന്നാമത്തേത് മേൽപ്പറഞ്ഞ ജ്യോതിർഗോളപ്രതിഭാസം കാരണമായുണ്ടായ ഭൂകമ്പത്തിൽ ഒരുപക്ഷേ മംഗളാദേവി ക്ഷേത്രവും നശിച്ചിരിക്കാം എന്നതാണ്. രണ്ടാമത്തേത് ആദിചേരന്മാരുടെ മൂലഗ്രാമം ആദിചേരസാമ്രാജ്യത്തിലെ അവസാനത്തെ രാജാവായ മാന്തരൻ ഇരുമ്പൊറയോടുകൂടി ഉപേക്ഷിക്കപ്പെട്ടു എന്നതാണ്. എന്തായാലും ചരിത്രത്തിൽ മംഗളാദേവി ക്ഷേത്രത്തിൽ ആരാധന നടന്നിരുന്നു എന്ന വസ്തുത ചിലപ്പതികാരമല്ലാതെ മറ്റൊരു കൃതിയും വാഴ്ത്തുന്നില്ല എന്നത് വസ്തുതയാണ്.

ഈ ക്ഷേത്രത്തിന്റെ തകർച്ച സംബന്ധിച്ച മറ്റ് ചില നിഗമനങ്ങളും പണ്ഡിതന്മാർ അവതരിപ്പിക്കുന്നുണ്ട്. ശൈവ-വൈഷ്ണവ-ശാക്തേയ-ബുദ്ധമതങ്ങളുടെ പരസ്പരമുള്ള സംഘർഷങ്ങൾ ക്ഷേത്രത്തകർച്ചയ്ക്കും മറ്റും കാരണമായി എന്നുള്ളതാണ് അതിൽ പ്രധാനമായൊരു വാദഗതി. ചെങ്കുട്ടവൻ ഉൾപ്പെടെയുള്ള ആദിചേരരാജാക്കന്മാർ മതസഹിഷ്ണുത വച്ചുപുലർത്തിയിരുന്നവരാണ്. തങ്ങളുടെ രാജ്യാതിർത്തിയിൽ എല്ലാ മതങ്ങൾക്കും അവർ തുല്യപ്രാധാന്യം നൽകിപ്പോന്നു. ചെങ്കുട്ടവന്റെ അനുജനായ ഇളങ്കോവടികൾ ഒരു ജൈനസന്യാസിയായിരുന്നു എന്നുള്ളത് ഇതിന് ഉപോൽബലകമായ തെളിവായി ഉയർത്തിക്കാട്ടുന്ന പണ്ഡിതന്മാരുണ്ട്. ആദിചേരന്മാരുടെ വാഴ്ച അവസാനിച്ചതോടെ ഈ മതസഹിഷ്ണുതാപരമായ നിലപാടുകൾക്ക് ഇടിവു സംഭവിച്ചുകാണണം. അതുകൊണ്ടുതന്നെ മതങ്ങൾ തമ്മിലുള്ള സംഘർഷങ്ങൾ അക്കാലത്ത് സാധാരണ സംഭവമായി മാറിയിരുന്നു. ശൈവ-വൈഷ്ണവ സംഘട്ടനമായിരുന്നു അതിൽ ഏറ്റവും പ്രധാനം. കേരളത്തിന്റെ പ്രത്യേക സാഹചര്യത്തിൽ ബുദ്ധ-ശാക്തേയാരാധനയ്ക്ക് മറ്റ് ദക്ഷിണേന്ത്യൻ പ്രദേശങ്ങളിൽനിന്ന് വ്യത്യസ്തമായി കൂടുതൽ വേരോട്ടം ലഭിച്ചിരുന്നു. മംഗളാദേവി ക്ഷേത്രത്തെ സംബന്ധിച്ചും തൽസംബന്ധമായ ചില വിവരങ്ങൾ ലഭിക്കുന്നുണ്ട്. ഈ ക്ഷേത്രം ബുദ്ധവിഹാരമായിരുന്നെന്നും ഈ ബുദ്ധവിഹാരത്തിൽ ശൈവമതക്കാരുടെ പ്രത്യേകിച്ച് തമിഴ്നാട്ടിൽനിന്നുള്ള ശൈവമതക്കാരായ മറവപ്പടയുടെ ആക്രമണത്തിൽ നശിപ്പിക്കപ്പെട്ടതാണെന്നും വിശ്വസിക്കുന്നവരുണ്ട്. അധികാരത്തിന്റെ കടന്നുകയറ്റങ്ങളും മംഗളാദേവി ക്ഷേത്രത്തിന്റെ തകർച്ചയ്ക്ക് മറ്റൊരു കാരണമായിരുന്നിരിക്കാം. പ്രാചീന ദക്ഷിണഭാരതത്തിലെ മാറിമറിയുന്ന രാഷ്ട്രീയസാഹചര്യങ്ങൾ പലപ്പോഴും വലിയ ആക്രമണങ്ങൾക്കും കൊള്ളയടിക്കലിനും കാരണമായിട്ടുണ്ട്. പാണ്ഡ്യനഗരമായ മധുരയെ ചുട്ടെരിച്ച് പാണ്ഡ്യനെ കാലപുരിയ്ക്കയച്ച വീരവനിത എന്നതുതന്നെ അധികാരമാറ്റത്തിന്റെ സൂചനയാണ്. നൃപനീതി തെറ്റിക്കുന്ന രാജാക്കന്മാർക്ക് താക്കീതായി നിലനിൽക്കുന്ന കണ്ണകീബിംബത്തെ പോലുള്ളവയെ അംഗീകരിക്കാൻ ഒരു നൃപന്മാരും തയാറാകണമെന്നില്ല. അതുകൊണ്ടുതന്നെ ജനപക്ഷത്തുനിന്നും സ്വയമേവ ഉണ്ടായിവരുന്ന ഇത്തരം തിരുത്തൽശക്തികളെ തച്ചുടയ്ക്കേണ്ടത് അധികാരത്തിന്റെ പ്രാഥമിക കർമങ്ങളിലൊന്നായി എല്ലാ കാലവും ഗണിച്ചുപോരുന്നു. സ്വാഭാവികമായി അത്തരം ആക്രമണങ്ങൾക്ക് മംഗളാദേവി ക്ഷേത്രവും വിധേയമായിരിക്കാം.

ഒരുപക്ഷേ കേരളത്തിൽ ഇന്ന് നിലനിൽക്കുന്ന ആദിചേരന്മാരുടെ നിർമിതികളിൽ ഏറ്റവും പ്രാക്തനമായ ഒന്നാണ് മംഗളാദേവിക്കുന്നിൽ കാണുന്ന ഈ ക്ഷേത്രം. അവിടുത്തെ ശിലാലിഖിതങ്ങളും മറ്റും സൂക്ഷ്മതയോടെ പരിശോധിച്ച് തുടർഗവേഷണങ്ങൾ അത്യാവശ്യമായി നടത്തേണ്ടതാകുന്നു. കേരള-തമിഴ്നാട് തർക്കപ്രദേശം എന്ന നിലയിൽ മാത്രം ഇപ്പോൾ ശ്രദ്ധിക്കപ്പെടുന്ന ഈ ക്ഷേത്രനിർമിതിയുടെ ചരിത്രവും തൽസംബന്ധമായ മിത്തുകളും കൂടുതൽ സൂക്ഷ്മതയോടെ വിശകലനം ചെയ്താൽ മാത്രമേ സത്യത്തിന്റെ തെളിമയുള്ള മുഖം പുറത്തുവരികയുള്ളൂ.

## ഗ്രന്ഥസൂചി


1. ആദർശ് സി. ഡോ., കൊടുങ്ങല്ലൂരിന്റെ വ്യാവഹാരിക ഭൂമിശാസ്ത്രം, വള്ളത്തോൾ വിദ്യാപീഠം, എൻ.ബി.എസ്., കോട്ടയം, 2013.
2. ഇളങ്കോവടികൾ, ചിലപ്പതികാരം, നെന്മാറ പി.വിശ്വനാഥൻനായർ (വ്യാഖ്യാനം), കേരള സാഹിത്യ അക്കാദമി, തൃശ്ശൂർ, 1996.
3. കുഞ്ഞൻപിള്ള, പി.എൻ., ഇളംകുളം, പ്രൊഫ., ഇളംകുളം കുഞ്ഞൻപിള്ളയുടെ തിരഞ്ഞെടുത്ത കൃതികൾ, അന്താരാഷ്ട്ര കേരള പഠനകേന്ദ്രം, കേരളസർവ്വകലാശാല, തിരുവനന്തപുരം, 2005
4. ഗോവിന്ദപ്പിള്ള, സി.പി., മലയാളത്തിലെ പഴയപാട്ടുകൾ, കേരള സാംസ്കാരിക പ്രസിദ്ധീകരണ വകുപ്പ്, കേരള സർക്കാർ, തിരുവനന്തപുരം, 2004.
5. ചന്ദ്രമോഹൻ. എസ്.ആർ.ഡോ., ഇടുക്കി ആദിവാസി പാട്ടുകൾ, ഡി.സി.ബി., കോട്ടയം, 2012
6. മുസിരിസിന്റെ കാൽപ്പാടുകളിലൂടെ, ഡോൺ ബോസ്കോ, ഗ്രാസ്റൂട്ട്, മാതൃഭൂമി ബുക്സ്, കോഴിക്കോട്, 2017
7. ദീപു പി. കുറുപ്പ്, ഡോ., തെക്കൻ തോറ്റംപാട്ട് പാഠവും സംശോധിതപാഠവും, കേരള സാഹിത്യ അക്കാദമി, തൃശ്ശൂർ, 2021


*ചിത്രങ്ങൾ - രജനീഷ് സഹദേവൻ*

*(ഡോ. ദീപു പി. കുറുപ്പ് - ഫോൺ : 9446663387*
*deepupkurup@gmail.com)*



# ആദിവാസി ഗോത്രഭാഷ പ്രതിനിധാനം മലയാള സിനിമയിൽ

സിബിൾ സണ്ണി, ഡോ. ബെന്നിച്ചൻ സ്കറിയ

വംശീയമായ സവിശേഷതകളും അതിനോടനുബന്ധിച്ച പ്രത്യേകമായ ജീവിതക്രമവും പുലർത്തുന്ന മനുഷ്യരുടെ കൂട്ടായ്മയെയാണ് ആദിവാസി സമൂഹം എന്നു വിശേഷിപ്പിക്കുന്നത്. ഇംഗ്ലീഷിലെ ട്രൈബ് (Tribe) എന്നതിനു സമാനമായ അർഥത്തിൽ മലയാളത്തിൽ ഉപയോഗിക്കുന്ന പദമാണ് 'ആദിവാസി '. സിസ്റ്റംസ് ഓഫ് കോൺസാൻഗ്വിനിറ്റി ആന്റ് അഫിനിറ്റി ഓഫ് ഹ്യൂമൻ ഫാമിലി (Systems of consanguinity and affinity of human family) എന്ന ഗ്രന്ഥത്തിൽ ട്രൈബ് എന്നാൽ പൂർണമായും സുസംഘടിതമായ സമൂഹമാണെന്നു ചൂണ്ടിക്കാണിക്കുന്നു. ഓരോ ആദിവാസി കൂട്ടായ്മയ്ക്കും തനതായ പൊതുനാമവും ഭാഷാഭേദവും ആചാരാനുഷ്ഠാനങ്ങളും ഭരണസംവിധാനവും കലാസാഹിത്യരൂപങ്ങളും നിലവിലുണ്ട്. വനപ്രദേശങ്ങളിലും മലമ്പ്രദേശങ്ങളിലും പരമ്പരാഗതമായ ശൈലിയിൽ വസിക്കുന്ന, വികസനപരമായി പിന്നാക്കം നിൽക്കുന്ന സമൂഹങ്ങളെയാണ് ഇന്ത്യയിൽ ആദിവാസി എന്ന വിഭാഗത്തിൽപ്പെടുത്തുന്നത്. പീപ്പിൾ ഓഫ് ഇന്ത്യ പ്രൊജക്റ്റ് എന്ന നരവംശശാസ്ത്ര സർവേയിൽ 461 ആദിവാസി വിഭാഗങ്ങൾ ഇന്ത്യയിലുള്ളതായി കണ്ടെത്തിയിട്ടുണ്ട്.

## കേരളത്തിലെ ആദിവാസികൾ

കേരളത്തിൽ പൊതുവേ കാണപ്പെടുന്ന ആദിവാസി വിഭാഗങ്ങൾ ആസ്ട്രലോയിഡുകളോ നീഗ്രോയിഡുകളോ ആണ്. 2011ലെ കണക്കെടുപ്പ് പ്രകാരം കേരളത്തിലെ ആദിവാസി ജനസംഖ്യ അഞ്ചു ലക്ഷത്തോളമാണ്. കേരളത്തിലെ പശ്ചിമഘട്ടമലനിരകളോട് ചേർന്നുള്ള വനപ്രദേശങ്ങളിലാണ് കൂടുതൽ ആദിവാസി ഊരുകളും. കുറവർ, മലവേട്ടുവർ, മലപ്പുലയർ, മലംകുറവൻ, മന്നാൻ, മലയാളർ, മാവിലർ, മലയരയൻ,മുതുവാൻ, അടിയർ, ആളാർ, കാട്ടുനായ്ക്കർ, കുറിച്യർ, കുറുമ്പർ, കുറുമർ,




**കേരളത്തിലെ പശ്ചിമഘട്ടമലനിരകളോട് ചേർന്നുള്ള വനപ്രദേശങ്ങളിലാണ് കൂടുതൽ ആദിവാസി ഊരുകളും. കുറവർ, മലവേട്ടുവർ, മലപ്പുലയർ, മലംകുറവൻ, മന്നാൻ, മലയാളർ, മാവിലർ, മലയരയൻ, മുതുവാൻ, അടിയർ, ആളാർ, കാട്ടുനായ്ക്കർ, കുറിച്യർ, കുറുമ്പർ, കുറുമർ, ഉള്ളാടൻ, ഊരാളിക്കുറുമർ, പണിയാൻ തുടങ്ങിയ വിഭാഗങ്ങളാണ് നരവംശശാസ്ത്രപ്രകാരം അംഗീകരിച്ചിട്ടുള്ള കേരളത്തിലെ പ്രധാനപ്പെട്ട ആദിവാസി സമൂഹങ്ങൾ.**

ഉള്ളാടൻ, ഊരാളിക്കുറുമർ, പണിയാൻ തുടങ്ങിയ വിഭാഗങ്ങളാണ് നരവംശശാസ്ത്രപ്രകാരം അംഗീകരിച്ചിട്ടുള്ള കേരളത്തിലെ പ്രധാനപ്പെട്ട ആദിവാസി സമൂഹങ്ങൾ. ഓരോ ആദിവാസി സമൂഹവും അനുപമമായ സാംസ്കാരിക പൈതൃകത്തിനുടമകളാണ്. ആചാരാനുഷ്ഠാനങ്ങൾ, വസ്ത്രധാരണം, ദായക്രമം, ഭരണം, ഭാഷ, കലകൾ, സാഹിത്യം, തൊഴിൽ, പെരുമാറ്റച്ചട്ടം തുടങ്ങിയ സാംസ്കാരിക ഘടകങ്ങളിലെല്ലാം യാഥാസ്ഥിതികമായ പൊതുനിയമങ്ങൾ ഓരോ ആദിവാസി വിഭാഗങ്ങളും കാത്തുസൂക്ഷിക്കുന്നു.

ആദിവാസി ജനതയുടെ ജീവിതത്തെക്കുറിച്ചുള്ള സത്യസന്ധമായ തിരിച്ചറിവുകൾ ലോകസമൂഹം മനസ്സിലാക്കുന്നത് ആധുനികവൽക്കരണത്തിനു ശേഷമായിരുന്നു. ഉത്തരാധുനികകാലഘട്ടത്തിലെ ദലിത് ചിന്തകളോടു സമാന്തരമായി ആദിവാസി ഗോത്ര ചിന്തകളും സംവാദമണ്ഡലങ്ങളിൽ സജീവമാണ്.

മലയാളത്തിലെ ക്ലാസ്സിക് കാലഘട്ടം മുതൽ ആധുനിക കാലഘട്ടം വരെയുള്ള സാഹിത്യകൃതികളും നാടകം, സിനിമ മുതലായ കലാരൂപങ്ങളും പരിശോധിക്കുമ്പോൾ അപക്വമായ ആദിവാസി ചിത്രീകരണങ്ങളാണ് കാണുന്നത്. എന്നാൽ ഉത്തരാധുനിക സാഹിത്യപരിസരം എല്ലാത്തരം ജീവിതവ്യവഹാരങ്ങളെയും സ്വീകരിക്കാൻ തുടങ്ങിയപ്പോഴാണ് ആദിവാസി, ഗോത്ര സംസ്കൃതിയുടെ യഥാർഥരൂപം സാഹിത്യകൃതികളിലൂടെയും കലകളിലൂടെയും അവതരിപ്പിക്കപ്പെട്ടത്. വിവിധ ആദിവാസി കൂട്ടായ്മകളുടെ സവിശേഷമായ ജീവിതചിത്രീകരണം, ആധുനികകാലത്തിന്റെ അധിനിവേശങ്ങൾ ആദിവാസി സമൂഹങ്ങളിൽ ഏൽപ്പിച്ച ആഘാതം, മുഖ്യധാരാ സമൂഹത്തിന്റെ വികസനനയങ്ങളിൽപ്പെട്ട് സ്വത്വം നഷ്ടമാകുന്ന ആദിവാസി തലമുറകൾ തുടങ്ങിയ വിഷയങ്ങളെല്ലാം സമീപകാല സാഹിത്യത്തിലും സിനിമകളിലും ചർച്ചയാകുന്നു. കെ. പാനൂർ, മലയാറ്റൂർ രാമകൃഷ്ണൻ, പി. വത്സല, റോസ് മേരി, കെ.ജെ. ബേബി, പി.കെ. നാണു, സിതാര എസ്., കവിയൂർ മുരളി തുടങ്ങിയ എഴുത്തുകാരുടെ സർഗാത്മകവും വൈജ്ഞാനികവുമായ രചനകളിലൂടെ ആദിവാസി സമൂഹത്തിന്റെ യാഥാർഥ്യത്തോട് അടുത്തു നിൽക്കുന്ന ജീവിത ചിത്രീകരണം മലയാളസാഹിത്യത്തിൽ സജീവമാകുന്നു. ആദിവാസികളുടെ ജീവിതം ആദിവാസികൾ അല്ലാത്തവർ എഴുതുന്നതിലെ പരിമിതികളും ഇന്നു ചർച്ചയാകുന്നുണ്ട്. ഇത്തരം ചർച്ചകളിൽ ഭാഷ പ്രധാനപ്പെട്ട വിഷയമാണ്. ഓരോ ആദിവാസി വിഭാഗങ്ങൾക്കും തനതായ ഭാഷാസ്വരൂപമുണ്ട്. ആദിവാസി ജീവിതം ആവിഷ്കരിക്കുന്ന പ്രമുഖ എഴുത്തുകാരായ കെ.ജെ. ബേബി, പി. വത്സല തുടങ്ങിയവരുടെ നോവലുകളിൽ ഉപയോഗിക്കുന്ന ഭാഷ മലയാളമാണ്. ആദിവാസി ഭാഷ ഇടകലർന്നു വരുന്നുണ്ടെന്നു മാത്രം. മലയാളത്തിലെ വായനക്കാർക്കു വേണ്ടി എഴുതുമ്പോൾ തീർച്ചയായും ആദിവാസി ഭാഷയുടെ ഉപയോഗം ലഘൂകരിച്ച് മലയാളത്തെ കൂടുതലായി ഉപയോഗിച്ച് മലയാളികൾക്കു മനസ്സിലാക്കാൻ പറ്റുന്ന രീതിയിൽ ആയാൽമാത്രമേ രചനകൾ സാധ്യമാകുകയുള്ളൂ. എന്നാൽ സിനിമയിൽ ആദിവാസി ഗോത്ര ചിത്രീകരണം നടത്തുമ്പോൾ ഓരോ ആദിവാസി സമൂഹവും ഉപയോഗിക്കുന്ന ഭാഷയെ സംഭാഷണഭാഷയായി ഉപയോഗിക്കുന്നതിനു സാധ്യതകളേറെയാണ്.

## സിനിമയിലെ ആദിവാസി ജീവിതവും ഭാഷയും

ആദിവാസികളുടെ ജീവിതവും ഭാഷയും പ്രസക്തമായ രാഷ്ട്രീയ വിഷയമായി സിനിമ സ്വീകരിക്കുന്നത് സമീപകാലത്താണ്. മലയാളസിനിമയിൽ ആദിവാസികളുടെ ചിത്രീകരണം പലപ്പോഴും പരിഹാസത്തിന്റെ രീതിയിലായിരുന്നു. ആദിവാസികളുടെ രൂപം, വസ്ത്രരീതി, ഭാഷ എന്നിവയെല്ലാം ഹാസ്യത്തിന്റെ ഭാഗമായി പല മലയാള സിനിമകളും ഉപയോഗിച്ചിരുന്നു. 2002 ൽ അലി അക്ബർ സംവിധാനം ചെയ്ത 'ബാംബൂ ബോയ്സ്' എന്ന സിനിമയിൽ ഇത്തരത്തിൽ ആദിവാസി ജീവിതത്തെയും ഭാഷയെയും ഹാസ്യത്തിന് വേണ്ടി വികലമാക്കി അവതരിപ്പിച്ചിരുന്നു. എന്നാൽ സമീപകാലത്തു ആദിവാസികളുടെ ജീവിതവും അവർ അനുഭവിക്കുന്ന സ്വത്വപ്രശ്നങ്ങളും ചർച്ചയാകുന്ന നിരവധി സിനിമകൾ ആദിവാസി ഭാഷകളിൽ തന്നെ നിർമിക്കപ്പെട്ടു. സിനിമയെ വർഗീകരിക്കുന്നതിലെ പ്രധാനപ്പെട്ട ഘടകം ഭാഷയാണ്. അത്തരത്തിൽ ചിന്തിക്കുമ്പോൾ ആദിവാസി ഭാഷാചിത്രങ്ങൾ എന്ന വിഭാഗത്തിൽ ഉൾപ്പെടുത്താൻ കഴിയുന്ന ചെറുതും വലുതുമായ നിരവധി സിനിമകൾ

നിർമിക്കപ്പെടുന്നു. ആദിവാസികൾ അനുഭവിക്കുന്ന പ്രശ്നങ്ങളെക്കുറിച്ചുള്ള ഡോക്യുമെന്ററികളും ഹ്രസ്വചിത്രങ്ങളും നിർമിക്കപ്പെട്ടിരുന്ന കാലത്തു നിന്നും പ്രേക്ഷകർക്കു ആസ്വദിക്കാൻ കഴിയുന്ന മുഴുനീളൻ ചിത്രങ്ങൾ പ്രേക്ഷകസമക്ഷം എത്തുന്നു. ഭാഷാപരമായ സങ്കീർണതകൾ സിനിമയുടെ കച്ചവടസാധ്യതകൾക്ക് മങ്ങലേല്പിക്കുമോ എന്ന ഭയമില്ലാതെ, ആദിവാസി പ്രശ്നങ്ങളെ ശരിയായി രീതിയിൽ അഭിമുഖീകരിക്കുന്ന ആദിവാസി ഭാഷയിലുള്ള സിനിമകൾ നിരവധിയാണ്.

1. നേതാജി - ആദ്യ ഗോത്രഭാഷാസിനിമ എന്ന പേരിൽ ഇടം പിടിക്കുന്നത് മലയാളിയായ വിജീഷ് മണി സംവിധാനം ചെയ്ത 'നേതാജി' എന്ന സിനിമയാണ്. അട്ടപ്പാടിയിലെ ഇരുള വിഭാഗത്തിന്റെ ഭാഷയായ ഇരുളഭാഷയിൽ നിർമിക്കപ്പെട്ട സിനിമയാണിത്. നേതാജി സുഭാഷ് ചന്ദ്രബോസിന്റെ ജീവിതത്തിന്റെ കാണാപ്പുറങ്ങളാണ് സിനിമ ചർച്ച ചെയ്യുന്നത്.
2. കെഞ്ചിര -സംവിധായകൻ മനോജ് കാനയുടെ 'കെഞ്ചിര' നൂറ്റാണ്ടുകളായി ആദിവാസി സമൂഹം നേരിടുന്ന അവഗണനയും അടിച്ചമർത്തലും പ്രമേയമാക്കുന്ന സിനിമയാണ്. കേരളത്തിലെ പ്രധാനപ്പെട്ട ആദിവാസി സമൂഹമായ പണിയരുടെ അതിജീവനത്തിന്റെയും പോരാട്ടത്തിന്റെയും നേർസാക്ഷ്യമാണ് സിനിമ. ആദിവാസികൾ അനുഭവിക്കുന്ന ഭൂമിപ്രശ്നം, ഭരണകൂട ഭീകരത, പൊതുസമൂഹത്തിന്റെ ചൂഷണം എന്നിവയെല്ലാം സിനിമയിൽ ചർച്ചയാകുന്നു. 2006 ൽ ഇന്ത്യൻ പനോരമയിലേക്ക് തെരഞ്ഞെടുക്കപ്പെട്ട കെഞ്ചിര മികച്ച ഭാഷാചിത്രത്തിനുള്ള ദേശീയ പുരസ്കാരവും മൂന്ന് സംസ്ഥാന അവാർഡുകളും നേടിയിരുന്നു.
3. തുടി - ജോമോൻ ജോർജ് സംവിധാനം ചെയ്ത 'തുടി' വയനാട്ടിലെ ഗോത്ര വിഭാഗമായ പണിയസമുദായത്തിന്റെ കാലഹരണപ്പെട്ട ആചാരങ്ങളുടെയും അനുഷ്ഠാനങ്ങളുടെയും കഥ പറയുന്ന സിനിമയാണ്. പണിയ ഗോത്രഭാഷയിലാണ് സിനിമ ചിത്രീകരിച്ചിരിക്കുന്നത്.
4. ആദിവാസി -മുടുക ഗോത്രഭാഷയിൽ വിജീഷ് മണി സംവിധാനം ചെയ്യുന്ന വിശപ്പ് പ്രമേയമാകുന്ന സിനിമയാണ് 'ആദിവാസി'. ആൾക്കൂട്ട മർദനത്തിൽ കൊല്ലപ്പെട്ട അട്ടപ്പാടിയിലെ ആദിവാസി യുവാവായ മധുവിന്റെ ജീവിതവുമായി സിനിമ ബന്ധപ്പെടുന്നു. ആദിവാസികൾ അനുഭവിക്കുന്ന ദാരിദ്ര്യവും വർണവിവേചനവും അതിക്രമങ്ങളും സിനിമയിൽ ചർച്ചയാകുന്നു.
5. ഇഞ്ച - ഗോത്രജനതയുടെ വിവാഹസംഘർഷങ്ങളെ അടയാളപ്പെടുത്തുന്ന സിനിമയാണ് ഭാസ്കരൻ ബത്തേരി സംവിധാനം ചെയ്ത 'ഇഞ്ച'. പോക്സോ നിയമത്തിന്റെ അജ്ഞത മൂലവും തങ്ങളുടെ ആചാരത്തിന്റെയും ജീവിതരീതിയുടെയും ഫലമായും ബാലവിവാഹം പി



ന്തുടരുന്ന ആദിവാസി യുവാക്കൾ ജയിലിലകപ്പെടുന്ന സാഹചര്യമാണ് പൂർണമായും ഗോത്രഭാഷയിൽനിർമിക്കപ്പെട്ട ഇഞ്ച സിനിമ പ്രശ്നവൽക്കരിക്കുന്നത് .

മേൽ സൂചിപ്പിച്ച സിനിമകളെല്ലാം ആദിവാസി ഗോത്ര ജനവിഭാഗത്തിന്റെ അകവും പുറവും സമകാല അന്തരീക്ഷത്തിൽ അവർ നേരിടുന്ന സാമൂഹിക സാംസ്കാരിക മാനസിക പ്രശ്നങ്ങളും യാഥാർഥ്യബോധത്തോടെ അവതരിപ്പിച്ച സിനിമകളാണ്. ആദിവാസി ജീവിതസംസ്കാരത്തെ അവതരിപ്പിക്കുന്നതിനു വേണ്ടി ഈ സിനിമകൾ തെരഞ്ഞെടുത്തിരിക്കുന്ന ഭാഷ ഓരോ ആദിവാസി സമൂഹത്തിന്റെയും തനതായ ഭാഷയെന്നതാണ് ഈ സിനിമകളെയെല്ലാം വ്യത്യസ്തമാക്കുന്നത്.

കേരളത്തിലെ ആദിവാസി ഭാഷകൾക്കു സ്വന്തമായൊരു അസ്തിത്വമുണ്ട്. സാധാരണയായി കേരളത്തിലെ ആദിവാസി ഗോത്ര ഭാഷകൾ മലയാളം തമിഴ് കന്നഡ ഭാഷകളുടെ മിശ്രിതമാണ് എന്നാണ് പറയാറുള്ളത്. എന്നാൽ ആദിവാസി ഭാഷകളെക്കുറിച്ച് വിശദമായ ഗവേഷണം നടത്തിയ എ.കെ. നമ്പ്യാർ, ടി.സി. വേണുഗോപാലപ്പണിക്കർ തുടങ്ങിയ ഭാഷാപണ്ഡിതർ ആദിവാസി ഭാഷകളുടെ സ്വതന്ത്ര അസ്തിത്വവും മലയാളഭാഷയോടുള്ള അടുപ്പവും വിശദീകരിക്കുന്നുണ്ട്.

മലയാളത്തിന്റെ പ്രാചീനത സംരക്ഷിച്ചു നിർത്തുന്നവയാണ് ആദിവാസി ഭാഷകൾ. മലയാളത്തിലെ പല പദങ്ങളുടെയും പ്രാക് രൂപം ആദിവാസി ഭാഷകളിൽ കാണുന്നുണ്ട്. പണിയഭാഷയെക്കുറിച്ചു പഠനം നടത്തിയ പി. സോമശേഖരൻ നായർ പണിയഭാഷയിലെ 75 ശതമാനം പദങ്ങളും മലയാളം തന്നെയാണെന്ന് വെളിപ്പെടുത്തുന്നു. (പണിയർ - പ്രൊഫ. പി. സോമശേഖരൻ നായർ) മുള്ളക്കുറുമരുടെ ഭാഷയും കുറിച്യരുടെ ഭാഷയും മലയാളത്തോട് കൂടുതൽ അടുത്തു നിൽക്കുന്നതാണ്. മലയാളഭാഷയുടെ പരിണാമ കാരണങ്ങളായി ഏ.ആർ. അവതരിപ്പിക്കുന്ന പുരുഷഭേദ നിരാസത്തെ നിരാകരിക്കുന്ന തരത്തിൽ പല ആദിവാസി ഭാഷകളും

**കേരളത്തിലെ ആദിവാസി ഭാഷകൾക്കു സ്വന്തമായൊരു അസ്തിത്വമുണ്ട്. സാധാരണയായി കേരളത്തിലെ ആദിവാസി ഗോത്ര ഭാഷകൾ മലയാളം തമിഴ് കന്നഡ ഭാഷകളുടെ മിശ്രിതമാണ് എന്നാണ് പറയാറുള്ളത്.**






പ്രത്യയങ്ങളെ സംരക്ഷിച്ച നിർത്തുന്നത് (ഉദാ:പറഞ്ചോള - അവൾ പറഞ്ഞു.) ആദിവാസി ഭാഷയുടെ പ്രാചീനതയുടെ തെളിവാണ്. ആദിവാസി ഭാഷകളുടെ സൗന്ദര്യവും ഉച്ചാരണ വഴക്കവും പ്രത്യേകം ശ്രദ്ധയാകർഷിക്കുന്നു. ജീവിതത്തോടും സന്ദർഭങ്ങളോടും ചേർന്നു നിൽക്കുന്ന അർഥസൂചന ഓരോ പദങ്ങൾക്കുമുണ്ട്. (ഉദാ:മിന്നു - നക്ഷത്രം, കുന്നി - തേനീച്ച )ഇത്തരത്തിൽ മലയാളഭാഷയോട് അടുപ്പം പുലർത്തുന്നവയാണ് കൂടുതൽ ആദിവാസി ഭാഷകളും.

ഭാഷ സാംസ്കാരികോപാധിയാണ്. ആദിവാസി സമൂഹത്തിന്റെ ഉൾക്കാമ്പുകളെ ജീവസ്സുറ്റ രീതിയിൽ അവതരിപ്പിക്കുന്നതിനു അവരുടെ തനതായ ഭാഷ തന്നെയാണ് ഉത്തമമായ മാധ്യമം. അതുകൊണ്ടാണ് സമകാല ആദിവാസി കഥകൾ പറയുന്ന സിനിമകൾ ഓരോ ഗോത്രത്തിന്റെയും ഭാഷയെ തെരഞ്ഞെടുക്കുന്നത്. കച്ചവട സിനിമയുടെ ഭാഷാതന്ത്രങ്ങളോട് ഐക്യപ്പെടാതെ തങ്ങൾ ഉയർത്തുന്ന രാഷ്ട്രീയം അവതരിപ്പിക്കാൻ ഭാഷാപരമായ സ്വാശ്രയത്വം നേടുക എന്ന ലക്ഷ്യമാണ് ഈ സിനിമകൾ നിറവേറ്റുന്നത്.

പ്രാചീനമായതും വലിയ പദസമ്പത്തുമുള്ള ആദിവാസി ഭാഷകൾ പലതും ഇന്നു തകർച്ചയുടെ വക്കിലാണ്. സമൂഹവും ഭരണകൂടങ്ങളും ആദിവാസികളുടെ ജീവിതനിലവാരം ഉയർത്തുന്നതിനു വേണ്ടി അവരുടെ സ്വത്വത്തെ ഹനിക്കുന്ന തരത്തിലുള്ള അപക്വമായ ആശയങ്ങളിലൂടെ അധിനിവേശം നടത്തുമ്പോൾ തങ്ങളുടെ ഭാഷയും അവർക്കു നഷ്ടമാകുന്നു. ചുരുക്കം വ്യക്തികൾക്കു മാത്രം അറിയാവുന്ന ഭാഷകളായും മൃതഭാഷകളായും ലോകത്തിലെ പല ആദിവാസി ഗോത്ര ഭാഷകളും മാറിക്കഴിഞ്ഞു. മാതൃഭാഷ എന്നത് മനുഷ്യന്റെ ഭരണഘടനാപരമായ അവകാശമാണ്. ആദിവാസി കുട്ടികൾക്ക് ലഭിക്കുന്ന വിദ്യാഭ്യാസം പോലും മാതൃഭാഷയെ മറന്നുകൊണ്ടാണ്. 'സർക്കാർ തലത്തിൽ നടപ്പാക്കപ്പെട്ട പല പദ്ധതികളും അവരെ അന്യവൽക്കരിക്കാനാണ് ഉതകിയത്. കൂട്ടായ്മയുടെ സുരക്ഷിതത്വം മാത്രമല്ല ഇതിലൂടെ അവർക്കു കൈമോശം വന്നത്. പാരമ്പര്യമായി പിന്തുടർന്നു പോന്ന ആചാരങ്ങൾ, അനുഷ്ഠാനങ്ങൾ, വിശ്വാസങ്ങൾ തുടങ്ങി സംസ്കാരവും ഭാഷയും ഉൾപ്പെടെ തനിമകൾ എന്നവകാശപ്പെടുന്ന സർവവും ഇനിയൊരു അതിജീവനത്തിനു അസാധ്യമായ വിധത്തിൽ മൃതപ്രായമായിരിക്കുന്നു. ഇതിൽ പ്രധാനപ്പെട്ടത് ആദിവാസി ഭാഷകളാണ്". '(ഗോത്രവിദ്യാർഥികളും മലയാളഭാഷാപഠനവും എന്ന ലേഖനം, കെ.കെ. ബിജു) തങ്ങളുടെ മാതൃഭാഷയിൽ നിന്നും അകന്നു സമൂഹം ആവശ്യപ്പെടുന്ന ഭാഷ പഠിക്കുവാൻ ആദിവാസി കുട്ടികൾ നിർബന്ധിതരാകുന്നു. ഒരു തരത്തിലുള്ള അപരത്വവും കീഴാളത്വവുമാണ് സ്വഭാഷ പ്രയോഗത്തിലൂടെ ആദിവാസി യുവതലമുറ മുഖ്യധാരാ സമൂഹത്തിൽനിന്നും അനുഭവിക്കേണ്ടതായി വരുന്നത്. ഈ സാഹചര്യത്തിലാണ് പൂർണമായും ആദിവാസി ഭാഷ ഉപയോഗിച്ച് നിർമിക്കുന്ന സിനിമകൾക്ക് പ്രസക്തിയേറുന്നത്.

തങ്ങളുടെ ജീവിതത്തെ മാതൃഭാഷയിൽ സിനിമയിലൂടെ കാണുവാൻ അവസരം ലഭിക്കുന്ന ആദിവാസി വിഭാഗത്തിലെ ജനങ്ങൾക്ക് തങ്ങളുടെ സ്വതസിദ്ധമായ ഭാഷാശൈലിക്ക് അപരത്വമൊന്നുമില്ലായെന്നു തിരിച്ചറിയുവാനും പൊതുസമൂഹത്തിന്റെ മുന്നിൽ ഭാഷാപരമായ സ്വത്വത്തെ ഉയർത്തിക്കാട്ടുവാനും കഴിയുന്നത് അവരുടെ മുന്നോട്ടുള്ള ഭാഷാ പ്രയോഗത്തെ സ്വാധീനിക്കുന്നതാണ്.

ആദിവാസി ജീവിതത്തെ മാത്രമല്ല പൊതുവ്യവഹാരങ്ങളെ ആവിഷ്കരിക്കുവാൻ തക്ക ആർജവം ആദിവാസി ഗോത്രഭാഷകൾക്കുണ്ട് എന്ന് ഇത്തരം സിനിമകൾ തെളിയിക്കുന്നു. സുഭാഷ് ചന്ദ്രബോസിന്റെ ജീവിതത്തെ അടയാളപ്പെടുത്തുന്ന 'നേതാജി' എന്ന സിനിമ പൊതുസമസ്യകളെ അഭിമുഖീകരിക്കുവാൻ പണിയഭാഷയ്ക്കുള്ള പദസമ്പത്താണ് തെളിയിക്കുന്നത്.


വാണിജ്യസിനിമകളുടെയും ആകർഷകമായ ഭാഗമായി ആദിവാസി ഭാഷ മാറുന്നുണ്ട്. അയ്യപ്പനും കോശിയും എന്ന സിനിമയിൽ അട്ടപ്പാടിയിലെ ഇരുളവിഭാഗക്കാരിയായ നഞ്ചിയമ്മ പാടിയ 'കലാക്കാത്ത' എന്ന ഗാനവും അജഗജാന്തരം എന്ന സിനിമയിൽ ഉപയോഗിച്ചിട്ടുള്ള മാവിലർ സമുദായത്തിൽ പ്രചാരത്തിലുള്ള 'ഒള്ളുള്ളേരി' എന്ന ഗാനവും മലയാളി പ്രേക്ഷകർ ഉത്സാഹത്തോടെ സ്വീകരിച്ചതാണ്. ആദിവാസികളുടെ പാട്ടുകളിലെ താളവും വഴക്കവും ഭാഷയുടെ ലാളിത്യവുമാണ് ഈ പാട്ടുകളെയെല്ലാം ജനശ്രദ്ധയിലെത്തിക്കുന്നത്.

ആദിവാസി ഭാഷകൾ വംശനാശഭീഷണി നേരിടുന്ന ഈ കാലഘട്ടത്തിൽ ഭാഷാസംരക്ഷണത്തിനുള്ള പ്രധാനപ്പെട്ട ശാസ്ത്രീയ മാർഗമായും ഇത്തരം സിനിമകളെ പരിഗണിക്കാം. ജൈവവൈവിധ്യ സംരക്ഷണത്തിനുള്ള ഏറ്റവും പുതിയ സംവിധാനമാണ് ഫ്രോസൺ സൂ (Frozen Zoo). ലോകത്തിലെ വംശമറ്റു പോകുന്ന ജീവജാലങ്ങളുടെ ജനിതക വസ്തുക്കൾ സംരക്ഷിക്കുകയാണ് ഈ പ്രവർത്തനത്തിലൂടെ ചെയ്യുന്നത് വംശനാശ ഭീഷണി നേരിടുന്ന

**ഭാഷ സാംസ്കാരികോപാധിയാണ്. ആദിവാസി സമൂഹത്തിന്റെ ഉൾക്കാമ്പുകളെ ജീവസ്സുറ്റ രീതിയിൽ അവതരിപ്പിക്കുന്നതിനു അവരുടെ തനതായ ഭാഷ തന്നെയാണ് ഉത്തമമായ മാധ്യമം. അതുകൊണ്ടാണ് സമകാല ആദിവാസി കഥകൾ പറയുന്ന സിനിമകൾ ഓരോ ഗോത്രത്തിന്റെയും ഭാഷയെ തെരഞ്ഞെടുക്കുന്നത്.**

നൂറ്റ കണക്കിന് ജീവികളുടെ ജീൻ ബീജത്തിന്റെയും ഭ്രൂണത്തിന്റെയും രൂപത്തിൽ ശേഖരിച്ച സൂക്ഷിക്കുകയാണ് മുഖ്യപ്രവർത്തനം. ഇതുപോലെ ഭാഷകളെ സംരക്ഷിക്കുന്ന രീതി ആരംഭിച്ചിട്ടുണ്ട്. AILLA (Archive of Indigenous Languages of Latin America) യിൽ കമ്പ്യൂട്ടർ ഡേറ്റ ബേസിൽ ഭീഷണി നേരിടുന്ന ഭാഷകളിലുള്ള പ്രസംഗം, പാട്ടുകൾ, കവിത, സംഭാഷണം തുടങ്ങിയവ ഓഡിയോ ഫയലുകളായി സൂക്ഷിക്കുന്നു. ഈ രീതി അവസാന ഭാഷകനും നഷ്ടപ്പെടുന്ന ഭാഷയെ സൂക്ഷിക്കുവാൻ വേണ്ടി ഉപയോഗിച്ച തുടങ്ങിയിരിക്കുന്നു. ഇത്തരത്തിൽ വംശനാശ സാധ്യതയുള്ള ആദിവാസി ഭാഷകളെ സംരക്ഷിക്കാനുള്ള ഫ്രോസൺ സൂ സാങ്കേതികവിദ്യയായി ആദിവാസി ഭാഷ കൈകാര്യം ചെയ്യുന്ന സിനിമകൾ മാറുന്നു.

ഇത്തരത്തിൽ ആദിവാസി ജനതയുടെ സ്വത്വത്തിന്റെ സവിശേഷമായ അടയാളമായും സാംസ്കാരികഘടകങ്ങളുടെ പ്രതിരൂപമായും ഭാഷാസൂത്രണത്തിന്റെ വഴികളായും സമകാലിക സിനിമകളിലെ ആദിവാസി ഭാഷാപ്രയോഗം മാറുന്നു.



ആദിവാസി ജനതയുടെ സ്വത്വത്തിന്റെ സവിശേഷമായ അടയാളമായും സാംസ്കാരികഘടകങ്ങളുടെ പ്രതിരൂപമായും ഭാഷാസൂത്രണത്തിന്റെ വഴികളായും സമകാലിക സിനിമകളിലെ ആദിവാസി ഭാഷാപ്രയോഗം മാറുന്നു.

*കെ.ജെ. ബേബി*

## സഹായകഗ്രന്ഥങ്ങൾ

1. പത്മിനി പി.ജി. (ഡോ.), പണിയഭാഷാ നിഘണ്ടു, 2014, കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, തിരുവനന്തപുരം.

2. തുളസീധരൻ ശാന്ത, കേരളത്തിലെ ആദിവാസി സംസ്കാരങ്ങൾ സമ്പൂർണ പഠനം, 2016 കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, തിരുവനന്തപുരം.

3. സോമശേഖരൻ നായർ പി (പ്രൊഫ.), പണിയർ, 2018, കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, തിരുവനന്തപുരം.

4. Lewis Henry Morgan, Systems of Consanguinity and Affinity of the Human Family, 1871, Smithosian Institution.

URL :

1. https//.www.mediaone.com
2. https//.www.thecue.in
3. https//.www.madhyamam.com

കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്




**അധികാരക്കൈമാറ്റത്തിന്റെ അഞ്ച് ദൃക്സാക്ഷി വിവരണങ്ങൾ**

**ഡോ. പി.കെ. ബാലകൃഷ്ണൻ**

സ്വാതന്ത്ര്യസമര ചരിത്രത്തെ വളച്ചൊടിക്കാനും സ്വാതന്ത്ര്യസമര നായകരിൽ ചിലരെ മഹത്വവൽക്കരിക്കാനും മറ്റുചിലരെ അപകീർത്തിപ്പെടുത്തുവാനും വേണ്ടിയുള്ള ശ്രമങ്ങൾ നടന്നുവരികയാണ്. അത്തരം ശ്രമങ്ങളെ പരാജയപ്പെടുത്തണമെങ്കിൽ ജനങ്ങളെ കാര്യങ്ങൾ ബോധ്യപ്പെടുത്തേണ്ടതുണ്ട്. സത്യസന്ധമായ സ്വാതന്ത്ര്യസമര ചരിത്രം തയാറാക്കുന്നതിനായി ആ ചരിത്രത്തിനൊപ്പം സഞ്ചരിച്ച അഞ്ച് ദൃക്സാക്ഷികൾ നൽകുന്ന വിവരണങ്ങളാണ് ഈ ഗ്രന്ഥത്തിൽ കോർത്തിണക്കിയിരിക്കുന്നത്.

₹ 350



കെന്നത്ത് ആരോ

# സമകാലിക ഇന്ത്യയിലെ ജാതി വിവേചനങ്ങൾ

റോഷ്നി പദ്മനാഭൻ,
ഡോ. രാജേഷ് കോമത്ത്

ജാതിയെക്കുറിച്ചുള്ള നിരവധി പഠനങ്ങൾ ലഭ്യമാണ്. അതിലേറെയും ചരിത്രം, രാഷ്ട്രതന്ത്രം, സാമൂഹികശാസ്ത്രം, നരവംശശാസ്ത്രം എന്നീ വിഷയങ്ങളിൽപ്പെടുന്നു. എന്നാൽ ജാതിയെക്കുറിച്ചുള്ള സാമ്പത്തിക ശാസ്ത്രസിദ്ധാന്തങ്ങൾ ഏറെയില്ല. കമ്പോളത്തിൽ കച്ചവടക്കാരന്റെയോ തൊഴിലാളിയുടെയോ ഉപഭോക്താവിന്റെയോ സാമൂഹിക സ്വത്വത്തിനു ഒരു പ്രാധാന്യവുമില്ലെന്നാണ് സാമ്പത്തികശാസ്ത്ര സിദ്ധാന്തങ്ങളുടെ പൊതുവായ അനുമാനം. എന്നാൽ ഈ പ്രബല സിദ്ധാന്തങ്ങൾക്ക് ചില അപവാദങ്ങളുണ്ട്. അത്തരത്തിലുള്ള രണ്ട് നിയോ ക്ലാസിക്കൽ സിദ്ധാന്തങ്ങളാണ് കെന്നത്ത് ആരോ (1971) മുന്നോട്ടുവച്ച സ്ഥിതിവിവരവിവേചനവും (Statistical discrimination) ബെക്കറുടെ (1957) ടേസ്റ്റ് ഫോർ ഡിസ്ക്രിമിനേഷനും (വിവേചനം കാണിക്കാനുള്ള വാസന).

തൊഴിൽക്കമ്പോളത്തിൽനിലനിൽക്കുന്ന അപൂർണമായ വിവരങ്ങൾ വിവേചനങ്ങൾക്കിടയാക്കും എന്നതാണ് സ്ഥിതിവിവര വിവേചനത്തിന്റെ താൽപ്പര്യം. തൊഴിൽദായകർക്ക് ഉദ്യോഗാർഥികളുടെ ഉൽപ്പാദനക്ഷമത അളക്കുക അത്ര എളുപ്പമല്ല; അതുകൊണ്ടു അവർക്ക് എത്ര വേതനം നൽകാം എന്നു നിർണയിക്കുക പ്രയാസമായിരിക്കും. ഇതിനൊരു പോംവഴിയായി തൊഴിൽദായകർ സാമൂഹിക സമ്പ്രദായങ്ങളെ അടിസ്ഥാനപ്പെടുത്തി ചില സൂചകങ്ങൾ ഉപയോഗിക്കുന്നു. അതായത്, ഒരു തൊഴിൽദായകൻ വ്യക്തിയുടെ നിരീക്ഷണസാധ്യമായ ഘടകങ്ങളെയും (ലിംഗഭേദം, ജാതി, മതം, വർഗം) സമൂഹത്തിൽനിലനിൽക്കുന്ന സ്റ്റീരിയോടൈപ്പുകളെയും അവർക്കു നിരീക്ഷണസാധ്യമല്ലാത്ത (നൈപുണ്യം, ഉൽപ്പാദനക്ഷമത) ഘടകങ്ങൾക്കു പകരംവച്ചുകൊണ്ട് ഉദ്യോഗാർഥികളുടെ തൊഴിലും വേതനവും നിർണയിക്കുന്നു. അതായത്, സ്ത്രീകളുടെ ഉൽപ്പാദനക്ഷമത പുരുഷൻമാരേക്കാൾ കുറവായിരിക്കുമെന്നു തൊഴിൽദായകർ മുൻവിധിയാൽ അനുമാനിക്കുകയും അതുകൊണ്ട് അവരുടെ വേതനം കുറച്ച് നിശ്ചയിക്കുകയും ചെയ്യുന്നു. കീഴ്ജാതിക്കാരുടെ കാര്യത്തിലും ഇതുതന്നെ സംഭവിക്കാം.

എന്നാൽ ടേസ്റ്റ് ഫോർ ഡിസ്ക്രിമിനേഷൻ എന്ന സിദ്ധാന്തം മറ്റൊന്നാണ്. ബെക്കർ നിരീക്ഷിക്കുന്നതുപോലെ, ഒരു വ്യക്തി മറ്റൊരു വ്യക്തിയോട് വിവേചനത്തോടെ പെരുമാറുന്നതിനു കാരണം

അയാൾക്ക് വിവേചനത്തിനുള്ള വാസനയുള്ളതു കൊണ്ടാണ്. ബെക്കറിന്റെ സിദ്ധാന്ത പ്രകാരം വിവേചനത്തോട് വാസനയുള്ള വ്യക്തി പണം നഷ്ടപ്പെടുമെന്നു വന്നാൽ പോലും, അല്ലെങ്കിൽ വിവേചനം കാണിക്കാതിരുന്നാൽ സാമ്പത്തിക ലാഭമുണ്ടാകുമെന്ന അവസ്ഥയിൽ പോലും അതു പേക്ഷിച്ച് വിവേചനം കാണിക്കും.

ജാതി അസമത്വങ്ങളെയും വിവേചനങ്ങളെയും തെളിവുകളുടെ അടിസ്ഥാനത്തിൽ പഠിക്കുന്ന രീതി സമ്പ്രദായത്തിന്റെ ആവശ്യകത ഗവേഷകർക്ക് ബോധ്യപ്പെട്ടിട്ടുള്ളതാണ്. അത്തരത്തിലുള്ള ചില പഠനങ്ങളിലൂടെയുള്ള യാത്രയാണ് ഈ ലേഖനം.

സാമൂഹികശാസ്ത്ര ഗവേഷകരുടെ പഠനങ്ങളിൽ ഇന്നും എന്നും ജാതി ഒരു പ്രധാന സൂചകമാണ്. അസമത്വങ്ങൾ, ദാരിദ്ര്യം തുടങ്ങിയ നിരവധി വികസന പ്രശ്നങ്ങളെക്കുറിച്ചുള്ള പഠനങ്ങളിലെല്ലാം ജാതി പ്രധാനമാണ്. ജാതി മാറ്റങ്ങൾക്ക് വിധേയമായിക്കൊണ്ടിരിക്കുന്നുവെന്ന വസ്തുത ഇന്ത്യയെ സൂക്ഷ്മമായി നിരീക്ഷിക്കുന്ന ഏതൊരാൾക്കും മനസ്സിലാകും. എന്നാൽ അവിശ്വസനീയമായ ഒരു വസ്തുത, നിയമവിരുദ്ധമാണെങ്കിലും ഇന്നും ഇന്ത്യയിൽ പലയിടങ്ങളിലും, നഗരങ്ങളിൽപ്പോലും, അയിത്തം നിലനിൽക്കുന്നുവെന്നതാണ്. പക്ഷേ, ഒട്ടു മിക്ക സംഭവങ്ങളും റിപ്പോർട്ടു ചെയ്യപ്പെടുന്നില്ലെന്നതാണ് ദൗർഭാഗ്യകരം. പാശ്ചാത്യ സാംസ്കാരികാഭിമുഖ്യമുള്ള ഭാരതീയ യുവത്വം പോലും ഇന്നും ഏറെയാഗ്രഹിക്കുന്നത് സജാതീയ വിവാഹമാണെന്ന വസ്തുത വിവാഹ പരസ്യങ്ങളും മാട്രിമോണിയൽ സൈറ്റുകളും ശ്രദ്ധിച്ചാൽ മനസ്സിലാകും. വിദ്യാഭ്യാസ, തൊഴിൽ സംവരണങ്ങൾക്കെതിരെ കൊടിപിടിക്കുന്നതും ഈ നഗര യുവത്വങ്ങളാണ്. സതീശ് ദേശ്പാണ്ഡേ (2003), (ദേവിക, 2014) നൽകുന്ന ഒരുദാഹരണം മതി ജാതിഭേദം മധ്യവർഗ നഗരവാസികളുടെ ഇടയിൽ പുതിയ അവതാരങ്ങളെടുത്തു നിലനിൽക്കുന്നുവെന്നു മനസ്സിലാകാൻ. സെക്കന്ദരാബാദ് നഗരത്തിലെ ഒരു ചൈനീസ് ഭക്ഷണശാലയിൽ നടന്ന സംഭവമാണ് ദേശ്പാണ്ഡേ വിവരിക്കുന്നത്.

"ഈ ഭക്ഷണശാല അത്യാവശ്യം 'വരേണ്യ' സ്വഭാവമുള്ളതായിരുന്നു. അവിടെ റെഗേ സംഗീതമാണ് കേൾപ്പിച്ചിരുന്നത്. ഭക്ഷണം കഴിക്കാനെത്തുന്നവരെ ഇരിപ്പിടങ്ങളിലേക്ക് ആനയിച്ചുകൊണ്ടുവരുന്ന രീതിയുണ്ടായിരുന്നു. അതോടൊപ്പം കുറെ ഇടത്തരം സ്വഭാവങ്ങളും ഉണ്ടായിരുന്നു.അവിടെ ഊണു കഴിക്കാനെത്തിയ ഒരു മധ്യവയസ്കൻ-സഫാരി സൂട്ട് ധരിച്ച ഒരു മാന്യൻ-തനിക്കു ശേഷം വന്നവരെ മുമ്പേ ഇരുത്തി എന്നു പരാതിപ്പെട്ട് തനിനാടൻ ഇംഗ്ലീഷിൽ മാനേജരെ ചീത്ത പറഞ്ഞതിനു ഞാൻ സാക്ഷിയായി. അയാൾ ശബ്ദമുയർത്തിയാണ് സംസാരിച്ചത്. പക്ഷേ, ഭക്ഷ്യശാലയിൽ അന്നു ശബ്ദകോലാഹലമായിരുന്നു. പതിവായി കേൾക്കാറുള്ള ഉത്തരേന്ത്യൻ ചുവയുള്ള ഭാഷാശൈലിയായിരുന്നു അയാളുടേത്. "ഞങ്ങളെന്താ ഷെഡ്യൂൾഡ് കാസ്റ്റാണോ? അയാൾ ആക്രോശിച്ചു."

ദേശ്പാണ്ഡേ ഈ സംഭവത്തെ വിലയിരുത്തിക്കൊണ്ടു പറയുന്നതിതാണ്. ജാതി എങ്ങനെ പ്രവർത്തിക്കുന്നുവെന്നറിയാൻ സാമൂഹികശാസ്ത്രജ്ഞൻമാർ പലപ്പോഴും ഗ്രാമങ്ങളിലേക്കാണ് നോക്കിയിരുന്നത്. അതു തീർത്തും തെറ്റല്ല. എന്നാൽ ഗ്രാമങ്ങളിൽ മാത്രം പരിശോധിക്കേണ്ടവയല്ല ജാതീയമായ വിവേചനങ്ങൾ എന്നു കാണിക്കുന്ന സംഭവമാണ് മേൽ വിവരിച്ചത്. ജാതിയില്ലെന്നവകാശപ്പെടുന്ന ഇന്ത്യൻ നഗര കാപട്യങ്ങൾക്കു നേരെയുള്ള ചോദ്യചിഹ്നങ്ങളായി മാറുന്നു ഇവയെല്ലാം. സ്വാതന്ത്ര്യലബ്ധിക്കു ശേഷം തൊട്ടുകൂടായ്മ നിയമവിരുദ്ധമാണെന്നു പ്രഖ്യാപിക്കപ്പെട്ടുവെങ്കിലും ജാതീയമായ വേർതിരിവുകൾ, നമ്മുടെ രാജ്യത്തിന്റെ പ്രത്യേകതയായി തുടർന്നു പോരുന്നുവെന്നു മുമ്പ് സൂചിപ്പിച്ചുവല്ലോ. തൊഴിൽ കമ്പോളത്തിലും (labour market), വിദ്യാഭ്യാസത്തിലും ആരോഗ്യ സൂചികകളിലും തെരഞ്ഞെടുപ്പ് രാഷ്ട്രീയത്തിലുമെല്ലാം ജാതിയുടെ അടയാളം വ്യക്തമാണ്. എന്നാൽ ഇവിടെ ജാതി, സമ്പദ്‌വ്യവസ്ഥ, സാമ്പത്തിക വികസനം എന്നിവയെ കോർത്തിണക്കിയ പഠനങ്ങളുടെ അപര്യാപ്തതയുണ്ട്. തൻമൂലം അധഃസ്ഥിതരുടെ തൊഴിൽ, വിദ്യാഭ്യാസ ആനുകൂല്യങ്ങൾ, സംവരണം, വിദ്യാഭ്യാസം, ആരോഗ്യം എന്നിവയെക്കുറിച്ചൊന്നും നൂതനമായ പദ്ധതികൾ തയാറാക്കാൻ കഴിയാതെ വരുകയും രാഷ്ട്രീയക്കാരുടെയും ബ്യൂറോക്രസിയുടെയും താൽപ്പര്യത്തിനനുസൃതമായ പദ്ധതികൾ നിലവിൽ വരുകയും ചെയ്യുന്നു. ഇവിടെ സൂചിപ്പിക്കാൻ പോകുന്ന പഠനങ്ങൾ നമ്മുടെ കണ്ണു തുറപ്പിക്കുന്നതും ഈ കുറവു നികത്താനുതകുന്നതുമാണ്.

ഇന്ത്യൻ ഗ്രാമങ്ങളിൽ പരമ്പരാഗത സമ്പദ്‌വ്യവസ്ഥ തകർന്നിട്ടും വിവിധ തലങ്ങളിൽ ജാതി ഇന്നും ശക്തമായ സാന്നിധ്യം അറിയിക്കുന്നു. 2001-02 കാലഘട്ടത്തിൽ 11 സംസ്ഥാനങ്ങളിലെ 565 ഗ്രാമങ്ങളിൽ നടത്തിയ സർവേയിൽനിന്നും ഗ്രാമീണ ഇന്ത്യയിലെ നിലനിൽക്കുന്ന തൊട്ടുകൂടായ്മ കൃത്യമായി വെളിവാകുന്നു (ഷാ, 2006). അയിത്തം ഗ്രാമീണ ഇന്ത്യയിൽനിലനിൽക്കുന്നുവെന്നു മാത്രമല്ല, പുതിയ സാമൂഹിക സാമ്പത്തിക യാഥാർഥ്യങ്ങളെ അതിജീവിക്കാനും പുതിയ അവതാരങ്ങളായി മാറാനും അതിനു കഴിയുന്നുവെന്നും പ്രസ്തുത സർവേ നിരീക്ഷിക്കുന്നു. തമിഴ്നാട്ടിലെ കോയമ്പത്തൂർ, തിരുപ്പൂർ വ്യാവസായിക വില്ലേജുകളിൽ ജൂഡിത് (2014) നടത്തിയ പഠനം സൂചിപ്പിക്കുന്നതും മറ്റൊന്നല്ല. നാമമാത്ര കൃഷിഭൂമിയേ അവിടെ ദലിതരുടെ കൈവശമുള്ളൂ. മാത്രമല്ല, അവർക്ക് സ്വയംതൊഴിൽ സംരംഭങ്ങൾ കണ്ടെത്താനോ ലാഭകരമായി നടത്താനോ കഴിയാത്ത അവസ്ഥയുമുണ്ട്. ഇതോടൊപ്പം വിദ്യാഭ്യാസത്തിലെ പിന്നാക്കാവസ്ഥയും തൊട്ടുകൂടായ്മ പോലുള്ള ദലിതവസ്ഥകളും പഠനം അനാവരണം ചെയ്യുന്നു.

സാമൂഹികശാസ്ത്ര ഗവേഷകരുടെ പഠനങ്ങളിൽ ഇന്നും എന്നും ജാതി ഒരു പ്രധാന സൂചകമാണ്. അസമത്വങ്ങൾ, ദാരിദ്ര്യം തുടങ്ങിയ നിരവധി വികസന പ്രശ്നങ്ങളെക്കുറിച്ചുള്ള പഠനങ്ങളിലെല്ലാം ജാതി പ്രധാനമാണ്. ജാതി മാറ്റങ്ങൾക്ക് വിധേയമായിക്കൊണ്ടിരിക്കുന്നുവെന്ന വസ്തുത ഇന്ത്യയെ സൂക്ഷ്മമായി നിരീക്ഷിക്കുന്ന ഏതൊരാൾക്കും മനസ്സിലാകും.

കമ്പോളത്തിൽ ആളുകൾക്ക് എന്തുകൊണ്ട് വിവേചനങ്ങൾ നേരിടേണ്ടി വരുന്നുവെന്നും സാമൂഹികസ്വത്വം സാമ്പത്തിക അവസ്ഥയെ എങ്ങനെ നിർണയിക്കുന്നുവെന്നുമുള്ള ചില സാമ്പത്തികശാസ്ത്ര സിദ്ധാന്തങ്ങളെ അശ്വിനി (2011) അവലോകനം ചെയ്യുന്നുണ്ട്. ലാഭം കൂട്ടാൻ ആഗ്രഹിക്കുന്ന തൊഴിൽ കമ്പോളം കറുത്ത തൊഴിലാളിയെന്നോ വെളുത്ത തൊഴിലാളിയെന്നോ സ്ത്രീയെന്നോ പുരുഷനെന്നോ സവർണനെന്നോ, അവർണനെന്നോ വേർതിരിവ് നടത്തേണ്ടതില്ലയെന്നാണ് സാമ്പത്തികശാസ്ത്ര സിദ്ധാന്തങ്ങൾ പറഞ്ഞുവയ്ക്കുന്നത്. എന്നാൽ യഥാർഥത്തിൽ ലോകത്തിലെല്ലായിടത്തും സ്വത്വം പ്രധാനമാണുതാനും. ഇന്ത്യയുടെ കാര്യമെടുത്താൽ സാമൂഹിക സ്വത്വമാണ് സാമ്പത്തിക അവസ്ഥകളെ രൂപപ്പെടുത്താൻ കാരണമാകുന്നതെന്ന നിഗമനത്തിലാണ് അശ്വിനി എത്തിച്ചേരുന്നത്. 1983-മുതൽ 2005-06 വരെയുള്ള കണക്കുകളാണ് അവർ വിശകലനത്തിനായി ഉപയോഗിച്ചിട്ടുള്ളത്. ആസ്തികൾ, ജീവിത സൗകര്യങ്ങൾ തുടങ്ങിയവയാണ് സൂചകങ്ങളായി എടുത്തിട്ടുള്ളത്. പ്രാദേശികമായ വ്യതിയാനങ്ങളുണ്ടാകാമെങ്കിലും പരമ്പരാഗത ജാതിശ്രേണി നിലനിൽക്കുന്നുവെന്ന നിഗമനത്തിലാണ് ഗവേഷക എത്തിച്ചേരുന്നത്. സതീശ്ദേശ്പാണ്ഡേ (2003) യുടെ പഠനവും ഇതേ സൂചനകളാണ് നൽകുന്നത്. ഉയർന്ന കോർപ്പറേറ്റ് ജോലികളിലും, അക്കാദമിക മേഖലയിലും, സർക്കാർ മേഖലയിലെ ക്ലാസ്1 ഉദ്യോഗസ്ഥരിലുമെല്ലാം തന്നെ ഉന്നതജാതി മേധാവിത്തം നിലനിൽക്കുന്നു. ജാതീയമായ അസമത്വം നിലനിൽക്കുകയും പുനരുൽപ്പാദിപ്പിക്കപ്പെടുകയും ചെയ്യുന്നുവെന്ന തന്നെയാണ് ലഭ്യമായ കണക്കുകൾ നമ്മെ ഓർമപ്പെടുത്തുന്നത്.

സുഖ്ദേവ് തോറാട്ടും സാമൂഹികശാസ്ത്രജ്ഞയായ കാതറീൻ ന്യൂമാനും ചേർന്ന് 2010ൽ നടത്തിയ പഠനം സൂചിപ്പിക്കുന്നത്, ജാതിയും തൊട്ടുകൂടായ്മ കൊണ്ടുള്ള ബഹിഷ്കരണങ്ങളും വിവേചനങ്ങളും നാലു തലങ്ങളിലാണ് നിലനിൽക്കുന്നതെന്നാണ്. ഒന്ന് സാമ്പത്തികം, രണ്ട് രാഷ്ട്രീയം, മൂന്ന് സാമൂഹികം, നാല് ഭരണപരം. സാമ്പത്തിക വിവേചനങ്ങളിൽ തന്നെ കമ്പോള വിവേചനങ്ങളും കമ്പോളേതര വിവേചനങ്ങളുമുണ്ട്. ഒരു ഉൽപ്പാദന പ്രക്രിയയിൽ തൊഴിലാളി/തൊഴിൽ ഒരു പ്രധാന കണ്ണിയായതു കൊണ്ടുതന്നെ തൊഴിൽ കമ്പോളത്തിലെ വിവേചനം ഒരു പ്രധാന കമ്പോള വിവേചനമായി മാറുന്നു. സർക്കാർ ലഭ്യമാക്കുന്ന സൗകര്യങ്ങൾ (public goods) അത് വിദ്യാഭ്യാസം, ആരോഗ്യം, വീട്, റോഡുകൾ, കുടിവെള്ളം, റേഷൻഷോപ്പ്, സർക്കാരിന്റെ വിവിധ പദ്ധതികൾ അങ്ങനെയെന്തുമാവാം; ഇവ ലഭ്യമാക്കുന്ന പ്രക്രിയയിൽ അല്ലെങ്കിൽ അവ ഉപയോഗിക്കുമ്പോഴുള്ള വിവേചനങ്ങളെ കമ്പോളേതര വിവേചനമെന്നു പറയാം. സാമ്പത്തിക വിവേചനങ്ങൾ പ്രധാനമായും കമ്പോളങ്ങളിലൂടെയാണ് പ്രവർത്തിക്കുന്നത്. കമ്പോള കമ്പോളേതര ഇടപാടുകളിൽ കീഴ്ജാതിക്കാർ വിവേചനങ്ങൾ അനുഭവിക്കുന്നുണ്ടെന്നു വിവിധപഠനങ്ങൾ കാണിക്കുന്നു. ഒരു കമ്പോള സമ്പദ്വ്യവസ്ഥയിലെ വിവിധ കമ്പോളങ്ങളിൽ അതായത് തൊഴിൽ കമ്പോളം, ഭൂമി കമ്പോളം, മൂലധന മാർക്കറ്റ്, വായ്പാമാർക്കറ്റ്, ഒരു സാമ്പത്തിക സംരംഭം തുടങ്ങാനാവശ്യമായ സേവനങ്ങൾ നൽകുന്ന കമ്പോളം തുടങ്ങിയവയിലെല്ലാം ഇടപെടാനുള്ള വിലക്കുകളിലൂടെ കമ്പോളത്തിലെ സാമൂഹിക പുറന്തള്ളൽ നടക്കുന്നു.

ഒരു ഉൽപ്പാദന പ്രക്രിയയിൽ തൊഴിലാളി/തൊഴിൽ ഒരു പ്രധാന കണ്ണിയായതു കൊണ്ടുതന്നെ തൊഴിൽ കമ്പോളത്തിലെ വിവേചനം ഒരു പ്രധാന കമ്പോള വിവേചനമായി മാറുന്നു. സർക്കാർ ലഭ്യമാക്കുന്ന സൗകര്യങ്ങൾ (public goods) അത് വിദ്യാഭ്യാസം, ആരോഗ്യം, വീട്, റോഡുകൾ, കുടിവെള്ളം, റേഷൻഷോപ്പ്, സർക്കാരിന്റെ വിവിധ പദ്ധതികൾ അങ്ങനെയെന്തുമാവാം; ഇവ ലഭ്യമാക്കുന്ന പ്രക്രിയയിൽ അല്ലെങ്കിൽ അവ ഉപയോഗിക്കുമ്പോഴുള്ള വിവേചനങ്ങളെ കമ്പോളേതര വിവേചനമെന്നു പറയാം.

## ഒരു പേരിൽ എല്ലാമുണ്ട്

ഇന്ത്യയിലെ വിവിധ നഗര പ്രദേശങ്ങളിലെ തൊഴിൽ കമ്പോളങ്ങളിൽ കണ്ടുവരുന്ന വിവേചനങ്ങളെക്കുറിച്ച് സുഖ്ദേവ് തോറാട്ടും പോൾ ആറ്റ്വെല്ലും ഒരു പഠനം നടത്തിയിട്ടുണ്ട്. വിവിധ ജാതി മത വിഭാഗങ്ങളിലുള്ള വിദ്യാസമ്പന്നരായ ഇന്ത്യാക്കാർ സ്വകാര്യ മേഖലയിലെ മൾട്ടി നാഷണൽ കമ്പനികളിലും ഇന്ത്യൻ കമ്പനികളിലും ജോലിക്കപേക്ഷിക്കുമ്പോൾ എന്തു സംഭവിക്കാമെന്നതാണ് ഈ പഠനം അന്വേഷിക്കുന്നത്. ജാതിയും സാമുദായിക വിവേചനങ്ങളുമൊന്നുമില്ലെന്നു പറയുന്ന മെട്രോപോളിറ്റൻ നഗരങ്ങളിൽ തൊഴിലന്വേഷിക്കുന്ന കീഴ്ജാതിക്കാർക്കെന്തു സംഭവിക്കുന്നുവെന്നാണ് ഈ പഠനം വെളിവാക്കുന്നത്.

പഠനത്തിനായി 2005 ഒക്ടോബർ മുതൽ 2006 നവംബർ വരെ ഇംഗ്ലീഷിലും മറ്റു പ്രാദേശിക ഭാഷകളിലുമുള്ള പ്രമുഖ പത്രങ്ങളിൽനിന്നും വിവിധ ജോലികൾക്കായുള്ള പരസ്യങ്ങൾ ഗവേഷകർ ശേഖരിച്ചു. ടൈംസ് ഓഫ് ഇന്ത്യയുടെ മുംബൈ, ഡൽഹി എഡിഷനുകൾ, ഹിന്ദുസ്ഥാൻ ടൈംസ്, ഹിന്ദുവിന്റെ മുംബൈ, ഡൽഹി എഡിഷനുകൾ, ഡെക്കാൻ ഹെറാൾഡിന്റെ ബാംഗ്ലൂർ എഡിഷൻ, ഡെക്കാൻ ക്രോണിക്കിളിന്റെ ഹൈദരബാദ് എഡിഷൻ എന്നിവയിൽനിന്നുമാണ് പരസ്യങ്ങൾ ശേഖരിച്ചത്. സ്വകാര്യ സ്ഥാപനങ്ങൾ നൽകിയ പരസ്യങ്ങൾ മാത്രമാണ് പഠനത്തിനായി തിരഞ്ഞെടുത്തത്. കൂടാതെ കൂടുതൽ തൊഴിൽ പരിചയം വേണ്ട തസ്തികകളെയും ഒഴിവാക്കി. ഒരു സർവകലാശാലാ ബിരുദധാരിക്ക് അപേക്ഷിക്കാവുന്ന 'എൻട്രി ലെവൽ' തൊഴിലുകൾ മാത്രം തെരഞ്ഞെടുത്തു. പരസ്യങ്ങളിലെല്ലാം തന്നെ ഉദ്യോഗാർഥിക്ക് വേണ്ട മിനിമം യോഗ്യതയും തൊഴിൽ പരിചയവും വ്യക്തമാക്കിയിരുന്നു. ചില ഒഴിവുകളിലേക്ക് ബിരുദാനന്തര ബിരുദം ആവശ്യപ്പെടുമ്പോൾ ചിലതിൽ ബിരുദം മാത്രമാണ് യോഗ്യതാമാനദണ്ഡമായിട്ടുള്ളത്. ഇന്ത്യൻ തൊഴിൽ കമ്പോളത്തിൽ ഉയർന്ന ശമ്പളമുള്ള അഡ്മിനിസ്ട്രേറ്റ്, മാനേജീരിയൽ തസ്തികകളിൽ, അതു 'എൻട്രി ലെവൽ' ആയാൽപ്പോലും ബിരുദാനന്തര ബിരുദമാണ് യോഗ്യതയായി ആവശ്യപ്പെടുക. ഇന്ത്യൻ സ്വകാര്യമേഖലയിൽ താഴ്ന്ന ശമ്പളമുള്ള ജോലിക്കാണ് ബിരുദം മാത്രമുള്ളവരെ പരിഗണിക്കുകയെന്നതു ഗവേഷകർക്ക് ബോധ്യപ്പെട്ടു.

പത്രങ്ങളിൽ വന്ന തൊഴിൽ പരസ്യങ്ങൾക്കെ

ല്ലാം ഗവേഷണ ടീം അപേക്ഷകൾ അയച്ചു. എല്ലാ അപേക്ഷകളും പുരുഷന്മാരുടെ പേരിലായിരുന്നു. ഒരു ജോലിക്കുവേണ്ടി ഒരേ മാതൃകയിലുള്ള മൂന്നു ബയോഡാറ്റകൾ ഗവേഷകർ തയാറാക്കി; എല്ലാം ഇംഗ്ലീഷിൽ. ഈ പരീക്ഷണ അപേക്ഷകളിലെല്ലാത്തിലും വിദ്യാഭ്യാസ യോഗ്യതയും തൊഴിൽ പരിചയവും ഒന്നുതന്നെയായിരുന്നു- ഒരേ യോഗ്യതയുള്ള വിവിധ ഉദ്യോഗാർഥികളുടേതെന്നു തോന്നിപ്പിക്കുന്ന രീതിയിലുള്ള അപേക്ഷകൾ. വ്യത്യാസം ഒന്നിൽ മാത്രം; ഉദ്യോഗാർഥിയുടെ പേരിൽ. ജാതിയോ മതമോ ബയോഡാറ്റയിൽ ഉൾപ്പെടുത്തിയിരുന്നില്ല. ഒരപേക്ഷയിലെ പേര് സവർണ ഹിന്ദുവിന്റേതും മറ്റൊന്നു മുസ്ലീം പേരും വേറൊന്നു ദലിത് പേരുമായിരുന്നു. മുസ്ലീം പേര് വേറിട്ടു നിൽക്കുമല്ലോ. കൃത്യമായി എടുത്തറിയാവുന്ന സവർണ ഹിന്ദുജാതി പേരുകളും ദലിത് ഹിന്ദു ജാതിപ്പേരുകളുമാണ് തിരഞ്ഞെടുത്തത്.

ഓരോ ജോലിക്കും അപേക്ഷിക്കുമ്പോൾ അപേക്ഷയും ബയോഡാറ്റയും ചെറുതായൊന്നു മാറ്റി. അതായത് ദലിത് ഉദ്യോഗാർഥിക്ക് ആദ്യം അയച്ച അപേക്ഷയും ബയോഡാറ്റയും രണ്ടാമത് മുസ്ലീം ഉദ്യോഗാർഥിക്കും പിന്നീട് സവർണ ഉദ്യോഗാർഥിക്കും നൽകുന്നു. അങ്ങനെ ഒരേ അപേക്ഷ പല പേരിൽ പല ജോലിക്കായി അയയ്ക്കുന്നു. 66 ആഴ്ച നീണ്ട പഠനത്തിൽ തെളിഞ്ഞ വസ്തുത; കോളെജ് വിദ്യാഭ്യാസമുള്ള ദലിത്, മുസ്ലീം ഉദ്യോഗാർഥികളുടെ അപേക്ഷകൾ ആദ്യ പടിയിൽത്തന്നെ തള്ളിപ്പോകുന്നുവെന്നാണ്. അപേക്ഷയിൽ ജാതി വെളിവാകുന്ന ഏക ഘടകം പേരാണ്. മുസ്ലീം, ദലിത് അപേക്ഷകളെ കാരണമില്ലാതെ തള്ളാനുള്ള ഏക ഘടകവും അതായി. സവർണ ഹിന്ദുക്കളോടൊപ്പം വിദ്യാഭ്യാസ യോഗ്യതയും തൊഴിൽ പരിചയവുമുള്ള അപേക്ഷകരായിരുന്നിട്ടുകൂടി സ്വകാര്യ മേഖലയിലെ ജാതിയും മതവും അവരുടെ തൊഴിൽ ലഭിക്കുന്നതിനുള്ള അവസരത്തെ നിർണയിച്ചു. അപേക്ഷയുടെ ആദ്യ പടിയിൽത്തന്നെ ജാതി വിവേചനം ഇത്ര സ്പഷ്ടമാണെങ്കിൽ ഇന്റർവ്യൂ, ഗ്രൂപ്പ് ചർച്ച തുടങ്ങിയ ഘട്ടങ്ങളിൽ മൂല്യനിർണയം ഒരിക്കലും നീതിപൂർവമാകില്ലെന്നാണ് ഗവേഷകരുടെ വാദം.

## ദലിതന്റെ ബിസിനസ് മോഹങ്ങൾ

തോറാട്ടിന്റെ പഠനത്തോടൊപ്പം ചേർത്തുവായിക്കാവുന്ന പുറന്തള്ളലിന്റെ മറ്റൊരു മുഖം അനാവരണം ചെയ്യുന്ന പഠനമാണ് അസീം പ്രകാശിന്റെ ദലിത് ക്യാപിറ്റൽ (2015). ചരിത്രപരമായി ചുമലിലേൽക്കപ്പെട്ട ജാതിത്തൊഴിലുകളിൽനിന്നും ആധുനിക തൊഴിലിടങ്ങളിലേക്ക് മാറാൻ ശ്രമിക്കുന്ന ദലിതന്റെ ജീവിതത്തിലെ വൈരുധ്യങ്ങൾ അസീം പ്രകാശ് പുസ്തകത്തിൽ വിവരിക്കുന്നുണ്ട്. അതിലൊരു വിവരണം താഴെ ചേർക്കുന്നു:

"എന്റെ പേര് മുന്ന. 33 വയസ്സുണ്ട്. ഹർദോയിയിലാണ് താമസം. എന്റെ അച്ഛനമ്മമാർ തോട്ടിപ്പണിക്കാരായിരുന്നു. അച്ഛൻ പത്തു വർഷം മുമ്പ് ടി.ബി ബാധിച്ചു മരിച്ചു. കുട്ടിക്കാലത്ത് അച്ഛന്റെ കൂടെ ഞാനും തോട്ടിപ്പണിക്കു പോയിരുന്നു. അന്നത്തെ കാലത്ത് ഇന്നത്തെപ്പോലുള്ള ഇംഗ്ലീഷ് കക്കൂസുകൾ ഉണ്ടായിരുന്നില്ലല്ലോ? വിസർജ്യങ്ങൾ ഇരുമ്പ് ഉന്തുവണ്ടിയിൽ എടുത്തുകൊണ്ട് പോകണം. പത്തൊൻപതു വയസ്സുവരെ ഞാനും ഈ പണിയെടുത്തു. വീടുകളിൽ കക്കൂസുകൾ നിർമിച്ചു തുടങ്ങിയതോടെ തോട്ടിപ്പണിക്കാരുടെ ആവശ്യം ഇല്ലാതെയായി. എനിക്കൊരിക്കലും തോട്ടിപ്പണി ഇഷ്ടമായിരുന്നില്ല. എന്നാൽ മറ്റൊരു മാർഗവും ഉണ്ടായിരുന്നില്ല. പിന്നീട് മുനിസിപ്പാലിറ്റിയിൽ തൂപ്പുപണിക്ക് ദിവസവേതനത്തിൽ പോയി. വേതനത്തിന്റെ ഒരു ഭാഗം കോൺട്രാക്ടർക്ക് കൊടുക്കണമായിരുന്നു. അതുകൊണ്ട് തൂപ്പുപണിവിട്ട് ഒരു ബിസിനസ് തുടങ്ങാൻ ഞാൻ തീരുമാനിച്ചു. അമ്മാവന്റെ കൈയിൽനിന്നും അളിയന്റെ കൈയിൽനിന്നുമായി 2000 രൂപ വാങ്ങി പുഴുങ്ങിയ മുട്ടയും ഓംലറ്റും വിൽക്കുന്ന ഒരു തട്ടുകട ആരംഭിച്ചു. ഒരു നാടൻ കള്ളുഷാപ്പിന്റെ മുമ്പിലായിരുന്നു തട്ടുകട. കുറച്ചുകഴിഞ്ഞപ്പോൾ കള്ളുകച്ചവടക്കാരന്റെ അനന്തരവൻ കടയ്ക്കുള്ളിൽ തന്നെ മുട്ടയും പലഹാരങ്ങളും വിൽക്കാൻ തുടങ്ങി. അവൻ എന്റെ കടയെ 'തോട്ടിപ്പണിക്കാരന്റെ തട്ടുകടയെന്നു' വിളിക്കാൻ തുടങ്ങി. എന്റെ തട്ടുകടയുടെ മുൻപിൽ അവനൊരു പ്ലക്കാർഡും വച്ചു. 'തോട്ടിപ്പണിക്കാരന്റെ തട്ടുകടയിൽനിന്നും മുട്ട കഴിക്കൂ; നരകത്തീയിൽ വീണ് വെന്തെരിയൂ! ഞങ്ങളുടെ കടയിൽനിന്നും മുട്ട കഴിക്കൂ; ശ്രീപരമേശ്വരന്റെ അമൃത് ആസ്വദിക്കൂ.' വല്ലാത്ത അപമാനമായിരുന്നു എനിക്കത്. എന്റെ വരുമാനം കുറഞ്ഞു. 'തോട്ടിക്കാരൻ മുന്ന' എന്നതെന്റെ വട്ടപ്പേരായി... ഞാൻ പണി നിർത്തി വീട്ടിലിരു



*സതീഷ് ദേശ്പാണ്ഡെ*

**തോറാട്ടിന്റെ പഠനത്തോടൊപ്പം ചേർത്തുവായിക്കാവുന്ന പുറന്തള്ളലിന്റെ മറ്റൊരു മുഖം അനാവരണം ചെയ്യുന്ന പഠനമാണ് അസീം പ്രകാശിന്റെ ദലിത് ക്യാപിറ്റൽ (2015).**

സംവരണാനുകൂല്യ മുള്ള വിദ്യാർഥികളും സവർണ വിദ്യാർഥി കളും തമ്മിൽ തൊഴിൽ പ്രതീക്ഷയിൽ കാര്യമായ വ്യത്യാസങ്ങളുണ്ടായി രുന്നുവെന്നാണ് പഠനം കണ്ടെത്തിയത്. ദലിത് വിദ്യാർഥികൾ സർക്കാർ മേഖലയിൽ തൊഴിൽ ചെയ്യാനാഗ്ര ഹിച്ചത് സംവരണം നിലനിൽക്കുന്നതുകൊ ണ്ടുതന്നെ.

ന്നു. പിന്നീട് ലക്നൗവിൽ അളിയന്റെ കൂടെ താമസം തുടങ്ങി. കൂലിപ്പണിയെടുത്തും സെക്യൂരിറ്റി ഗാർഡായി ജോലി നോക്കിയും ഞാൻ കുറച്ചു പണം സ്വരൂപിച്ചു. അളിയന്റെ കൈയിൽനിന്നും അമ്മാവന്റെ കൈയിൽനിന്നും കുറച്ചു പണംകൂടി വാങ്ങി പഴങ്ങളുടെ ചില്ലറ വിൽപ്പന തുടങ്ങി. മൂന്നു വർഷം ഞാൻ വീടുവീടാന്തരം പഴവിൽപ്പന നടത്തി. പിന്നെ ഒരു കട മുനിസിപ്പാലിറ്റിയിൽനിന്നും കിട്ടി. അതിനായി 5000 രൂപ ക്ലാർക്കിനു കൈക്കൂലി നൽകേണ്ടി വന്നു. പതിയെ ബിസിനസ്സ് പച്ച പിടിക്കാൻ തുടങ്ങി. ഹോട്ടലുകളിൽനിന്നും എനിക്കു ഓർഡർ കിട്ടിത്തുടങ്ങി. സാധനങ്ങൾ കൊണ്ടുപോകാനും വരാനും എനിക്കൊരു ടെംപോ വേണമായിരുന്നു. പക്ഷേ എന്റെ ജാതി ലോൺ ലഭിക്കുന്നതിനു തടസ്സമായി. എന്നാൽ ഒരു ബാങ്ക് ഓഫീസർ എനിക്കു ലോൺ നൽകാമെന്നേറ്റു. ഞാൻ ഒരു കുട്ട നിറയെ മാമ്പഴവുമായി ബാങ്ക് ഓഫീസറുടെ വീട്ടിൽ പോയി. അയാളുടെ ഭാര്യ എന്റെ ജാതി ചോദിച്ചു. ഞാൻ ജാതി മറച്ചുവെച്ചില്ല. നഗരത്തിലെ വിദ്യാസമ്പന്നർക്ക് ജാതിപ്രശ്നമാകില്ലെന്നായിരുന്നു എന്റെ ധാരണ. അവർ ആ മാമ്പഴം തിരികെ തന്നു. എനിക്കു ലോൺ കിട്ടിയതുമില്ല. പിന്നെ ഞാൻ ഒരു ബനിയയുടെ കൈയിൽനിന്നും ഒരു ലക്ഷം രൂപ വായ്പയെടുത്തു. അടുത്ത മൂന്നു വർഷം 5500 രൂപ മാസം തോറും അടയ്ക്കണം, കൂടാതെ എല്ലാ ആഴ്ചയും രണ്ടു കി.ഗ്രാം പഴങ്ങൾ അയാൾക്ക് സൗജന്യമായി കൊടുക്കുകയും വേണം! മൊത്ത കച്ചവടക്കാർക്ക് എന്നോട് ദേഷ്യമൊന്നുമില്ല. പക്ഷേ, തോട്ടിക്കാരൻ മാന്യനാവാൻ ശ്രമിക്കുന്നുവെന്നും പറഞ്ഞ് അവരെന്നെ കളിയാക്കാറുണ്ടെന്നെനിക്കറിയാം. അവരെന്നെ ഒരു പരിപാടിക്കും ക്ഷണിക്കാറില്ല. മതപരമായ ചടങ്ങുകൾക്കൊന്നും എന്റെ പണം സ്വീകരിക്കാറില്ല. ഞാൻ പതിവായി പഴങ്ങൾ നൽകുന്ന ഹോട്ടലുകാരനോട് എന്റെ ജാതി പറഞ്ഞ് എന്റെ ബിസിനസ്സുതകർക്കാൻ ചിലർ ശ്രമം നടത്തി. എന്നാൽ ഹോട്ടൽ മാനേജർ അതു കാര്യമാക്കിയില്ല. കാരണം, മാർക്കറ്റ് വിലയെക്കാൾ കുറഞ്ഞ പൈസയ്ക്കാണ് ഞാൻ പഴങ്ങൾ നൽകുന്നത്....'

അസീം പ്രകാശിന്റെ വാദം ഇതാണ്: ദലിതർക്കെതിരെയുള്ള വിവേചനവും വിപണിയിലെ അനുകൂലമല്ലാത്ത ഉൾച്ചേർക്കലും (unfavourable inclusion), നിലനിർത്തുന്നത് ഭരണകൂടവും വിപണിയും പൊതു സമൂഹവും ഒന്നിച്ചു ചേർന്നുകൊണ്ടാണ്. അതായത് വിവേചനവും അനുകൂലമല്ലാത്ത ഉൾച്ചേർക്കലും നടക്കുകയും നിലനിർത്തുകയും ചെയ്യുന്നത് ഒരേപോലെ പ്രവർത്തിക്കുന്ന നിരവധി സ്ഥാപനങ്ങൾ വഴിയാണ്.

ഈ പുസ്തകത്തിൽ ഉൾച്ചേർത്തിട്ടുള്ള മറ്റൊരു ഇന്റർവ്യൂവിന്റെ ഭാഗം വളരെ അർഥവത്താണ്. ഒരു ടെലിഫോൺബൂത്തുടമ പറയുകയാണ്:

"മുകളിലിരിക്കുന്നവൻ എന്നെ ദരിദ്രനായിട്ടാണ് ജനിപ്പിച്ചത്. എന്നാൽ എന്തിനെന്നെ ഒരു ചാമർ കുടുംബത്തിൽത്തന്നെ ജനിപ്പിച്ചു. പാവപ്പെട്ടവനും അന്തസ്സുള്ള ജീവിതം നയിക്കാം. എന്നാൽ ചാമറുകളെ എല്ലാവരും അവമതിക്കുകയും അവഹേളിക്കുകയും ചെയ്യുന്നു."

ദരിദ്രനായിരിക്കുന്നതിനേക്കാൾ ഭീകരമായ വേദനയുളവാക്കുന്നതാണ് ജാതീയമായ വിവേചനം.

## സാമൂഹിക മൂലധനം പ്രധാന ഘടകം

അശ്വിനിയുടെ (2011) പഠനത്തിന്റെ ഒരു പ്രധാന ഭാഗം യൂണിവേഴ്സിറ്റി പഠനത്തിനു ശേഷമുള്ള തൊഴിൽ പ്രതീക്ഷകളിൽ ജാതിയുടെ പങ്കിനെ കുറിച്ചുള്ളതാണ്. രാജ്യത്തെ തിരഞ്ഞെടുത്ത ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങളിലെ ദലിത്, സവർണ വിദ്യാർഥികൾ തൊഴിൽ കമ്പോളത്തിലേക്കു പോകുമ്പോൾ അവരുടെ പ്രതീക്ഷകളെന്തെല്ലാം, തൊഴിൽ തേടുന്ന മാർഗങ്ങൾ എന്തൊക്കെ, യഥാർഥത്തിൽ അവർക്കു ലഭിക്കുന്ന ജോലിയെന്ത്, സുഹൃത്തുക്കളുടെയും കുടുംബത്തിന്റെയും സാമൂഹികനെറ്റ്വർക്ക് അവർക്ക് തൊഴിൽ നേടുന്നതിനെ എത്ര സഹായിക്കുന്നുവെന്നതിനെപ്പറ്റിയെല്ലാം ഈ പഠനം നോക്കി കാണുന്നു. ഒരേ വിദ്യാഭ്യാസ യോഗ്യതകളാണെങ്കിലും വിവിധ കുടുംബ പശ്ചാത്തലത്തിലുള്ളവരായിരുന്നു ഈ വിദ്യാർഥികൾ.

ദൽഹിയിലെ മൂന്നു സർവകലാശാലകളിലെ ബിരുദാനന്തര ബിരുദ വിദ്യാർഥികളിൽ 173 പേരാണ് പഠനത്തിൽ പങ്കാളികളായത്. ഇതിൽ 28 ശതമാനം സംവരണാനുകൂല്യമുള്ളവരായിരുന്നു. സംവരണ വിഭാഗത്തിലുള്ളവരിൽ 83 ശതമാനം ആൺകുട്ടികളായിരുന്നു.

സംവരണാനുകൂല്യമുള്ള വിദ്യാർഥികളും സവർണ വിദ്യാർഥികളും തമ്മിൽ തൊഴിൽ പ്രതീക്ഷയിൽ കാര്യമായ വ്യത്യാസങ്ങളുണ്ടായിരുന്നുവെന്നാണ് പഠനം കണ്ടെത്തിയത്. ദലിത് വിദ്യാർഥികൾ സർക്കാർ മേഖലയിൽ തൊഴിൽ ചെയ്യാനാഗ്രഹിച്ചത് സംവരണം നിലനിൽക്കുന്നതുകൊണ്ടുതന്നെ. സവർണ വിഭാഗത്തിലുള്ളവരേറെയും കൂടുതൽ ശമ്പളം ലഭിക്കുന്ന കോർപ്പറേറ്റ് മേഖലയിലാണ് ജോലി ചെയ്യാനാഗ്രഹിച്ചത്. സംവരണ വിഭാഗത്തിലെ വിദ്യാർഥികളുടെ കുടുംബപശ്ചാത്തലം സൂചിപ്പിച്ചത് അവരിലേറെപ്പേരുടെയും മാതാപിതാക്കൾ കർഷക തൊഴിലാളികളാണെന്നാണ്. ഇവരുടെ കുടുംബപശ്ചാത്തലം ജോലിക്കായുള്ള ഇന്റർവ്യൂവിനെ ബാധിച്ചുവെന്നാണ് പഠനം കാണിക്കുന്നത്. സാമൂഹികമൂലധനവും സാംസ്കാരിക മൂലധനവും നഗരത്തിലെ തൊഴിൽ കമ്പോളങ്ങളിൽ വലിയൊരു പങ്കു വഹിക്കുന്നുണ്ടെന്നാണ് അശ്വിനിയുടെ പഠനം ചൂണ്ടിക്കാണിക്കുന്നത്. സർക്കാർ മേഖല പിന്നോട്ടടിക്കുമ്പോൾ സംവരണം സ്വകാര്യമേഖലയിലേക്കുകൂടി വ്യാപിപ്പിക്കണമെന്നാണ് അശ്വിനി പഠനത്തിൽ പറഞ്ഞു വയ്ക്കുന്നത്. ഇതോടൊപ്പം ചേർത്തു വായിക്കാവുന്നതാണ് പത്തനംതിട്ടയിലെ എഴിക്കാട് എന്ന ദലിത് കോളനിയിൽ ഞങ്ങൾ നടത്തിയ ഫീൽഡുവർക്കിലെ (2019) ഒരു


ഇന്റർവ്യൂ. സ്വാശ്രയ എഞ്ചിനീയറിങ്ങ് കോളെജിലെ കമ്പ്യൂട്ടർ സയൻസ് വിദ്യാർഥിനിയോട് തൊഴിൽ അവസരങ്ങളെക്കുറിച്ചു ചോദിച്ചപ്പോൾ അവൾ പറഞ്ഞതിങ്ങനെ:

"സുഹൃത്തുക്കളിൽ പലരുടെയും ബന്ധുക്കളും സുഹൃത്തുക്കളും ഇൻഫോപാർക്കിലും ടെക്നോ പാർക്കിലും ജോലി ചെയ്യുന്നവരാണ്. അവിടെ തൊഴിലവസരങ്ങൾ വരുമ്പോൾ ഇവരെ അറിയിക്കും, ശുപാർശ ചെയ്യും. പലർക്കും ഇൻഫോ പാർക്കിൽ ജോലി ആയി. എനിക്കുവേണ്ടി ആര് പറയാനാ, കിട്ടുന്ന ജോലിയിൽ കയറണം."

ഏതെല്ലാം വഴിയിലൂടെ ജോലി തേടണമെന്നറിയായ്ക, സോഷ്യൽ നെറ്റ്‌വർക്കിന്റെ അഭാവം, ഇതെല്ലാം തൊഴിലന്വേഷണത്തിൽ ദലിത് വിദ്യാർഥികളുടെ വൈതരണികളാണ്. സംവരണാനുകൂല്യം ലഭിക്കുന്ന ഒരേഒരിടം സർക്കാർ മേഖലയാണ്. എയിഡഡ് മേഖല ദലിതർക്കും ആദിവാസികൾക്കും ബാലികേറാമലയാണ്. സ്വകാര്യമേഖല ഒരു തരത്തിലും ഇവരെ അടുപ്പിക്കാത്ത അവസ്ഥ. അഭ്യസ്തവിദ്യരായ ദലിതരനുഭവിക്കുന്ന നിരവധി പുറന്തള്ളലുകളാണിതെല്ലാം.

"ഞങ്ങൾക്കിവരെ ജോലിക്കെടുക്കണമെന്നുണ്ട്..."

തൊഴിൽ കമ്പോളത്തിലെ ജാതിയെക്കുറിച്ചുള്ള മറ്റൊരു പഠനം ജോദ്കയുടേതാണ് (2007). ജൊലീനും കാതറീൻ നെക്കർമാനും (1999) കറുത്ത വർഗക്കാരായ യുവാക്കൾക്കിടയിൽ തൊഴിലില്ലായ്മ വർധിച്ചുവരുന്നതിന്റെ കാരണമന്വേഷിച്ചുകൊണ്ടുള്ള പഠനം നടത്തിയിരുന്നു. തൊഴിൽദായകരും എച്ച്.ആർ മാനേജർമാരും കറുത്ത വർഗക്കാരായ ഉദ്യോഗാർഥികളെ എങ്ങനെ കാണുന്നുവെന്നും അത് തിരഞ്ഞെടുപ്പിൽ എങ്ങനെ ബാധിക്കുന്നുവെന്നും ഈ പഠനം വെളിവാക്കുന്നു. "We'd Love to hire them but.." എന്ന ഇവരുടെ ഗവേഷണ പ്രബന്ധം കണ്ടെത്തിയത് തൊഴിൽദായകർ കറുത്തവർഗക്കാരായ ഉദ്യോഗാർഥികളെ വിശ്വസിക്കാൻ കൊള്ളാത്തവരായും നൈപുണ്യമില്ലാത്തവരായും കാണുന്നുവെന്നാണ്. ഈ പഠനത്തിന്റെ ചുവടുപിടിച്ചാണ് ജോദ്കയുടെ ഇതേ മാതൃകയിലുള്ള ഒരു പഠനം ഇന്ത്യയിൽ നടത്തിയത്. ന്യൂഡൽഹിയിലെ വൻകിട കമ്പനികളിലെ 25 എച്ച്.ആർ മാനേജർമാരുമായി നടത്തിയ ഇന്റർവ്യൂവാണ് പഠനത്തിനാധാരം. 25 എച്ച്.ആർ മാനേജരെന്നത് വളരെ ചെറിയ സംഖ്യയാണെങ്കിലും ഒരു വർഷം നിരവധി ഉദ്യോഗാർഥികളെ തിരഞ്ഞെടുക്കാനുള്ള തീരുമാനമെടുക്കാൻ അധികാരമുള്ള തസ്തികയിലുള്ളവരാണവർ. ദൈർഘ്യമേറിയ ഇന്റർവ്യൂകളിലൂടെ സ്ഥാപനത്തിന്റെ ചരിത്രം, തൊഴിലാളികളുടെ എണ്ണം, തൊഴിലാളികളെ തിരഞ്ഞെടുക്കുന്ന രീതികൾ എന്നിവ അന്വേഷിച്ചു. ശേഷം, ദലിത് വിഭാഗത്തിലുള്ളവരുടെ തൊഴിലില്ലായ്മയെക്കുറിച്ച് അവരുടെ കാഴ്ചപ്പാടുകൾ ചോദിച്ചു. അവസാന ചോദ്യം സംവരണത്തെക്കുറിച്ചായിരുന്നു.



മെറിറ്റ് ഒന്നു മാത്രമാവണം തിരഞ്ഞെടുപ്പിന്റെ മാനദണ്ഡമെന്നതായിരുന്നു എല്ലാ അഭിമുഖത്തിലും ഉരുത്തിരിഞ്ഞു വന്ന വസ്തുത. മുൻകാലത്ത് കുടുംബബന്ധങ്ങളും സൗഹൃദ ബന്ധങ്ങളും സജാതീയ ബന്ധങ്ങളുമാണ് തൊഴിൽ നൽകുന്നതിനു മാനദണ്ഡമായി ഇന്ത്യൻ തൊഴിൽ ദാതാക്കൾ കണ്ടിരുന്നതെങ്കിൽ ഇന്ന് അങ്ങനെയല്ല എന്നാണ് പഠനത്തിലുൾപ്പെട്ട തൊഴിൽദാതാക്കൾ അവകാശപ്പെടുന്നത്. പുതുലോകത്തിൽ സാമ്പത്തിക പവർഹൗസായിമാറുന്ന ഇന്ത്യ മെറിറ്റ് മാത്രമാണ് തൊഴിലാളികളെ തിരഞ്ഞെടുക്കുന്നതിനു മാനദണ്ഡമാക്കുന്നതത്രേ. അതിനു നിരക്കാത്ത രീതിയിൽ ദലിത്-ആദിവാസി സമൂഹങ്ങളെ സംരക്ഷിക്കാനുള്ള ദൗത്യം ഏറ്റെടുക്കുകയോ അല്ലെങ്കിൽ ജാതീയമായ കാരണങ്ങളാൽ അവരെ പുറന്തള്ളുകയോ ചെയ്താൽ രാജ്യവും ഞങ്ങളുടെ കമ്പനിയും ചലിക്കുണ്ടിലാവുമെന്ന കാഴ്ചപ്പാടായിരുന്നു എല്ലാ തൊഴിൽ ദാതാക്കൾക്കും ഉണ്ടായിരുന്നത്. ഡൽഹിയിലെ ഒരു ഹയറിങ് മാനേജർ അഭിമുഖത്തിൽ വ്യക്തമാക്കിയത് ഇതായിരുന്നു:

"ജാതിയും മതവും നിറവും ഒന്നും ഞങ്ങൾ നോക്കില്ല. മറിച്ച് നിങ്ങൾക്ക് കഴിവുണ്ടോയെന്നു മാത്രമാണ് തിരഞ്ഞെടുപ്പിൽ ശ്രദ്ധിക്കുക... ഞങ്ങൾ മെറിറ്റിനാണ് മുൻതൂക്കം നൽകുന്നത്... മെറിറ്റിനു നിർവചനം കൃത്യമായി ഞങ്ങൾ നൽകിയിട്ടുണ്ട്... നല്ല 'എക്സ്പോഷർ' ഉള്ള ആളുകളെയാണ് ഞങ്ങൾക്കാവശ്യം. പ്രത്യേകിച്ചും മറ്റു രാജ്യങ്ങളിലൊക്കെ പോയി ലഭിച്ച എക്സ്പോഷർ. അത് 'ഇമാജിനേഷൻ' വർധിപ്പിക്കുന്നു."

വിവേചനങ്ങളുടെ നിരവധി ഉദാഹരണങ്ങൾ

തൊഴിൽ കമ്പോളത്തിലെ ജാതിയെക്കുറിച്ചുള്ള മറ്റൊരു പഠനം ജോദ്കയുടേതാണ് (2007). ജൊലീനും കാതറീൻ നെക്കർമാനും (1999) കറുത്തവർഗക്കാരായ യുവാക്കൾക്കിടയിൽ തൊഴിലില്ലായ്മ വർധിച്ചുവരുന്നതിന്റെ കാരണമന്വേഷിച്ചുകൊണ്ടുള്ള പഠനം നടത്തിയിരുന്നു.

കൺമുൻപിലുള്ളപ്പോഴും ദലിതനും സവർണനും ഒരേ തട്ടിൽ തുടങ്ങുന്നുവെന്നാണ് ഇവർ കരുതുന്നത്. സ്കൂളുകളിലും ഉന്നതവിദ്യാഭ്യാസ സ്ഥാപനങ്ങളിലും നിലനിൽക്കുന്ന ജാതീയമായ വേർതിരിവുകൾ ദലിത് വിദ്യാർഥികളുടെ വിദ്യാഭ്യാസ അനുഭവങ്ങളെയും വിദ്യാഭ്യാസത്തിന്റെ ഗുണമേന്മയെയും വ്യത്യസ്തമാക്കുന്നുവെന്നറിഞ്ഞാലും ദലിതനും സവർണനും ഒരേതരം വിദ്യാഭ്യാസത്തിലൂടെ കടന്നുപോകുന്നതായി ഇവർ കണക്കാക്കുന്നു. ശേഷം മെറിറ്റുള്ളവർക്ക്, എക്സ്പോഷറുള്ളവർക്ക് ജോലി നൽകുന്നു. മെറിറ്റിനെപ്പോലെ തന്നെ പ്രധാനമാവുന്നത് കുടുംബപശ്ചാത്തലമാണെന്നും പഠനം കാണിക്കുന്നു. ഈ പഠനത്തിൽ ഉൾപ്പെടുത്തിയിട്ടുള്ള പല അഭിമുഖങ്ങളും കണ്ണു തുറപ്പിക്കുന്നതാണ്. ഒരു ഹോട്ടൽ മാനേജർ പറഞ്ഞതിങ്ങനെ:

"മുറി സൂക്ഷിക്കുന്ന (house keeping) വിഭാഗത്തിലേക്ക് ചേരിപ്രദേശത്തു നിന്നുള്ളവരെ ഞങ്ങൾ നിയമിക്കാറില്ല. കാരണം അവന്റെ/ അവളുടെ വൃത്തിബോധവും നമ്മുടെ വൃത്തിബോധവും രണ്ടും രണ്ടായിരിക്കും.... പൊടി പിടിച്ച മുറിയും അവനെ സംബന്ധിച്ച് വൃത്തിയുള്ളതായിരിക്കും. പരിശീലനം നൽകിയാൽ ശരിയാകുമെങ്കിൽ എടുക്കുന്നതിൽ വിരോധമില്ല. എന്നാലും ഫ്രണ്ട് ഓഫീസിലും മറ്റും ഞങ്ങൾ ഉയർന്ന ജാതിക്കാരെ മാത്രമേ എടുക്കൂ."

ഒരു ആഭരണ നിർമാണ കമ്പനി മാനേജർ പറഞ്ഞതിങ്ങനെ:

"ഞങ്ങൾ കുടുംബ പശ്ചാത്തലത്തെക്കുറിച്ച് നിരവധി ചോദ്യങ്ങൾ ചോദിക്കും. കുടുംബത്തിൽ എത്ര അംഗങ്ങളുണ്ട്, എത്ര പേർ വിദ്യാഭ്യാസം നേടിയവരാണ് തുടങ്ങിയവ. വിദ്യാഭ്യാസമുള്ള ഒരു കുടുംബത്തിൽനിന്നേ വിദ്യാസമ്പന്നനായ ഒരു വ്യക്തിയുണ്ടാവൂ. ഏതുതരം സ്കൂളിലാണ് പഠിച്ചതെന്നുള്ളതും പ്രധാനപ്പെട്ടതു തന്നെ."

എയർകണ്ടീഷൻ നിർമാതാക്കളായ ഒരു കമ്പനി മാനേജരും ഏതാണ്ടിതേ അഭിപ്രായമാണ് പറഞ്ഞത്.

"നല്ല കുടുംബത്തിൽനിന്നുള്ള അച്ഛനമ്മമാർക്കേ നല്ല സംസ്കാരമുള്ള കുട്ടികളുണ്ടാവൂ. അങ്ങനെയുള്ള ഒരു വ്യക്തി കൃത്യതയുള്ളവനായിരിക്കും. അല്ലാതെ തൊഴിലാളി പശ്ചാത്തലമുള്ള കുടുംബത്തിലുള്ളവരെപ്പോലെയാകില്ല." മെറിറ്റിനൊപ്പം കുടുംബ പശ്ചാത്തലത്തിനും ഏറെ പ്രാധാന്യം കൽപ്പിക്കുന്ന ഇന്ത്യൻ സ്വകാര്യമേഖല ദലിതർക്കു ജോലി നൽകി സംരക്ഷിക്കുമെന്ന സ്വപ്നം കാണുന്നതു വെറുതേ. യോഗ്യതയ്ക്കും കുടുംബപശ്ചാത്തലത്തിനുമൊപ്പം ഏതു സ്ഥലത്ത് ജനിച്ച് ജീവിച്ചവരാണെന്നുള്ളതും ഈ തൊഴിൽ ദാതാക്കൾ പ്രത്യേകം ശ്രദ്ധിക്കുന്നു. സ്വകാര്യമേഖലയിലെ സംവരണത്തെ എല്ലാ ഹയറിങ്ങ് മാനേജർമാരും ഏകസ്വരത്തിലാണ് എതിർത്തത്.

സ്വകാര്യമേഖല ലാഭത്തിനും കൂടുതൽ ഉൽപ്പാദനത്തിനും പ്രാധാന്യം നൽകുന്നു. സാമൂഹികനീതിയും സംവരണവുമൊന്നും പ്രസക്തമല്ലെന്ന അഭിപ്രായമായിരുന്നു ഹയറിങ്ങ് മാനേജർമാരുടേത്.

"ഫിറ്റ്നസ് ഹെൽത്ത്" എന്ന ഒരു സ്വകാര്യ ആശുപത്രിയുടെ മാനേജർ പറഞ്ഞതിങ്ങനെ:

"സംവരണം പാലിച്ചാൽ നഴ്സുമാരും അറ്റൻഡർമാരുമൊന്നും പണി ചെയ്യില്ല. സർക്കാർ സ്ഥാപനങ്ങളിൽ സംവരണം കൊണ്ട് ഉണ്ടാകുന്നതെന്താ? തൊഴിലറിയാത്തവർ ഉള്ളിലാകും, നമ്മളെല്ലാം കൂട്ടത്തോടെ നഷ്ടം സഹിക്കേണ്ടി വരും. 'ഈ ആളുകൾ' ജോലി ചെയ്യില്ല. മാർക്കും കുറവായിരിക്കും. സംവരണംകൊണ്ട് കയറിപ്പറ്റും. ഞങ്ങളുടെ ജോലി സാങ്കേതികമാണ്. അതുകൊണ്ട് നന്നായി ജോലി ചെയ്യുന്നവർക്കു മാത്രമേ ഇവിടെ കയറിപ്പറ്റാനാവൂ. താഴ്ന്ന വിദ്യാഭ്യാസക്കാർക്കും സാങ്കേതികമായ അറിവില്ലാത്തവർക്കും ഇവിടെ സ്ഥാനമില്ല. ജാതി സംവരണത്തെ ഞങ്ങൾ ശക്തമായി എതിർക്കുന്നു.'

മെറിറ്റ് എങ്ങനെ സൃഷ്ടിക്കപ്പെടുന്നുവെന്ന് വെളിവാക്കുന്നതാണ് ജോദ്കയുടെ പഠനം. വിദ്യാഭ്യാസമെന്നത് ഒരാളുടെ കഴിവുകൊണ്ട് മാത്രമുണ്ടാകുന്നതല്ല. പഠിക്കുന്ന സ്കൂൾ, നല്ല ആരോഗ്യം, നല്ല ഭക്ഷണം, നല്ല പാർപ്പിടം ഇവയെല്ലാം ഒരു വ്യക്തിയുടെ വിദ്യാഭ്യാസ വിജയത്തിനുള്ള മറ്റു ഘടകങ്ങളാണ്. എന്നാൽ ദലിത് കുടുംബങ്ങളിലെ കുട്ടികൾക്ക് ഇതെല്ലാം നിഷേധിക്കപ്പെടുകയും നിത്യദാരിദ്ര്യത്തിലേക്കും അസമത്വത്തിലേക്കും നിരന്തരം തള്ളിവിടുകയുമാണ്. ഇവയെല്ലാം നേരേയാകാതെ 'മെറിറ്റിന്റെ' വാദം മുന്നോട്ടു വയ്ക്കുന്നതു അസംബന്ധമാണെന്ന വസ്തുതയാണ് ജോദ്ക മുന്നോട്ടുവയ്ക്കുന്നത്.

മെറിറ്റ് എങ്ങനെ സൃഷ്ടിക്കപ്പെടുന്നുവെന്ന് വെളിവാക്കുന്നതാണ് ജോദ്കയുടെ പഠനം. വിദ്യാഭ്യാസമെന്നത് ഒരാളുടെ കഴിവുകൊണ്ട് മാത്രമുണ്ടാകുന്നതല്ല. പഠിക്കുന്ന സ്കൂൾ, നല്ല ആരോഗ്യം, നല്ല ഭക്ഷണം, നല്ല പാർപ്പിടം ഇവയെല്ലാം ഒരു വ്യക്തിയുടെ വിദ്യാഭ്യാസ വിജയത്തിനുള്ള മറ്റു ഘടകങ്ങളാണ്. എന്നാൽ ദലിത് കുടുംബങ്ങളിലെ കുട്ടികൾക്ക് ഇതെല്ലാം നിഷേധിക്കപ്പെടുകയും നിത്യദാരിദ്ര്യത്തിലേക്കും അസമത്വത്തിലേക്കും നിരന്തരം തള്ളിവിടുകയുമാണ്.

## തർക്കമില്ലാതെ തുടരുന്ന ജാതിപക്ഷപാതിത്വങ്ങളുടെ ഡി.എൻ.എ

ഉന്നത വിദ്യാഭ്യാസരംഗത്ത് ദലിതരനുഭവിക്കുന്ന വിവേചനങ്ങളെ പുറത്തുകൊണ്ടുവരുന്ന ഒരു പി.എച്ച്.ഡി പ്രബന്ധമാണ് സാംസണിന്റേത് (2013). ഇന്ത്യയിലെ ഒരു യൂണിവേഴ്സിറ്റിയിൽ അദ്ദേഹം നടത്തിയ പഠനം ഇന്ത്യൻ സമൂഹത്തിലെ ജാതി മനസ്സ് വെളിപ്പെടുത്തുന്നതാണ്.

ദലിത് അധ്യാപകരുടെ വാക്കുകളിലൂടെ: "ജാതി പക്ഷപാതിത്വങ്ങൾക്ക് ഒരു ഡി.എൻ.എ ഉണ്ട്. അത് ഇന്നും നിർബാധം തുടരുകയാണ്..."

"സവർണരേക്കാൾ കൂടുതൽ സമയം ഞാൻ ജോലിയിൽ ചെലവിടണം, കൂടുതൽ ലേഖനങ്ങൾ എഴുതണം..... കൂടുതൽ പ്രസിദ്ധീകരിക്കണം.. സവർണരെപ്പോലെയല്ല എന്റെ കാര്യം. എന്റെ അധ്യാപനം സൂക്ഷ്മമായി നിരീക്ഷിക്കപ്പെടും..... ചിലപ്പോൾ എന്റെ അധ്യാപനം എങ്ങനെയാണെന്ന പരിശോധിക്കാൻ ചെറുപ്പക്കാരായ സവർണ അധ്യാപകരെ ക്ലാസിലേക്ക് വിടും..... മറ്റ് അധ്യാപകർക്ക് ഇത്തരം പരിശോധനകൾ വേണ്ട.... ചിലപ്പോൾ, സ്വകാര്യമായി കുട്ടികളോട് എന്റെ അധ്യാപന രീതികളെപ്പറ്റി ചോദിക്കും..... ഞാനിതെല്ലാം അഭിമുഖീകരിക്കേണ്ടി വരുന്നത് ചില പ്രബലരായ സവർണ അധ്യാപകർ

എന്നെ ഇവിടെ നിന്നും ഒഴിവാക്കാനുള്ള വഴികൾ നോക്കുന്നതുകൊണ്ടാണ്... പലപ്പോഴും ഈ ദലിത് സ്വത്വം എനിക്ക് അസ്വസ്ഥതയുണ്ടാക്കുന്നു."

സവർണജാതിസമ്പ്രദായം അനുശാസിക്കുന്ന വിവേചനത്തിൽനിന്നും രക്ഷപ്പെടാൻ ദലിതർക്കു കഴിയുന്നില്ലെന്നത് സ്വൈര്യം കെടുത്തുന്ന സത്യമാണ്. ജാതിപക്ഷപാതിത്വവും വിവിധ തലങ്ങളിൽ ദലിതർ ഇരയാക്കപ്പെടുന്നതിന്റെ തെളിവുകളുമാണ് സാംസൺ തന്റെ ഫീൽഡ്‌വർക്കിലൂടെ പുറത്തുകൊണ്ടുവന്നത്.

ഈ ചർച്ചകളിൽനിന്നുരുത്തിരിയുന്നത് വിവേചനത്തിന്റെ വിവിധ ഇടങ്ങളും വിവിധ രീതികളുമാണ്. ഉദ്യോഗത്തിൽ അവർണരെ പ്രവേശിപ്പിക്കാതിരിക്കൽ, കുറഞ്ഞ ശമ്പളത്തിൽ അവരെ ഉൾച്ചേർക്കൽ, സ്വയംതൊഴിൽ സംരംഭങ്ങൾ പോലും നടത്താനനുവദിക്കാതിരിക്കൽ, ശുദ്ധാശുദ്ധിയുടെയും പേരിലുള്ള പുറന്തള്ളലുകൾ, അങ്ങനെ നീണ്ടു പോകുന്ന പട്ടിക. ജാതി എന്ന സങ്കൽപ്പനത്തിന്റെ വിവിധ മാനങ്ങളെക്കുറിച്ചും അതു പ്രതിപ്രവർത്തിക്കുന്നതെങ്ങനെയെന്നുമുള്ള പഠനങ്ങൾ വിവിധ വിഷയങ്ങളുടെ പരിധിയിൽനിന്നും അല്ലാതെയും ഉണ്ടാകേണ്ടിയിരിക്കുന്നു എന്ന വസ്തുതയിലേക്കാണ് ഈ പഠനങ്ങൾ വിരൽ ചൂണ്ടുന്നത്. കേരളത്തിന്റെ പ്രത്യേക സാമൂഹികഘടനയിൽ ഇത്തരം 'അനുകൂലമല്ലാത്ത ഉൾപ്പെടുത്തലുകൾ' (Unfavorable Inclusion സെൻ, 2000) എങ്ങനെയാണ് നടക്കുന്നതെന്നു കണ്ടെത്തുന്ന പഠനങ്ങൾക്ക് സാധ്യതയുണ്ടെന്നുകൂടി മനസ്സിലാക്കാൻ ഈ ഗവേഷണ പ്രബന്ധങ്ങൾ സഹായകമാണ്.



*സുഖദേവ് തോറാട്ട്*


1. Arrow, Kenneth.J. (1971), 'The Theory of Discrimination,' Working Paper 403, Princeton Univeristy, Department of Economics, Industrial Relations Section.
2. Becker, Gary.S (1957), The Economics of Discrimination. Chicago: The University of Chicago Press.
3. Deshpande, Satish (2003), Contemporary India: A Sociological View, Delhi, Penguin Books.
4. Shah, Ghanshyam, Harsh Mandar, Sukhadeo Thorat, Satish Deshpande and Amita Bariskar (2006), 'Untouchability in Rural India, New Delhi: Sage Publications.
5. Heyer, Judith (2014) Dalit Households in Industrialing Villages in Coimbatore & Tiruppur, Tamil Nadu: A comparison across three decades in V.K Ramachandran & Madhura Swaminathan (eds) Dalit Households in Village Economics, Agrarian studies 3 Tulika Books
6. Deshpande, Aswini (2011) 'The Grammar of Caste: Economic Discrimination in Contemporary India' Oxford University Press.
7. Thorat Sukhadeo & Katherine.S New man (eds) (2010), Blocked by Caste: Economic Discrimination in Modern India, New Delhi OUP.
8. Thorat, Sukhadeo and Paul Attewell (2007), 'Legacy of Social Exclusion,' EPW, 42 (41), pp 4141-5
9. Prakash, Asim (2015), Dalit Capital: State, Markets & Civil Society in Urban India, Routledge India.
10. Jodhka, Surinder & Katheriene S. New Man (2007), In the Name of Globalisation', EPW, 42 (41), pp 4125-32
11. Krishenman, Joleen & Kathryn M. Neckerman (1999) 'We'd love to hire them, but...', chapter in Race and Ethnic Conflict ed by Fred.L Pincus, Howard. J Ehrlich.
12. Sen, Amritya (2000) 'Social Exclusion: Concept, Application & Scruitory, Social Development Papers No.1, Asian Development Bank
13. Ovichegan K Samson (2013) 'The Experiences of Dalit Students and Faculty in one Elite University in India: An Exploratory study' , unpublished PhD thesis, Kings College London.



*റോഷ്നി പദ്മനാഭൻ, ഡോ. രാജേഷ് കോമത്ത്*
*(email: pbroshni@gmail.com, mail: komathrajesh@gmail.com)*



# പ്രളയ ദുരന്തത്തിലെ ആരോഗ്യ മാനസിക പ്രശ്നങ്ങൾ

ഡോ. (മേജർ) നളിനി ജനാർദ്ദനൻ

ഇന്ത്യക്കാരെയും പ്രത്യേകിച്ച് കേരളീയരെയും ഏറ്റവുമധികം ഞെട്ടിപ്പിക്കുകയും ദുഃഖിപ്പിക്കുകയും ചെയ്ത മഹാദുരന്തമായിരുന്നു 2018 ആഗസ്റ്റ് മാസം ഉണ്ടായ വെള്ളപ്പൊക്കം. ഒരു ലക്ഷത്തിലേറെ ആളുകൾക്ക് വീടും സമ്പാദ്യങ്ങളും നഷ്ടപ്പെട്ടു. 500 ഓളം ആൾക്കാർ മരിച്ചു. ആയിരക്കണക്കിന് ആളുകൾ മാനസിക രോഗത്തിന് അടിമയായി. ലക്ഷക്കണക്കിന് ആളുകൾക്ക് ദുരിതാശ്വാസ ക്യാമ്പുകളിൽ ശരണംതേടേണ്ടിവന്നു. ഒരു ജീവിതകാലത്തിനിടയിൽ കഠിനപരിശ്രമം കൊണ്ടു നേടിയെടുത്ത വീടും വീട്ടുസാധനങ്ങളും സമ്പത്തും നഷ്ടപ്പെട്ടതിനു പുറമേ സ്വന്തക്കാരുടെയും ബന്ധുക്കളുടെയും ജീവൻപോലും അപകടത്തിലായപ്പോഴുണ്ടായ മനോവേദനയും കഷ്ടപ്പാടുകളും ദുസ്സഹമായിരുന്നു. വിശപ്പെന്തെന്ന് അറിയാത്തവർക്കുപോലും വിശപ്പിന്റെ ദാരുണമായ അവസ്ഥ നേരിടേണ്ടിവന്നു. ഈ മഹാപ്രളയത്തിനു കാരണം പരിസ്ഥിതി നശീകരണമാണെന്നും, അണക്കെട്ടുകൾ വമ്പിച്ച മഴയത്തു തുറന്നുവിട്ടതുകൊണ്ടാണെന്നും ദൈവകോപംകൊണ്ടാണെന്നും കനത്ത മഴകൊണ്ടാണെന്നും മറ്റും പലരും സാമൂഹിക മാധ്യമങ്ങളിലൂടെ പ്രചരിപ്പിച്ചു.

പട്ടാളവും പോലീസും മത്സ്യബന്ധനത്തൊഴിലാളികളും മറ്റു സന്നദ്ധസേനകളും യുവാക്കളും ജാതി-മത-രാഷ്ട്രീയ ഭേദമന്യേ ആബാലവൃദ്ധം ജനങ്ങളെ പ്രളയത്തിൽനിന്നു രക്ഷിക്കാൻ മുന്നോട്ടുവന്നു. മതസൗഹാർദത്തിന്റെയും സഹോദരസ്നേഹത്തിന്റെയും മഹത്തായ ഉദാഹരണങ്ങൾ ലോകത്തിനു കാഴ്ചവയ്ക്കാൻ കേരളീയർക്കു സാധിച്ചു. മറുനാടൻ മലയാളി സംഘടനകളും മറ്റു സംസ്ഥാന സർക്കാരും ജനക്ഷേമസമിതികളും ഉദ്യോഗപതികളും സാധാരണക്കാരും സഹായഹസ്തങ്ങളും ഭക്ഷ്യസാധന സാമഗ്രികളുമായി ഓടിയെത്തി. 'ഞങ്ങൾ വീണ്ടും പഴയ അവസ്ഥയിലേക്കു മടങ്ങിവരുമെന്ന്' പലരും വാശിയോടെ ദൃഢനിശ്ചയം ചെയ്തു. പക്ഷേ, ഒരു വിഭാഗം ആൾക്കാർ ചിന്തിച്ചു, 'എല്ലാ സമ്പത്തും നശിച്ചു; ഇനി ഭിക്ഷയാചിക്കേണ്ടി വന്നേക്കാം.' പലരും ശാരീരികമായും മാനസികമായും തകർന്നു. ഡോക്ടർമാരുടെയും മനശ്ശാസ്ത്രവിദഗ്ധരുടെയും മറ്റ് ആരോഗ്യക്ഷേമ പ്രവർത്തകരുടെയും സഹായമു



ണ്ടായിട്ടും വിവിധ രോഗങ്ങളും ആരോഗ്യപ്രശ്നങ്ങളും മാനസിക പ്രശ്നങ്ങളും തലപൊക്കാൻ തുടങ്ങി.

പ്രളയദുരന്തത്തെ ധൈര്യപൂർവം അഭിമുഖീകരിക്കാനും പ്രളയദുരന്തത്തിനു ശേഷമുണ്ടാവാനിടയുള്ള ആരോഗ്യവും മാനസികവുമായ പ്രശ്നങ്ങളെ തരണം ചെയ്യാനും എന്തുചെയ്യണം എന്ന കാര്യമാണ് ഏറ്റവും പ്രധാനം.

## പ്രളയദുരന്തത്തിനു ശേഷമുണ്ടാവുന്ന ആരോഗ്യപ്രശ്നങ്ങൾ

പ്രളയദുരന്തത്തിനു ശേഷമുണ്ടാവുന്ന പ്രധാനപ്പെട്ട ആരോഗ്യ പ്രശ്നങ്ങളാണ്:-

-ജലജന്യരോഗങ്ങൾ - ഉദാ: വയറിളക്കം, മഞ്ഞപ്പിത്തം, ടൈഫോയിഡ്, കോളറ.

വായു ജന്യരോഗങ്ങൾ - ഉദാ: വൈറൽപ്പനി, അഞ്ചാംപനി. H1N1 പനി.

ജന്തുജന്യ രോഗങ്ങൾ - ഉദാ: എലിപ്പനി

- വൈദ്യുതാഘാതം

-പാമ്പുകടി

-ചർമരോഗങ്ങൾ

-ചെങ്കണ്ണ്

### 1. ജലജന്യരോഗങ്ങൾ

വയറിളക്കം, മഞ്ഞപ്പിത്തം, കോളറ, ടൈഫോയിഡ് എന്നിവയാണ് പ്രളയശേഷമുണ്ടാവാൻ സാധ്യതയുള്ള പ്രധാനപ്പെട്ട ജലജന്യരോഗങ്ങൾ. കുടിക്കാനുള്ള ശുദ്ധജലത്തിന്റെ അഭാവവും മലിനജലസേവനവും ജലജന്യരോഗങ്ങൾക്ക് വഴി തെളിക്കും.

### രോഗപ്രതിരോധം

രോഗപ്രതിരോധത്തിനു താഴെപ്പറയുന്ന കാര്യങ്ങൾ ശ്രദ്ധിക്കണം:

-കുടിക്കാനുള്ള ശുദ്ധജലം കരുതിവയ്ക്കുക

-തിളപ്പിച്ചാറ്റിയ വെള്ളം കുടിക്കുക

-കിണർ വെള്ളം ബ്ലീച്ചിങ് പൗഡർ ഉപയോഗിച്ച് ക്ലോറിനേറ്റുചെയ്തു മാത്രം ഉപയോഗിക്കുക.

-പാത്രങ്ങളും പച്ചക്കറികളും ശുദ്ധീകരിച്ച വെള്ളം കൊണ്ട് കഴുകുക.

-തുറന്ന സ്ഥലത്തു മലമൂത്രവിസർജ്ജനം ചെയ്യാതിരിക്കുക.

- ഭക്ഷണപാചകത്തിനുമുമ്പും ഭക്ഷണത്തിനു മുമ്പും മലവിസർജ്ജനത്തിനു ശേഷവും കൃത്യമായി കൈകൾ സോപ്പിട്ടു കഴുകുക.

-വയറിളക്കവും ഛർദിയും ഉണ്ടായാൽ ഒ.ആർ.എസ് ലായനി കുടിപ്പിക്കുക. അതിനുപുറമേ കഞ്ഞിവെള്ളം, കരിക്കിൻവെള്ളം (ഇളനീർ), നാരങ്ങവെള്ളം എന്നിവയും നല്ലതാം.

-നിർജ്ജലീകരണ ലക്ഷണങ്ങൾ (നാവും ചുണ്ടുകളും വരണ്ടുപോവുക, കൂടുതൽദാഹം, മൂത്രം കുറയുക, മൂത്രത്തിന്റെ നിറം മഞ്ഞയാവുക, ചർമം വരളുക തുടങ്ങിയവ) കണ്ടാൽ കഴിയുന്നതും വേഗം വൈദ്യസഹായം ലഭ്യമാക്കണം.

-വാക്സിനേഷൻ വഴി ഹെപ്പറ്റൈറ്റിസ് എ എന്ന രോഗം തടുക്കാൻ കഴിയും.

### 2. കൊതുക ജന്യരോഗങ്ങൾ

കൊതുക കടിക്കുന്നതുകൊണ്ടു പകരുന്ന രോഗങ്ങൾ ഡെങ്കിപ്പനി, മലമ്പനി, ജപ്പാൻ ജ്വരം, വെസ്റ്റ് നൈൽ വൈറസ് പനി എന്നിവയാണ്. വെള്ളപ്പൊക്കം മാറിത്തുടങ്ങുമ്പോൾ കൊതുകുകൾ വർധിക്കാൻ തുടങ്ങും.

ദുരിതാശ്വാസ ക്യാമ്പുകളിലും മറ്റും ജീവിച്ചപ്പോഴും തുറന്ന സ്ഥലത്തു കഴിയേണ്ടിവന്നപ്പോഴും കൊതുക കടിക്കാനുള്ള സാധ്യത കൂടുതലാണ്.

**പട്ടാളവും പോലീസും മത്സ്യബന്ധനത്തൊഴിലാളികളും മറ്റു സന്നദ്ധസേനകളും യുവാക്കളും ജാതി-മത-രാഷ്ട്രീയ ഭേദമന്യേ ആബാലവൃദ്ധം ജനങ്ങളെ പ്രളയത്തിൽനിന്നു രക്ഷിക്കാൻ മുന്നോട്ടുവന്നു. മതസൗഹാർദത്തിന്റെയും സഹോദര സ്നേഹത്തിന്റെയും മഹത്തായ ഉദാഹരണങ്ങൾ ലോകത്തിനു കാഴ്ചവയ്ക്കാൻ കേരളീയർക്കു സാധിച്ചു.**

വൈറൽപ്പനിക്ക് പാരസിറ്റമോൾ നല്കുന്നതിനു പുറമേ ആവശ്യമായ ജലപാനം ചെയ്യണം. നിർജ്ജലീകരണം തടയാൻ ഒ.ആർ.എസ് ലായനി കൊടുക്കുന്നതും വേണ്ടത്ര വിശ്രമം കൈക്കൊള്ളുന്നതും നല്ലതാണ്

**രോഗപ്രതിരോധം**

-കൊതുകു വളരാൻ സാധ്യതയുള്ള സാഹചര്യങ്ങൾ ഒഴിവാക്കുക.

-കൊതുകുകടിയിൽനിന്നും രക്ഷപ്പെടാനുള്ള മാർഗങ്ങൾ സ്വീകരിക്കുക. (ശരീരത്തിൽ കൊതുകിനെ അകറ്റാനുള്ള മരുന്നുകൾ പുരട്ടുക, ഉറങ്ങുമ്പോൾ കൊതുകുവലകൾ ഉപയോഗിക്കുക, കൊതുകുതിരി കത്തിക്കുകയോ, ഗുഡ്നൈറ്റ് മാതിരിയുള്ള കൊതുകിനെ അകറ്റുന്ന മരുന്നുകൾ ഉപയോഗിക്കുകയോ ചെയ്യുക, ശരീരം മൂടുന്ന വസ്ത്രങ്ങൾ ധരിക്കുക തുടങ്ങിയവ)

-വീടിന്റെ ചുറ്റുപാടും കൊതുകിനെയും മറ്റു കീടാണുക്കളെയും നശിപ്പിക്കാൻ കഴിവുള്ള മരുന്നു തളിക്കുകയോ പുകയ്ക്കുകയോ ചെയ്യുക.

പനി ഉണ്ടായാൽ ഉടനെ ഡോക്ടറെ കണ്ടു ചികിത്സ ആരംഭിക്കണം. പ്രത്യേകിച്ചും കുഞ്ഞുങ്ങൾ, വൃദ്ധജനങ്ങൾ, ഗർഭിണികൾ എന്നിവരുടെ കാര്യത്തിൽ വൈദ്യസഹായം പെട്ടെന്നുതന്നെ ലഭ്യമാക്കണം.

-പരിസരം ശുചിയായിവയ്ക്കുക.

## 3. വായുജന്യരോഗങ്ങൾ

വൈറൽപ്പനി, H1N1 പനി, അഞ്ചാംപനി (മീസിൽസ്), ചിക്കൻപോക്സ് തുടങ്ങിയ രോഗങ്ങൾ ഈ വിഭാഗത്തിൽപ്പെടുന്നവയാണ്. പനിയാണെന്നുകണ്ട് ഏതെങ്കിലും മരുന്നു കടയിൽ പോയി തോന്നിയ മരുന്നു വാങ്ങരുത്. ഒരു ഡോക്ടറെ കണ്ട് ഏതുതരം രോഗമാണെന്നു വിലയിരുത്തിയശേഷം മാത്രമേ ചികിത്സ ആരംഭിക്കാവൂ. ചിക്കൻ പോക്സിന്റെ ലക്ഷണങ്ങൾ കണ്ടാൽ രോഗിയെ പ്രത്യേകം മുറിയിൽ താമസിപ്പിക്കണം.

### രോഗപ്രതിരോധം

-അഞ്ചാം പനിയുടെ കുത്തിവയ്പ്പ് (വാക്സിനേഷൻ) നടത്താതിരുന്നവർ കുത്തിവയ്പ് നടത്തുന്നതു നല്ലതാണ്.

- വൈറൽപ്പനിക്ക് പാരസിറ്റമോൾ നല്കുന്നതിനു പുറമേ ആവശ്യമായ ജലപാനം ചെയ്യണം. നിർജ്ജലീകരണം തടയാൻ ഒ.ആർ.എസ് ലായനി കൊടുക്കുന്നതും വേണ്ടത്ര വിശ്രമം കൈക്കൊള്ളുന്നതും നല്ലതാണ്.

-പരിസരം ശുചിയാക്കിവച്ചാൽ ഈച്ചയുടെ ശല്യവും ഈച്ചകൾ വഴി പരത്തുന്ന രോഗങ്ങളും കുറയും.

-സിപ്രോഫ്ളോക്സി സൈക്ലിൻ തുടങ്ങിയ ആന്റിബയോട്ടിക് ഒരു ഡോക്ടറുടെ നിർദേശാനുസരണം മാത്രം നൽകുക.

## 4. ജന്തുജന്യ രോഗങ്ങൾ

എലിപ്പനി, പ്ലേഗ്, പക്ഷിപ്പനി, പേപ്പട്ടി വിഷബാധ തുടങ്ങിയവയാണ് പ്രധാനപ്പെട്ട ജന്തുജന്യരോഗങ്ങൾ. ഇവയിൽ പ്രളയശേഷം കൂടുതലായി ബാധിക്കാൻ സാധ്യതയുള്ളത് എലിപ്പനിയാണ്.

എലിപ്പനി (ലെപ്റ്റോ സ്പൈറോസിസ്): എലിയുടെ മൂത്രവും മലവിസർജ്ജനവും കലർന്ന മലിനജലവുമായുള്ള സമ്പർക്കം കൊണ്ടാണ് എലിപ്പനി ഉണ്ടാവുന്നത്. കൈകാലുകളിൽ മുറിവുള്ളവർ ഇത്തരം മലിനജലവുമായി സമ്പർക്കത്തിൽ വരാതിരിക്കാൻ ശ്രദ്ധിക്കണം. കണ്ണുചുവക്കുക, ശരീരവേദന, പനി, മഞ്ഞപ്പിത്തം എന്നിവ എലിപ്പനിയുടെ ലക്ഷണങ്ങളാണ്.

### രോഗപ്രതിരോധം

-കൈകാലുകളിൽ മുറിവുള്ളവർ മലിനജലവുമായി സമ്പർക്കം പുലർത്താതിരിക്കുക.

-മലിനജലത്തിലിറങ്ങേണ്ടിവരികയോ, ശുചീകരണ പ്രവർത്തനത്തിന്റെ ഭാഗമായി ജോലി ചെയ്യേണ്ടിവരികയോ ചെയ്യുമ്പോൾ എലിപ്പനിക്കുള്ള പ്രതിരോധ ഗുളികയായി ഡോക്സി സൈക്ലിൻ 200 മി.ഗ്രാം ആഴ്ചയിലൊന്നു കഴിച്ചിരിക്കണം.

-എട്ടു വയസ്സിനു മുകളിലുള്ളതും 45 കിലോഗ്രാമിൽ കുറവ് ശരീരഭാരമുള്ളതുമായ കുട്ടികൾക്ക് എലിപ്പനി തടയാൻ ഡോക്സി സൈക്ലിൻ കിലോഗ്രാമിന് 4 മി.ഗ്രാം എന്ന തോതിൽ കൊടുക്കണം. ഈ മരുന്ന് ഗർഭിണികൾ, മുലപ്പാലൂട്ടുന്ന അമ്മമാർ, വൃക്കരോഗികൾ, കരൾ രോഗികൾ എന്നിവർ കഴിക്കാൻ പാടില്ല.

-സങ്കീർണതകൾക്കു സാധ്യതയുള്ളതിനാൽ ആശുപത്രിയിൽ കിടത്തി ചികിത്സിക്കുന്നതു നല്ലതാണ്.

-ശരീര വേദനയ്ക്ക് കടുത്ത വേദനാസംഹാരികൾ കഴിക്കുന്നവരിൽ കിഡ്നി പരാജയത്തിനു സാധ്യതകൂടുമെന്നോർക്കണം.

-വീട്ടുപരിസരത്തും മറ്റും കെട്ടിക്കിടക്കുന്ന ജലത്തിൽ കുട്ടികൾ കളിക്കരുത്.

-തൊഴുത്തുകൾ, നായ്ക്കൂടുകൾ എന്നിവ വൃത്തിയാക്കുമ്പോഴും ചത്ത മൃഗങ്ങളെ മാറ്റുമ്പോഴും കയ്യുറയും ബൂട്ടുകളും ധരിക്കുന്നതിനുപുറമേ മുറിവുകൾ നനയാതിരിക്കാൻ ശ്രദ്ധിക്കണം.

## 5. വൈദ്യുതാഘാതമേറ്റാൽ എന്തുചെയ്യണം?

വീട്ടിലെ ഇലക്ട്രിക് വയറിങ്ങും ഉപകരണങ്ങളും വെള്ളപ്പൊക്കത്തിൽ നനഞ്ഞിരിക്കാൻ സാധ്യതയുള്ളതുകൊണ്ട് ഷോർട്ട്സർക്യൂട്ടുണ്ടാവാനും വൈദ്യുതാഘാതമേൽക്കാനും സാധ്യതയുണ്ട്. വൈദ്യുതാഘാതം മൂലം മരണം പോലും സംഭവിച്ചെന്നു വരാം. അതിനാൽ താഴെപ്പറയുന്ന കാര്യങ്ങൾ ഓർമ്മിച്ചുകൊണ്ട് പ്രഥമശുശ്രൂഷ ചെയ്താൽ ജീവൻ രക്ഷിക്കാൻ സാധിക്കും.

-വൈദ്യുതാഘാതമേറ്റയാളും വൈദ്യുതിയുമായുള്ള ബന്ധം സുരക്ഷിതമായി വേർപെടുത്തുക.

-ബോധം നഷ്ടപ്പെട്ടിട്ടില്ലെങ്കിൽ നിരപ്പായ പ്രതലത്തിൽ കിടത്തി, രോഗിയുടെ പരിഭ്രമം മാറ്റുക.



-ഹൃദയ സ്പന്ദനവും, നാഡിമിടിപ്പും ശ്വാസോച്ഛ്വാസവും നിരീക്ഷിക്കുക. അതിനുശേഷം വൈദ്യസഹായം തേടുക.

-ബോധമില്ലെങ്കിൽ നിരപ്പായ പ്രതലത്തിൽ കിടത്തുക. കഴുത്ത് ഒരുവശത്തേക്കു ചരിച്ച് താടി അല്പം ഉയർത്തിവയ്ക്കുക. ശ്വാസതടസ്സമില്ലാതിരിക്കാനാണിങ്ങനെ ചെയ്യുന്നത്. നാഡിമിടിപ്പും ശ്വാസോച്ഛ്വാസവും നിരീക്ഷിച്ചശേഷം ആവശ്യമെങ്കിൽ പുനരുജ്ജീവന പ്രക്രിയ തുടങ്ങുക. കൃത്രിമശ്വാസോച്ഛ്വാസം ഹൃദയോത്തേജനം എന്നിവയാണ് പ്രധാനമായും പുനരുജ്ജീവന പ്രക്രിയയിൽ ചെയ്യുന്നത്. കഴിയുന്നത്ര വേഗം ആശുപത്രിയിലെത്തി വൈദ്യസഹായം തേടണം.

## വൈദ്യുതാഘാതം പ്രതിരോധിക്കാൻ എന്തുചെയ്യണം?

-വൈദ്യുതിയുടെ മെയിൻസ്വിച്ച് ഓഫാക്കിയശേഷം വീടിന്റെ ശുചീകരണവും വൈദ്യുതോപകരണങ്ങളുടെ ശുചീകരണവും ആരംഭിക്കുക.

-എല്ലാ വൈദ്യുതോപകരണങ്ങളുടെയും പ്ലഗ് ഊരിമാറ്റുക.

-വീട്ടിന്റെ പരിസരങ്ങളിലോ വീട്ടിനുള്ളിലോ വൈദ്യുത കമ്പികളോ, വയറുകളോ പൊട്ടിവീണിട്ടുണ്ടെങ്കിൽ അതിൽ തൊടാനോ, എടുത്തു മാറ്റാനോ ശ്രമിക്കരുത്.

-വൈദ്യുതോപകരണങ്ങൾ നന്നായി തുടച്ചു വൃത്തിയാക്കി, ഉണങ്ങാൻ അനുവദിക്കുക.

-ഇലക്ട്രീഷ്യൻ പരിശോധിച്ചശേഷം മാത്രമേ വൈദ്യുതോപകരണങ്ങൾ ഉപയോഗിക്കാവൂ.

-ചുമരിനടിയിലുള്ള വയറിങ്ങിന് ഈർപ്പമുണ്ടെങ്കിൽ അതു നന്നായി ഉണങ്ങുന്നതുവരെ ഇലക്ട്രിക്ക് സ്വിച്ച് ഓൺ ചെയ്യരുത്.

-വീട്ടിൽ ഇൻവെർട്ടറോ, സോളാർ സിസ്റ്റമോ ഉള്ളവർ അതിന്റെ സ്വിച്ച് ഓഫ് ചെയ്ത്, പ്ലഗ് എടുത്തു മാറ്റിയശേഷം മാത്രം വൃത്തിയാക്കുക.

## 6. പാമ്പുകടിയേറ്റാൽ

പ്രളയത്തിനുശേഷം നേരിടേണ്ടിവരുന്ന ഒരു പ്രധാന പ്രശ്നമാണിത്. മാളങ്ങൾ മഴകൊണ്ട് കുതിർന്നു നശിക്കാനിടയുള്ളതിനാൽ പാമ്പുകൾ പുറത്തേയ്ക്കുവരും. വെള്ളപ്പൊക്കത്തിൽ ഒഴുകിയെത്തി ഭക്ഷണംപോലുമില്ലാതെ ദേഷ്യപ്പെട്ടു നിൽക്കുന്ന വിഷപ്പാമ്പിന്റെ കടിയേറ്റാൽ ഉടനെ പ്രഥമശുശ്രൂഷ നല്കിയില്ലെങ്കിൽ മരണംപോലും സംഭവിച്ചെന്നിരിക്കും.

### പ്രഥമശുശ്രൂഷയും പ്രതിരോധവും

-വീടിനുള്ളിലെ ഇരുട്ടുള്ള സ്ഥലങ്ങളിലും പാത്രങ്ങളിലും മറ്റും നന്നായി പരിശോധിച്ചു പാമ്പുകൾ കയറി ഇരിക്കുന്നില്ലെന്നു ഉറപ്പുവരുത്തുക.

-ഭൂമിയിൽ തട്ടി ശബ്ദമുണ്ടാക്കിയാൽ പാമ്പിനത് മനസ്സിലാകുകയും അപ്പോൾ അത് പുറത്തേക്കു വരുകയും ചെയ്യും.

-പാമ്പുകടിയേറ്റ വ്യക്തിയെ ഒരു നിരപ്പായ പ്രതലത്തിൽ കിടത്തുക.

- പാമ്പുകടിയേറ്റ വ്യക്തിയുടെ പേടിയും പരിഭ്രമവും മാറ്റിയെടുക്കുക.

-പാമ്പുകടിയേറ്റ വ്യക്തിയുടെ ശരീരത്തിന്റെ മറ്റുഭാഗങ്ങളിലേക്കും വിഷം വ്യാപിക്കുന്നതു തടയാ

മാളങ്ങൾ മഴകൊണ്ട് കുതിർന്നു നശിക്കാനിടയുള്ളതിനാൽ പാമ്പുകൾ പുറത്തേയ്ക്കുവരും. വെള്ളപ്പൊക്കത്തിൽ ഒഴുകിയെത്തി ഭക്ഷണംപോലുമില്ലാതെ ദേഷ്യപ്പെട്ടു നിൽക്കുന്ന വിഷപ്പാമ്പിന്റെ കടിയേറ്റാൽ ഉടനെ പ്രഥമശുശ്രൂഷ നല്കിയില്ലെങ്കിൽ മരണംപോലും സംഭവിച്ചെന്നിരിക്കും.

ന്നുള്ള പ്രഥമശുശ്രൂഷയാണ് ഏറ്റവും പ്രധാനം.

-പാമ്പുകടിയേറ്റ ഭാഗം സോപ്പും വെള്ളവും കൊണ്ട് നന്നായി കഴുകുക.

-മുറിവിനു മുകളിൽ കയറോ, ചരടോ തുണിയോ കൊണ്ട് മുറുക്കികെട്ടുക. വിഷം ഹൃദയത്തിലേക്കും തലച്ചോറിലേക്കും എത്തുന്നതു തടയാനാണിങ്ങനെ ചെയ്യുന്നത്. അധികം മുറുക്കിക്കെട്ടരുത്. രക്തപ്രവാഹം നിലച്ചുപോയി മറ്റു കുഴപ്പങ്ങളുണ്ടാവും.

-മൂർഖനോ, വെള്ളിക്കെട്ടനോ ആണ് കടിച്ചതെങ്കിൽ ന്യൂറോടോക്സിൻമൂലം നാഡികളെ തളർത്തി ശ്വാസംമുട്ടി മരണം സംഭവിക്കാം. അണലിയുടെ വിഷമാണെങ്കിൽ രക്തം കട്ടപിടിക്കാത്ത അവസ്ഥ വരുത്തും. കടിച്ച പാമ്പ് ഏതു വർഗത്തിലുള്ളതാണെന്നു തിരിച്ചറിയാൻ ശ്രമിക്കണം.

-ആന്റിവെനം കുത്തിവയ്ക്കേണ്ട ആവശ്യം വരുമെന്നതിനാൽ പ്രഥമ ശുശ്രൂഷയ്ക്കുശേഷം ഉടനെ വൈദ്യസഹായം തേടണം.

## 7. ചർമരോഗങ്ങൾ

മലിനജലത്തിലും ചളിയിലും നിൽക്കേണ്ടിവരുമ്പോൾ വളംകടി (ഫംഗൽ ഇൻഫക്ഷൻ) ഉണ്ടാവാനിടയുണ്ട്. നനഞ്ഞ വസ്ത്രങ്ങൾ മൂലവും ചർമരോഗങ്ങളുണ്ടാവും.

## പ്രതിരോധം

-ചർമം നനഞ്ഞാൽ ഈർപ്പമില്ലാതെ ഉണക്കണം.

-മലിനജലത്തിൽ ഇറങ്ങേണ്ടിവന്നാൽ, അതിനുശേഷം ക്ലോറിനേറ്റ് ചെയ്ത വെള്ളത്തിൽ കൈകാലുകൾ കഴുകി വൃത്തിയാക്കി ഉണക്കുക.

-വളം കടി പോലുള്ള ത്വക്ക് രോഗങ്ങളുണ്ടായാൽ ഡോക്ടറെ കാണിക്കണം.

-പ്രമേഹരോഗികളാണെങ്കിൽ പഴക്കാതിരിക്കാൻ ശ്രദ്ധിക്കണം.

## പ്രളയദുരന്തത്തിനുശേഷമുണ്ടാവുന്ന മാനസിക പ്രശ്നങ്ങൾ

നൂറുകണക്കിനു മനുഷ്യരും മൃഗങ്ങളും വെള്ളപ്പൊക്കത്തിൽ മരണമടഞ്ഞു. പ്രളയദുരന്തത്തിൽ എല്ലാം നഷ്ടപ്പെട്ടു ദുരിതാശ്വാസ ക്യാമ്പിലെത്തിയവരിൽ പലർക്കും ഒരു പോള കണ്ണടയ്ക്കാൻ പ്രയാസപ്പെടേണ്ടിവന്നു. ഉറങ്ങാൻ തുടങ്ങുമ്പോൾ പ്രളയദുരന്തത്തിന്റെ അസഹനീയമായ കാഴ്ചകൾ മനസ്സിൽ ഓടിയെത്തും. മനസ്സിനെ ഭയപ്പെടുത്തുന്ന സ്വപ്നങ്ങൾ ചിലരുടെ ഉറക്കം നഷ്ടപ്പെടുത്തി.

പ്രളയദുരന്തത്തിനുശേഷം ഉണ്ടാവാനിടയുള്ള പ്രധാനപ്പെട്ട മാനസിക പ്രശ്നങ്ങൾ പലതരത്തിലുള്ളതാണ്.

**1. ഉൽക്കണ്ഠ**

വർധിച്ച നെഞ്ചിടിപ്പ്, കടുത്ത പരിഭ്രമം, പേടി, അമിതമായ വിയർപ്പ്, ശ്വാസതടസ്സം, തലചുറ്റൽ എന്നിങ്ങനെയുള്ള ലക്ഷണങ്ങൾ കണ്ടാൽ ഉൽക്കണ്ഠ കൊണ്ടാണെന്നു പറയാം.

**2. വിഷാദരോഗം**

കരച്ചിൽ, ദുഃഖം, ഉറക്കമില്ലായ്മ, വൈകാരിക മാറ്റങ്ങൾ, അസ്വസ്ഥത, കുറ്റബോധം, അമിത ഉറക്കം, ക്ഷീണം, ശ്രദ്ധക്കുറവ്, വിശപ്പില്ലായ്മ എന്നിവയാണീ രോഗത്തിന്റെ ലക്ഷണങ്ങൾ.

**3. ആത്മഹത്യാപ്രവണത**

ജീവിതം അവസാനിപ്പിക്കണമെന്ന തോന്നലാണ് ആത്മഹത്യാപ്രവണത.

**4. മാനസിക പിരിമുറുക്കം**

തലവേദന, ഉന്മേഷക്കുറവ്, നെഞ്ചുവേദന, ശരീരവേദന, ദഹനക്കേട് തുടങ്ങിയവ ഇതിന്റെ ലക്ഷണങ്ങളാണ്.

**5. മദ്യപാനം, ലഹരിപദാർഥങ്ങളുടെ ഉപയോഗം**

പ്രളയദുരന്തം അനുഭവിച്ച ആളുകൾക്ക്, സ്വന്തം തിക്താനുഭവങ്ങൾ മറക്കാൻവേണ്ടി മദ്യപാനം, ലഹരി പദാർഥങ്ങൾ ഉപയോഗിക്കുക എന്നീ ദുഃസ്വഭാവങ്ങൾ സ്വീകരിക്കേണ്ടിവരാം.

## മാനസിക പ്രശ്നങ്ങൾക്കു പരിഹാരം

-വെള്ളപ്പൊക്ക ദുരന്തത്തിനു ശേഷമുണ്ടാവുന്ന മാനസിക പ്രശ്നങ്ങൾ (Post Traumatic stress Disorder- PTSD) വളരെ സാധാരണമാണ്.

-ഒരു മനശ്ശാസ്ത്രജ്ഞനെ സമീപിച്ച് ഉപദേശം (Counselling) നേടുന്നതു നല്ലതാണ്.

-മാനസിക പ്രശ്നങ്ങൾ കൂടുതലാവുകയോ, ദീർഘകാലം നീണ്ടുനിൽക്കുകയോ ചെയ്താൽ തീർച്ചയായും അതിനു ചികിത്സ വേണ്ടിവരും.

-നേരത്തെ മാനസികരോഗത്തിനു ചികിത്സ നടത്തുന്നവരായ രോഗികൾക്കും ഇത്തരം ദുരന്തങ്ങൾക്കുശേഷം മനശ്ശാസ്ത്രജ്ഞന്റെ സഹായം വേണ്ടിവരും.

-ഇത്തരം അവസ്ഥയിൽ മാനസിക പ്രശ്നങ്ങൾ അനുഭവിക്കുന്നവർക്ക് സാന്ത്വനവും മാനസിക പിന്തുണയും ഉറപ്പുവരുത്തണം.

-മുതിർന്നവർ, മാനസിക രോഗികൾക്കു പ്രചോദനാത്മകമായ ഉപദേശങ്ങൾ നല്കാൻ ശ്രമിക്കണം.

-ഇവരെ ഏകാന്തതയിലേക്കു വഴുതിവീഴാൻ അനുവദിക്കരുത്.

-അവർക്കിഷ്ടമുള്ള കളികളിൽ ഏർപ്പെടുത്തുക, ഹോബികൾ ചെയ്യിപ്പിക്കുക, യോഗ, പ്രാർഥന, ധ്യാനം എന്നിവയ്ക്കു പ്രേരിപ്പിക്കുക തുടങ്ങിയവ വളരെ പ്രയോജനം ചെയ്യും.

## വെള്ളപ്പൊക്കത്തിനുശേഷം വീട്ടിലെത്തിയാൽ

പ്രളയത്തിൽ വെള്ളം വീട്ടിനുള്ളിൽ കയറിയവരുടെ വീടിന്റെ സ്ഥിതി വളരെ പരിതാപകരമായിരിക്കാനിടയുണ്ട്. ടെലിവിഷൻ, ഗ്യാസ് സ്റ്റൗ, മറ്റ

വീടിന്റെയും വീട്ടുസാധനങ്ങളുടെയും ഇൻഷുറൻസുണ്ടെങ്കിൽ ഉണ്ടായിട്ടുള്ള നാശനഷ്ടങ്ങളെപ്പറ്റി വിവരമറിയിക്കുക. അവരുടെ സർവെയർ വന്നു കണ്ടശേഷം മാത്രമേ ഉപകരണങ്ങൾ റിപ്പയർ ചെയ്യാവൂ.

വൈദ്യതോപകരണങ്ങൾ, വീട്ടുസാധനങ്ങൾ തുടങ്ങിയവ ചെളി വെള്ളത്തിൽ മുങ്ങിക്കിടന്നിരിക്കാം. പല സാധനങ്ങളും ഒഴുകിപ്പോയിട്ടുണ്ടാവാം. ഈ അവസ്ഥയിൽ സഹിക്കാനാവാത്ത മനോവിഷമം അനുഭവിക്കേണ്ടിവന്നേക്കാം. തലകറക്കവും മോഹാലസ്യവും ദുഃഖവും എല്ലാം ഒരുമിച്ച് അനുഭവിക്കേണ്ടിവരും. സംഭവിക്കേണ്ടതു സംഭവിച്ചു, ഇനി എന്തു ചെയ്യണമെന്ന ചിന്തിക്കണം.

- വീടിന്റെ സുരക്ഷ (ഗ്യാസ്, വൈദ്യതി, കെട്ടിടത്തിന്റെ അവസ്ഥ) ഉറപ്പുവരുത്തിയശേഷം മാത്രമേ വീട്ടിനുള്ളിൽ കയറാവൂ.

- കൊച്ചു കുട്ടികളെ ആദ്യം തന്നെ വീട്ടിനുള്ളിൽ കയറാൻ അനുവദിക്കരുത്.

- വൈദ്യതിയുടെ മെയിൻ സ്വിച്ച് ഓഫ് ചെയ്യുക. ഗ്യാസ് പൈപ്പും ഓഫ് ചെയ്യുക.

- പാമ്പുകളോ, മറ്റു മരിച്ച ജീവികളോ ഉണ്ടെങ്കിൽ അവയെ പുറത്തേക്കു മാറ്റണം.

- എല്ലാ ജനലുകളും വാതിലുകളും തുറന്നിടുക.

- എല്ലാ വൈദ്യതോപകരണങ്ങളുടെയും പ്ലഗ് ഊരിമാറ്റുക (ഫ്രിഡ്ജ്, ഹീറ്റർ ....)

- വെള്ളപ്പൊക്കം കൊണ്ടുണ്ടായ നാശനഷ്ടങ്ങളുടെ ഫോട്ടോ എടുക്കുക.

- കയ്യുറയും ഷൂസും ധരിച്ചശേഷം വീട്ടിനുള്ളിലും പുറത്തും കെട്ടിക്കിടക്കുന്ന മലിനജലം മാറ്റുക.

- ചെളിയും മണ്ണും നീക്കംചെയ്തശേഷം സോപ്പുപൊടി, അണുനാശിനി, ബ്ലീച്ചിങ് പൗഡർ തുടങ്ങിയവ ഉപയോഗിച്ച് കഴുകി വൃത്തിയാക്കണം.

- ചൂലും തേച്ചുകഴുകുന്ന ബ്രഷും ഉപയോഗിച്ച് മണ്ണും ചെളിയും കളഞ്ഞശേഷം വീണ്ടും കഴുകി, തുണി ഉപയോഗിച്ച് നന്നായി തുടച്ചു വൃത്തിയാക്കണം.

- ചുമരും നിലവും നന്നായി ഉണക്കണം.

- വൈദ്യതോപകരണങ്ങൾ തുടച്ചു വൃത്തിയാക്കി ഉണക്കിയശേഷം ഒരു മെക്കാനിക്കോ, ഇലക്ട്രീഷ്യനോ പരിശോധിച്ചശേഷം മാത്രമേ ഉപയോഗിക്കാവൂ.

- എല്ലാ ഫർണിച്ചറുകളും തുടച്ചു വൃത്തിയാക്കി ഉണക്കുക.

- തുടച്ചു വൃത്തിയാക്കൽ കഴിഞ്ഞാൽ സോപ്പുപയോഗിച്ച് കൈകാലുകൾ നന്നായി കഴുകണം. അണുനാശിനികളും ഉപയോഗിക്കുന്നത് നല്ലതാണ്.

- കുടിക്കാനും കുളിക്കാനും ക്ലോറിനേറ്റ് ചെയ്ത ശുദ്ധീകരിച്ച ജലം മാത്രമേ ഉപയോഗിക്കാവൂ.

- കിണറുകളും വെള്ളത്തിന്റെ ടാങ്കുകളും ക്ലോറിനേറ്റു ചെയ്യണം.

- ഭക്ഷണസാധനങ്ങൾ (പച്ചക്കറികൾ, അരി, ഗോതമ്പ്) ക്ലോറിനേറ്റ് ചെയ്ത വെള്ളത്തിൽ കഴുകിയശേഷം പാകം ചെയ്യുക.

-ശുദ്ധമായ കുടിവെള്ളവും വൃത്തിയുള്ള ഭക്ഷണവും ഉറപ്പുവരുത്തിയാൽ പലരോഗത്തിൽനിന്നും രക്ഷപ്പെടാം.


-വീടിന്റെയും വീട്ടുസാധനങ്ങളുടെയും ഇൻഷുറൻസുണ്ടെങ്കിൽ ഉണ്ടായിട്ടുള്ള നാശനഷ്ടങ്ങളെപ്പറ്റി വിവരമറിയിക്കുക. അവരുടെ സർവെയർ വന്നു കണ്ടശേഷം മാത്രമേ ഉപകരണങ്ങൾ റിപ്പയർ ചെയ്യാവൂ.

മനോധൈര്യത്തോടെ ശാന്തമായി ബുദ്ധിപൂർവം ശ്രമിച്ചാൽ ഈ ദുരന്തത്തിൽനിന്നും രക്ഷനേടി ജീവിതം പഴയപോലെ ആക്കാൻ സാധിക്കും.

*(ഡോക്ടർ (മേജർ) നളിനി ജനാർദ്ദനൻ - 09372001678)*

**പ്രളയദുരന്തം അനുഭവിച്ച ആളുകൾക്ക്, സ്വന്തം തിക്താനുഭവങ്ങൾ മറക്കാൻവേണ്ടി മദ്യപാനം, ലഹരി പദാർഥങ്ങൾ ഉപയോഗിക്കുക എന്നീ ദുഃസ്വഭാവങ്ങൾ സ്വീകരിക്കേണ്ടിവരാം.**


**കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്**





**നമ്മുടെ ഭാഷ**

**ഇ.എം.എസ്. നമ്പൂതിരിപ്പാട്**

മലയാളത്തനിമ നിലനിർത്താൻ പണ്ഡിതലോകത്തിന്റെ കൂട്ടായ പരിശ്രമത്തിനു പദ്ധതി നിർദ്ദേശിക്കുകയും മലയാളഭാഷ മരിക്കാതിരിക്കാൻ ഒരു തുറന്ന രാഷ്ട്രീയപ്രസ്ഥാനത്തിനാഹ്വാനം നൽകുകയും ചെയ്യുന്ന തെളിവാർന്ന രചന.

₹ 109



# ദേശീയതയുടെ ഗാന്ധിയൻ മാനങ്ങൾ

ഡോ. സ്റ്റാർലെറ്റ് മാത്യു

സ്ഥലകാലാതീതമായി വളരുകയും വ്യാപിക്കുകയും ചെയ്യുന്ന നിർമിതിയാണ് ദേശീയത. ഒരു സവിശേഷദേശം സ്വന്തമെന്നും മറ്റുള്ളവ അന്യമെന്നും വ്യവഹരിക്കുന്ന മാനസികാവസ്ഥയാണതിന്റെ അടിപ്പടവ്. ദേശീയതകളുടെ വ്യത്യസ്താനുപാതത്തിലുള്ള സ്ഥാനപ്പെടലുകളാണ് ദേശത്തെ രൂപപ്പെടുത്തുന്നത്. ഐക്യത്തിന്റെയും വിയോജിപ്പിന്റെയും സാഹചര്യങ്ങൾ ദേശീയതയ്ക്കുള്ളിൽ നിലനിൽക്കുന്നുണ്ട്. എങ്കിലും വിവിധങ്ങളായ ചിന്താധാരകളെയും ബഹുസ്വരതകളെയും ഒരേചരടിൽ കോർത്തിണക്കുന്ന വൈകാരികശക്തി എന്ന നിലയിൽ ദേശീയതയും ദേശീയതാബോധവും രാജ്യത്തിന്റെ ഏറ്റവും വലിയ സമ്പത്താണ്.

ഇന്ത്യയുടെ വൈവിധ്യപൂർണമായ സാംസ്കാരികസമ്പത്തിലും അതിന്റെ ഗരിമയിലും അടിയുറച്ച് വിശ്വസിച്ചിരുന്ന ഗാന്ധിജിയുടെ ദേശീയതാ സങ്കല്പനത്തിന് ആശയവാദപരമായ അടിത്തറയുണ്ട്. യൂറോപ്യൻ അധിനിവേശത്തിന്റെ കടന്നാക്രമണത്തിനുമുമ്പ് ഇന്ത്യയുടെ ചരിത്രവും സംസ്കാരവും പ്രവർത്തനക്ഷമവും മികവുറ്റതുമായിരുന്നു എന്ന ഉത്തമബോധ്യമാണ് ഗാന്ധിജിയെ നയിച്ചത്. എന്നാൽ ജാതിവ്യവസ്ഥയും അതിനോടനുബന്ധമായി വളർന്നുവന്ന അന്ധവിശ്വാസങ്ങളും ആചാരവിശേഷങ്ങളും അവയെ അപൂർണവും വികലവുമാ

ക്കിയിരുന്നു. ഈ ചരിത്രപശ്ചാത്തലത്തെ ആധാരമാക്കിയാണ് ഗാന്ധിജി തന്റെ ദേശീയതാസങ്കല്പത്തെ വിഭാവനം ചെയ്യുന്നത്.

## ദേശീയതയും ബഹുസ്വരതയും

നമ്മുടെ മണ്ണിൽനിന്ന് ഊർജം സ്വീകരിച്ചുമാത്രമേ ഏതൊരു പുതിയ കുതിപ്പും സാധ്യമാക്കാനാവൂ എന്ന വിശ്വാസമാണ് ഹിന്ദുസ്വരാജിന്റെ അടിത്തറ. ചരിത്രബോധമാണ് ഈ ധാരണയിലേക്ക് നയിക്കുന്നത്. എന്നാൽ ഈ ദേശീയതാസങ്കല്പനം ഏതെങ്കിലും ഒരു ജാതിയുടെയോ മതത്തിന്റെയോ മറ്റ് ആധിപത്യങ്ങളുടെയോ അധീശത്വത്തിന് കീഴടങ്ങിയുള്ളതല്ല. "ഹിന്ദുമതത്തെ കേന്ദ്രമാക്കിയുള്ള ഹൈന്ദവ ദേശീയതയെ, മറ്റ് ഏത് ജാതി മത ഗോത്രചിഹ്നങ്ങളെയും കേന്ദ്രമാക്കിയുള്ള ദേശീയതപോലെതന്നെ ഗാന്ധി സംശയിച്ചു. അതിന്റെ അധാർമികതയെ നിർവീര്യമാക്കാൻ പരിശ്രമിച്ചു'' (അരവിന്ദാക്ഷൻ, കെ. 2009: 72). ഹൈന്ദവദേശീയതയെ പുറന്തള്ളിക്കൊണ്ടാണ് ഹിന്ദ് സ്വരാജ് എന്ന ആശയത്തെ ഗാന്ധിജി രൂപപ്പെടുത്തിയത്.

ബഹുസ്വരതകളെയും ഉപദേശീയതകളെയും ഉൾക്കൊള്ളുന്ന സമഗ്രമായ ദേശീയതാസങ്കല്പമായിരുന്നു ഗാന്ധിജിയുടേത്. ദേശീയത എന്ന ആശയത്തെ ബഹുസ്വരതകളെ സംയോജിപ്പിക്കുന്ന ഒരു സമീപനമോ രീതിയോ ആയി അദ്ദേഹം വിഭാവനം ചെയ്തു. "മതം ദേശീയതയാകുന്നതോടെ അത് മനുഷ്യരെ കശാപ്പുചെയ്യുന്നു. സത്യത്തിന്റെയും നന്മയുടേയും ശബ്ദങ്ങൾ അത് ചെവിക്കൊള്ളാറില്ല" (2009: 73). ദേശീയത മതപരമായ ആശയമല്ലെന്നും സ്വതന്ത്രവും ധാർമികവുമായ മുന്നേറ്റമാണെന്നുമുള്ള കാഴ്ചപ്പാടാണ് ഗാന്ധിജി അവതരിപ്പിച്ചത്.

സ്വരാജിനുമപ്പുറത്ത് ഗാന്ധിജിയുടെ ആശയങ്ങൾ അതിന്റെ പരകോടിയിലെത്തുന്നത് പൂർണസ്വരാജ് എന്ന ആശയത്തിലാണ്. ബഹുസ്വരതകളുടെ പരമവും ആരോഗ്യകരവുമായ സല്ലയനം ലക്ഷ്യംവയ്ക്കുന്ന പൂർണസ്വരാജിനെ ഗാന്ധിജി വിശദീകരിക്കുന്നത് ഇപ്രകാരമാണ്. ''പൂർണസ്വരാജ് രാജാവിനും കർഷകനും ജന്മിക്കും കുടിയാനുമുള്ള സ്വരാജാണ്. മുസൽമാനും ഹിന്ദുവിനും പാഴ്സിക്കും ജൈനനും ജൂതനും സിക്കുകാരനുമുള്ള സ്വരാജാണ്. പൂർണസ്വരാജ് ഭൂരിപക്ഷസമുദായമായ ഹിന്ദുക്കളുടെ ഭരണമാണെന്ന് ചിലർ പറയുന്നു. ഇതേക്കാൾ വലിയൊരു അബദ്ധമില്ല. ഇതു ശരിയാണെങ്കിൽ എന്റെ എല്ലാ ശക്തിയുമുപയോഗിച്ച് ഞാൻ ഇതിനെ എതിർക്കും എന്നെ സംബന്ധിച്ചിടത്തോളം പൂർണസ്വരാജ് എല്ലാവരുടെയും ഭരണമാണ്. നീതിയുടെയും ന്യായത്തിന്റെയും ഭരണമാണ്. അടിമത്തത്തിൽ നിന്നുള്ള സ്വാതന്ത്ര്യമാണ്. സംശയമേ വേണ്ട. അത് വിദേശാധിപത്യത്തിൽനിന്നുള്ള പൂർണസ്വാതന്ത്ര്യമാണ്. പൂർണമായ നൈതിക, സാമൂഹിക സ്വാതന്ത്ര്യമാണ്'' (കേശവൻ നായർ, പി.2012:88,89). അതുകൊണ്ട് സ്വരാജ് എന്നത് അക്ഷരാർഥത്തിലുള്ള സ്വയംഭരണമാണ്. ഒരുവൻ അവനവനെ പൂർണമായി മനസ്സിലാക്കുന്ന, തിരിച്ചറിയുന്ന അവസ്ഥയിൽനിന്നു മാത്രമാണ് ശരിയായ സ്വരാജ് രൂപപ്പെടുന്നത്. എല്ലാ ഉപദേശീയതകളെയും അത് ഉൾക്കൊള്ളുന്നു. വ്യക്തിക്ക് പ്രാധാന്യവും പരിഗണനയും നല്കുന്നു. "ഒരുവൻ അവനവനെത്തന്നെ ഭരിക്കാൻ പഠിക്കുമ്പോൾ, സ്വയം ഭരിക്കുമ്പോൾ, സ്വയംഭരണം സ്വരാജ് ആയി. അതിനാൽ സ്വരാജ് നമ്മുടെ ഉള്ളംകയ്യിൽത്തന്നെ ഉണ്ട്. സ്വരാജ് ഒരു സ്വപ്നമാണെന്നു കരുതരുത്. വെറുതേ ഇരിക്കാൻ പാടില്ല." (ഗാന്ധി, എം.കെ. 2001:38). സ്വരാജ് എന്ന ആശയം യാഥാർഥ്യമാകണമെങ്കിൽ വലിയൊരു കർമപദ്ധതി അനിവാര്യമാണെന്ന് ഗാന്ധിജി തിരിച്ചറിഞ്ഞിരുന്നു.

## സ്വരാജും സ്വാതന്ത്ര്യവും

ഹിന്ദ് സ്വരാജിന്റെ ആശയങ്ങൾ സ്വാതന്ത്ര്യത്തിൽ അധിഷ്ഠിതമാണ്. "സമസ്തലോകങ്ങളും എതിർത്താലും സ്വന്തം സ്വാതന്ത്ര്യം സംരക്ഷിക്കുവാനുള്ള കഴിവ് ഓരോ വ്യക്തിക്കും ഉണ്ടാവുക എന്നതാണ് സ്വരാജിന്റെ അർഥം'' (യങ് ഇന്ത്യ 8.01.1929) എന്ന് ഗാന്ധി രേഖപ്പെടുത്തി. സ്വാതന്ത്ര്യത്തിന്റെ അഭാവത്തിൽ സ്വരാജ്യം എന്ന ആശയത്തിനു നിലനില്പില്ല. തനിക്കു ലഭിക്കുന്ന സ്വാതന്ത്ര്യം സമൂഹത്തിന്റെ പുരോഗതിക്ക് വിഘാതമാകാതിരിക്കുവാനുള്ള ഉത്തരവാദിത്വംകൂടി വ്യക്തിക്ക് നല്കിക്കൊണ്ടാണ് ഹിന്ദ് സ്വരാജ് എന്ന സങ്കല്പനത്തെ രൂപപ്പെടുത്തിയിരിക്കുന്നത്. ഉന്നതമായ ഗുണവിശേഷങ്ങളുള്ള വ്യക്തിയെയും സമൂഹത്തെയുമാണ് ഗാന്ധിജി ലക്ഷ്യം വയ്ക്കുന്നത്.

## ദേശീയതയും സാംസ്കാരികചരിത്രവും

ദേശീയതയുടെ ചരിത്രപരവും സാംസ്കാരികവുമായ ഭൂമികയ്ക്ക് ഗാന്ധിജി ഊന്നൽ നല്കുന്നുണ്ട്. ഒരു ജനത പങ്കിടുന്ന സമാനമായ ഭൂതകാലാനുഭവങ്ങളാണ് ദേശീയതയുടെ പിറവിക്കു കാരണം. ഇത്തരത്തിൽ ചരിത്ര-സാംസ്കാരിക പൈതൃകത്തെക്കുറിച്ചുള്ള നവീനമായ അവബോധം ഉണ്ടാക്കുന്നതിൽ വിദ്യാഭ്യാസവും ആധുനികീകരണവും വലിയ പങ്കു വഹിക്കുന്നു. ദേശീയത എന്ന വൈകാരികതന്തുവിൽ സമൂഹത്തെ കോർത്തിടുവാനും രാഷ്ട്രനിർമിതിയിലേക്ക് നയിക്കുന്ന വിധത്തിൽ സർഗാത്മകമാക്കുവാനും ഇത് വഴി തുറക്കും.

ഭാരതത്തിന്റെ അനന്യമായ സാംസ്കാരിക ചരിത്രത്തെക്കുറിച്ച് തികഞ്ഞ അഭിമാനം ഗാന്ധിജിക്കുണ്ട്. ചരിത്രവും സംസ്കാരവും പഠിക്കുന്നതിലൂടെ ഏതൊരാൾക്കും ഈ സ്വാഭിമാനത്തിലേക്ക് എത്തിച്ചേരാനാവും. സ്വന്തം നാടിന്റെ ചരിത്രത്തെയും സംസ്കാരത്തെയും തിരിച്ചറിയുക എന്നതിന് ഗാന്ധിയൻ ദേശീയത വലിയ പ്രാധാന്യം നല്കുന്നുണ്ട്. "ടാഗോറും ഗാന്ധിജിയും ഐക്യപ്പെടുകയും പരസ്പരം ശക്തിപകരുകയും ചെയ്ത ദർശനമണ്ഡലമാണ്

ബഹുസ്വരതകളെയും ഉപദേശീയതകളെയും ഉൾക്കൊള്ളുന്ന സമഗ്രമായ ദേശീയതാസങ്കല്പമായിരുന്നു ഗാന്ധിജിയുടേത്. ദേശീയത എന്ന ആശയത്തെ ബഹുസ്വരതകളെ സംയോജിപ്പിക്കുന്ന ഒരു സമീപനമോ രീതിയോ ആയി അദ്ദേഹം വിഭാവനം ചെയ്തു. മതം ദേശീയതയാകുന്നതോടെ അത് മനുഷ്യരെ കശാപ്പുചെയ്യുന്നു.

ദേശത്തിന്റെ സാംസ്കാരികവിവക്ഷകളെ നിർവചിക്കുന്നതും നിലനിർത്തുന്നതും ദേശീയത എന്ന സങ്കല്പനമാണ്. പരസ്പരം കണ്ടിട്ടില്ലാത്ത അവസ്ഥയിലും തങ്ങൾ ഒന്നാണെന്നു വിചാരിക്കുന്നതിന് ജനസമൂഹത്തെ പ്രേരിപ്പിക്കുന്ന സാങ്കല്പിക സ്വത്വമാണത്. സമാനഭൂതകാലവും പൊതുവായ സാംസ്കാരിക ചരിത്രപൈതൃകവും രൂപപ്പെടുത്തുന്ന സാങ്കല്പികമായ ഒരുമയാണതിന്റെ അടിത്തറ.

ദേശീയത. ഇന്ത്യയുടെ സാംസ്കാരിക അതിജീവനത്തിന്റെ മാർഗമായി രണ്ടുപേരും ദേശീയതയ്ക്ക് പ്രവാചകസത്തയുള്ള മാനം നൽകി. മധ്യകാലത്തിനുശേഷമുള്ള യൂറോപ്യൻ ദേശീയതയെപ്പറ്റിയുള്ള വീക്ഷണങ്ങൾ ഇരുവരും നിരാകരിച്ചു. ഇന്ത്യൻ സ്വാതന്ത്ര്യസമരം ഇവർക്ക് ദേശീയമായ ക്രോഡീകരണത്തിന്റെ ഫലമല്ല, സാംസ്കാരികമായ അഭിമാനത്തിന്റെയും രാഷ്ട്രീയധർമനീതിയുടെയും വിശ്വൈക സമരത്തിന്റെയും പ്രതീകമാണ് (2009:72). ദേശീയത സ്വാഭിമാനത്തിൽ അധിഷ്ഠിതമാകണം എന്നു വിഭാവനം ചെയ്യുമ്പോഴും അത് ഏകശിലാത്മകമായ ഒരു വീക്ഷണത്തെ പിന്തുടരുന്നതിനെ ഗാന്ധിജി ശക്തമായി എതിർത്തു.

## ദേശീയതയും യൂറോപ്യൻ ആധിപത്യവും

ഒരാൾ ലോകത്തെ സ്നേഹിക്കുന്നത് അതിന്റെ കൊച്ചുപതിപ്പ് എന്ന നിലയിൽ സ്വദേശത്തെ സ്നേഹിച്ചുകൊണ്ടാണ്. ദേശത്തെ സ്നേഹിക്കാതെ ലോകത്തെ സ്നേഹിക്കാനാവില്ല എന്ന് ഗാന്ധിജി വിശ്വസിച്ചു. രാജ്യസ്നേഹവും വിശ്വസ്നേഹവും ഒന്നുതന്നെ എന്ന പരികല്പനയിലൂടെ ഗാന്ധിജി വിശ്വസ്നേഹത്തിന്റെ ചെറുപതിപ്പായി ദേശീയതയെ പുനർനിർവചിക്കുന്നു. അന്യരാജ്യത്തെ അപരമായി കാണുമ്പോൾ ദേശീയതയുടെ പരിധി പരിമിതമാകും.

ഒരു വ്യക്തി സഹജീവിയെ സ്നേഹിക്കുകയും ഉൾക്കൊള്ളുകയും ചെയ്യുന്നത് എപ്രകാരമാണെന്ന ചിന്തയും ഗാന്ധിജി ഉയർത്തുന്നു. മനുഷ്യത്വത്തിന്റെ പരമമായ പ്രകടനമാണ് രാജ്യസ്നേഹം. മനുഷ്യൻ മനുഷ്യനെ തിരിച്ചറിയുന്ന മാനവികതയുടെ വിശാലമായ തലമായി ദേശസ്നേഹത്തെ അദ്ദേഹം കരുതുന്നു. "എന്നെ സംബന്ധിച്ചിടത്തോളം രാജ്യസ്നേഹമുള്ളത് ഞാൻ മനുഷ്യനായതുകൊണ്ടും കരുണാർദ്രനായതുകൊണ്ടുമാണ്. അത് മറ്റെല്ലാം ഒഴിച്ചുനിർത്തിയുള്ളതല്ല. ഇന്ത്യയെ സേവിക്കുവാൻ വേണ്ടി ഞാൻ ഇംഗ്ലണ്ടിനെയോ ജർമ്മനിയെയോ ഉപദ്രവിക്കുകയില്ല. എന്റെ ജീവിതപദ്ധതിയിൽ സാമ്രാജ്യത്തിന് സ്ഥാനമില്ല" (സുകുമാരൻ നായർ വി.കെ. (എഡി.) 1982:99) എന്ന് ഗാന്ധിജി അസന്നിഗ്ധമായി പ്രഖ്യാപിച്ചു. എന്നാൽ മറ്റൊരു രാഷ്ട്രത്തിന്റെയോ ഭൂഖണ്ഡത്തിന്റെയോ താല്പര്യങ്ങൾക്ക് അടിയറവച്ചുകൊണ്ട് ദേശീയതയെ കരുപ്പിടിപ്പിക്കാനാവില്ല.

ഭാരതത്തിന്റെ സ്വാഭിമാനത്തെ ഉയർത്തിപ്പിടിക്കുന്നതാവണം ദേശീയത എന്ന കാഴ്ചപ്പാട് ഗാന്ധിജി അവതരിപ്പിക്കുന്നുണ്ട്. "യൂറോപ്പിന്റെ കാല്ക്കൽ കുമ്പിട്ടുകിടക്കുന്ന ഒരു ഭാരതം മനുഷ്യരാശിക്കു യാതൊരാശയ്ക്കും വക നൽകുന്നില്ല. സ്വതന്ത്രവും പ്രബുദ്ധവുമായ ഒരു ഭാരതത്തിനു സമാധാനത്തിന്റെയും സദ്ബുദ്ധിയുടേതുമായ ഒരു സന്ദേശം നല്കുവാനുണ്ട് (1982:100). യൂറോപ്യൻ ആധിപത്യത്തിന്റെ വേരുകൾ ഇവിടെ ഉറപ്പിച്ചത് നമ്മുടെ മാനസികമായ അടിമത്തമാണ്. സാങ്കേതികപുരോഗതിയിലും യന്ത്രവൽക്കരണഭ്രമത്തിലും അഭിരമിച്ച ഒരു ജനതയുടെ മാനസികമായ കീഴടങ്ങലായിരുന്നു അത്. യൂറോപ്യൻ രീതികളോടുള്ള അന്ധമായ എതിർപ്പല്ല, മറിച്ച് അവർ സൃഷ്ടിക്കുന്ന മാനസികമായ അടിമത്തത്തിനെതിരെയാണ് ഗാന്ധിജിയുടെ നിലപാട്. അധിനിവേശ താൽപ്പര്യങ്ങളെ നിലനിർത്തുന്നത് തദ്ദേശീയരുടെ പരിഷ്കാരഭ്രമവും ഭൗതികസുഖസൗകര്യങ്ങളോടുള്ള താല്പര്യവും കൂടിയാണ്. പടിഞ്ഞാറിന്റെ മേൽക്കോയ്മ അംഗീകരിക്കുന്നതോടെ മാനസികമായ അടിമത്തത്തിലേക്കും കീഴടങ്ങലിലേക്കും എത്തിപ്പെടും. ഇത്തരം സന്ദർഭത്തെ മറികടക്കാൻ വേണ്ടത് ചരിത്രബോധത്തിൽ അധിഷ്ഠിതമായ സ്വാഭിമാനമാണ്.

"ഇന്ത്യയുടെ അടിമത്തത്തിന് കാരണം ഇന്ത്യയുടെ സാംസ്കാരികാധഃപ്പതനമാണ്. കീഴടങ്ങലാണ്. ഇന്ത്യ കീഴടങ്ങിയത് വെള്ളക്കാരനല്ല, ആധുനിക നാഗരികതയുടെ സ്ഥാപനങ്ങൾക്കാണ്. ഗാന്ധിജിയെ സംബന്ധിച്ചിടത്തോളം വ്യക്തിയുടെയും സമൂഹത്തിന്റെയും വിമോചനത്തിന് തടസ്സമായി നില്ക്കുന്ന ഘടകങ്ങൾ- സ്ഥാപനങ്ങൾ, റെയിൽവേ, വക്കീൽ, ആധുനിക ഡോക്ടർ, പടിഞ്ഞാറൻ നീതിന്യായവ്യവസ്ഥ, പാർലമെന്റ്, യന്ത്രം, ഹിന്ദുമുസ്ലീം വൈരം, പാശ്ചാത്യവിദ്യാഭ്യാസം എന്നിവയാണ്. ഇവ മനുഷ്യവിരുദ്ധവും പ്രകൃതിക്ക് ചേരാത്തതുമാണ്'' (2009:15). ബ്രിട്ടീഷുകാർ ഇന്ത്യയിലെത്തുന്നതിനുമുമ്പുതന്നെ നാം അവരുടെ വരവിനുള്ള വഴിയൊരുക്കിയിരുന്നു. അധിനിവേശത്തെ സ്വീകരിക്കുവാനുള്ള മനസ്സ് ഇന്ത്യൻ ജനതയിൽ രൂപപ്പെട്ടിരുന്നു. വർണവിവേചനങ്ങൾ, അടിമത്തം, ഉപഭോഗാസക്തി, യന്ത്രപ്രതിപത്തി, നാഗരികതയോടുള്ള അമിതതാത്പര്യം ഇവയൊക്കെ ചേർന്നാണ് ഈ മാനസികതലം രൂപപ്പെട്ടത് എന്ന ഗാന്ധിയൻ ചിന്ത സംവാദക്ഷമമാണ്. വിദേശാധിപത്യം വിട്ടൊഴിഞ്ഞ് 75 ആണ്ടുകൾ പിന്നിടുമ്പോഴും ഈ സ്ഥിതിക്ക് കാര്യമായ മാറ്റം വന്നിട്ടില്ല. മലയാളികളുടെ വൈദേശികാധിനിവേശം വിദ്യാഭ്യാസം, തൊഴിൽ എന്നിവ തേടിയുള്ള പ്രവാസത്തിനുപുറമേ വിദേശനിർമിത വസ്തുക്കളോടുള്ള താല്പര്യത്തിലും പ്രകടമാണ്. പടിഞ്ഞാറിനെ മഹത്വവൽക്കരിക്കുവാനും അവരുടെ കർതൃത്വത്തെ ബലപ്പെടുത്തുവാനുമുള്ള പൗരസ്ത്യവാദയുക്തികൾ ഇന്ത്യൻ ജനതയുടെ അബോധതലത്തിൽ പ്രവർത്തിച്ചിരുന്നു. അല്ലെങ്കിൽ അത്തരം ആശയാവലികളെ അധിനിവേശത്തിനുമുമ്പും നാം സ്വാംശീകരിച്ചിരുന്നു എന്ന് മനസ്സിലാക്കേണ്ടിയിരിക്കുന്നു.

ഇന്ത്യയിലെ ബ്രിട്ടീഷ് അധിനിവേശത്തെ അപഗ്രഥിച്ച ആശിഷ്നന്ദി കൊളോണിയലിസത്തെ സവിശേഷമായ ഒരു മാനസികാവസ്ഥയായാണ് നിരീക്ഷിക്കുന്നത്. അദ്ദേഹത്തിന്റെ വീക്ഷണത്തിൽ ഇന്ത്യയിലെ അധിനിവേശത്തിന്റെ ആരംഭം വിദേശഭരണം ഇവിടെ സ്ഥാപിക്കപ്പെടുന്നതോടെയല്ല. അതിന്റെ അവസാനം വിദേശഭരണാധികാരികൾ

ഇവിടം വിട്ട് പോകുന്നതോടെയുമല്ല. കൊളോണിയലിസത്തിന്റെ ആശയങ്ങൾ ജീവിതത്തിന്റെ പല തലങ്ങളിലും ഇന്നും നിലയുറപ്പിച്ചിരിക്കുന്നു. ഇത്തരത്തിൽ ജനതയെ ഒന്നാകെ ബാധിച്ചിരിക്കുന്ന അധിനിവേശവിധേയത്വയുക്തികളിൽനിന്ന് ദേശീയത രൂപപ്പെട്ടത് വിവിധ ചരിത്രഘട്ടങ്ങളിലൂടെയാണ്.

ദേശത്തിന്റെ സാംസ്കാരികവിവക്ഷകളെ നിർവചിക്കുന്നതും നിലനിർത്തുന്നതും ദേശീയത എന്ന സങ്കല്പനമാണ്. പരസ്പരം കണ്ടിട്ടില്ലാത്ത അവസ്ഥയിലും തങ്ങൾ ഒന്നാണെന്നു വിചാരിക്കുന്നതിന് ജനസമൂഹത്തെ പ്രേരിപ്പിക്കുന്ന സാങ്കല്പിക സ്വത്വമാണത്. സമാനഭൂതകാലവും പൊതുവായ സാംസ്കാരിക ചരിത്രപൈതൃകവും രൂപപ്പെടുത്തുന്ന സാങ്കല്പികമായ ഒരുമയാണതിന്റെ അടിത്തറ. ചരിത്രപഥങ്ങൾ നിരവധി പിന്നിട്ട് സൂക്ഷ്മവും നിരന്തരവുമായി നടക്കുന്ന രാഷ്ട്രീയപ്രക്രിയയായി ദേശീയത രൂപപ്പെടുന്ന സന്ദർഭങ്ങളെയാണ് ഗാന്ധിയൻ ദർശനങ്ങൾ അഭിസംബോധന ചെയ്യുന്നത്.



### സഹായകഗ്രന്ഥങ്ങൾ

1. അരവിന്ദാക്ഷൻ, കെ.2009. ഗാന്ധിജിയുടെ ഹിന്ദ് സ്വരാജ്. കൊച്ചി: പൂർണോദയ ബുക്ക് ട്രസ്റ്റ്.

2. കേശവൻ നായർ പി. 2012. ഗാന്ധിചിന്തകൾ. തിരുവനന്തപുരം: കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്.

3. ഗാന്ധി, എം.കെ. (ഗംഗാധരൻ, സി.പി. (വിവ.)) 2001. ഹിന്ദ് സ്വരാജ്. കൊച്ചി: പൂർണോദയ ബുക്ക് ട്രസ്റ്റ്.

4. ദേശായ് എ.ആർ. (ശ്രീകമാരൻ ഉണ്ണി കെ. (വിവ)പ 2016. ഇന്ത്യൻ ദേശീയതയുടെ സാമൂഹിക പശ്ചാത്തലം. തിരുവനന്തപുരം: കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്.

5. സുകുമാരൻ നായർ വി.കെ. (എഡി.) 1982. രാഷ്ട്രതന്ത്രം: ഗാന്ധിസാഹിത്യം (3). തിരുവനന്തപുരം: കേരള ഗാന്ധി സ്മാരക നിധി.

6. Nandi Ashis, 2010. The Intimate Enemy: Loss and Recovery of Self under Colonialism. New Delhi: Oxford University Press.

*(ഡോ. സ്റ്റാർലെറ്റ് മാത്യു - 8547362210)*

# വിജ്ഞാനകൈരളി

## വിജ്ഞാനകൈരളിയിലേയ്ക്ക് ലേഖനങ്ങൾ അയയ്ക്കുന്നവരുടെ ശ്രദ്ധയ്ക്ക്

വിജ്ഞാനകൈരളിലേയ്ക്ക് ലേഖനങ്ങൾ അയയ്ക്കുന്നവർ ലേഖനത്തിനോടൊപ്പം പേര്, മേൽവിലാസം, ഇ-മെയിൽ, ഫോൺ നമ്പർ എന്നിവ ഉൾപ്പെടുത്താൻ ശ്രദ്ധിക്കുക. ലേഖനത്തിന്റെ വർക്ക് ഫയൽ, പി.ഡി.എഫ്, ചിത്രങ്ങൾ, ചാർട്ടുകൾ എന്നിവ hariivkairali@gmail.com എന്ന വിലാസത്തിലോ editorvijnanakairali@gmail.com എന്ന വിലാസത്തിലോ അയയ്ക്കുക.

– എഡിറ്റർ



# എം.ടി. ആത്മയാനങ്ങളുടെ സർഗലാവണ്യം

അയ്യപ്പദാസ് മാവേലിക്കര




സാമൂഹികദർശനത്തിന്റെ സ്വഭാവ സവിശേഷതകൾ ഉൾക്കൊണ്ടുകൊണ്ട് സാഹിത്യത്തിൽ പുതുസംവേദനത്തിന്റെ ലോകം തുറന്നിട്ട എഴുത്തുകാരനാണ് എം.ടി. വാസുദേവൻ നായർ. അദ്ദേഹം കൈവച്ച എഴുത്തിന്റെ സമസ്തമേഖലകളിലൂടെ കടന്നുപോകുമ്പോൾ നമുക്കത് ബോധ്യമാകുകയും ചെയ്യും. അതുകൊണ്ടുതന്നെ പരിവർത്തന ഘട്ടത്തിന്റെ എഴുത്തുകാരൻ എന്ന വിലയിരുത്തൽ സാഹിത്യചരിത്രങ്ങളിൽ എം.ടിയെക്കുറിച്ച് ഉണ്ടായിട്ടുണ്ട്. സ്വാതന്ത്ര്യാനന്തര കേരളസമൂഹത്തിലും സാഹിത്യത്തിലും സംഭവിച്ച ഗതിമാറ്റങ്ങളുടെ സ്വാധീനം, നവീകരിക്കപ്പെട്ട ഭാഷയുടെയും ആഖ്യാനശൈലിയുടെയും അകമ്പടിയോടെ രചനകളിൽ ആവിഷ്കരിച്ച എഴുത്തുകാരനായിരുന്നു എം.ടി. അത്തരം രചനകൾക്ക് എം.ടിയുടെ തന്നെ ജീവിതകഥയുമായി പരോക്ഷമായ സാമ്യത ദർശിക്കാനാകും എന്ന വസ്തുത കണക്കിലെടുക്കുമ്പോൾ എഴുത്തുകാരന്റെ വ്യക്തിജീവിതത്തിന്റെ ഉടയാത്ത അനുഭവശകലങ്ങൾ ശക്തമായ സാന്നിധ്യമായി എഴുത്തിലേക്ക് കടന്നുവരികയും, അവ ആത്മകഥയുടെ ഒരേടായി മാറുകയും സൃഷ്ടിയിലൂടെ എഴുത്തുകാരന്റെ ജീവചരിത്രം പൂർണമായല്ലെങ്കിലും മനസ്സിലാക്കിയെടുക്കുവാൻ കഴിയുകയും ചെയ്യുന്നു. എം.ടിയുടെ നാലുകെട്ട്, അസുരവിത്ത്, കാലം എന്നീ നോവലുകളിൽ എഴുത്തുകാരനെ അടയാളപ്പെടുത്തിയിരിക്കുന്ന പ്രധാനഘടകങ്ങളായ കുടുംബം, ബാല്യം, ജീവിതം എന്നിവയും അതുമായി ബന്ധപ്പെട്ട് നോവലിൽ ഇടംപിടിച്ചിരിക്കുന്ന സ്ഥലകാലപശ്ചാത്തലം, കഥാപാത്രങ്ങൾ, ആചാരങ്ങൾ, ഉത്സവങ്ങൾ, സംഭവങ്ങൾ, ഗന്ധബിംബങ്ങൾ എന്നിവയും ആത്മകഥാംശ ഘടകങ്ങളായി അന്വേഷണത്തിന് വിധേയമാക്കുകയാണ് പ്രസ്തുത പ്രബന്ധത്തിൽ.

നോവലും ആത്മകഥയും പരസ്പരസമാനതകളും അതിലേറെ വൈരുധ്യങ്ങളും ദർശിക്കുവാൻ കഴിയുന്ന രണ്ട് സാഹിത്യരൂപങ്ങളാണ്. ഭാവനാസൃഷ്ടമായ ജീവിതത്തിന്റെ സൗന്ദര്യപരമായ ആഖ്യാനമാണ് നോവൽ. ആത്മകഥയാകട്ടെ ഒരു യഥാർഥജീവിതത്തിന്റെ അപൂർണാവിഷ്കാരവും. ഭാവനയിലധിഷ്ഠിതമാണ് നോവലെങ്കിലും എഴുത്തുകാരന്റെ ആത്മാംശം കടന്നുകൂടായ്കയില്ല. വ്യക്തിയെന്ന നിലയിലനുഭവിച്ച ജീവിതത്തിന്റെ ഒരു ഭാഗമോ അനുസ്യൂതമായ പ്രവാഹമോ ഭാഷയുടെ, ദർശനത്തിന്റെ രൂപപരമായ വിതാനത്തിലൂടെ നോവലിലേക്ക് കടന്നുവരുന്നു. ഫ്യൂഡൽ പാരമ്പര്യക്രമത്തിൽ നായർ തറവാടുകൾ ക്ഷയോന്മുഖമായതിന്റെ വൈയക്തിക ചിത്രീകരണം കാൽപ്പനികമായ അന്തർമുഖതയോടെ ആവിഷ്കരിച്ച നോവലുകളായിരുന്നു നാലുകെട്ട് (1959), അസുരവിത്ത് (1962), കാലം (1969) എന്നിവ. നോവലിൽ സൂചിതമാകുന്ന ദേശ-കാല-കുടുംബ-ബാല്യ-ജീവിത സൂചനകൾ എം.ടിയുമായി നേരിട്ട് ബന്ധമുള്ളതാകുന്നു.

## ആത്മകഥാംശഘടകങ്ങൾ

### കുടുംബം

ഫ്യൂഡൽപാരമ്പര്യത്തിന്റെ ആസ്തികചേരിയിലായിരുന്ന എം.ടി. വാസുദേവൻനായരുടെ ജനനവും ജീവിതവും. മാടത്ത് തെക്കേപ്പാട്ട് എന്ന അമ്മയുടെ തറവാട് പേര് നോവലുകളിൽ വടക്കേപ്പാട്ട്, പടിഞ്ഞാറേപ്പാട്ട്, മേലെപ്പുറത്ത് തുടങ്ങിയ മാറ്റങ്ങളോടെ ആവർത്തിക്കപ്പെടുന്നുണ്ട്. നോവലുകളിൽ പരാമർശവിധേയമാകുന്ന തറവാടുകളെല്ലാം പഴയ പാരമ്പര്യത്തിൽ, കൂട്ടുകുടുംബ വ്യവസ്ഥയിൽപ്പെട്ടവയാണ്. എം.ടിയെപ്പോലെ തന്നെ അപ്പുണ്ണിയും ഗോവിന്ദൻകുട്ടിയും സേതുവും (നോവലുകളിലെ കേന്ദ്രകഥാപാത്രങ്ങൾ) ഇത്തരം പാരമ്പര്യത്തിന്റെ

അസ്വസ്ഥവാഹകരായിരുന്നു. കുടുംബത്തിന്റെ ഈ ഐകരൂപ്യഘടകം മൂന്നു നോവലുകളിലും ഒട്ടചെറിയ വ്യത്യാസങ്ങളോടെയാണെങ്കിലും ആവർത്തിക്കപ്പെടുന്നു.

വളരെയധികം വസ്തുവകകൾ ഉണ്ടായിരുന്നിട്ടും ചെലവഴിക്കാൻ യഥേഷ്ടം പണമില്ലാത്തതിന്റെ ദാരിദ്ര്യം എം.ടി അനുഭവിച്ചിട്ടുണ്ട്. ഈയൊരനുഭവം തന്റെ കഥാപാത്രങ്ങളിലും ആരോപിക്കപ്പെടുന്നുണ്ട്. എം.ടിയുടെ മൂന്ന് കഥാനായകന്മാരും യഥേഷ്ടം പണം ചെലവഴിക്കാൻ കഴിയാതെ രോഷം കൊള്ളുന്നവരാണ്. വൈയക്തിക ജീവിതാവസ്ഥയെപ്പറ്റി എം.ടി. പറയുന്നു. 'പഴയ ഒരു പാരമ്പര്യത്തിൽ ധാരാളം കൃഷിയും മറ്റുമുള്ള കുടുംബമായിരുന്നു ഞങ്ങളുടേത്. എന്റെ ബാല്യകാലമായപ്പോൾ വസ്തുവകകളുടെ ഭാഗമൊക്കെ കഴിഞ്ഞിരുന്നു. അച്ഛൻ സിലോണിൽനിന്ന് അയയ്ക്കുന്ന ചെറിയ തുകകൊണ്ട് ഞങ്ങൾ അമ്മയും നാലു മക്കളും ചെറിയമ്മയും കുട്ടികളും കഴിയണം. അങ്ങനെ വളരെ പരിമിതമായിരുന്നു വീട്ടിലെ കാര്യങ്ങൾ. ഉച്ചയ്ക്ക് കഞ്ഞി, രാത്രി അളന്നു മുറിച്ചു വിളമ്പുന്ന ചോറ്'. (കർണാന്തളിപ്പൂക്കളുടെ കാലം)

ഈ പരിമിതമായ അവസ്ഥയായിരുന്നു 'നാലുകെട്ടി'ലെ അപ്പുണ്ണിയും 'അസുരവിത്തി'ലെ ഗോവിന്ദൻകുട്ടിയും 'കാല'ത്തിലെ സേതുവും തങ്ങളുടെ കുടുംബത്തിൽ അനുഭവിച്ചത്. നാലുകെട്ടിൽ വളരെ തീവ്രമായ രീതിയിൽ ഇതാവിഷ്കരിക്കുന്നുണ്ട്. ഇത് ഭാവനയുടെ ആവിഷ്കരണമാണ്. എന്നാൽ 'അസുരവിത്തിൽ' വളരെ പ്രകടമായി, ഒരിക്കൽ ഉണ്ണാൻ തുടങ്ങുന്നതിനുമുമ്പ് ചോറ് അമർത്തിക്കുത്തി കിണ്ണത്തിന്റെ വക്കത്തേക്ക് മാറ്റിവെച്ചു നാലുരുളയ്ക്കില്ല. വാതിലിനടുത്തു താഴെ പലകയിട്ടിരിക്കുന്ന അമ്മ മനസ്സുവായിച്ചുകൊണ്ടു പറഞ്ഞു: 'ഇത്തിര്യേ ചോറുള്ളു അല്ലേടാ?...'. വൈയക്തികജീവിതത്തിൽ പണത്തിന്റെ അഭാവംമൂലം എം.ടി അനുഭവിച്ച ഈ ദുഃഖം തന്റെ കഥാപാത്രങ്ങളിലൂടെ തന്റെതന്നെ ദുഃഖമായി അവതരിപ്പിക്കുന്നു. എച്ചിൽ ചോറുണ്ണുന്ന അപ്പുണ്ണിയുടെ ബാല്യകാലവും നോവലിസ്റ്റിന്റെ ദാരിദ്ര്യജീവിതത്തിന്റെ ഭാവനാധിഷ്ഠിതമായ അവതരണമായി മാറുന്നു.

ഇതേ പരിചിതസാഹചര്യം 'കാല'ത്തിൽ അവതരിപ്പിക്കുന്നുണ്ട്. സേതുവിന്റെ അമ്മയും ചെറിയമ്മയും തമ്മിൽ എപ്പോഴും വഴക്കുകൂടുന്നു. അമ്മയുടെ മരണം അറിയിക്കുമ്പോൾ ചെറിയമ്മ വേദനിക്കുന്നത് സേതുവിന് കാണേണ്ടിവന്നു. മുഖം തിരിച്ചപ്പോൾ അവർ നനഞ്ഞ കണ്ണുകൾ തുടയ്ക്കുന്നതു കണ്ടു. 'വരും വരുംച്ചിട്ട് പെലർച്ചവണ്ടി വരെ കാത്തു. എന്നിട്ടാ ശവമെടുത്തത്'. ഇങ്ങനെ ആത്മകഥാപരമായ വിതാനങ്ങളിൽ പ്രത്യേകമായ താനത്തിലും സങ്കേതത്തിലും ആവിഷ്കരിക്കുന്ന സവിശേഷമായ ആഖ്യാനശൈലിക്ക് ഇതൊരു ഉദാഹരണമാണ്. കൂട്ടു കുടുംബങ്ങളിലെ ബന്ധങ്ങളുടെ ശക്തിയെ ഇത്രമാത്രം അനുഭവിച്ചറിഞ്ഞ എഴുത്തുകാരനുമാത്രമേ വളരെ ഉത്കൃഷ്ടമായി അത് ധ്വനിപ്പിക്കുവാൻ കഴിയുകയുള്ളൂ. ദുരഭിമാനം വിടാൻ കൂട്ടാക്കാത്ത കേരളത്തിലെ മിക്ക നായർ തറവാടുകളിലും ദരിദ്രമായ അവസ്ഥ നിലവിലുണ്ടായിരുന്നു. കാരണവന്മാരുടെ സ്വാർഥതയും കെടുകാര്യസ്ഥതയും അനന്തരവന്മാരുടെ അലസതയും സൃഷ്ടിച്ച ദാരിദ്ര്യാവസ്ഥ.

## ബാല്യം

എം.ടിയുടെ ബാല്യകാലത്തിന്റെ അനുഭവങ്ങൾ നോവലുകളിൽ കടന്നുവരുന്നുണ്ട്. സ്കൂളിലേക്ക് പുറപ്പെടുന്ന അപ്പുണ്ണി, കോളെജിൽ പഠിക്കുന്ന സേതു, അസുരവിത്തിലെ ഗോവിന്ദൻകുട്ടി എന്നിവർ അനുഭവിക്കുന്ന ദാരിദ്ര്യം ബാല്യകാലത്ത് എം.ടിയെ ചുറ്റിക്കടന്നുപോയിട്ടുള്ളതാണ് എന്നതിന് കഥാപാത്രങ്ങളുടെ ബാല്യകാലങ്ങൾ തെളിവുകളായി നിരത്താവുന്നതാണ്. അപ്പുണ്ണിയുടെ ആത്മഗതത്തിൽ 'കഴിയുന്നിടത്തോളം മറ്റു കുട്ടികളിൽനിന്ന് അകന്നു നിൽക്കാൻ ആഗ്രഹിച്ചു....വലിയ വീടില്ല. പണമില്ല. രണ്ടു ജോഡി ഉടുപ്പുകളേ അവനുള്ളു. അതുതന്നെ മാറി മാറി ഇടുന്നു. ചോറുകൊണ്ടുപോകാൻ തൂക്കുപാത്രം വാങ്ങാൻ കൂടി കാശില്ല. വേണ്ടത്ര പുസ്തകങ്ങളില്ല.

അസുരവിത്തിൽ രണ്ടാം ക്ലാസ്സിൽ ഗോവിന്ദൻകുട്ടി പഠിച്ചിരുന്ന കോപ്പൻ മാസ്റ്റർ നടത്തിയിരുന്ന സ്കൂളിനെക്കുറിച്ച് പരാമർശമുണ്ട്. അന്ന്, ഇപ്പോൾ വടക്കേപാടത്തിന്റെ അതിരടിയിൽ മമ്മാലിയുടെ നേന്ത്രവാഴ നിൽക്കുന്നേടത്ത്, കിണറ്റിൽ വീണു മരിച്ച കോപ്പൻ മാസ്റ്റർ നടത്തിയിരുന്ന മൂന്നുവരെയുള്ള സ്കൂളിൽ രണ്ടാംക്ലാസ്സിൽ പഠിക്കുകയായിരുന്നു ഗോവിന്ദൻകുട്ടി. ഈ കോപ്പൻമാസ്റ്ററുടെ കുടിപ്പള്ളിക്കൂടത്തിൽ ബാല്യത്തിൽ എം.ടി പഠിച്ചിരുന്നതായി എം.ടി തന്റെ സ്മരണകളിൽ അയവിറക്കുന്നുണ്ട്. എം.ടിയുടെ കുടിപ്പള്ളിക്കൂടസ്മരണകളിൽനിറഞ്ഞുനിൽക്കുന്നു കോപ്പൻ മാസ്റ്ററും അവിടുത്തെ പഠനവും. വീട്ടിലെ ശല്യം സഹിക്കാൻ കഴിയാതെയാണ് അമ്മ എം.ടിയെ കോപ്പൻമാസ്റ്ററുടെ അടുത്തേക്ക് അയയ്ക്കുന്നത്. ബാല്യത്തിലെ കുടല്ലൂരാണ് ഈ നോവലിലുള്ളത്.

കാലത്തിൽ സേതുവിന്റെ കലാലയാനുഭവങ്ങൾ എം.ടിയുമായി, തന്റെ കോളെജ് ജീവിതവുമായി നേരിട്ട് ബന്ധമുള്ളതാണ്. അപ്പോഴും പണത്തിനുള്ള ദാരിദ്ര്യം സേതു അനുഭവിക്കുന്നുണ്ട്. ഇത് സ്വന്തം അനുഭവാംശത്തിന്റെ തീച്ചൂളയിൽനിന്ന് കഥാപാത്രങ്ങളിലേക്ക് എം.ടി പകരുന്നതാണ്. നോവലിന്റെ ശിൽപ്പഘടനയെതന്നെ അത് പിടിച്ചുലയ്ക്കുന്നു. രണ്ടാം തീയതി അയച്ചുകിട്ടുന്നത് അറുപതുറുപ്പികയാണ്. ഹോസ്റ്റൽ ഡ്യൂസും ഡോബിയുടെ കണക്കും തീർത്താൽപ്പിന്നെ പത്തുറുപ്പിക കഷ്ടിയാണ്. ഒരുമാസം കഴിക്കേണ്ടതു പത്തുറുപ്പിക കൊണ്ടാണ്. സ്വന്തം അനുഭവങ്ങളുടെ അംശത്തിൽനിന്നു മാത്രമേ ഇത്ര ശക്തമായ ആവിഷ്കരണം സാധ്യമാകുകയുള്ളൂ. ഇവിടെ സമ്പത്ത് എന്നുള്ളത് ക്രയവിക്രയസ്വഭാവത്തിലധിഷ്ഠിതമായ പണമായി പരിണമിച്ച് ആവശ്യം നിറവേറ്റേണ്ടതിന്റെ ആവശ്യകത ധ്വന്യാത്മകമായി



*എം.ടി.*

വളരെയധികം വസ്തുവകകൾ ഉണ്ടായിരുന്നിട്ടും ചെലവഴിക്കാൻ യഥേഷ്ടം പണമില്ലാത്തതിന്റെ ദാരിദ്ര്യം എം.ടി അനുഭവിച്ചിട്ടുണ്ട്. ഈയൊരനുഭവം തന്റെ കഥാപാത്രങ്ങളിലും ആരോപിക്കപ്പെട്ടുന്നുണ്ട്.

അവതരിപ്പിക്കുന്നു.

## ജീവിതം

നോവലിൽ ആവിഷ്കരിക്കപ്പെടുന്ന ജീവിതം എഴുത്തുകാരൻ സ്വയമേവ അറിഞ്ഞനുഭവിച്ചതിന്റെ ചില അടയാളങ്ങൾക്കൊണ്ട് സമ്പന്നമാക്കുന്നു. എഴുത്തുകാരന്റെ ജീവിതാംശം കലരാത്ത ഒരു സൃഷ്ടിയുമില്ല, കൃതി, കർത്താവ് എന്ന ദ്വന്ദ്വസങ്കൽപ്പങ്ങൾ തന്നെ ഈയൊരു തലത്തിൽ ഒന്നാകപ്പെടുന്നു. താൻ അവതരിപ്പിക്കുന്ന കഥാപാത്രത്തിന്റെ ജീവിതരേഖകളിൽ ഒന്നോ അതിലധികമോ ബിന്ദുക്കൾ തന്റെതന്നെ അനുഭവസീമകളിൽ കാലം രേഖപ്പെടുത്തിവെച്ചവതന്നെയായിരിക്കും. ഈയൊരവബോധത്തിന്റെ സൃഷ്ടി എഴുത്തുകാരന്റെ ആത്മാംശമായി കൂടായ്കയില്ല; ആത്മാംശംതന്നെയാകുന്നു.

ജനിച്ചുവളർന്ന ചുറ്റുപാടുകൾ വ്യക്തിയിൽ വരുത്തിത്തീർക്കുന്ന ബോധങ്ങൾ പ്രവൃത്തിയിലും ചിന്തയിലും കടന്നുവരുന്നതിന്റെ സൂചനകൾ, നാലുകെട്ടിൽ എം.ടി. അവതരിപ്പിക്കുന്നുണ്ട്. കുടുംബത്തിലെ നിയതമായ അവസ്ഥ വ്യക്തിയെ വിഴുങ്ങുന്നു. അതുകൊണ്ട് അതിൽനിന്ന് ഒറ്റയാകുവാൻ അപ്പുണ്ണി ആഗ്രഹിക്കുന്നു. ഈ ആഗ്രഹം അപ്പുണ്ണിയുടെ മാനസിക വ്യാപാരത്തിൽ ചെറുമ്പലുകൾ സൃഷ്ടിക്കുന്നു. അത് കടുത്ത അപകർഷതാബോധത്തിലേക്ക് അപ്പുണ്ണിയെ നയിക്കുന്നു. വ്യക്തിയായ എം.ടിയും ഈ ഒറ്റപ്പെടൽ അനുഭവിച്ചിട്ടുണ്ട്. അത് സൃഷ്ടിയുടെ വേദനയായി പരിണമിക്കുകയും അതിലൂടെ ലോകമറിയപ്പെടുന്ന സാഹിത്യകാരനെ ലഭിക്കുകയും ചെയ്യുന്നു. രണ്ടിടത്തും ലഭ്യമാകൽ സംഭവിക്കുന്നു.

ജീവിതത്തിന്റെ അനുഭവതലങ്ങളെ അതേപടി കഥാപാത്രങ്ങളിലേക്ക് എം.ടി സംക്രമിപ്പിക്കുന്നുണ്ട്. 'കാലത്തിൽ' സേതുവിന്റെ കലാലയകാലഘട്ടം അവതരിപ്പിക്കുന്നിടത്ത് കൂട്ടുകാരുടെ അനുഭവങ്ങൾ (എഴുത്തുകാരന്റെ) സേതുവിന്റെ അനുഭവമാക്കി എഴുതിയിട്ടുണ്ട്. (കാലം; പു: 42) ഹോസ്റ്റൽ ജീവിതത്തിൽ പണമില്ലാതെ കൂട്ടുകെട്ടുകളിൽനിന്ന് ഒഴിഞ്ഞ് നിൽക്കേണ്ടിവരികയും സ്വാമിയുമായി ഏറ്റവുമടുത്ത ബന്ധം കാത്തുസൂക്ഷിക്കുകയും ചെയ്യുന്നത് എം.ടിയുടെ വ്യക്തിജീവിതത്തിന്റെ നേരംശങ്ങൾ തന്നെയാണ്. വിദ്യാഭ്യാസാനന്തരം പല ജോലികളും എം.ടി ചെയ്തിട്ടുണ്ട്. ഗ്രാമസേവകനായി തളിപ്പറമ്പിൽ ജോലി ചെയ്ത അനുഭവം അതേപടി സേതുവിലേക്ക് (കാലം) സംക്രമിപ്പിക്കുന്നുണ്ട്. എം.ടിയുടെ വാക്കുകളിൽ, 'പല ജോലികളും ചെയ്ത ഒരു സ്ഥലത്തും അധികം നിന്നിട്ടില്ല. ഗ്രാമസേവകന്റെ ഉദ്യോഗം മൂന്നാംദിവസം രാജിവെച്ചുപോന്നു. കാരണം ഞാൻ രാത്രി എന്റെ മുറിയിലിരുന്ന് സിഗരറ്റ് വലിക്കുന്നത് ഡയറക്ടർ കണ്ടു'. (എം.ടി. വാക്കുകളുടെ വിസ്മയം) ഇതേ അനുഭവം കാലത്തിലെ സേതുവിന് ചാർത്തിക്കൊടുക്കുന്നുണ്ട്. അങ്ങനെ തന്റെ ജീവിതാംശം സേതുവിലേക്ക് നോവലിസ്റ്റ് കടത്തിവിടുന്നു.

## സ്ഥലകാലപശ്ചാത്തലം

എഴുത്തുകാരൻ അധിവസിക്കുന്ന സ്ഥലം സൃഷ്ടിയുടെ പശ്ചാത്തലമായി കടന്നുവരാറുണ്ട്. അവതരണക്രമത്തിൽ അതേപടിയോ അല്ലാതെയോ അവ സ്ഥാനം പിടിക്കാറുണ്ട്. ഇവിടെയാണ് എം.ടി. വാസുദേവൻനായർ വ്യത്യസ്തനാകുന്നത്. താൻ ഉൾപ്പെടുന്ന ഗ്രാമമാണ് അദ്ദേഹത്തിന്റെ മിക്ക കൃതികളുടെയും പശ്ചാത്തലം. ഗ്രാമത്തിൽനിന്ന് നഗരത്തിലേക്ക് വികസിക്കുന്ന വാസ്തുമണ്ഡലം എം.ടി കൃതികളെ അനന്യമാക്കുന്നു. ഇതേറ്റവും കൂടുതൽ കടന്നുവരുന്നത് എന്ന നിലയിൽ നാലുകെട്ട്, കാലം, അസുരവിത്ത് എന്നീ നോവലുകൾ പ്രാധാന്യമർഹിക്കുന്നു. എഴുത്തുകാരൻ അധിവസിക്കുന്ന പ്രദേശം, അതിന്റെ ഘടനയിൽ മാറ്റം വരുത്താതെ തന്നെ കൃതിയിലേക്ക് ആവാഹിക്കുമ്പോൾ അത് ആത്മകഥാംശഘടകമായിത്തീരുന്നു. അതിന് ജൈവികമായ ഒരു തലമുണ്ട്. മേൽസൂചിപ്പിച്ച നോവലുകളിൽ എല്ലാം ഈ സ്ഥലം കൂടല്ലൂരിനെചുറ്റി പുറത്തേക്ക് വികസിക്കുന്നു.

നാലുകെട്ടിൽ സൂചിതമാകുന്ന സ്ഥലപശ്ചാത്തലം കൂടല്ലൂരിൽനിന്നാരംഭിച്ച് അവിടെത്തന്നെ സമാപിക്കുന്നു. അപ്പുണ്ണിയുടെ ബാല്യം മുതൽ കൗമാരഘട്ടത്തിലൂടെ കടന്ന് യൗവനത്തിന്റെ തുടക്കത്തിൽ എത്തുമ്പോഴേക്കും സ്ഥലപശ്ചാത്തലവും അതിനനുസൃതമായി വികസിക്കുന്നുണ്ട്. പാരമ്പര്യത്തിന്റെ ആർദ്രമായ അംശങ്ങൾ ഉൾവഹിക്കുന്ന കൂടല്ലൂരങ്ങാടി മുതൽ ആധുനികതയുടെ മേച്ചിൽപ്പുറങ്ങളിലേക്ക് വികസിക്കുന്ന സ്ഥലപശ്ചാത്തലം നാലുകെട്ടിനെ അനന്യമായ സൃഷ്ടിയാക്കിത്തീർക്കുന്നു. നോവലിൽ പരാമർശവിധേയമാകുന്ന സ്ഥലങ്ങൾ എഴുത്തുകാരന് നേരിട്ടോ അനുഭവിച്ചറിഞ്ഞോ ബന്ധമുള്ളവയാണ്. തന്റെതന്നെ പാരമ്പര്യത്തിന്റെ, പൈതൃകത്തിന്റെ ഒരംശം തങ്ങിനിൽക്കുന്ന ഈ സ്ഥലങ്ങൾ നോവലിലേക്ക് കടക്കുമ്പോൾ അപ്പുണ്ണിയുടെ വളർച്ചയുടെ നിർണായകഘട്ടങ്ങളെക്കുറിക്കുന്നു. സ്ഥലവികസനം അതിന്റെ ആത്യന്തിക വ്യവസ്ഥയിൽ അപ്പുണ്ണിയുടെ ജീവിതവളർച്ചയായി കുറിക്കപ്പെടുന്നു.

അസുരവിത്തിലേക്ക് കടക്കുമ്പോൾ സ്ഥലപശ്ചാത്തലം കിഴക്കമ്മുറിയിൽ ആരംഭിച്ച് തിരികെ വരുവാനുള്ള യാത്രയ്ക്ക് ഉപകരിക്കുന്ന അനന്തമായ സ്ഥലവിസ്തൃതിയിലേക്ക് വികസിക്കുന്നു. ഗോവിന്ദൻകുട്ടിയുടെ മാനസികചലനങ്ങളെ ഉൾവഹിക്കുന്ന ഇടങ്ങൾ നോവലിൽ അനേകമുണ്ട്. ഗ്രാമത്തിന്റെ ഉൾത്തുടിപ്പുകളെ ആവാഹിച്ചുകൊണ്ട് തന്നിലേക്കുതന്നെ നോക്കിയിരിക്കുന്ന മനുഷ്യന്റെ അഭിലാഷങ്ങൾ, പക, ശൂന്യതാബോധം ഇവയുടെ സൂചനയായി സ്ഥലപശ്ചാത്തലം മാറുന്നു. പുഴവക്കത്ത് കെട്ടിയ സിമന്റ് തിണ്ണമാത്രമേ ഗോവിന്ദൻകുട്ടിക്ക് ആവശ്യമുള്ളൂ. (അസുരവിത്ത്: പു. 19). ഇത് നിർമിതമായ കൊച്ചുസ്ഥലമാണ്. ലോകത്തിന്റെ നിറുകയിലേക്ക് വളർന്ന് വികസിക്കണമെന്ന അപ്പുണ്ണിയുടെ കാഴ്ചപ്പാട് ഗോവിന്ദൻകുട്ടിക്കില്ല. അതുകൊണ്ട് ഒതുക്കുകല്ലുകൾ കയറി പുഴവക്കത്തെ സിമന്റ് തിണ്ണയിലും കോലായിലെ മേപ്പിടിയിലും ഗോവിന്ദൻകുട്ടി നിറഞ്ഞു

നോവലിൽ ആവിഷ്കരിക്കപ്പെടുന്ന ജീവിതം എഴുത്തുകാരൻ സ്വയമേവ അറിഞ്ഞനുഭവിച്ചതിന്റെ ചില അടയാളങ്ങൾക്കൊണ്ട് സമ്പന്നമാക്കുന്നു. എഴുത്തുകാരന്റെ ജീവിതാംശം കലരാത്ത ഒരു സൃഷ്ടിയുമില്ല, കൃതി, കർത്താവ് എന്ന ദ്വന്ദ്വസങ്കൽപ്പങ്ങൾ തന്നെ ഈയൊരു തലത്തിൽ ഒന്നാകപ്പെടുന്നു

ത്തുളുമ്പുന്നു.

കാലത്തിലേക്ക് കടക്കുമ്പോൾ സുൽത്താൻ പണ്ട് പണികഴിപ്പിച്ച നഗരത്തിലേക്ക് കടന്നുപോകുന്ന പതിനാറുകാരൻ സേതുവിനെ കാണാം. അത് ജനിച്ചുവളർന്ന സ്ഥലത്തിൽനിന്നുള്ള നോവലിസ്റ്റിന്റെ വളർച്ചയുടെതന്നെ സൂചനയാണ്. കൂടല്ലൂരിൽ നിന്ന് പാലക്കാട്ടേക്കുള്ള വളർച്ച എം.ടിയുടെ ജീവിതത്തിൽ ബാല്യത്തിൽനിന്നും കൗമാരത്തിലേക്കുള്ളതാണ്. ജീവിതത്തിന്റെ ഒരരികിൽ എടപ്പാളിലെത്തപ്പെട്ട എം.ടിയെ സേതുവിലൂടെ കാലത്തിൽ കാണാൻ സാധിക്കും. കാലത്തിൽ സൂചിപ്പിക്കപ്പെടുന്ന ആനമല എന്ന സ്ഥലം പ്രതീക്ഷയുടേതാണ്. (പു. 150). അച്ഛനെപ്പറ്റി പരാമർശിക്കുമ്പോൾ ഈ സ്ഥലം കടന്നുവരുന്നുണ്ട്. ഗ്രാമത്തിൽനിന്നും ആനമലയിലേക്കുള്ള ദൂരം സേതുവിന് ബാധകമാകുന്നിടത്ത് എം.ടിക്കത് കൂടല്ലൂരിൽനിന്ന് സിലോണിലേക്കുള്ള ദൂരമാണ്. അവ്യക്തമായ ഒരോർമയാണ്. ഈ സ്ഥലരാശി എം.ടിയുടെ ഗ്രാമീണ ജീവിതാഭിനിവേശത്തിന്റേതാണ്.

അസുരവിത്തിലേക്ക് കടക്കുമ്പോൾ അപകർഷതാബോധത്തിൽനിന്ന് ഉടലെടുക്കുന്ന പക വ്യക്തിയെ കാലപശ്ചാത്തലത്തിൽ ഒറ്റപ്പെട്ടവനായി തീർക്കുന്നു. ചുറ്റുപാടും കോളറ പടർന്നുപിടിക്കുമ്പോൾ നിസ്സഹായരായ ജനങ്ങളെ രക്ഷപ്പെടുത്തുന്ന ഗോവിന്ദൻകുട്ടിയിൽ മാനവികതാബോധത്തിന്റെ പ്രതിസ്ഫുരണമല്ല മറിച്ച്, തന്നോടും ചുറ്റുപാടുകളോടുമുള്ള പകയൊന്നുമാത്രമാണ്. നോവലിൽ വെള്ളപ്പൊക്കത്തെക്കുറിച്ചുള്ള പരാമർശം, തുലാമാസത്തിൽ വെള്ളം പൊങ്ങുമ്പോൾ നിരത്ത് നക്കിയെടുത്തുകൊണ്ടാണ് പുഴയൊഴുകുക (അസുരവിത്ത്, പു-15). കാലപശ്ചാത്തലത്തിന്റെ നേർസൂചനയാണ്. നോവലിലെ മതംമാറ്റത്തിന്റെ അടയാളങ്ങൾ അറുപതുകളിൽ മലബാറിന്റെ സാംസ്കാരികഭൂമിയിൽ അരങ്ങേറിയതിന്റെ സൂചനയാണ്. ഗോവിന്ദൻകുട്ടി മതംമാറുന്നതിൽ തന്റെ വ്യവസ്ഥിതിക്കുള്ളിലെ വീർപ്പുമുട്ടലും, നിഗൂഢമായ അഭിലാഷവും കാരണങ്ങളാണ്.

## കഥാപാത്രങ്ങൾ

സ്വന്തം ജീവിതത്തിന്റെ പിന്നാമ്പുറങ്ങളിൽ കണ്ടുപരിചയിച്ച വ്യക്തിത്വങ്ങളെ ഭാവനയുടെ ചായം കലർത്തി സ്വസൃഷ്ടിയിലേക്ക് കടത്തിവിടുക ഏതൊരു എഴുത്തുകാരന്റെയും പ്രത്യേകതയാണ്. അവരുടെ സ്വഭാവസവിശേഷതകൾ, ഇടപെടലുകൾ, കുടുംബത്തിലെ സ്ഥാനം, സമൂഹവുമായുള്ള ബന്ധം ഇവയൊക്കെ ഏറിയും കുറഞ്ഞും എഴുത്തിൽ സ്ഥാനം പിടിക്കും. പക്ഷേ കൃതിയിൽ അവരുടെ പേരുവിവരങ്ങൾ വ്യത്യസ്തമായിരിക്കും. ഇവിടെയാണ് എം.ടി വ്യതിരിക്തത കാത്തുസൂക്ഷിക്കുന്നത്. തന്റെ ജീവിതവുമായി ബന്ധമുള്ള മനുഷ്യരെ അതേപടി നോവലിൽ ആവിഷ്കരിക്കുന്നു. ഇത് ഒരുതരം കലാതന്ത്രമാണ്. എഴുത്ത് അന്യമായ വേലയല്ല എന്ന് ലോകത്തോടുള്ള വെല്ലുവിളി ഇതിൽ



അന്തർഭവിച്ചിട്ടുണ്ട്. ഈ വെല്ലുവിളി ഏറ്റെടുത്ത് വിജയത്തിലേക്ക് നടന്നുനിൽക്കുന്ന എഴുത്തുകാരനാണ് എം.ടി. വാസുദേവൻനായർ.

വൈയക്തികജീവിതത്തിന്റെ നാലതിരുകൾക്കുള്ളിൽ കടന്നുവരാറുള്ളവരാണ് എം.ടിയുടെ മിക്ക കഥാപാത്രങ്ങളും. അവർക്ക് നോവലിൽ ഏറിയകൂറും അതേ പേരുകൾ തന്നെയായിരിക്കും. പ്രധാന കഥാപാത്രങ്ങളെ കുറിച്ചൊക്കെ പേരുമാറ്റി സൂചിപ്പിക്കുന്നുണ്ടെങ്കിലും അവരിൽ പലരും എം.ടിയുമായി നേരിട്ട് ബന്ധമുള്ളവർ തന്നെയാണ്. ഭാവനയുടേതായ കരവിരുത് കഥാപാത്രങ്ങൾക്ക് നൽകുമ്പോഴും തന്റെ ജീവിതാംശത്തെ എം.ടി അവരിൽനിറയ്ക്കുന്നു. അതുകൊണ്ട് 'നേരിട്ടോ പറഞ്ഞുകേട്ടോ പരിചയമുള്ളവരാവും മിക്കപ്പോഴും കഥാപാത്രങ്ങൾ. അവരിൽ എന്റെ കുറേ അംശം കലരാറുണ്ട്. എങ്കിലേ എനിക്ക് പൂർണമായി സാത്മ്യം പ്രാപിക്കാനാവൂ' (കാഥികന്റെ പണിപ്പുര) എന്ന വചനം അന്വർഥമാകുന്നു. തന്റേതായ ഒരു ആന്തരലോകം കൊണ്ട് വിസ്തൃതവും ബഹുമുഖവുമായ ഒരു ബാഹ്യലോകം സൃഷ്ടിക്കുകയാണ് എം.ടി. ചെയ്യുന്നത്.

പാടത്തു പണിചെയ്യുന്ന അയ്യപ്പൻ, താമി എന്നീ കഥാപാത്രങ്ങൾ നോവലിസ്റ്റിന്റെ സ്വകാര്യജീവിതവുമായി അഭേദ്യബന്ധം പുലർത്തുന്നതാണ് (അസുരവിത്ത്; പു. 31). ഇതേ അയ്യപ്പനോടൊപ്പമാണ് കുട്ടിയായിരുന്ന എം.ടി കോപ്പൻമാസ്റ്ററുടെ സ്കൂളിൽ പഠിക്കാൻ പോയത്. താമിയോടും വളരെയടുത്ത ഒരാത്മബന്ധം എം.ടിക്കുണ്ട്. അസുരവിത്തിലെ ഗോവിന്ദൻകുട്ടി ഇതേ താമിയിൽനിന്നാണ് ആദ്യമായി പുകവലി ശീലിക്കുന്നത്. തന്റെ ജീവിതചുറ്റുപാടിൽ താൻ പരിചയിച്ചറിഞ്ഞ ഒരുപറ്റം മനുഷ്യരെ അവരുടെ സ്വഭാവവിശേഷങ്ങൾ ചോർത്തിക്കളയാതെ എം.ടി നോവലിൽ അവതരിപ്പിക്കുന്നു. ഈ മനുഷ്യരൊക്കെയും എം.ടിയുടെ ആത്മാംശത്തിന്റെ ഭാഗമാണ്. അവരെ നോവലിലേക്ക് കടത്തിവിടുന്നതിലൂടെ നോവലുകളും ആത്മകഥാ സൃഷ്ടികളായി പരിണമിക്കുന്നു. എം.ടിയുടെ തന്നെ വാക്കുകളിൽ 'എന്റെ സാഹിത്യജീവിതത്തിൽ മറ്റെന്തിനേക്കാളുമധികം ഞാൻ കടപ്പെട്ടിരിക്കുന്നത് കൂടല്ലൂരിനോടാണ്....അച്ഛൻ, അമ്മ, ജ്യേഷ്ഠന്മാർ, ബന്ധുക്കൾ, പരിചയക്കാർ, അയൽക്കാർ ഇവരെല്ലാം എനിക്കു പ്രിയപ്പെട്ട കഥാപാത്രങ്ങളാണ്. ബാപ്പുട്ടി, കുഞ്ഞര

സ്വന്തം ജീവിതത്തിന്റെ പിന്നാമ്പുറങ്ങളിൽ കണ്ടുപരിചയിച്ച വ്യക്തിത്വങ്ങളെ ഭാവനയുടെ ചായം കലർത്തി സ്വസൃഷ്ടിയിലേക്ക് കടത്തിവിടുക ഏതൊരു എഴുത്തുകാരന്റെയും പ്രത്യേകതയാണ്. അവരുടെ സ്വഭാവസവിശേഷതകൾ, ഇടപെടലുകൾ, കുടുംബത്തിലെ സ്ഥാനം, സമൂഹവുമായുള്ള ബന്ധം ഇവയൊക്കെ ഏറിയും കുറഞ്ഞും എഴുത്തിൽ സ്ഥാനം പിടിക്കും.

യ്യാർ, ഗോവിന്ദൻകുട്ടി ഇവർ കൂടല്ലൂരിൽ അയൽക്കാരായിരുന്നു.' (എം.ടി: കഥയും പൊരുളും)

## ആചാരങ്ങൾ, ഉത്സവങ്ങൾ, സംഭവങ്ങൾ

സ്വന്തം ദേശവുമായി ബന്ധപ്പെട്ട ആചാരവിശേഷങ്ങൾ, ഉത്സവങ്ങൾ, സംഭവങ്ങൾ എന്നിവ എഴുത്തുകാരനെ പ്രത്യക്ഷമായും പരോക്ഷമായും സ്വാധീനിക്കുന്നു. യഥാർഥജീവിതത്തിന്റെ ചുറ്റിടങ്ങളിൽ സംഭവിക്കുന്ന ഇത്തരം വിശേഷങ്ങളെ അതേപടി തന്നെ രചനയിൽ ഉൾക്കൊള്ളിക്കുകയും ചെയ്യുന്നു. ഓരോ നോവലും ജീവിതാവിഷ്കരണമാകുമ്പോൾ അതുമായി ബന്ധപ്പെട്ട് അതാതുദേശത്തെയും ദേശസവിശേഷതകളെയും അടയാളപ്പെടുത്തേണ്ടതായി വരുന്നു. നോവലിസ്റ്റിന്റെ ബഹിർമുഖ വീക്ഷണമാണ് ഇതിന് നിയാമകം. നോവലിലെ കഥാസന്ദർഭങ്ങളുമായി ബന്ധപ്പെടുത്തി യുക്തിയുക്തമായ രീതിയിൽ ഇത്തരം സവിശേഷതകളെ അടയാളപ്പെടുത്തുമ്പോൾ മാത്രമേ സൃഷ്ടിയിലത് അന്തർലീനമായി കിടക്കുകയുള്ളൂ. ഇങ്ങനെ അന്തർലീനമായി കിടക്കുകയും എഴുത്തിൽത്തന്നെ ഗതിവിന്യാസക്രമങ്ങളെ നിയന്ത്രിക്കുകയും ചെയ്യുന്ന തലത്തിലേക്ക് ദേശാചാരങ്ങളും, ഉത്സവങ്ങളും സംഭവങ്ങളും ഇടംപിടിച്ചതിന്റെ സമർഥമായ തെളിവാണ് നാലുകെട്ട്, അസുരവിത്ത്, കാലം എന്നീ നോവലുകൾ.

1959ൽ പ്രസിദ്ധീകൃതമായ 'നാലുകെട്ടിൽ' ഇത്തരം ദേശാചാരപരമായ വിവരണങ്ങൾ ഏറെയുണ്ട്. അപ്പുണ്ണി ആദ്യമായി അച്ഛന്റെ തറവാട്ടിലേക്ക് മുത്താച്ചിക്കൊപ്പം കടന്നുചെല്ലുന്നത് സർപ്പംതുള്ളൽ കാണാനാണ്. കഥാഗതിയിൽ ഈ സന്ദർഭം വരുത്തിത്തീർക്കുന്ന പ്രാധാന്യം വളരെ വലുതാണ്. ഗ്രാമത്തിൽനിലനിന്നിരുന്ന രണ്ട് സർപ്പക്കാവുകളിൽ നടത്തിയിരുന്ന സർപ്പംതുള്ളലിന്റെ ചുവടുപിടിച്ചാണ് എം.ടി നോവലിന്റെ കഥാഘടനയിലേക്ക് ആവശ്യസന്ദർഭമെന്ന നിലയിൽ ഇതാവിഷ്കരിക്കുന്നത്. സർപ്പംതുള്ളൽ അപ്പുണ്ണിയിൽ വരുത്തിതീർക്കുന്ന മാറ്റം തുടർന്നുള്ള നോവലിന്റെ ഗതിയിൽ വളരെ പ്രാധാന്യമർഹിക്കുന്നു. ഇത്തരത്തിൽ ദേശത്തിന്റെ ആചാരങ്ങളെ അതേപടി കഥാപാത്രസ്വത്വത്തിന്റെ ആവിഷ്കരണോപാധിയായി അവതരിപ്പിക്കുന്നതിലൂടെ ദേശാചാരങ്ങൾ എം.ടിയിൽ വരുത്തിത്തീർത്ത മൂല്യതലം മനസ്സിലാക്കുവാൻ സാധിക്കുന്നു.

സർപ്പംതുള്ളലും പാനയും പാവക്കൂത്തും ഭുവനേശ്വരീപൂജയും തിറയും പൂതനും ഉൾപ്പെട്ട ആചാരാഘോഷങ്ങളുമെല്ലാം മലബാറിന്റെ സാംസ്കാരിക ഭൂമിയെ സവിശേഷമാക്കുന്നു. ഇതിന്റെ പ്രേരണ സൃഷ്ടികളിലേക്ക് ദേശാചാരങ്ങളുടെ ബലമേറിയ കരവിരുതായി അവതരിപ്പിക്കുന്നു. ഭ്രാന്തൻ വേലായുധന്റെയും, കാതുമുറിച്ച മീനാക്ഷി ഏട്ടത്തിയുടേയും നാടായ കൂടല്ലൂരിനോട് തന്റെ കടപ്പാട് എം.ടി സ്വകൃതികളിലൂടെ അനേകം തവണ വ്യക്തമാക്കുന്നു. എം.ടിയുടെ കഥാപാത്രങ്ങൾ തന്നോടൊപ്പം, ദേശങ്ങൾക്കും കുടുംബബന്ധങ്ങൾക്കും, സാമൂഹിക ബന്ധങ്ങൾക്കും വ്യവസ്ഥാപിത സദാചാരങ്ങൾക്കുമകത്ത് നിലകൊള്ളുന്നു. അവിടെനിന്ന് ഒരു മാറ്റത്തിന് ശ്രമിക്കുന്നു. വ്യവസ്ഥിതികളും വ്യക്തിയെ രൂപപ്പെടുത്തുന്ന രീതികളും സാമൂഹിക മാനത്തിലധിഷ്ഠിതമായ കലഹങ്ങളുമാണ് എം.ടിയുടെ കഥാപാത്രങ്ങളെ രൂപപ്പെടുത്തുന്നത്. മനുഷ്യരുടെ അവസ്ഥയെ യാഥാർഥ്യനിഷ്ഠമായി അവതരിപ്പിക്കുന്നു.

സ്വന്തം ദേശവുമായി ബന്ധപ്പെട്ട ആചാരവിശേഷങ്ങൾ, ഉത്സവങ്ങൾ, സംഭവങ്ങൾ എന്നിവ എഴുത്തുകാരനെ പ്രത്യക്ഷമായും പരോക്ഷമായും സ്വാധീനിക്കുന്നു. യഥാർഥജീവിതത്തിന്റെ ചുറ്റിടങ്ങളിൽ സംഭവിക്കുന്ന ഇത്തരം വിശേഷങ്ങളെ അതേപടിതന്നെ രചനയിൽ ഉൾക്കൊള്ളിക്കുകയും ചെയ്യുന്നു

## ഗന്ധബിംബങ്ങൾ

നോവലുകളിൽ സൂചിപ്പിക്കപ്പെടുന്ന പലതരത്തിലുള്ള ഗന്ധങ്ങൾക്ക് കഥാഗതിയുടെ ശിൽപ്പത്തിനനുസൃതമായ, ദേശത്തിന്റെ തനിമയിലധിഷ്ഠിതമായ ബന്ധമുണ്ട്. ഇവ എഴുത്തുകാരൻ അബോധപൂർവമായി കഥയിൽ ആവിഷ്കരിക്കുന്നു. പറയാനുദ്ദേശിക്കുന്ന കഥാശിൽപ്പത്തിനനുസൃതമായി എഴുത്തുകാരന്റെ ജീവിത ചുറ്റുപാടുകളിൽനിന്ന് അനുഭവിച്ചിട്ടുള്ള ഇത്തരം ഗന്ധങ്ങൾ കൃതിയിലേക്ക് കടന്നുകൂടുകയും അവയ്ക്ക് മാനസികാപഗ്രഥന സ്വഭാവം കൈവരികയും ചെയ്യുന്നു. ആത്മാംശസൃഷ്ടി എന്നുപറയുമ്പോൾ അനുഭവതലങ്ങളെ മനസ്സിന്റെ അബോധ പ്രേരണകളുമായി ബന്ധപ്പെടുത്തി ആവിഷ്കരിക്കുന്നതാണ്. ഇതിന് എഴുത്തുകാരന്റെ ജീവിതാംശവുമായി അടുപ്പമുണ്ട്.

'നാലുകെട്ടി'ൽ കഥാഗതിയുടെ വികാസഘട്ടത്തിൽ പ്രധാനമായും കടന്നുവരുന്ന ഗന്ധങ്ങളെ പരിചയപ്പെടാം. കൈതപ്പൂവിന്റെ ഗന്ധം. ഇത് തുടർച്ചയായി കടന്നുവരുന്ന ഒരു പ്രതീകവൽക്കരിക്കപ്പെട്ട ഗന്ധമാണ് (നാലുകെട്ട്, പു. 21-25). ദേശവുമായി ഗാഢബന്ധമുള്ളവർക്ക് തിരിച്ചറിയപ്പെടാവുന്ന ഈ ഗന്ധം ഗ്രാമവുമായി അത്രയേറെ ഇഴുകിച്ചേർന്നതാണ്. ഉള്ളിമൂപ്പിച്ച ചോറിന്റെ മണം, എഴുത്തുകാരൻ ജീവിതത്തിന്റെ ബാല്യകൗമാരഘട്ടങ്ങളിൽ അനുഭവിച്ചിട്ടുള്ളതാണ്. അപ്പോൾ മനസ്സിന്റെ തായ്വേരുകളിൽ അടിഞ്ഞുകൂടിയ ഇത്തരം ഗന്ധങ്ങൾ ബോധപൂർവമോ അബോധപൂർവമോ ആയ പ്രേരണയിലൂടെ എഴുത്തിലേക്ക് കടന്നുവരുന്നു. ഫ്യൂഡൽ വ്യവസ്ഥയിലെ സാമൂഹികതലത്തെ വിശദമാക്കാനുപകരിക്കുന്ന ചെറുമികളുടെ മനംപുരട്ടുന്ന മണം എന്ന പ്രസ്താവന അപ്പുണ്ണിക്ക് അങ്ങനെയേ അനുഭവിക്കാൻ കഴിയൂ. ഓരോ സൃഷ്ടിയും എഴുത്തുകാരന്റെ ബോധപൂർവവും അബോധപൂർവവുമായ മാനസിക തലങ്ങളുടെ നേർരേഖകളാണ്.

'അസുരവിത്തി'ലേക്ക് കടക്കുമ്പോൾ ഗന്ധങ്ങളുടെ വ്യത്യസ്തമായ വിതാനങ്ങൾ കാണാൻ കഴിയും. ഗോവിന്ദൻകുട്ടിയുടെ മാനസികവും സാമൂഹികവുമായ ഗതിവിഗതികൾക്കനുസൃതമായിട്ടാണ് ഇത്തരം ഗന്ധങ്ങൾ രൂപപ്പെടുന്നത്. എഴുത്തുകാരന്റെ വീക്ഷണനിലവാരം ഇതിലൂടെ വെളിവാകുന്നു. മുഴുവനുണങ്ങാത്ത ഉടുത്ത വസ്ത്രങ്ങളുടെ അസുഖകരമായ മണം; ഇത് കുടുംബത്തിന്റെ നിലവാരത്തെ സൂചിപ്പിക്കുന്നു. താൻ അനുഭവിക്കുന്ന ദാരിദ്ര്യത്തെ പ്രകടിപ്പിക്കുന്നതിലൂടെ എഴുത്തുകാരന്റെ ജീവിതാംശവുമായുള്ള ബന്ധം പരോക്ഷമായി സൂചിപ്പിക്കുന്നു. ഈ ഗന്ധം

അനുഭവിക്കുക എന്നാൽ അതിനു പിന്നിലുള്ള അവസ്ഥയിലൂടെ കടന്നുവരിക എന്നതാണ്. പിന്നീട് കടന്നുവരുന്ന തുടർച്ചയായ ഗന്ധബിംബമാണ് ഈഴക്കമുള്ള മണ്ണിന്റെ ഗന്ധം. മുറുക്കമില്ലാത്ത മണ്ണിന്റെ ഈ ഗന്ധം ജീവിതഗതിയെ ധ്വനിപ്പിക്കുന്നു. (അസുരവിത്ത്; പു. 39).

കാൽപ്പനികമായ ഗതിവിന്യാസം ഏറ്റവും ശക്തമാകുന്ന കാലത്തിൽ ഗന്ധബിംബങ്ങളുടെ സമൃദ്ധി ദൃശ്യമാണ്. തുടക്കത്തിൽ കുതിർന്ന മണ്ണിന്റെയും നരച്ച ഇരുട്ടിന്റെയും ഗന്ധമാണ് അനുഭവപ്പെടുന്നത്. നിലനിൽപ്പിനെയും മാനസികതലത്തെയും ഇത് സൂചിപ്പിക്കുന്നു (കാലം; വഴ. 7). ഈറനുണങ്ങാത്ത തുണികളുടെ ഗന്ധം നിലനിൽക്കുന്ന വ്യവസ്ഥിതിക്കുള്ളിലെ അവസ്ഥയെ ധ്വനിപ്പിക്കുന്നു. ചുറ്റുപാടുകളുടെ കടന്നുവരവിനെ പൊട്ടക്കാവളയുടെ പൂക്കളുടെ മണം സൂചിപ്പിക്കുന്നു (കാലം; പു. 169). കാൽപ്പനികമായ വിതാനത്തിൽ തന്റെ ദേശത്തിന്റെ സമൃദ്ധിയിൽ അനുഭവിച്ച ഗന്ധങ്ങൾ രചനയിലേക്ക് കടന്നുവരികയും കഥാഗതിയെ പരിപോഷിപ്പിക്കുന്ന തരത്തിൽ വിന്യസിക്കുകയും ചെയ്യുന്നു. ഇത്തരത്തിലുള്ള വിന്യസനം എഴുത്തുമായുള്ള സ്രഷ്ടാവിന്റെ മാനസികാപഗ്രഥനത്തിന്റെ ഫലമാണ്. അങ്ങനെ ഈ ഗന്ധബിംബങ്ങൾ അനുഭവതലമായി ജീവാംശമായി പരിണമിക്കുന്നു.

നനഞ്ഞ കാടിന്റെയും കരിയിലകളുടെയും ഗന്ധം, ഗ്രാമം പിന്നിട്ടപ്പോഴാണ് സേതുവിന് ഈ ഗന്ധം അനുഭവപ്പെടുന്നത് (കാലം; പു. 200-222). ഗ്രാമസേവകനായി പട്ടണത്തിലേക്ക് ജോലിക്കു പോകുമ്പോഴാണ് ഇതനുഭവപ്പെടുന്നത്. ഇതൊരു നഷ്ടപ്പെടലിന്റെ സ്വഭാവത്തെ സൂചിപ്പിക്കുന്നതാണ്. ഇതിന്റെ മറ്റൊരു തരത്തിലുള്ള വിതാനമാണ് നനഞ്ഞ പുകയുടെയും ജീർണിച്ച് ഉറക്കത്തിയ മരത്തിന്റെയും പൊളിഞ്ഞ ചുമരുകളുടെയും അസുഖകരമായ ഗന്ധം. ഇത് സേതുവിന്റെ മരിച്ച ശരീരത്തിന്റെ ഗന്ധമുണർത്തുന്നു. അതായത് ജീവിതം വ്യർഥമാകുന്നതിന്റെയും എല്ലാത്തിലും ശൂന്യതകണ്ടെത്തുന്ന മാനസികതലത്തെയും ഈ ഗന്ധങ്ങൾ അഭിവ്യഞ്ജിപ്പിക്കുന്നു. സ്വജീവിതവുമായി ബന്ധപ്പെടുത്തിയാൽ ഇതൊക്കെ അനുഭവതലം തന്നെയാണ്. ആശുപത്രിയുടെ അസുഖകരമായ ഗന്ധം; ആശുപത്രി പ്രതിസന്ധികളുടെ പ്രതീകമാണ്. ജീവിതത്തിന്റെ അനന്തമായ യാത്രയെ ധ്വനിപ്പിക്കുന്നു. അതുകൊണ്ടത് അസുഖകരമായ ഗന്ധമാണ്.

സൃഷ്ടിയിലേക്ക് എഴുത്തുകാരന്റെ അനുഭവതലങ്ങൾ ഇത്രയധികം കടത്തിവിട്ടിട്ടുള്ള സാഹിത്യകാരൻ മലയാളത്തിൽ അപൂർവമാണ്. എം.ടിയുടെ കഥകളിൽ തന്റെ ജീവിതത്തിന്റെ നേരടയാളങ്ങൾ സുലഭമായി കാണാൻ കഴിയും. ഓരോ എഴുത്തും എഴുത്തുകാരന്റെ ജീവിതത്തിന്റെ നേരടയാളങ്ങളാണ്. എം.ടിയിലത് മറ്റുള്ളവരേക്കാൾ അധികമാണ്. ആത്മകഥയും ജീവചരിത്രങ്ങളും കുറ്റാന്വേഷണ കഥകളും ഒരു സുവർണബിന്ദുവിൽ സംഗമിക്കുന്നതുപോലെയാണ് എം.ടിയുടെ സങ്കേതം. കുറ്റവും ശിക്ഷയും ആ കഥാലോകത്തിന്റെ ആത്മഭാവമാണ്. കുറ്റസമ്മതത്തിന്റെ നീരോട്ടം മണ്ണിന്നു ഈർപ്പവും തളിരിന്നു പച്ചത്തുടിപ്പും നൽകുന്നു.. തീർത്തും ആത്മനിഷ്ഠമാണ് അദ്ദേഹത്തിന്റെ രീതികൾ... ഇരുട്ടിലൂടെ നടക്കുന്ന വെളിച്ചത്തിന്റെ ആത്മാവാണ് എം.ടി. (വെളിച്ചത്തിന്റെ ആത്മാവ്, എം.ടി. കഥയും പൊരുളും- എൻ. വി. മുഹമ്മദ്) ജീവിതയാത്രയിൽ വഴിപിരിഞ്ഞു പോയെങ്കിലും എം.ടിക്കുണ്ടായിരുന്ന ഏക സതീർഥ്യന്റെ ഈ വാക്കുകൾ അദ്ദേഹത്തിന്റെ രചനാലോകത്തിന്റെ ആന്തരിക പ്രത്യേകത ചൂണ്ടിക്കാട്ടുന്നു.

മനുഷ്യന്റെ അനുഭവമണ്ഡലങ്ങൾ വിശാലമായിക്കൊണ്ടിരിക്കുന്ന സാഹചര്യത്തിൽ നോവലുകൾക്കും ആത്മകഥകൾക്കും യാതൊരു കുറവും ഉണ്ടാവുകയില്ല. ഇത്തരം അനുഭവമണ്ഡലങ്ങളെ തന്റെ കൃതികളിലേക്ക് ഭാഷയുടെ കാൽപ്പനിക വിതാനത്തിൽ കടത്തിവിടുകയും കഥാപാത്രങ്ങൾ തന്റെ ജീവിതത്തിന്റെ ഭാഗമായി തീരുകയും ചെയ്യുന്ന സ്ഥിതിവിശേഷം എം.ടിയെ മലയാളത്തിലെ മറ്റെഴുത്തുകാരിൽനിന്നും വ്യത്യസ്തനാക്കുന്നു.

**മനുഷ്യന്റെ അനുഭവമണ്ഡലങ്ങൾ വിശാലമായിക്കൊണ്ടിരിക്കുന്ന സാഹചര്യത്തിൽ നോവലുകൾക്കും ആത്മകഥകൾക്കും യാതൊരു കുറവും ഉണ്ടാവുകയില്ല. ഇത്തരം അനുഭവമണ്ഡലങ്ങളെ തന്റെ കൃതികളിലേക്ക് ഭാഷയുടെ കാൽപ്പനിക വിതാനത്തിൽ കടത്തിവിടുകയും കഥാപാത്രങ്ങൾ തന്റെ ജീവിതത്തിന്റെ ഭാഗമായി തീരുകയും ചെയ്യുന്ന സ്ഥിതിവിശേഷം എം.ടിയെ മലയാളത്തിലെ മറ്റെഴുത്തുകാരിൽ നിന്നും വ്യത്യസ്തനാക്കുന്നു.**

## ഗ്രന്ഥസൂചി


1. അച്യുതൻ, എം. നോവൽ പ്രശ്നങ്ങളും പഠനങ്ങളും, നാഷണൽ ബുക്ക് സ്റ്റാൾ, കോട്ടയം, 1983.

2. ജയകുമാർ, കെ. എം.ടിയുടെ സർഗപ്രപഞ്ചം, കേരളഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, തിരുവനന്തപുരം, 1997.

3. ജയകുമാർ, കെ. (എഡി), എം.ടി കല കാലം വ്യക്തി, ഡി.സി ബുക്സ്, കോട്ടയം, 1998.

4. തരകൻ, കെ.എം. അനശ്വരനായ ഉറൂബ്, നാഷണൽ ബുക്ക് സ്റ്റാൾ, കോട്ടയം, 1982.

5. തരകൻ, കെ.എം. മലയാളനോവൽ സാഹിത്യചരിത്രം, കേരളസാഹിത്യ അക്കാദമി, തൃശ്ശൂർ, 2005.

6. നരേന്ദ്രപ്രസാദ്, ആർ. ഭാവുകത്വം മാറുന്നു, നന്ദ, തിരുവനന്തപുരം, 1975.

7. പവിത്രൻ, എ.വി. (സമ്പാ), എം.ടിയുടെ ലോകങ്ങൾ, എസ്.പി.സി.എസ്, കോട്ടയം, 1998.

8. വാസുദേവൻനായർ, എം.ടി. രമണീയം ഒരു കാലം, ഒലീവ് പബ്ലിക്കേഷൻസ്, കോഴിക്കോട്, 1999.

9. വാസുദേവൻനായർ, എം.ടി. അസുരവിത്ത്, ഡി.സി.ബുക്സ്, കോട്ടയം, 2004.

10. വാസുദേവൻനായർ, എം.ടി. കർണാന്തളിപ്പൂക്കളുടെ കാലം, കറന്റ് ബുക്സ്, തൃശ്ശൂർ, 2004.

11. വാസുദേവൻനായർ, എം.ടി. കാഥികന്റെ പണിപ്പുര, ഡി.സി.ബുക്സ്, കോട്ടയം, 2004.

12. വാസുദേവൻനായർ, എം.ടി. നാലുകെട്ട്, കറന്റ് ബുക്സ്, തൃശ്ശൂർ, 2006.

13. വാസുദേവൻനായർ, എം.ടി. അമ്മയ്ക്ക്, കറന്റ് ബുക്സ്, തൃശ്ശൂർ, 2008.

14. വാസുദേവൻനായർ, എം.ടി, കാലം, കറന്റ് ബുക്സ്, തൃശ്ശൂർ, 2009.


*(അയ്യപ്പദാസ് മാവേലിക്കര - 9496 619 684)*



# ഗ്രഹഭേദം സംഗീതത്തിൽ

ഡോ: സുനിൽ വി.ടി

സംഗ്രഹം : മനോധർമ്മ സംഗീതത്തിന് ഭാരതീയസംഗീതത്തിൽ പ്രത്യേകിച്ച് കർണാടക സംഗീതത്തിൽ അതിപ്രധാനമായൊരു സ്ഥാനമാണുള്ളത്. പ്രായോഗികസംഗീതത്തിലെ സവിശേഷമായ ഒരു ഭാഗമാണ് മനോധർമ്മസംഗീതം. മനോധർമ്മസംഗീതത്തിലെ ഒരു പ്രധാനഭാഗമായ രാഗാലാപനത്തിലും ചിലപ്പോൾ സ്വരപ്രസ്താരത്തിലും ഉപയോഗിക്കുന്ന ഒരു വിശേഷ സഞ്ചാരമാണ് ഗ്രഹഭേദം എന്നറിയപ്പെടുന്നത്. സംഗീതത്തിൽ ഗ്രഹമെന്നാൽ ആരംഭിക്കുന്ന സ്ഥാനമെന്നാണ് അർഥം. ഒരു രാഗത്തിലെ ഷഡ്ജം ഒഴികെ മറ്റേതെങ്കിലും ഒരു സ്വരത്തെ ആധാരഷഡ്ജമായി (അടിസ്ഥാനമാക്കി) പ്രസ്തുത രാഗത്തിന്റെ സ്വരസ്ഥാനങ്ങളിലൂടെ സഞ്ചരിച്ച് ആ രാഗം ആലപിക്കുമ്പോൾ മറ്റൊരു രാഗം ധ്വനിപ്പിക്കുന്നതാണ് ഗ്രഹഭേദം എന്ന പ്രക്രിയയിലൂടെ നടക്കുന്നത്. ഗ്രഹഭേദം പ്രയോഗിക്കുന്ന രീതി, പ്രത്യേകതകൾ, മറ്റ് സംഗീതസമ്പ്രദായങ്ങളിൽ ഇതിന്റെ ഉപയോഗം തുടങ്ങി ഗ്രഹഭേദത്തിന്റെ സാധ്യതകൾ പരിശോധിക്കുകയാണ് ഈ പ്രബന്ധത്തിൽ

സൂചകപദങ്ങൾ: ഗ്രഹഭേദം, ആധാര ഷഡ്ജം, സ്വരം, രാഗം, മൂർച്ഛന, ശ്രുതി

## ആമുഖം

സംഗീതമുണ്ടായ കാലം മുതൽ നടന്നുവരുന്ന നിരന്തരമായ അന്വേഷണങ്ങളുടേയും ഗവേഷണങ്ങളുടേയും ശ്രമഫലമാണ് ഇന്നു സംഗീതത്തിൽ ഉപയോഗിക്കപ്പെടുന്ന ശ്രുതികളും സ്വരങ്ങളും രാഗങ്ങളും പുതിയ പുതിയ രാഗങ്ങളുടെ ഉൽഭവത്തിലേക്ക് നയിച്ച സങ്കേതങ്ങളിലൊന്നാണ് ഗ്രഹഭേദം. സംഗീതത്തിൽ ഗ്രഹമെന്നാൽ ആരംഭിക്കുന്ന സ്ഥാനമെന്നാണ് അർഥം. താളത്തിൽ ഗ്രഹമെന്ന പദം എടുപ്പിനെ സൂചിപ്പിക്കുന്നു. ഒരു രാഗത്തിന്റെ ഷഡ്ജമൊഴികെ ഏതെങ്കിലും ഒരു സ്വരത്തെ ആധാര ഷഡ്ജമാക്കി മറ്റ് സ്വരങ്ങൾ ക്രമാനുഗതമായി പാടുകയോ വാദ്യങ്ങളിൽ പ്രയോഗിക്കുകയോ ചെയ്ത് മറ്റ് രാഗങ്ങളുടെ ഛായയെ കാണിക്കുന്ന പ്രക്രിയയെയാണ് ഗ്രഹഭേദം എന്ന് വിളിക്കുന്നത്. ഗ്രഹസ്വരഭേദം, ശ്രുതിഭേദം എന്നിങ്ങനേയും ഈ പ്രക്രിയയെ വിളിക്കാറുണ്ട്. Modal Shift of Tonic എന്നാണു ഇംഗ്ലീഷിൽ ഇത് അറിയപ്പെടുന്നത്. Mode എന്ന ഗ്രീക്ക് വാക്കിനു scale എന്നാണർഥം. Tonic എന്നാൽ ആധാര ഷഡ്ജവും.

## ഗ്രഹഭേദം- പ്രയോഗം

ഒരു രാഗത്തിൽ അടങ്ങിയിരിക്കുന്ന സ്വരങ്ങൾ തമ്മിലുള്ള അന്തരം അഥവാ ഇടവേളകൾ (intervals) ഒരേപോലെ അല്ലാത്തതിനാലാണ് ആധാര ഷഡ്ജം മാറുമ്പോൾ അതിനനുസരിച്ച് മറ്റ് സ്വരസ്ഥാനങ്ങൾക്കും മാറ്റം വരുന്നത്. അതിനാലാണ് വേറൊരു രാഗത്തിന്റെ അനുഭവം ശ്രോതാക്കൾക്ക് ഉണ്ടാകുന്നത്. ഉദാഹരണത്തിന് മോഹന രാഗത്തിന്റെ ഋഷഭം ആധാര ഷഡ്ജമാക്കി ഗ്രഹഭേദം ചെയ്താൽ രി, ഗ, പ, ധ, സ, രി എന്നീ സ്വരങ്ങൾ യഥാക്രമം സ, രി, മ, പ, നി, സ എന്നായിരിക്കും ധ്വനിക്കുക. ഇത് മധ്യമാവതി എന്ന രാഗത്തിന്റെ സ്വരസ്ഥാനങ്ങൾ തന്നെയാണ്. താഴെ കൊടുത്തിരിക്കുന്ന പട്ടിക കാണുക.

| | | | | | | | | | | | | | | |
|---|---|---|---|---|---|---|---|---|---|---|---|---|---|---|
| സ | : | രി | : | ഗ | : | : | പ | : | ധ | : | : | സ | : | രി |
| | | സ | : | രി | : | : | മ | : | പ | : | : | നി | : | സ |

മധ്യമാവതി

ഇതുപോലെ മോഹന രാഗത്തിന്റെ ഗ, പ, ധ എന്നീ സ്വരങ്ങൾ ആധാര ഷഡ്ജമാക്കി ഗ്രഹഭേദം ചെയ്താൽ ഹിന്ദോളം, ശുദ്ധസാവേരി, ശുദ്ധധന്യാസി എന്നീ രാഗങ്ങൾ ലഭിക്കും.

| | | | | | | | | | | | | |
|---|---|---|---|---|---|---|---|---|---|---|---|---|
| ഗ | : | : | പ | : | ധ | : | : | സ | : | രി | : | ഗ |
| സ | : | : | ഗ | : | മ | : | : | ധ | : | നി | : | സ |

ഹിന്ദോളം

| | | | | | | | | | | | | |
|---|---|---|---|---|---|---|---|---|---|---|---|---|
| പ | : | ധ | : | : | സ | : | രി | : | ഗ | : | : | പ |

| | | | | | | | | | | | | |
|---|---|---|---|---|---|---|---|---|---|---|---|---|
| സ | : | രി | : | : | മ | : | പ | : | ധ | : | : | സ |

ശുദ്ധസാവേരി

| | | | | | | | | | | | | |
|---|---|---|---|---|---|---|---|---|---|---|---|---|
| ധ | : | : | സ | : | രി | : | ഗ | : | : | പ | : | ധ |
| സ | : | : | ഗ | : | മ | : | പ | : | : | നി | : | സ |

ശുദ്ധധന്യാസി

എല്ലാ രാഗങ്ങളേയും, രാഗങ്ങളുടെ എല്ലാ സ്വരങ്ങളേയും ഗ്രഹഭേദം ചെയ്യാൻ കഴിയണമെന്നില്ല. ഗ്രഹഭേദം സാധ്യമായ രാഗങ്ങളെ മൂർച്ഛനകാരകരാഗങ്ങളെന്നും അല്ലാത്തവയെ അമൂർച്ഛനകാരക രാഗങ്ങളെന്നും വിശേഷിപ്പിക്കുന്നു. പ്രാചീന സംഗീതത്തിൽ മൂർച്ഛന എന്ന പദമാണ് ഗ്രഹഭേദത്തെ സൂചിപ്പിച്ചിരുന്നത്. ഗ്രാമത്രയങ്ങളും അവയുടെ സപ്തസ്വരമൂർച്ഛനകളും ഏതാണ്ട് എല്ലാ ലക്ഷണഗ്രന്ഥങ്ങളിലും പ്രതിപാദിക്കപ്പെട്ടിട്ടുണ്ട്.

ഒരു സമ്പൂർണ രാഗം ഗ്രഹഭേദം ചെയ്താൽ കിട്ടുന്നത് ഒരു സമ്പൂർണ രാഗം തന്നെയായിരിക്കും. അതുപോലെ ഒരു ഷാഡവ രാഗത്തിൽനിന്ന് ഷാഡവരാഗവും ഔഡവ രാഗത്തിൽനിന്ന് ഔഡവരാഗവും സ്വരാന്തരരാഗത്തിൽനിന്ന് സ്വരാന്തരരാഗവും മാത്രമേ ജനിക്കുകയുള്ളൂ. ഔഡവ സമ്പൂർണമോ സമ്പൂർണ ഔഡവമോ, ഷാഡവ സമ്പൂർണമോ സമ്പൂർണ ഷാഡവമോ ഗ്രഹഭേദം ചെയ്താലും അതേ വർഗത്തിൽപ്പെട്ട രാഗങ്ങൾ തന്നെയായിരിക്കും ലഭിക്കുക. ഉദാഹരണത്തിനു സമ്പൂർണ രാഗമായ ശങ്കരാഭരണത്തിന്റെ രി, ഗ, മ, പ, ധ എന്നീ സ്വരങ്ങൾ ആധാര ഷഡ്ജമാക്കി ഗ്രഹഭേദം ചെയ്താൽ ഖരഹരപ്രിയ, തോഡി, മേചകല്യാണി, ഹരികാംബോജി, നഠഭൈരവി എന്നീ സമ്പൂർണ രാഗങ്ങൾ ലഭിക്കും. ശങ്കരാഭരണത്തിന്റെ നിഷാദം മൂർച്ഛന ചെയ്താൽ കിട്ടുന്നത് ഒരു പഞ്ചമവർജ രാഗമാകയാൽ നിഷാദം ഒരു അമൂർച്ഛനകാരക സ്വരമായി ഗണിക്കുകയും ചെയ്യുന്നു.

| | | | | | | | | | | | | |
|---|---|---|---|---|---|---|---|---|---|---|---|---|
| നി | സ | : | രി | : | ഗ | മ | : | പ | : | ധ | : | നി |
| സ | രി | : | ഗ | : | മ1 | മ2 | : | ധ | : | നി | : | സ |

ഷാഡവ രാഗമായ ശ്രീരഞ്ജിനിയുടെ ഋഷഭം ഗ്രഹഭേദം ചെയ്താൽ ലഭിക്കുന്നത് അംഭോരുഹം (44) അഥവാ കശ്യപി (8) എന്ന ഷാഡവ രാഗമാണ്.

| | | | | | | | | | | | | |
|---|---|---|---|---|---|---|---|---|---|---|---|---|
| രി | ഗ | : | മ | : | : | : | ധ | നി | : | സ | : | രി |
| സ | രി | : | ഗ | : | : | : | പ | ധ | : | നി | : | സ |

അംഭോരുഹം

ഔഡവ രാഗമായ മധ്യമാവതിയുടെ ഋഷഭം ഗ്രഹഭേദം ചെയ്താൽ ലഭിക്കുന്നത് ഔഡവ രാഗമായ ഹിന്ദോളം ആയിരിക്കും.

| | | | | | | | | | | | | |
|---|---|---|---|---|---|---|---|---|---|---|---|---|
| രി | : | : | മ | : | പ | : | : | നി | : | സ | : | രി |
| സ | : | : | ഗ | : | മ | : | : | ധ | : | നി | : | സ |

ഹിന്ദോളം

സ്വരാന്തര രാഗമായ ലവംഗിയുടെ ഋഷഭം ഗ്രഹഭേദം ചെയ്താൽ ലഭിക്കുന്നത് ശങ്കരി(29) എന്ന സ്വരാന്തര രാഗമാണ്.

| | | | | | | | | | | | | |
|---|---|---|---|---|---|---|---|---|---|---|---|---|
| രി | : | : | : | മ | : | : | ധ | : | : | : | സ | രി |
| സ | : | : | : | ഗ | : | : | പ | : | : | : | നി | സ |

ശങ്കരി

ഔഡവ സമ്പൂർണമായ ആരഭിയുടെ ഗാന്ധാരം ഗ്രഹഭേദം ചെയ്താൽ ലഭിക്കുന്നത് ഔഡവ സമ്പൂർണമായ മോഹന കല്യാണി (65) എന്ന രാഗമാണ്.

| | | | | | | | | | | | | |
|---|---|---|---|---|---|---|---|---|---|---|---|---|
| ഗ | : | മ | : | പ | : | : | നി | : | സ | : | : | ഗ |
| സ | : | രി | : | ഗ | : | : | പ | : | ധ | : | : | സ |
| ഗ | : | മ | : | പ | : | ധ | നി | : | സ | : | രി | ഗ |
| സ | : | രി | : | ഗ | : | മ | പ | : | ധ | : | നി | സ |

മോഹനകല്യാണി

## മൂർച്ഛനകാരക മേളങ്ങൾ

72 മേളകർത്താ രാഗങ്ങളിൽ 56 എണ്ണം മൂർച്ഛനകാരകമേളങ്ങളാണ്. ശേഷിച്ച 6, 12, 31, 37, 38, 39, 40, 41, 42, 47, 48, 49, 50, 52, 67, 68 എന്നീ 16 മേളങ്ങൾ അമൂർച്ഛനകാരക മേളങ്ങളുടെ ഗണത്തിൽപ്പെടുന്നു. എല്ലാ സ്വരങ്ങളും ഗ്രഹഭേദം സാധിക്കുന്ന ഒരു മേളവുമില്ല. എന്നാൽ ജന്യരാഗങ്ങളിൽ ചിലതിൽ എല്ലാ സ്വരങ്ങളും മൂർച്ഛന ചെയ്യാൻ കഴിയുന്നവയാണ്. ഇവ സർവസ്വരമൂർച്ഛനകാരകരാഗങ്ങൾ എന്നറിയപ്പെടുന്നു.

ഉദാ: മധ്യമാവതി, ഹിന്ദോളം, മോഹനം മുതലായവ

കച്ചേരികളിൽ ഗ്രഹഭേദം ചെയ്യുമ്പോൾ ശ്രദ്ധിക്കേണ്ട ചില കാര്യങ്ങളുണ്ട്. പ്രത്യേകിച്ചും വായ്പ്പാട്ടിൽ. സ്വരജ്ഞാനവും ശ്രുതിയെപ്പറ്റിയുള്ള ധാരണയും വേണ്ടത്രയുള്ളവർ ഗ്രഹഭേദം ചെയ്യുന്നതാണ് നല്ലത്. ഗ്രഹഭേദം ചെയ്ത് വേറൊരു രാഗത്തിന്റെ പ്രയോഗങ്ങൾ ആലപിച്ച ശേഷം തിരികെ അടിസ്ഥാന രാഗത്തിലേക്ക് വരുന്നത് വളരെ ശ്രമകരമാണെന്നതു തന്നെ കാരണം. രാഗാലാപനയിൽ മാത്രമല്ല സ്വരകൽപ്പനയിലും ഗ്രഹഭേദം പ്രയോഗിക്കപ്പെടാറുണ്ട്. ഗ്രഹഭേദം ചെയ്ത് കല്പനസ്വരം ആലപിക്കുന്നതിൽ അഗ്രഗണ്യരാണ് ഡോ: ബാലമുരളീകൃഷ്ണ, പണ്ഡിറ്റ് ജസ്‌രാജ് മുതലായ സംഗീതജ്ഞർ.

## ഗ്രഹഭേദവുമായി ബന്ധപ്പെട്ട ചില നിരീക്ഷണങ്ങൾ

1. ഒരു രാഗത്തിന്റെ പഞ്ചമ മൂർച്ഛന ചെയ്ത് ലഭിക്കുന്ന രാഗത്തിന്റെ മധ്യമ മൂർച്ഛന ആയിരിക്കും ആദ്യത്തെ രാഗം. ഉദാ: മോഹത്തിന്റെ പഞ്ചമ മൂർച്ഛനയാണ് ശുദ്ധസാവേരി.

ശുദ്ധസാവേരിയുടെ മധ്യമ മൂർച്ഛനയായി ലഭിക്കുന്ന രാഗം മോഹനം തന്നെയായിരിക്കും.

| | | | | | | | | | | | | | |
|---|---|---|---|---|---|---|---|---|---|---|---|---|---|
| പ | : | ധ | : | : | സ | : | രി | : | : | ഗ | : | : | പ |
| സ | : | രി | : | : | മ | : | പ | : | : | ധ | : | : | സ |

ശുദ്ധസാവേരി

| | | | | | | | | | | | | |
|---|---|---|---|---|---|---|---|---|---|---|---|---|
| മ | : | പ | : | ധ | : | : | സ | : | രി | : | : | പ |
| സ | : | രി | : | ഗ | : | : | പ | : | ധ | : | : | സ |

മോഹനം

2. ഒരു രാഗത്തിന്റെ ഗാന്ധാര മൂർച്ഛന ചെയ്തത് ലഭിക്കുന്ന

രാഗത്തിന്റെ ധൈവത മൂർച്ചന ആയിരിക്കും ആദ്യത്തെ രാഗം. ഉദാ: മോഹനത്തിന്റെ ധൈവത മൂർച്ഛനയാണ് ഹിന്ദോളം. ഹിന്ദോളത്തിന്റെ ഗാന്ധാര മൂർച്ഛനയായി ലഭിക്കുന്ന രാഗം മോഹനം തന്നെയായിരിക്കും.

| | | | | | | | | | | | | |
|---|---|---|---|---|---|---|---|---|---|---|---|---|
| ഗ | ഃ | ഃ | പ | ഃ | ധ | ഃ | ഃ | സ | ഃ | രി | ഃ | ഗ |
| സ | ഃ | ഃ | ഗ | ഃ | മ | ഃ | ഃ | ധ | ഃ | നി | ഃ | സ |

ഹിന്ദോളം

| | | | | | | | | | | | | |
|---|---|---|---|---|---|---|---|---|---|---|---|---|
| ധ | ഃ | നി | ഃ | സ | ഃ | ഃ | ഗ | ഃ | മ | ഃ | ഃ | ധ |
| സ | ഃ | രി | ഃ | ഗ | ഃ | ഃ | പ | ഃ | ധ | ഃ | ഃ | സ |

മോഹനം

3. ഒരു രാഗത്തിന്റെ ഋഷഭ മൂർച്ഛന ചെയ്ത് ലഭിക്കുന്ന രാഗത്തിന്റെ നിഷാദ മൂർച്ഛന ആയിരിക്കും ആദ്യത്തെ രാഗം. ഉദാ: മോഹനത്തിന്റെ ഋഷഭ മൂർച്ഛനയാണ് മധ്യമാവതി. മധ്യമാവതിയുടെ നിഷാദ മൂർച്ഛനയായി ലഭിക്കുന്ന രാഗം മോഹനം തന്നെയായിരിക്കും.

| | | | | | | | | | | | | |
|---|---|---|---|---|---|---|---|---|---|---|---|---|
| രി | ഃ | ഗ | ഃ | ഃ | പ | ഃ | ധ | ഃ | ഃ | സ | ഃ | രി |
| സ | ഃ | രി | ഃ | ഃ | മ | ഃ | പ | ഃ | ഃ | നി | ഃ | സ |

മധ്യമാവതി

| | | | | | | | | | | | | |
|---|---|---|---|---|---|---|---|---|---|---|---|---|
| നി | ഃ | സ | ഃ | രി | ഃ | ഃ | മ | ഃ | പ | ഃ | ഃ | നി |
| സ | ഃ | രി | ഃ | ഗ | ഃ | ഃ | പ | ഃ | ധ | ഃ | ഃ | സ |

മോഹനം

4. ഒരു ശുദ്ധമധ്യമ മേളത്തിന്റെ പഞ്ചമ മൂർച്ഛനയുടെ മേള നമ്പർ ഃ ആണെന്നിരിക്കട്ടെ. ആ ശുദ്ധമധ്യമ മേളത്തിന്റെ പ്രതിമധ്യമ മേളത്തിന്റെ പഞ്ചമ മൂർച്ഛനയുടെ മേള നമ്പർ ഃ+1 ആയിരിക്കും. ഉദാ: ശങ്കരാഭരണത്തിന്റെ പഞ്ചമ മൂർച്ഛനയായ ഹരികാംബോജിയുടെ മേള നമ്പർ = 28. ശങ്കരാഭരണത്തിന്റെ പ്രതിമധ്യമ മേളമായ മേചകല്യാണിയുടെ പഞ്ചമ മൂർച്ഛനയുടെ മേള നമ്പർ ഃ+1 ആയിരിക്കും.28+1 = 29 (ശങ്കരാഭരണം)
5. പ്രതിമധ്യമ മേളങ്ങളുടെ മധ്യമ മൂർച്ഛന വഴി ഗ്രഹഭേദം സാധ്യമല്ല.
6. ശുദ്ധഗാന്ധാരം വരുന്ന മേളങ്ങളുടെ ഗാന്ധാര മൂർച്ഛന സാധ്യമല്ല.
7. മേളകർത്താരാഗങ്ങളിൽ ഏഴാമത്തെ ചക്രമായ ഋഷിയിൽ ഉൾപ്പെടുന്ന ഒരു മേളവും ഗ്രഹഭേദം സാധ്യമായ മേളങ്ങളല്ല.
8. മധ്യമ മൂർച്ഛന വഴി അതിന്റെ പ്രതിമധ്യമ മേളം ലഭിക്കുന്ന ഒരേ ഒരു മേളമാണ് ശങ്കരാഭരണം.
9. പഞ്ചമ മൂർച്ഛന വഴി അതിന്റെ ശുദ്ധമധ്യമ മേളം ലഭിക്കുന്ന ഒരേ ഒരു മേളമാണ് മേചകല്യാണി.



## ഗ്രഹഭേദം മറ്റ് സംഗീത സമ്പ്രദായങ്ങളിൽ

പാശ്ചാത്യ സംഗീതത്തിൽ ഗ്രഹഭേദം, മോഡുലേഷൻ എന്ന പേരിലാണ് അറിയപ്പെടുന്നത്. പ്രാചീന ഗ്രീക്ക് സംഗീതത്തിലെ മോഡുകൾ (scales) മോഡൽ ഷിഫ്റ്റ് ഓഫ് ടോണിക് (Modal Shift of Tonic) വഴിയാണ് രൂപപ്പെട്ടിട്ടുള്ളത്. ഗ്രീക്ക് സംഗീതത്തിലെ അടിസ്ഥാന സ്കെയിലായ ലോണിയൻ കർണാടക സംഗീതത്തിലെ ശങ്കരാഭരണത്തിന് സമാനമാണ്. ഈ മോഡുകൾ അടിസ്ഥാന മോഡുകളായി പതിനഞ്ചാം നൂറ്റാണ്ടുവരെ യൂറോപ്പിൽ ഉപയോഗിച്ചിരുന്നു. അടിസ്ഥാന മോഡും അതിന്റെ മൂർച്ഛനകളും കാണുക.

| ഗ്രീക്ക് മോഡുകൾ | റേഞ്ച് | സമാന മേളം |
|---|---|---|
| ലോണിയൻ | ഇ ഇ | ശങ്കരാഭരണം |
| ഡോറിയൻ | ഉ ഉ | ഖരഹരപ്രിയ |
| ഹൈപ്പൊ ഏലിയൻ | ഋ ഋ | ഹനുമത്തോഡി |
| ലിഡിയൻ | എ എ | മേചകല്യാണി |
| ഹൈപ്പോണിയൻ | ഏ ഏ | ഹരികാംബോജി |
| എയിലിയൻ | അ അ | നഠഭൈരവി |
| ലോക്രിയൻ | ആ ആ | സമാന മേളമില്ല |

പ്രാചീന തമിഴ് സംഗീതത്തിൽ കുറൽ തിരിപ്പ് എന്ന പേരിലാണ് ഗ്രഹഭേദം അറിയപ്പെട്ടിരുന്നത്. ആധുനിക സംഗീതത്തിലെ ഷഡ്ജത്തിന് സമാനമാണ് കുറൽ എന്ന പദം. തമിഴ് സംഗീതത്തിലെ അടിസ്ഥാന മേളമായ (പൺ) പാലൈയാഴിനെകുറിച്ചും (ചെംപാലൈ) അവയുടെ മൂർച്ഛനകളെകുറിച്ചും ചിലപ്പതികാരം, തൊൽകാവ്യം തുടങ്ങിയ ഗ്രന്ഥങ്ങളിൽ എല്ലാം തന്നെ പരാമർശമുണ്ട്. മറുമുദൽ പണ്ണതൽ എന്ന് ഗ്രഹഭേദത്തെ ചില ഗ്രന്ഥങ്ങൾ വിളിക്കുമ്പോൾ പണ്ണ് പേയാർത്താൽ എന്നാണ് സംഘകാലത്തെ ചില ഗ്രന്ഥങ്ങൾ ഈ പ്രക്രിയയെ വിശേഷിപ്പിക്കുന്നത്.

ചിലപ്പതികാരത്തിന് ആഖ്യാനമെഴുതിയ ആഡിയാർക്കുനല്ലാർ, ഗ്രഹഭേദത്തെ വലമുറൈ (clockwise method), ഇടമുറൈ (anti clockwise method) എന്നിങ്ങനെ രണ്ട് തരത്തിൽ വിശേഷിപ്പിക്കുന്നു. തമിഴ് സംഗീതത്തിലെ അടിസ്ഥാന മേളമായ പാലൈയാഴും അതിന്റെ മൂർച്ഛനകളും കാണുക.

| | തമിഴ്സംഗീതം | കർണാടക സംഗീതം |
|---|---|---|
| 1 | പാലൈയാഴ് (ചെംപാലൈ) | ഹരികാംബോജി |
| 2 | പദുമലൈപ്പാലൈ | മേചകല്യാണി |
| 3 | ശെവ്വഴിപ്പാലൈ | ഹനുമത്തോഡി |
| 4 | അറും പാലൈ | ഖരഹരപ്രിയ |
| 5 | കോടിപ്പാലൈ | ശങ്കരാഭരണം |
| 6 | വിളരിപ്പാലൈ | സമാന മേളമില്ല |
| 7 | മേർചെമ്പാലൈ | നഠഭൈരവി |



ഹിന്ദുസ്ഥാനി സംഗീതത്തിൽ ഗ്രഹഭേദം ഖരജ് ഭേദ് എന്ന പേരിൽ അറിയപ്പെടുന്നു. പണ്ഡിറ്റ് ജസ്‌രാജ് പ്രതിനിധീകരിക്കുന്ന മേവതി ഘരാനയിൽനിന്നുള്ള സംഗീതജ്ഞരാണ് ഹിന്ദുസ്ഥാനി സംഗീതത്തിൽ ഗ്രഹഭേദത്തിന്റെ സാധ്യതകൾ പരമാവധി ഉപയോഗപ്പെടുത്തുന്നതായി കണ്ടുവരുന്നത്.

## റഫറൻസ്

1. എ.കെ രവീന്ദ്രനാഥ്, ദക്ഷിണേന്ത്യൻ സംഗീതം, കേരളസാംസ്കാരിക വകുപ്പ്, തിരുവനന്തപുരം, 1985, പ്രിന്റ്

2. ഡോ. വി.ടി സുനിൽ, സംഗീതനിഘണ്ടു. ഡി.സി ബുക്സ്, കോട്ടയം, 2012, പ്രിന്റ്

3. Dr. P.T. Chelladurai, The Splendour of South Indian Music, Vaigarai Publishers Dindigul, 1991, Print

4. T.V. Kuppuswami, Carnatic Music and the Tamils, Kalinga Publications, Delhi, 1992, print

5. Dr. P. Sambamoorthy, Dictionary of Indian Music, The Indian Music publishing House, Madras 1984, Print


6. Dr. P. Sambamoorthy, South Indian Music, The Indian Music Publishing House, Madras 1982, Print

7. Dr. Vidya Sankar, The Art and Science of Carnatic Music, Parampara series, Chennai, 1983, Print

8. www.webspace.webring.com,related andava ragams. web

*(ഡോ: സുനിൽ വി.ടി - 9447817033 sunilvtmilu@gmail.com)*

കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്




ശാസ്ത്രപഠനത്തിന്റെ
രസങ്ങളും രഹസ്യങ്ങളും

പ്രൊഫ. എസ്. ശിവദാസ്

ശാസ്ത്രപരീക്ഷണങ്ങളിലൂടെ വിദ്യാർഥികൾക്ക് ശാസ്ത്രകൗതുകം വർധിപ്പിക്കാൻ ഉതകുന്ന പുസ്തകം. ശാസ്ത്രപരീക്ഷണങ്ങൾ ചെയ്തു നോക്കാൻ താൽപ്പര്യമുള്ളവർക്ക് ഒരു റഫറൻസ് പുസ്തകമായി ഈ ഗ്രന്ഥം പ്രയോജനപ്പെടുത്താം.


₹ 640




**ഭഗവദ്ഗീത മലയാളം**
**ശരത്ചന്ദ്രലാൽ**

ജീവിതരണഭൂവിൽ പകച്ചുനിൽക്കുന്ന ഏതൊരാളെയും മനോബലം നൽകി കർമനിരതനാക്കാൻ കഴിയുന്ന മഹത്തായ രചനയാണ് ഭഗവദ്ഗീത. നതോന്നതവൃത്തത്തിൽ രചിച്ച ഈ മഹത്തായ കൃതി, മലയാളികൾക്ക് എക്കാലത്തേക്കുമായി അഭിമാനത്തോടെ ഞങ്ങൾ സമർപ്പിക്കുന്നു.

നാഷണൽ ക്ലാസിക് ബുക്സ് ₹ 120




**ഒന്നടുത്തു വരാമോ നീ?**
**പി.ബി. ഹൃഷികേശൻ**

താൻ ജീവിക്കുന്ന കാലത്തിന്റെ ഗതിഭേദങ്ങളിലൂടെയെല്ലാം കടന്നുപോരാനുള്ള പരിശ്രമം കവിതയുടെ വിഭിന്നരൂപങ്ങളെയും ഭിന്നപ്രകാരങ്ങളെയും അഭിമുഖീകരിക്കാൻ കവിയെ പ്രേരിപ്പിക്കുന്നതാവാം അസാധാരണമായ ഈ രൂപവൈവിധ്യത്തിന് പിന്നിലെ പ്രേരണയെന്ന് ഞാൻ കരുതുന്നു..


സുനിൽ പി. ഇളയിടം
(അവതാരികയിൽ നിന്ന്)
കറന്റ് ബുക്സ് തൃശ്ശൂർ ₹ 230




**മരങ്ങളിൽ മഞ്ഞിൻ പുതപ്പുകൾ**
**ശരത്ചന്ദ്രലാൽ**

താനായി തന്റെ പാടായി എന്ന മട്ടിൽ ഓരം ചേർന്ന് അശാന്തമംഗലയായ ജീവിതത്തിന്റെ ആർദ്രമാനങ്ങളിലേക്ക് ഒഴുകി നിറയുകയാണ് ഇടയിടെ അഴൽക്കുമിളകൾ പൊട്ടുന്ന ഈ തോന്ന്യാക്ഷരപ്പുഴ.

ഏഴാച്ചേരി രാമചന്ദ്രൻ
വിഹംഗമം ബുക്സ് ₹ 70




**ജന്മാന്തരങ്ങൾ**
**കോവിലൻ**

മൃത്യുവിന്റെ അസഹനീയമായ ഗന്ധത്തിലമർന്ന് ജീവിതത്തിനുവേണ്ടി ദാഹിച്ച ഒരു മനുഷ്യന്റെ ആത്മഗാഥയാണ് കോവിലന്റെ അത്യുജ്ജ്വലമായ നോവൽ, ജന്മാന്തരങ്ങൾ.


ഹരിതം ബുക്സ് ₹ 125




**നമ്മുടെ പൂർവകാല ചരിത്രം**
**ചില പുതിയ കണ്ടെത്തലുകൾ**
**കെ.കെ. ശ്രീധരൻ**

ജാതിമതരഹിതമായ ഒരു സമൂഹം നിലവിൽ വരേണ്ടതിന്റെയും അന്ധകാരജടിലമായ ഭൂതകാലത്തിന്റെ ഇരുളടഞ്ഞ ഏടുകളെ എടുത്തുമാറ്റി യാഥാർഥ്യങ്ങളെ ഉൾക്കൊള്ളേണ്ടതിന്റെയും ആവശ്യകതയെ അനാവരണം ചെയ്യുന്ന ഗ്രന്ഥം.


കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട് ₹ 180




**സമാന്തരവൈദ്യം**
**ശാസ്ത്രവും കപടശാസ്ത്രവും**
**ഡോ. പി.എ. അബൂബക്കർ**

സമൂഹത്തോടുള്ള തികഞ്ഞ പ്രതിബദ്ധതയും നീതിബോധവും തന്നെയാണ് അന്യഥാ, ഭാഷയിലും ചരിത്രത്തിലും ഒക്കെ തൽപ്പരനായ അദ്ദേഹത്തെ ഇത്തരമൊരു ഉദ്യമത്തിനു പ്രേരിപ്പിക്കുന്നത് എന്നുറപ്പാണ്. മനസ്സിലാക്കാനും യോജിക്കാനും വിയോജിക്കാനും ചർച്ച ചെയ്യാനും ധാരാളം ചിന്തകൾ പകർന്നുനൽകുന്നുണ്ട് ഈ പുസ്തകം.

ഡോ. ഖദീജ മുംതാസ്
കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട് ₹ 175




**വീണാബോധിനി 4-ാം ഭാഗം**
**സംഗീതരത്ന**
**എസ്. രുഗ്മിണി ഗോപാലകൃഷ്ണൻ**

കർണാടക സംഗീതത്തിലെ ത്രിമൂർത്തികളുടെയും ശ്രീസ്വാതിതിരുനാളിന്റെയും മറ്റു വാഗ്ഗേയകാരന്മാരുടെയും 70 കീർത്തനങ്ങളാണ് സ്വരപ്പെടുത്തി ഇതിൽ ചേർത്തിട്ടുള്ളത്. സംഗീത വിദ്യാർഥികൾക്കും സംഗീതാസ്വാദകർക്കും ഒരുപോലെ പ്രയോജനപ്പെടുന്ന ഗ്രന്ഥം.

കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട് ₹ 240




**സംഗീതശാസ്ത്ര പ്രവേശിക**
**ഏഴാം പതിപ്പ്**
**ഡോ. എസ്. വെങ്കടസുബ്രഹ്മണ്യയ്യർ**

സ്വരം, രാഗം, താളം, ഗാനം, വാദ്യം, ചരിത്രം തുടങ്ങി ആറധ്യായങ്ങളിലായി സംഗീതശാസ്ത്രത്തെ സംബന്ധിച്ച മുഖ്യകാര്യങ്ങൾ പ്രതിപാദിച്ചിട്ടുള്ളതിനു പുറമേ കേരള സംഗീതം, പാശ്ചാത്യസംഗീതം, ധ്വനിശാസ്ത്രം എന്നിവ അനുബന്ധമായും നൽകിയിട്ടുണ്ട്.

കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട് ₹ 325